## പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അൻപത്തിയഞ്ചാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2014-2016)

## അൻപത്തിയഞ്ചാമത് റിപ്പോർട്ട്

**[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2004-05 വരെയുള്ള വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്]**

361/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും | .. | 108 |
| അനുബന്ധം II : സർക്കാർ മറുപടി | .. | 130 |
| അനുബന്ധം III : | .. | 214 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) അൻപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2004-05 വർഷം വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**വർക്കല കഹാർ,**
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

## തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 മുതൽ 2004-05 വർഷം വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലുൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകൾ

## വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

## (1999-2000)

ഓഡിറ്റ് ഖണ്ഡിക

**നിയമന കാലാവധിക്കുശേഷം അപ്രന്റീസ് എഞ്ചിനീയർക്ക് ഓണറേറിയം നൽകിയത്—അംഗീകരിക്കുന്നില്ല**

സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 3196/98/ത.ഭ.വ. തീയതി 2-11-1998 പ്രകാരം അപ്രന്റീസ് എഞ്ചിനീയറുടെ നിയമന കാലാവധി ഒരു വർഷമായിരിക്കുമെന്നും ആയതിനുശേഷം യാതൊരു കാരണവശാലും വീണ്ടും നിയമിക്കാൻ പാടില്ലാത്തതും നിയമന കാലാവധി നീട്ടിക്കൊടുക്കുവാൻ പാടില്ല എന്നും നിർദ്ദേശമുണ്ടായിരിക്കേ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 18-3-1999-ൽ നിയമന കാലാവധി അവസാനിച്ച അപ്രന്റീസ് എഞ്ചിനീയർക്ക് അതേ മാസം 12 ദിവസം 150 രൂപ ദിവസക്കൂലിയിൽ 1,800 രൂപയും 4/99, 5/99 എന്നീ മാസങ്ങളിൽ 2,000 രൂപ വീതവും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ കാലയളവിൽ ജോലി ചെയ്തതിന്റേയോ പണം കൈപ്പറ്റിയതിന്റേയോ യാതൊരു രേഖയും ഓഡിറ്റിൽ ഹാജരാക്കിയിട്ടുമില്ല. സർക്കാർ ചട്ടങ്ങൾക്ക് വിരുദ്ധമായി ചെലവുചെയ്ത 5,800 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.1(i)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ പണികൾ മുടക്കം കൂടാതെ നടത്തുന്നതിന് സർക്കാർ എഞ്ചിനീയറെ നൽകാതിരുന്ന അവസ്ഥയിലാണ് അപ്രന്റീസ് എഞ്ചിനീയറെ കുറച്ചുനാൾ കൂടി ജോലിയിൽ തുടരാൻ അനുവദിച്ചതെന്ന ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**2. നിയമന കാലാവധിക്കുശേഷവും അപ്രന്റീസ് എഞ്ചിനീയർ ജോലിയിൽ തുടർന്നതിനും ടിയാന് ഓണറേറിയം നൽകിയതിനും ഉണ്ടായ സാഹചര്യം വ്യക്തമാക്കിക്കൊണ്ടുള്ള സർക്കാർ മറുപടി തൃപ്തികരമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുലിക്കണ്ണി, കമരമ്പിള്ളി ചമ്മലംകാട് റോഡ് നിർമ്മാണം—അധികം തുക നൽകിയത് അംഗീകരിക്കുന്നില്ല**

ടി പണിയുടെ ഐറ്റം നമ്പർ 1, 3, 4 എന്നീ ഇനങ്ങളിൽ മൊത്തം 28,174 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) ഐറ്റം നമ്പർ 1 പ്രകാരം കാട്ടും പടലും വെട്ടി പണിസ്ഥലം വൃത്തിയാക്കുന്നതിന് (2025 എം.$^2$ പ്രദേശം) 1-7-1999-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുരുഷ കൂലി 91 രൂപ മാത്രമായിരിക്കേ 182 രൂപ ക്രമത്തിൽ കൂലി നൽകിയതിനാൽ 1,843 രൂപയുടെ അധിക ചെലവ് ഉണ്ടായി.

(2) ഐറ്റം നമ്പർ 3 പ്രകാരം കട്ടപ്പമേറിയ മണ്ണിലെ മൺവേലയ്ക്ക് (237.60 എം.$^3$) 571 പ്രകാരം 13,567 രൂപ ചെലവുചെയ്തു. എന്നാൽ ഇതിൽ നിന്നും ലഭിച്ച മണ്ണിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഐറ്റം നമ്പർ 4 പ്രകാരം കൺവീനർ 288 എം.$^2$ പ്രദേശം സ്വന്തം മണ്ണ് ഉപയോഗിച്ച് നികത്തിയ ഇനത്തിൽ 886 രൂപ ക്രമത്തിൽ 25,517 രൂപ നൽകിയിട്ടുണ്ട്. ഈയിനത്തിൽ യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്നത് 730 രൂപ നിരക്കിൽ 21,024 രൂപ മാത്രമായിരുന്നു. 4,493 രൂപ അധികം നൽകി.

(3) ഐറ്റം നമ്പർ 3-ൽ നിന്ന് ലഭിച്ച മണ്ണ് ഐറ്റം നമ്പർ 4-ന് (മണ്ണിട്ട് നികത്തൽ) ഉപയോഗിച്ചിരുന്നുവെങ്കിൽ 50.40 എം.$^3$ മണ്ണ് (288.m$^3$-237.60m$^3$) മാത്രം വാങ്ങുകയും ആയതിന് 3,679 (50.40X7.30) രൂപ നൽകുകയും ചെയ്താൽ മതിയായിരുന്നു. ഈയിനത്തിലും 21,838 രൂപ അധികം നൽകി.

കൂടാതെ ഫൈനൽ ബില്ലിൽ ഗുണഭോക്തൃ വിഹിതമായി 4,605 രൂപ കുറവ് ചെയ്തിരുന്നുവെങ്കിലും ആയത് പിരിച്ചെടുക്കുവാൻ കഴിയാത്തതിനാൽ ആ തുക അനുവദിച്ച് നൽകണമെന്നുള്ള കൺവീനറുടെ അപേക്ഷ പ്രകാരം 5,000 രൂപ അനുവദിച്ചുനൽകി. ഇവിടെയും 395 രൂപ (5,000-4,605) അധികം നൽകി.

ഈ പ്രവൃത്തിയുടെ വിവിധ ഇനങ്ങളിലുണ്ടായ അധിക ചെലവ് മൊത്തം 28,569 രൂപയാണ്. പ്രവൃത്തികളുടെ നടത്തിപ്പിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവും അശ്രദ്ധയുമാണ് ഇത്തരം നഷ്ടങ്ങൾക്ക് കാരണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.1(ii)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

3. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ബന്ധപ്പെട്ട എഞ്ചിനീയർക്ക് നോട്ടീസ് കൊടുത്തതായും അദ്ദേഹം മറുപടി നൽകിയതായും സമിതിയിൽ വിശദീകരിക്കപ്പെട്ടു എന്നാൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന സമിതി ആരാഞ്ഞതിന് ബന്ധപ്പെട്ട എഞ്ചിനീയറുടെ മറുപടി പഞ്ചായത്ത് കമ്മിറ്റി പരിഗണിക്കുകയും ആയത് തീരുമാനമെടുക്കുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിരിക്കുകയുമാണെന്ന് സെക്രട്ടറി ശ്രീ. വി. ജി. ധർമ്മരാജൻ സമിതിയെ അറിയിച്ചു. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത് ഓഡിറ്റ് പരാമർശങ്ങളെക്കുറിച്ച് തീരുമാനമെടുക്കുന്നതിനല്ലെന്നും ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറുപടി നൽകുന്നത് പരിശോധിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും വേണ്ടിയാണെന്നും ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് ആ കമ്മിറ്റിക്ക് അധികാരമില്ലെന്നും എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു.

4. ഐറ്റം നമ്പർ 1-ൽ റോഡ് പണിയുടെ ആദ്യഘട്ടത്തിൽ കാട് വെട്ടുന്നതിന് പുരുഷകൂലി 91 രൂപയ്ക്ക് പകരം 182 രൂപ നൽകിയത് വഴിയുണ്ടായ 1,843 രൂപയുടെ അധിക ചെലവാണ് ഓഡിറ്റ് ഒബ്ജക്ഷൻ എന്നും ഇപ്രകാരം അധിക നിരക്ക് നൽകുവാനുണ്ടായ കാരണമെന്തെന്നും സമിതി ആരാഞ്ഞു. 1999-2000 വർഷത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും അന്നത്തെ പഞ്ചായത്തിന്റെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും ആ എസ്റ്റിമേറ്റ്സ് BLTC അംഗീകരിച്ചു നൽകുകയുണ്ടായെന്നും എസ്റ്റിമേറ്റിൽ ഒരു ഐറ്റം ഒഴികെ അതായത് മണ്ണുപയോഗിച്ചുള്ള ഫില്ലിംഗിനൊഴികെ-എല്ലാം BLTC അംഗീകരിക്കുകയുണ്ടായെന്നും അതിൻപ്രകാരമാണ് അന്തിമ ബിൽ പാസ്സാക്കിയതെന്നും പരാമർശ കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. കെ. എസ്. പോൾ സമിതിയെ അറിയിച്ചു.

5. അധികരിച്ച തുക തിരിച്ചടയ്ക്കണമെന്ന് കാണിച്ച് നോട്ടീസ് കിട്ടിയോ എന്ന് മുൻ എഞ്ചിനീയറോട് സമിതി ആരാഞ്ഞതിന് ഇത് സംബന്ധിച്ച ഓഡിറ്റ് ഒബ്ജക്ഷൻ ലോക്കൽ ഫണ്ട് ഓഡിറ്റ് 2001-ൽ പഞ്ചായത്തിന് റിപ്പോർട്ട് ചെയ്തതായാണ് അറിയാൻ സാധിച്ചതെങ്കിലും 2008 മാർച്ച് 12-നാണ് പഞ്ചായത്തിൽ നിന്ന് തനിക്ക് തുക തിരിച്ചടയ്ക്കണമെന്ന് കാണിച്ച് രജിസ്റ്റേഡ് കത്ത് കിട്ടിയതെന്നും 2008 മാർച്ചിൽ തന്നെ താൻ മറുപടി പഞ്ചായത്തിന് നൽകിയെന്നും മുൻ എഞ്ചിനീയർ സമിതിയിൽ അറിയിച്ചു. എഞ്ചിനീയറുടെ മറുപടിയിന്മേൽ പഞ്ചായത്ത് ഭരണ സമിതി എന്ത് തീരുമാനിച്ചെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്ത് ഭരണ സമിതി അത് ഒഴിവാക്കാൻ തീരുമാനിച്ചെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ചു. ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിക്ക് അധികാരമില്ലെന്നും വിശദമായ മറുപടി സഹിതം ഓഡിറ്റ് വകുപ്പിനോട് അഭ്യർത്ഥിക്കുകയാണ് വേണ്ടതെന്നും തുടർന്ന് നിയമസഭാ സമിതിക്ക് കൂടി ഇക്കാര്യം

ബോദ്ധ്യപ്പെടേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. എഞ്ചിനീയറുടെ വിശദമായ കത്തിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് സമിതി ഇത്തരത്തിൽ തീരുമാന മെടുത്തതെന്ന് സെക്രട്ടറി അറിയിച്ചു. സമിതി നിർദ്ദേശപ്രകാരം എഞ്ചിനീയറുടെ വിശദമായ കത്ത് സെക്രട്ടറി സമിതിയിൽ വായിച്ചു.

6. 18-2-2008-ൽ ആർ.ആർ. നടപടിക്ക് നോട്ടീസ് നൽകിയെങ്കിലും ഇതുവരെ ആർ.ആർ. നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നാണ് ഡിപ്പാർട്ട്മെന്റ് ഇതിനെക്കുറിച്ച് പറയുന്നത്. പ്രവൃത്തികളുടെ നടത്തിപ്പിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടക്കുറവും അശ്രദ്ധയുമാണ് ഇത്തരം തടസ്സങ്ങൾക്ക് കാരണമെന്നും ആയതിനാൽ അതിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായം അറിയേണ്ടതാവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ പരാമർശ വിഷയത്തെക്കുറിച്ചുള്ള ഗവൺമെന്റ് റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

7. മലകളും കുന്നുകളും നിറഞ്ഞ് കീഴ്ക്കാംതൂക്കായ പ്രദേശമാണ് പുലിക്കണ്ണി, കമരമ്പിള്ളി ചമ്മലംകാട് ഇപ്പോൾ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 3 കിലോമീറ്ററിൽ കൂടുതൽ റോഡ് ഫോർമേഷൻ നടത്തിയിട്ടുള്ളതിനാൽ 1998-ലെ അവസ്ഥ എന്താണെന്ന് കണ്ടെത്തുവാൻ കഴിഞ്ഞില്ല.

8. എന്നാൽ സമീപവാസികളായ ആളുകളോട് സംസാരിച്ചതിൽ ഗുണഭോക്താക്കൾ വിട്ടുകൊടുത്ത സ്ഥലത്ത് വലിയ മരങ്ങളും തെങ്ങുകളും ഉണ്ടായിരുന്നുവെന്നും ടി മരങ്ങൾ വെട്ടിമാറ്റിയും വേരുകൾ ഉൾപ്പെട്ട മണ്ണ് ഭാഗം പിഴുതുമാറ്റിയുമാണ് റോഡ് പണി നടത്തിയിട്ടുള്ളത് എന്നും മനസ്സിലാക്കുന്നു. മരങ്ങളുടെയും തെങ്ങുകളുടെയും സ്ഥാനങ്ങളിലുണ്ടായിരുന്ന കുഴികൾ പ്രതീക്ഷിച്ചതിനേക്കാൾ ആഴമുള്ളവയായിരുന്നു. തന്മൂലം റോഡിന്റെ ഉയർന്ന ഭാഗങ്ങളിലെ മണ്ണ് കുഴികൾ നിറയ്ക്കുന്നതിന് മതിയാകാതെ വരികയും മറ്റു സ്ഥലങ്ങളിൽ നിന്നും മണ്ണ് കൊണ്ടുവന്ന് നിറയ്ക്കുകയും ചെയ്തുവെന്ന് മനസ്സിലാക്കുന്നു.

9. സമീപവാസികളിൽ നിന്നും അറിഞ്ഞതനുസരിച്ച് റോഡ് ഫോം ചെയ്യാൻ വണ്ണം കൂടിയ മരങ്ങൾ പിഴുതുമാറ്റേണ്ടി വന്നു. തെങ്ങുൾപ്പെടെ 30 സെന്റീമീറ്ററിലധികം വ്യാസമുള്ള വലിയ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക മതിയാകാതെ വന്നു എന്ന് അനുമാനിക്കുന്നു.

ഗുണഭോക്തൃ വിഹിതത്തിൽ അധികം നൽകിയ 395 രൂപ 49387/6 നമ്പർ രശീതി പ്രകാരം 4-7-2002-ന് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

**10. നിർവ്വഹണോദ്യോഗസ്ഥരുടെ നോട്ടക്കുറവ് സംബന്ധിച്ച യാതൊരു വിവരങ്ങളും സർക്കാർ മറുപടിയിൽ കാണുന്നില്ല എന്നത് ചൂണ്ടിക്കാണിക്കുന്ന തോടൊപ്പം റോഡിന്റെ നിർവ്വഹണ പ്രവൃത്തികളിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ച് നൽകേണ്ടിവന്ന എന്ന വസ്തുതയും മണ്ണിന്റെ വിനിയോഗ വിവരം സംബന്ധിച്ച മറുപടിയും കണക്കിലെടുത്തും ഗുണഭോക്തൃ വിഹിതത്തിൽ അധികം നൽകിയ 395 രൂപ 4-7-2002-ന് പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട് എന്നറിയിച്ചതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇഞ്ചക്കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ വിപുലീകരണം—ടെണ്ടർ വ്യവസ്ഥകൾക്ക് വിപരീതമായി വില്പന നികുതി നൽകിയത്—അംഗീകരിക്കുന്നില്ല**

ടി പദ്ധതിക്കുവേണ്ടി 3650 മീറ്റർ 140 എം.എം. പി.വി.സി. പൈപ്പ് സപ്ളൈ ചെയ്യുന്നതിന് ക്വട്ടേഷൻ ലഭിച്ച ചാലക്കുടി ലൂക്കാസ് സാനിട്ടറി ആന്റ് ഇലക്ട്രിക്കൽസ്, പൈപ്പ് സപ്ളൈ ചെയ്യുന്നത് വില്പന നികുതി ഒഴികെയാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ടി സ്ഥാപനം 2340 മീറ്റർ പൈപ്പ് സപ്ളൈ ചെയ്തപ്പോൾ 4,46,063 രൂപ വിലയും 12% നികുതിയിനത്തിൽ 53,527 രൂപയും നൽകി. ടെണ്ടർ വ്യവസ്ഥകൾക്ക് വിരുദ്ധമായി നൽകിയ 53,527 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

തന്നെയുമല്ല സപ്ളൈ ചെയ്ത 2340 മീറ്റർ പൈപ്പിൽ 1164 മീറ്ററിന്റെ കൈപ്പറ്റ് രശീത് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ബാക്കിയുള്ള 1176 മീറ്റർ പൈപ്പിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. 75,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ട്. പണി പൂർത്തിയാക്കിയതായി ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. മൊത്തം 5,21,063 രൂപ (44,663 +75,000) ചെലവുചെയ്ത ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പൂർത്തീകരണത്തിനും ഭരണ വകുപ്പിന്റെ അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.1(iii)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

11. ഇഞ്ചക്കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, 1998-99-ൽ ആരംഭിച്ച പണി പൂർത്തീകരിച്ചുവെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്നും അതിനായി രണ്ടുമാസങ്ങൾക്കുമുൻപ് അപേക്ഷ നൽകിയിട്ടുണ്ടെന്നും ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെന്നും വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

12. ബിൽ സമർപ്പിച്ചപ്പോൾ ബില്ലിൽ പൈപ്പിന്റെ വിലയും വിൽപ്പന നികുതിയും പ്രത്യേകം കാണിച്ചു എന്നല്ലാതെ ക്വട്ടേഷനിൽ കാണിച്ച 21,448 രൂപയിൽ കൂടുതൽ സംഖ്യ നൽകിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രാഥമിക പരിശോധനയിൽ കൂടുതൽ തുക നൽകിയിട്ടില്ല എന്ന് വ്യക്തമായതായി റിപ്പോർട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി.

13. ടി വിഷയം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയതിൽ ഒരു ഗുണഭോക്തൃ സമിതിക്കാണ് വർക്ക് നൽകിയതെന്നും അവർ ടെണ്ടർ വിളിച്ചപ്പോൾ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ലൂക്കാസ് സാനിട്ടറി ആന്റ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം ക്വോട്ട് ചെയ്ത 21,448 രൂപയിൽ പൈപ്പിന്റെ വിലയും സെയിൽസ് ടാക്സും വെവ്വേറെ കാണിച്ചിട്ടില്ലെന്നും ബിൽ വന്നപ്പോൾ രണ്ടും പ്രത്യേകമായി കാണിക്കുകയാണുണ്ടായതെന്നും 21,448 രൂപ എന്ന ടെണ്ടർതുക അധികരിക്കുകയുണ്ടായിട്ടില്ലെന്നും എസ്.പി.എ.ഒ. കൂട്ടിച്ചേർത്തു. എസ്.പി.എ.ഒ. സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

14. പ്ലാൻ ഫണ്ടിൽ നിന്നും ഭീമമായ ഒരു തുക ചെലവാക്കിയ ശേഷം ഇത്തരമൊരു പദ്ധതി ഉപയോഗപ്രദമാകാതിരിക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കത്തക്കതല്ലെന്നും അപേക്ഷിച്ച് രണ്ട് മാസങ്ങൾക്ക് ശേഷവും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിന്റെ കാരണം സെക്രട്ടറി അന്വേഷിക്കണമെന്നും കറണ്ട് കണക്ഷന് അപേക്ഷിച്ച തീയതി, സി.ഡി. അടച്ച തീയതി, കണക്ഷൻ ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്നിവ സംബന്ധിച്ച റിപ്പോർട്ട് 15 ദിവസത്തിനുള്ളിൽ പഞ്ചായത്ത് സെക്രട്ടറി സമിതിക്ക് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

15. പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് 13-7-2010-ന് 820 രൂപ സി.ഡി. അടവാക്കി, 21-8-2010-ൽ ഇലക്ട്രിക്ക് കണക്ഷൻ ലഭിച്ചുവെങ്കിലും പദ്ധതി നാളിതുവരെയായിട്ടും പ്രവർത്തനക്ഷമമായിട്ടില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

**16. വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടും പദ്ധതി യഥാസമയം പ്രവർത്തനക്ഷമമാക്കാത്തതിന്റെ യഥാർത്ഥ കാരണം കണ്ടെത്തണമെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഭീമമായ തുക ചെലവഴിച്ച ഈ പദ്ധതി ഉപയോഗപ്രദമാക്കാൻ കഴിയാതെ പോയതിന് സർക്കാർ ഒരു വിശദീകരണവും നൽകിയിട്ടില്ല എന്ന വസ്തുത സമിതി**

**ഗൗരവമായി വീക്ഷിക്കുന്നു. പദ്ധതി നടപ്പാക്കലിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കുവാനും പദ്ധതി നാളിതുവരെ പ്രാവർത്തികമാക്കിയിട്ടില്ലെങ്കിൽ അത് നടപ്പിലാക്കുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

## ചേലക്കര ഗ്രാമപഞ്ചായത്ത്

## (1999-2000)

ഓഡിറ്റ് ഖണ്ഡിക

**വിനോദ നികുതി—സർവ്വീസ് ചാർജ് ഈടാക്കിയിട്ടില്ല**

വ്യക്തമായ സർക്കാർ നിർദ്ദേശമുണ്ടായിരുന്നിട്ടും ചേലക്കര ഗ്രാമപഞ്ചായത്തിലെ വിവിധ സിനിമാ തിയേറ്ററുകളിൽ നിന്നും 13-12-1999 മുതൽ 11-2-2000 വരെയുള്ള കാലയളവിൽ മൊത്തം 7,247 രൂപ സർവ്വീസ് ചാർജായി ഈടാക്കാനുണ്ട്. നിർദ്ദേശങ്ങൾ പാലിക്കാത്തതുമൂലമുണ്ടായ വരുമാന നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുവാനുള്ള നടപടികൾ ത്വരിതഗതിയിലാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.2.(i)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

17. സിനിമാ തിയേറ്ററുകളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കില്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ പഞ്ചായത്തിന് മറുപടി പറയാൻ സാധിക്കുകയില്ലെന്നും എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു.

18. സർവ്വീസ് ചാർജ് ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാരമില്ലാത്ത സ്ഥിതിക്ക് എപ്രകാരമാണ് ടി ഓഡിറ്റ് തടസ്സം സമാഹൃത റിപ്പോർട്ടിൽ വന്നതെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്ത്, സർവ്വീസ് ചാർജ് ഈടാക്കണമെന്നല്ല ഉദ്ദേശിച്ചതെന്നും സർക്കാർ ഖജനാവിലേക്ക് ഒടുക്കാനുള്ള നികുതി ക്രമപ്രകാരം ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള പഞ്ചായത്തിന്റെ അധികാരം വേണ്ടവിധം വിനിയോഗിക്കുന്നില്ലെന്നാണ് ഉദ്ദേശിച്ചതെന്നും ലോക്കൽ ഫണ്ട് ജോയിന്റ് ഡയറക്ടർ വ്യക്തമാക്കി.

19. പഞ്ചായത്തിന്റെ അധികാര പരിധിയിൽ നേരിട്ട് വരാത്ത വിഷയമായതിനാൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**20. സർക്കാർ ഖജനാവിലേക്ക് ഒടുക്കാനുള്ള നികുതി ക്രമപ്രകാരം ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള പഞ്ചായത്തിന്റെ അധികാരം വേണ്ടവിധം വിനിയോഗിക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നതോടൊപ്പം പഞ്ചായത്തിന്റെ അധികാര പരിധിയിൽ നേരിട്ട് ഉൾപ്പെടാത്ത വിഷയത്തിൽ മേൽനടപടി സ്വീകരിക്കേണ്ടതില്ല എന്നുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## തെക്കുംകര ഗ്രാമപഞ്ചായത്ത്
## (1999-2000)

ഓഡിറ്റ് ഖണ്ഡിക

**അങ്കണവാടികൾക്കുള്ള ഭക്ഷണവിതരണ വസ്തുക്കൾ—വിതരണം നടത്തിയിട്ടില്ല**

ഗ്രാമപഞ്ചായത്തിലെ 22 അങ്കണവാടികൾക്ക് വിതരണം ചെയ്യുന്നതിനായി 23,870 രൂപ ചെലവുചെയ്ത് അരി, പയർ, എണ്ണ, പച്ചരി, ശർക്കര എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും 12 അങ്കണവാടികൾക്ക് ടി സാധനങ്ങൾ വിതരണം ചെയ്തതായോ ആയത് കൈപ്പറ്റിയതായോ ഉള്ള യാതൊരു രേഖകളുമില്ല. വിതരണം ചെയ്യാത്ത സാധനങ്ങൾക്കുവേണ്ടി ചെലവുചെയ്ത 14,926 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.3.(i)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. ഓഡിറ്റ് പരാമർശ വിഷയം സംബന്ധിച്ച രേഖകൾക്ക് ഓഡിറ്റ് മുമ്പാകെ ഹാജരാക്കിയിട്ടുണ്ടെന്നും ഇതിന്റെ ഉത്തരവ് സാധൂകരണത്തിനായി അയച്ചിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**22. 12 അങ്കണവാടികളിൽ സാധനങ്ങൾ വിതരണം ചെയ്തതിനും ആയത് കൈപ്പറ്റിയതിനും മതിയായ രേഖകളില്ലാത്തതുമൂലം ഓഡിറ്റ് തടസ്സപ്പെടുത്തിയ 14,926 രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് തുടർന്ന് ഹാജരാക്കിയതായും ആയത് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടതായുമുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റെഡിമെയ്ഡ് യൂണിറ്റുകൾ—അധികചെലവ് അംഗീകരിക്കുന്നില്ല**

തിരു-കൊച്ചി ചാരിറ്റബിൾ സൊസൈറ്റി നിയമപ്രകാരം രജിസ്റ്റർ ചെയ്ത് രൂപീകരിക്കുന്ന, 15 പേരടങ്ങുന്ന മൂന്ന് യൂണിറ്റുകൾക്ക് 74,800 രൂപ പദ്ധതി വിഹിതവും 64,600 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി വിഭാവനം ചെയ്ത പദ്ധതിയാണിത്. എന്നാൽ നിർദ്ദിഷ്ട സൊസൈറ്റികൾ രൂപീകരിക്കാതെ പ്രോജക്ടിലെ പ്രസ്തുത ഭാഗം വെട്ടിത്തിരുത്തി കൺവീനറുടെ പേരിൽ ഒരു യൂണിറ്റ് മാത്രം എന്ന് എഴുതിച്ചേർക്കുകയും ചെയ്തു. ഇത്തരത്തിൽ പ്രോജക്ട് മാർഗ്ഗരേഖകൾ മാറ്റിമറിച്ചതിന് ഉപരിസമിതികളുടെ അംഗീകാരം തേടിയിട്ടുമില്ല.

ഈ പ്രോജക്ടിലേക്കായി ആകെ 65 തയ്യൽ മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും അവ സ്റ്റോക്കിലെടുക്കുകയോ വിതരണം നടത്തിയതിന് കൈപ്പറ്റ് രശീത് ഹാജരാക്കുകയോ രജിസ്റ്റർ ചെയ്ത സംഘം കൺവീനറുടെ ഉടമ്പടിപത്രം ഹാജരാക്കുകയോ ചെയ്തിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം ആകെ 45,802 രൂപ മാത്രമാണ് ഗുണഭോക്തൃ വിഹിതമായി പിരിച്ചിട്ടുള്ളത്. ചെലവ് അനുമതി പ്രകാരം പദ്ധതി ധനസഹായം 74,800 രൂപ മാത്രമായിരിക്കെ 87,187 രൂപ ചെലവ് ചെയ്തിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ നിന്നും അധികമായി ചെലവഴിച്ച 12,388 (87,187-74,800) രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

കൂടാതെ, പരമാവധി 45 തയ്യൽ മെഷീൻ മാത്രം വാങ്ങാൻ അനുമതി ഉണ്ടായിരിക്കെ 65 എണ്ണം വാങ്ങിയിട്ടുമുണ്ട്. തയ്യൽ മെഷീന് റേറ്റ് കോൺട്രാക്റ്റ് നിരക്ക് സർക്കാർ അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടും ഉയർന്ന നിരക്കിൽ പ്രോജക്ട് അംഗീകരിച്ച് നൽകുകയും അതിൻപ്രകാരം തുക ചെലവഴിക്കുന്നതിലേക്കായി പ്രോജക്ടിന്റെ മാർഗ്ഗരേഖയിൽ തന്നെ മാറ്റം വരുത്തി യാതൊരു നിബന്ധനകളും ബാധകമല്ലാത്ത രീതിയിലാണ് കൂടുതൽ എണ്ണം വാങ്ങിയിട്ടുള്ളത്. ഈയിനത്തിലും 31,952 രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്.

നിയമങ്ങളും, വ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥരായ, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ അലംഭാവവും മേൽനോട്ടമില്ലായ്മയുമാണ് ഇതിന്റെയൊക്കെ മൂലകാരണം. അധികം ചെലവായ തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.3.(ii)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. 74,800 രൂപ പദ്ധതി വിഹിതവും 64,600 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയിരുന്ന പദ്ധതിപ്രകാരം എത്ര തയ്യൽ മെഷീൻ വാങ്ങിയെന്ന് സമിതി ആരാഞ്ഞതിന് 45 തയ്യൽ മെഷീനുകൾ വാങ്ങുന്നതിനാണ് അനുമതി ലഭിച്ചിരുന്ന തെങ്കിലും 65 എണ്ണം വാങ്ങിയെന്നും ആയതിനാൽ 12,388 രൂപ അധിക ചെലവ് വന്നുവെന്നും തെക്കുംകര ഗ്രാമപഞ്ചായത്ത് വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ സമിതിയെ അറിയിച്ചു.

24. പ്രോജക്ട് എസ്റ്റിമേറ്റിന്റെ 20% തുക വർദ്ധിപ്പിക്കാൻ ബോർഡിന് അധികാരമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ആദ്യം തീരുമാനിച്ചതുപോലെയല്ല പ്രോജക്ട് നടപ്പിലാക്കിയതെന്നും '15 പേരടങ്ങുന്ന മൂന്ന് യൂണിറ്റുകൾ' എന്നത് 'ഒരു യൂണിറ്റ്' എന്ന് ഭേദഗതി വരുത്തിയാണ് നടപ്പാക്കിയതെന്നും എസ്.പി.എ.ഒ. മറുപടി നൽകി.

25. തയ്യൽ മെഷീൻ ആർക്കൊക്കെ നൽകുവാനാണ് പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ള തെന്നും അവ ഗുണഭോക്താക്കൾ കൈപ്പറ്റിയതായുള്ള രേഖകൾ ഉണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് വനിതാ യൂണിറ്റുകൾ സൊസൈറ്റിയായി രൂപീകരിച്ച് എസ്.സി. വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സ്ത്രീകൾ എന്നിവർക്ക് മെഷീനുകൾ നൽകാനായിരുന്നു നിർദ്ദേശമെന്നും വനിതാ യൂണിറ്റുകൾ മൂന്നും പ്രവർത്തിക്കുന്നുണ്ടെന്നും ഗുണഭോക്താക്കൾ മെഷീൻ കൈപ്പറ്റിയതായുള്ള രേഖകൾ സൂക്ഷിച്ചിട്ടുണ്ടെന്നും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ സമിതിയെ അറിയിച്ചു

26. 45 തയ്യൽ മെഷീനുകൾ വാങ്ങാൻ അനുമതി ലഭിച്ചപ്പോൾ 65 എണ്ണം വാങ്ങാനുള്ള കാരണം എന്തെന്ന് സമിതി ആരാഞ്ഞതിന് മെഷീൻ വില കുറച്ച് കിട്ടിയപ്പോഴുണ്ടായ എക്സസ് ഫണ്ട് ഉപയോഗിച്ച് കൂടുതൽ പേർക്ക് മെഷീൻ നൽകാമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിൻപ്രകാരമാണ് 65 എണ്ണം വാങ്ങിയതെന്നും അപ്രകാരം ചെയ്തതിന് രേഖയുണ്ടെന്നും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ വ്യക്തമാക്കി.

27. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് മുമ്പാകെ ഹാജരാക്കി ബോധ്യപ്പെടുത്തണമെന്നും ആയതിന്റെ റിപ്പോർട്ട് ലഭിച്ച ശേഷം ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഓഡിറ്റ് തടസ്സം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

28. ആകെ വാങ്ങിയ 65 തയ്യൽ മെഷീനുകളിൽ 10 എണ്ണം ഒരു യൂണിറ്റിന് നൽകിയിരുന്നു (എത്ര എണ്ണം നൽകി എന്നതിന് കൃത്യമായ രേഖകൾ ഇല്ല) എന്നും ആയത് വനം വകുപ്പിന്റെ കണ്ടുകാട്ടുള്ള ഒരു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിക്കാൻ പോയെങ്കിലും

കെട്ടിടത്തിന്റെ താക്കോൽ വനം വകുപ്പ് ഉദ്യോഗസ്ഥരുടെ കൈവശമായതിനാൽ കെട്ടിടം തുറന്ന് മെഷീനുകൾ കണ്ട് ബോധ്യപ്പെടാനും മെഷീനുകൾ പ്രവർത്തനയോഗ്യമാണോ എന്നു പരിശോധിക്കാനും സാധിച്ചിട്ടില്ല. ബാക്കിയുള്ള 55 തയ്യൽ മെഷീനുകൾ വ്യക്തികൾക്ക് നൽകിയെന്ന മറുപടിയാണ് സെക്രട്ടറി നൽകിയത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ്, മെഷീനുകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ എന്നിവ പ്രാദേശിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

### നിഗമനങ്ങൾ/ശിപാർശകൾ

**29. പരമാവധി 45 തയ്യൽ മെഷീനുകൾ മാത്രം വാങ്ങുന്നതിന് അനുമതിയുണ്ടായിരുന്ന സ്ഥാനത്ത് 65 തയ്യൽ മെഷീനുകൾ വാങ്ങുകയും അതിൽ 55 എണ്ണം വ്യക്തികൾക്കും 10 എണ്ണം യൂണിറ്റിനും നൽകിയെന്നുമാണ് സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. സർക്കാർ നല്കിയ വിശദീകരണത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ മെഷീൻ നല്കിയ യൂണിറ്റ് പ്രവർത്തിക്കുന്നത് വനം വകുപ്പിന്റെ പരിധിയിലുള്ള കെട്ടിടത്തിലായതിനാലും കെട്ടിടത്തിന്റെ താക്കോൽ വനം വകുപ്പുദ്യോഗസ്ഥരുടെ കൈവശമായതിനാലും മെഷീനുകൾ കണ്ട് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ലെന്നും മെഷീനുകൾ ലഭിച്ച വ്യക്തികളുടെ ഗുണഭോക്തൃ ലിസ്റ്റോ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്നും വ്യക്തമാകുന്നു. ഇത് ഗൗരവമായ വീഴ്ചയായി സമിതി വീക്ഷിക്കുന്നു. മെഷീനുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യലും കൂടുതൽ പേർക്ക് മെഷീനുകൾ നൽകിയതും സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടിരിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ മെഷീനുകൾ വിതരണം ചെയ്തതിന്റെ രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാനും അല്ലാത്തപക്ഷം തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഗ്രാമമന്ദിരം പൂർത്തിയായില്ല**
**(ഓഡിറ്റ് റിപ്പോർട്ട് വർഷം 2001-02; ഖണ്ഡിക 38)**

പനങ്ങാട്ടുകര ഗ്രാമമന്ദിരം പണി പൂർത്തിയായില്ല. 2000-01 ലാണ് 51,119 രൂപ അടങ്കലുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചത്. ഗുണഭോക്തൃ സമിതി നിർമ്മാണം ഏറ്റ പദ്ധതി 2000 ആഗസ്റ്റ് 16-നുള്ളിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

25,000 രൂപ കൺവീനർ മൊബിലൈസേഷൻ മുൻകൂറായി കൈപ്പറ്റിയിരുന്നു. എന്നാൽ ഈ തുക കൊണ്ട് നടത്തിയ പണികൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കാണുന്നില്ല

മൊബിലൈസേഷൻ മുൻകൂർ ചെലവഴിച്ച് നടത്തിയ പണികളുടെ അളവുകൾ രേഖപ്പെടുത്തി പദ്ധതിയുടെ പുരോഗതി ഉറപ്പാക്കാതെ വീണ്ടും മുൻകൂർ നൽകരുതെന്ന ജനകീയാസൂത്രണ നിർദ്ദേശത്തിന് വിരുദ്ധമായി 2001-02-ൽ 25,000 രൂപ കൂടി കൺവീനർക്ക് നൽകിയതായി കാണുന്നു. അടങ്കൽ തുക മുഴുവനും 50,000 രൂപ മുൻകൂർ കൈപ്പറ്റിയിട്ടും എന്തെങ്കിലും പണി നടത്തിയതിന് തെളിവില്ല. പദ്ധതി വിഹിതം ഇത്തരത്തിൽ മുൻകൂർ നൽകുന്നത് ധനാപഹരണത്തിന് തുല്യമാണ്. മുൻകൂർ നൽകിയ 50,000 രൂപ 18% പലിശ ചുമത്തി തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.7]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

30. ഗ്രാമമന്ദിരത്തിന്റെ പണി പൂർത്തിയായിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പണി പൂർത്തിയായിട്ടുണ്ടെന്നും ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് ടി വിഷയം ഒഴിവാക്കി പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് കൈവശമുണ്ടെന്നും 12,500 രൂപ വീതം രണ്ട് പ്രാവശ്യമായി 25,000 രൂപ മാത്രമേ കൺവീനർക്ക് മുൻകൂറായി നൽകിയിട്ടുള്ളുവെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കെട്ടിടം വായനശാലയുടേതാണെന്നും പഞ്ചായത്തിന് വിട്ടുനൽകിയിട്ടില്ലെന്നും ലൈബ്രറി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

31. 25,000 രൂപയാണോ മുൻകൂർ നൽകിയത് എന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും അത് ശരിയെങ്കിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഓഡിറ്റ് തടസ്സം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

32. പനങ്ങാട്ടുകര ഗ്രാമമന്ദിരം 3-5-2003-ന് പണി പൂർത്തിയാക്കിയിട്ടുണ്ട്. 32306/24-1-2001 ചെക്ക് നമ്പറിൽ 12,500 രൂപയും 321327/22-8-2001 ചെക്ക് നമ്പറിൽ 12,500 രൂപയും ഉൾപ്പെടെ ആകെ 25,000 രൂപ മാത്രമാണ് പഞ്ചായത്ത് ടി പ്രവൃത്തിക്കായി ചെലവ് ചെയ്തിട്ടുള്ളത്.

33. സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ 08/TPV/1393-ാം നമ്പർ രജിസ്ട്രേഷൻ പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ നിയന്ത്രണത്തിൽ ടി സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. 22-9-2005-ലെ ത.സ്വ.ഭ. വകുപ്പിന്റെ ഉത്തരവ് (ആർറ്റി.)3915/2005 പ്രകാരം ടി ഖണ്ഡികയിലെ പരാമർശം ഒഴിവാക്കിയിട്ടുള്ളതാണ്.

## നിഗമനങ്ങൾ/ശിപാർശകൾ

**34. പ്രസ്തുത ഓഡിറ്റ് തടസ്സം സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ മറുപടിയുടെ വെളിച്ചത്തിൽ അക്കാര്യം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ഗ്രന്ഥശാലാ സംഘത്തിന്റെ നിയന്ത്രണത്തിൽ സ്ഥാപനം നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നതായും രണ്ട് ഘട്ടങ്ങളിലായി 12,500 രൂപ വീതം ആകെ 25,000 രൂപ മാത്രമേ മുൻകൂർ നല്കിയിട്ടുള്ളുവെന്നും പ്രസ്തുത തുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ടി പ്രവൃത്തിക്ക് ചെലവാക്കിയിട്ടുള്ളതെന്നും മന്ദിരനിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കാറളം ഗ്രാമപഞ്ചായത്ത്

## (1998-1999)

<u>ഓഡിറ്റ് ഖണ്ഡിക</u>

**ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകൾ—ക്രമക്കേടുകൾ**

1998-99 വർഷത്തിൽ 4 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നിർമ്മാണത്തിനുവേണ്ടി 4,40,000 രൂപയുടെ പ്രോജക്ട് ഉണ്ടാക്കി അംഗീകാരം വാങ്ങിയതിനുശേഷം (1999-2000 സ്പിൽഓവർ അംഗീകാരം) 3/1999-ൽ തന്നെ കൃഷി ഓഫീസർ 1,27,000 രൂപ പിൻവലിക്കുകയും ഓരോ പ്രവൃത്തിയുടെയും പേരിൽ 27,500 രൂപ വീതം ചെലവെഴുതുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ അവസാന ഘട്ടത്തിൽ മാത്രം ലഭ്യമാക്കേണ്ട മോട്ടോർ പമ്പ് സെറ്റുകൾ, പി.വി.സി. പൈപ്പുകൾ എന്നിവ വാങ്ങയതിന്റെ വില വെറും പ്രോഫോർമ ഇൻവോയ്സിന്റെ ബലത്തിൽ കേരള അഗ്രോ ഇൻഡസ്ട്രീസിന് ആദ്യ ഘട്ടത്തിൽ തന്നെ നൽകിയതുമൂലമുണ്ടായ ചെലവാണിത്. ടി സാധനങ്ങൾ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട് എന്നു തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ടി പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഉപകരണങ്ങൾ വാങ്ങിയെന്നല്ലാതെ യാതൊരു

പുരോഗതിയും ഉണ്ടായിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാതെ ഉപകരണങ്ങൾ മാത്രം വാങ്ങാൻ തുക ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.4(i)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

35. ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ടിരിക്കുന്ന നാല് പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് നാല് പദ്ധതികളിൽ തണ്ണോഴിച്ചിറ-ആവൽച്ചിറ എന്ന പദ്ധതിയൊഴിച്ച് മറ്റ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത പദ്ധതിക്ക് നല്കിയ മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചുപിടിച്ചിട്ടുണ്ടെന്നും കാറളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പദ്ധതിക്കായി വാങ്ങിയ മോട്ടോർ കട്ടും കൃഷി സംഘത്തിന് കൈമാറിയിട്ടുണ്ടെന്നും ടിയാൻ കൂട്ടിച്ചേർത്തു. ഇതു സംബന്ധിച്ച രേഖകളെല്ലാം ലോക്കൽ ഫണ്ട് ഓഡിറ്റ് മുമ്പാകെ ഹാജരാക്കിയിട്ടുണ്ടെന്ന് പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർ സമിതിയിൽ വ്യക്തമാക്കി.

36. രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**37. ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട നാല് പ്രവൃത്തികളിൽ ഒരു പദ്ധതിയൊഴിച്ച് മറ്റുള്ളവ പൂർത്തീകരിച്ചതായും ശേഷിച്ചതിന് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചുപിടിച്ചിട്ടുള്ളതായും പദ്ധതിക്കായി വാങ്ങിയ മോട്ടോർ കൃഷി സംഘത്തിന് കൈമാറിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെയും കൃഷി ഓഫീസറുടെയും വിശദീകരണം ബോധ്യപ്പെട്ടതായുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അംബേദ്കർ കോളനി റോഡ്—പൂർത്തീകരിച്ചില്ല**

2,22,500 രൂപ പദ്ധതി വിഹിതവും 5,000 രൂപ ഗുണഭോക്തൃ വിഹിതവുമായി മൊത്തം 2,27,500 രൂപ അടങ്കലിൽ വിഭാവനം ചെയ്ത പ്രസ്തുത പ്രവൃത്തിക്ക് 12-3-1999, 30-3-1999, 24-5-1999 എന്നീ തീയതികളിലായി ആകെ 1,75,000 രൂപ കൺവീനർ അഡ്വാൻസ് കൈപ്പറ്റിയിട്ടും 16-2-2000 വരെ യാതൊരു പ്രവൃത്തിയും ചെയ്തിരുന്നില്ല. ഉത്തരവാദപ്പെട്ട ആരുടെയും സാക്ഷ്യപ്പെടുത്തലുകളോ അനുമതിയോ കൂടാതെ ഇത്രയും ഭീമമായ തുക അഡ്വാൻസ് നൽകിയത് തികച്ചും ക്രമരഹിതവും അധികാര ദുർവിനിയോഗവുമാണ്. 13-7-2000-ൽ 42,525 രൂപയുടെ ഫൈനൽ ബില്ലും നൽകിയിട്ടുണ്ട്. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കൺവീനർ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടുമില്ല. ഫൈനൽ ബില്ലിൽ നിന്ന് വില്പന നികുതി, നിർമ്മാണ തൊഴിലാളി വിഹിതം എന്നീ ഇനങ്ങളിൽ 14,965 രൂപയും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.4(ii)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

38. റോഡ് പണി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, പണി പൂർത്തിയായിട്ടുണ്ടെന്നും എം. ബുക്കിൽ 2,22,500 രൂപ വാല്യുവേഷൻ കാണിച്ചിട്ടുണ്ടെന്നും എല്ലാ രേഖകളും ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുള്ള റിപ്പോർട്ട് നൽകുന്നതിന് ഓഡിറ്റ് വകുപ്പിനെ സമിതി ചുമതലപ്പെടുത്തി.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പ്രാദേശിക പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

39. മേൽ റോഡിന്റെ നിർമ്മാണ പ്രവൃത്തി 13-7-2000-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. മുൻകൂർ തുക തട്ടിക്കിഴിച്ച് ഫൈനൽ ബിൽ രൂപപ്പെടുത്തി ശേഷിച്ച 42,625 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. മിനിറ്റ്സ് ബുക്ക്, വൗച്ചറുകൾ, മസ്റ്റർ റോൾ, വരവ്-ചെലവ് കണക്കുകൾ, അളവ് പുസ്തകം തുടങ്ങിയവ പരിശോധിച്ച് പ്രവൃത്തിയുടെ മൂല്യം ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

40. 1,75,000 രൂപ മുൻകൂർ വാങ്ങിയിട്ട് പണി ആരംഭിക്കാൻ വൈകിയെന്ന അപാകത മാത്രമാണ് നിലനിൽക്കുന്നത്.

**നിഗമനങ്ങൾ/ശിപാർശകൾ**

**41. പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട പ്രവൃത്തിയുടെ മൂല്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പ് പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, മുൻകൂർ അനുവദിക്കപ്പെടുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അല്ലാത്തപക്ഷം നിർദ്ദിഷ്ട കാലയളവിനുള്ളിൽ തുക പലിശ സഹിതം തിരികെ ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മേച്ചേരിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ—നടത്തിപ്പിലെ അപാകതകൾ**

1998-99 വർഷത്തിൽ 2,00,000 രൂപ പ്ലാൻ ഫണ്ടും 20,000 രൂപ ഗുണഭോക്തൃ വിഹിതവും ചേർത്ത് അംഗീകരിക്കപ്പെട്ട പ്രോജക്ടിന് മോട്ടോറും അനുബന്ധ സാധനങ്ങളും വാങ്ങാൻ 1,37,660 രൂപ ചെലവുചെയ്തിട്ടുണ്ട്. തുടർന്ന് 1999-2000-ൽ 1,30,000 രൂപ കൂടി പ്ലാൻ ഫണ്ട് വകയിരുത്തി പ്രോജക്ട് സംഖ്യ 1,97,340 രൂപയാക്കി ഉയർത്തി. 1998-99-ലെ ചെലവിന്റെ ബാക്കി യഥാർത്ഥത്തിൽ 82,340 രൂപ നിലനിൽക്കേയാണ്, 1999-2000-ൽ പ്ലാൻ ഫണ്ട് 1,92,340 (1,30,000+62,340) രൂപയായും ഗുണഭോക്തൃ വിഹിതം 5,000 രൂപയായും മൊത്തം 1,97,340 രൂപയാക്കി നിജപ്പെടുത്തിയത്. 20,000 രൂപയുടെ (82,340-62,340) വ്യത്യാസത്തെക്കുറിച്ച് എവിടെയും പരാമർശവുമില്ല. ഇതിന് അംഗീകാരം ലഭിച്ചിട്ടുമില്ല.

1998-99-ൽ ലഭ്യമാക്കിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രോജക്ടായി 1999-2000-ൽ രൂപപ്പെടുത്തുകയും ടി ജോലിയുടെ കൺവീനർക്ക് 25,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകുകയും ചെയ്തതിന് ശേഷം പ്രവൃത്തി 2000-01 ലേക്ക് സ്പിൽഓവർ ചെയ്തു. ഇതിന് അനുബന്ധമായ കാരണങ്ങൾ തൃപ്തികരമായി വിശദീകരിക്കപ്പെട്ടിട്ടില്ല.

1999-2000 വർഷത്തേക്ക് സ്പിൽഓവർ ചെയ്തതിനുശേഷം വീണ്ടും പുതിയ പദ്ധതി പോലെ 1999-2000-ലെ പ്ലാൻ ഫണ്ട് കൂടി ചേർത്ത് 1,97,340 രൂപയുള്ള പ്രോജക്ടിന് ഡി.പി.സി. അംഗീകാരം നൽകാത്ത സാഹചര്യത്തിൽ ടി പ്രവൃത്തിക്കായി നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് 25,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽപ്രവൃത്തിയുടെ നടത്തിപ്പിലെ അപാകതകളിന്മേൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.4(iii).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

42. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് കൃഷി ഓഫീസർ സമിതിയെ അറിയിച്ചു പദ്ധതി പ്രവർത്തനക്ഷമമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

43. **പദ്ധതി പൂർത്തീകരിച്ചതിന്റെയും ആയത് പ്രവർത്തനക്ഷമമാണെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കടിവെള്ള വിപുലീകരണം : മുൻകൂർ തുക തിരിച്ച് ഈടാക്കണം**
**ഓഡിറ്റ് റിപ്പോർട്ട് വർഷം 2000-01; ഖണ്ഡിക 46**

കടിവെള്ള വിപുലീകരണ പദ്ധതിയിൽ മുൻകൂർ കൈപ്പറ്റിയ 23,146 രൂപയ്ക്ക് ചെലവ് രേഖകൾ ഹാജരാക്കിയില്ല. പഞ്ചായത്തിലെ 8-ാം വാർഡിൽ വെള്ളാനി മഹിളാ സമാജം പരിസരത്തെ കിണർ ഉപയോഗപ്പെടുത്തി പൈപ്പിട്ട് കടിവെള്ളക്ഷാമം പരിഹരിക്കുക യായിരുന്നു ലക്ഷ്യം.

കിണർ നിർമ്മാണത്തിന് 28,400 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിരുന്നു. ഗുണഭോക്തൃ സമിതിയാണ് പദ്ധതി നിർവ്വഹണം ഏറ്റെടുത്തത്. 1999-2000-ലെ പദ്ധതിക്ക് 3/2000-ൽ 7,100 രൂപയും 2/2001-ൽ 16,046 രൂപയും ഉൾപ്പെടെ 23,146 രൂപ കൺവീനർ കൈപ്പറ്റിയതിന് രേഖയുണ്ട്. എന്നാൽ പണി നടത്തിയതിന്റെ തെളിവായി വൗച്ചർ, എം. ബുക്ക് എന്നിവ ഹാജരാക്കിയില്ല. അതിനാൽ 23,146 രൂപ പിഴപ്പലിശ ചുമത്തി തിരിച്ച് ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.8)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. കിണർ നന്നാക്കി പൈപ്പ് സ്ഥാപിക്കുകയും ഫൈനൽ ബിൽ സെറ്റിൽ ചെയ്യുകയും ചെയ്യുവെന്ന് കാറളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു

45. രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**46. കടിവെള്ള വിപുലീകരണം സംബന്ധിച്ച ഓഡിറ്റ് തടസ്സത്തിന്മേൽ കിണർ നന്നാക്കി പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെന്നും ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി തൃപ്തികരമായതിനാലും ഇക്കാര്യം ഓഡിറ്റ് വകുപ്പ് രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്

## (1999-2000)

ഓഡിറ്റ് ഖണ്ഡിക

**കക്കൂസ് നിർമ്മാണം (എസ്.സി.പി.)—മുൻകൂർ തിരിച്ചുപിടിക്കണം**

1999-2000 വർഷത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതിയാണിത്. പ്രോജക്ട് അനുസരിച്ച് ഗുണഭോക്താവ് നേരിട്ട് പണി നടത്തിയതിനുശേഷം പഞ്ചായത്തധികാരികളുടെ പൂർത്തീകരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ധനസഹായം അനുവദിക്കണമെന്നാണ്. പിന്നീട്, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം മെമ്പർമാരുടെ ശിപാർശയിൻ പ്രകാരം 1,000 രൂപാ വീതം അഡ്വാൻസ് നൽകാൻ തീരുമാനിച്ചു. എന്നാൽ അഡ്വാൻസ് വാങ്ങിയ 32 ഗുണഭോക്താക്കൾ അഡ്വാൻസ് വാങ്ങി ഒരു വർഷത്തിലേറെ ആയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവുവന്ന 32,000 രൂപ തിരിച്ചുപിടിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.6(i).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. 2006-07 വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ചുവെന്ന സെക്രട്ടറിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

**48. 1999-2000 വർഷത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ആസൂത്രണം ചെയ്ത പദ്ധതി 2006-07 വർഷത്തിലാണ് പൂർത്തീകരിച്ചതെന്നത് പദ്ധതിയുടെ പ്രയോജനം യഥാസമയം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിലുള്ള പരാജയത്തെയാണ് സൂചിപ്പിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭാവനം ചെയ്യുന്ന പദ്ധതികൾ കൃത്യമായും സമയബന്ധിതമായും നടപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി നിഷ്കർഷിക്കുന്നു. മേൽപരാമർശത്തിലെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടാക്ടർ റാമ്പ് നിർമ്മാണം—അധിക തുക നൽകി**

ഒൻപത് പാടശേഖര സമിതികൾക്കായി 1998-99-ലെ സ്പിൽഓവർ പ്രോജക്ടായി 10 റാമ്പ് നിർമ്മാണമാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രോജക്ടുമായോ പ്രോജക്ട് ലക്ഷ്യവുമായോ യാതൊരു തരത്തിലും ബന്ധമില്ലാത്ത ഒരു പ്രവൃത്തിക്കുവേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇതിൽ പ്രധാന ഇനം റാമ്പ് നിർമ്മാണത്തിനു പകരമായി 144 മീറ്റർ നീളത്തിൽ മണ്ണിട്ട് നിരത്തൽ എന്ന പ്രവൃത്തിയാണ്. നിർദ്ദിഷ്ട ലക്ഷ്യവുമായി യാതൊരു പൊരുത്തവുമില്ലാത്ത പ്രസ്തുത പ്രവൃത്തിക്കുവേണ്ടി അധികം ചെലവഴിച്ച 10,205 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.6(ii).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

49. ഒറിജിനൽ പ്രോജക്ട് പ്രകാരം കല്ല് കെട്ടി റാമ്പുണ്ടാക്കേണ്ടിയിരുന്നതിനു പകരം മണ്ണിട്ട് നിരത്തി റാമ്പ് നിർമ്മിക്കുവാനുണ്ടായ കാരണം സമിതി ആരാഞ്ഞതിന് പ്രവൃത്തി ഏറ്റെടുത്ത പാടശേഖര സമിതിയുടെ ആവശ്യ പ്രകാരമാണ് ഒറിജിനൽ പ്രോജക്ടിൽനിന്ന് വ്യതിചലിച്ചതെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങാതെയാണ് പ്രോജക്ടിൽ മാറ്റം വരുത്തിയതെന്നും മുൻ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു.

50. കല്ല് കെട്ടിയുള്ള റാമ്പ് നിർമ്മാണത്തിനു പകരമായി 144 മീറ്റർ നീളത്തിൽ മണ്ണിട്ടു നിരത്തിയ കാരണത്താൽ 10,205 രൂപ പഞ്ചായത്തിന് അധിക ചെലവ് വന്നതായി സമിതി ചൂണ്ടിക്കാട്ടി. റാമ്പിൽ നിരത്തിയ മണ്ണ് ഒലിച്ചുപോയോ എന്ന് സമിതി ആരാഞ്ഞതിന് റാമ്പ് ഇപ്പോഴുമുണ്ടെന്നും പ്രോജക്ടിൽ വരുത്തിയ മാറ്റം പാടശേഖര സമിതി അംഗീകരിച്ചിട്ടുണ്ടെന്നും മുൻ കൃഷി ഓഫീസർ മറുപടി നൽകി.

51. കരിങ്കല്ലുകൊണ്ട് കെട്ടുന്നതിന് 1,50,000 രൂപയും മണ്ണിട്ട് നികത്തുന്നതിന് 1,47,500 രൂപയും എപ്രകാരമാണ് വന്നതെന്ന സമിതിയുടെ ചോദ്യത്തിന്, 10 റാമ്പുകൾ ഉണ്ടായിരുന്നതിൽ 9 എണ്ണം എസ്റ്റിമേറ്റ് പ്രകാരം തന്നെയാണ് ചെയ്തിട്ടുള്ളതെന്നും ഒരെണ്ണത്തിനാണ് മേൽ സൂചിപ്പിച്ച വ്യത്യാസം സംഭവിച്ചതെന്നും അധികമായി ഫില്ലിംഗ് വേണ്ടിവന്നുവെന്നും മുൻ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു. ജനകീയാസൂത്രണം തുടങ്ങിയ കാലഘട്ടത്തിൽ നടത്തിയ പദ്ധതിയാണിതെന്നും പ്രോജക്ടിൽ മാറ്റം വരുത്തുന്നതിന് കമ്മിറ്റിയുടെ അംഗീകാരം വേണമെന്ന് അറിയില്ലായിരുന്നെന്നും കൃഷി ഓഫീസർ കൂട്ടിച്ചേർത്തു.

52. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് നൽകണമെന്നും റാമ്പ് ഇപ്പോഴും കേടുകൂടാതെ നിലവിലുണ്ടെങ്കിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ ഭൗതിക പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

53. 10 റാമ്പ് നിർമ്മാണം പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നുവെങ്കിലും ഇതിൽ എങ്കക്കാട് വെസ്റ്റ് പാടശേഖര സമിതി റാമ്പ് നിർമ്മാണത്തിനു പകരം 144 മീറ്റർ നീളത്തിൽ മണ്ണിട്ടു നിരത്തലാണ് നടത്തിയിട്ടുള്ളത്. കൃഷി അസിസ്റ്റന്റ്, ടി പ്രവൃത്തിയുടെ കൺവീനർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയതിൽ പാടവും റോഡും തമ്മിൽ ഏകദേശം 150 മീറ്റർ അകലെനിന്നും നാലഞ്ച് മീറ്റർ ഉയരം വ്യത്യാസം ഉണ്ട് എന്ന് ബോദ്ധ്യപ്പെട്ടു. റാമ്പ് പണിതഭാഗത്ത് പാടവും റോഡും തമ്മിൽ വലിയ നിരപ്പ് വ്യത്യാസമില്ല. ഇവയെ വേർതിരിക്കുന്ന ഒരു തോട് ഉണ്ട്. പാടത്തേക്ക് ട്രാക്ടർ ഇറക്കുന്നതിന് ഒരു ഒറ്റവരമ്പ് മാത്രമാണ് ഉണ്ടായിരുന്നത്. സമീപവാസികൾ സ്ഥലം നൽകിയത് മണ്ണിട്ട് ഉയർത്തി റോഡാക്കി മാറ്റിയതാണ് കണ്ടത്. റോഡിന്റെ അവസാനഭാഗത്ത് ഒരു തോടുണ്ട്. തോട്ടിലേക്ക് ട്രാക്ടർ ഇറക്കുന്നതിന് റാമ്പിന്റെ അവശിഷ്ടങ്ങളെന്നോണം കുറച്ച് കരിങ്കല്ല് കഷണങ്ങൾ കാണുകയുണ്ടായി. ആയതിന്റെ സഹായത്താൽ പാടത്തേക്ക് ട്രാക്ടർ ഇറക്കാൻ പ്രയാസമില്ല. തോടിന്റെ അടുത്തായി ട്രാക്ടറിന്റെ ടയറുകൾ കിടക്കുന്നതും ഭൗതിക പരിശോധനാവേളയിൽ കാണുകയുണ്ടായി.

## നിഗമനങ്ങൾ/ശിപാർശകൾ

**54. റാമ്പ് പണിതഭാഗത്ത് പാടവും റോഡും തമ്മിൽ നിരപ്പ് വ്യത്യാസമില്ലാത്തതിനാലും റാമ്പ് നിർമ്മാണത്തിനുപകരം മണ്ണിട്ട് നിരത്തൽ നടത്തിയത് പാടശേഖര സമിതിയുടെ ആവശ്യപ്രകാരമായിരുന്നുവെന്നത്**

**കണക്കിലെടുത്തും മണ്ണ് നിരപ്പാക്കിയതുമൂലം ടാക്ടർ തോട്ടിലേക്ക് ഇറക്കാൻ സഹായകരമാകുന്നുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഭൗതിക പരിശോധനാ റിപ്പോർട്ട് പ്രകാരം കാണുന്നതിനാലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അഡ്വാൻസ് കൈപ്പറ്റി—പണി പൂർത്തീകരിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ മരാമത്ത് പണികളിൽ ഭീമമായ തുക അഡ്വാൻസ് കൈപ്പറ്റുകയും എന്നാൽ പണി പൂർത്തീകരിക്കാതിരിക്കുകയും ചെയ്തിട്ടുള്ളതായി ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടു. അമ്മാടിക്കുന്ന് റോഡ് പുനരുദ്ധാരണം, അകമല ഇവാനം ശുദ്ധജലവിതരണ പദ്ധതി, കുമാരനല്ലൂർ ഹരിജൻ കോളനി റോഡ്, പുല്ലാനിക്കാട് ചാലക്കൽ പൂതക്കര റോഡ് നന്നാക്കൽ, കുമാരനെല്ലൂർ നെഴ്സറി സ്കൂൾ കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി മൊത്തം 2,55,636 രൂപയാണ് അതത് കൺവീനർമാർ മുൻകൂർ കൈപ്പറ്റിയിരിക്കുന്നത്. ഇതിൽ ആദ്യ രണ്ട് പ്രവൃത്തികൾ തുടങ്ങിവച്ചിട്ടുണ്ട്. 1,25,000 രൂപ മുൻകൂർ നൽകിയ മൂന്നാമത്തെ പ്രവൃത്തി ആരംഭിച്ചിട്ടേയില്ല. ക്രിയാത്മകമല്ലാത്ത പ്രവൃത്തികളുടെ പേരിൽ പൊതുധനം ഇങ്ങനെ ദുർവ്യയം ചെയ്യുന്നത് യാതൊരു തരത്തിലും ന്യായീകരിക്കാനാവില്ല. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ഒത്താശയോടെ സംഭവിക്കുന്ന ഇത്തരം ഇടപാടുകളെക്കുറിച്ച് ഭരണവകുപ്പിന്റെ സമഗ്ര അന്വേഷണം ആവശ്യമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.6 (iii).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

55. പദ്ധതിയിലുൾപ്പെട്ട അഞ്ച് പ്രവൃത്തികളെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. അമ്മാടിക്കുന്ന് റോഡ് പുനരുദ്ധാരണ പ്രവൃത്തി ചെയ്ത ഗുണഭോക്തൃ കമ്മിറ്റിക്ക് 22,000 രൂപ മൊബിലൈസേഷൻ അഡ്വാൻസായി ആദ്യം നൽകി. ഇതിൽ 25,000 രൂപയുടെ പാർട്ട് ബിൽ അവർ നൽകിയെങ്കിലും ജനങ്ങൾക്ക് ആവശ്യമുള്ള പണിയല്ല എക്സ്ട്രാ ഐറ്റമായി കമ്മിറ്റി ചെയ്തത് എന്ന കാരണത്താൽ എഞ്ചിനീയർ ബിൽ തുക 21,000 രൂപയായി കുറവ് ചെയ്തു. വീണ്ടും മുൻകൂറായി 15,000 രൂപ നൽകിയെങ്കിലും എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കല്ല ചെയ്തതെന്ന കാരണംകൊണ്ട് എഞ്ചിനീയറിംഗ് വിംഗ് പ്രവൃത്തി അളന്നു നൽകിയില്ല. കൺവീനർ മരിച്ചുപോയ സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി ഇപ്പോൾ ഗുണഭോക്തൃ സമിതി ചെയർമാന്റെയും മെമ്പറുടെയും പേരിൽ ആർ.ആർ. നടപടിക്ക് ശിപാർശ ചെയ്തിരിക്കുകയാണെന്ന് വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

56. 2000 മാർച്ച് മാസത്തിലാണ് രണ്ടാമത് മുൻകൂർ നൽകിയതെന്നും ഏപ്രിൽ മാസത്തിൽ താൻ അവിടെനിന്നും സ്ഥലംമാറിപ്പോയെന്നും പിന്നീടുവന്ന സെക്രട്ടറി താല്പര്യമെടുത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നുവെങ്കിൽ പ്രശ്നം പരിഹരിക്കപ്പെടുമായിരുന്നുവെന്നും പിന്നീട് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറോട് അളവെടുത്ത് മൂല്യനിർണ്ണയം നടത്തി നൽകണമെന്ന് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അന്നത്തെ ഗുണഭോക്തൃ കമ്മിറ്റി തന്നെയാണോ ടി പ്രവൃത്തി ചെയ്തതെന്ന് ഉറപ്പില്ലാത്തതിനാൽ നിലവിലുള്ള അളവ് നൽകാൻപോലും തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർ വിസമ്മതിച്ചുവെന്നും മൂന്നുനാലു വർഷം പൂർത്തിയാകാതെകിടന്ന ടി പ്രവൃത്തി ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്ത് പൂർത്തീകരിച്ചുവെന്നും ടിയാൾ കൂട്ടിച്ചേർത്തു.

57. തുക തിരിച്ചടയ്ക്കണമെന്നു കാണിച്ച് മുൻ സെക്രട്ടറിക്ക് നോട്ടീസ് ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. മൂന്ന് വർഷം മുമ്പ് ഏഴ് ലക്ഷത്തിൽപ്പരം രൂപയുടെ സർച്ചാർജ്ജ് നോട്ടീസ് ലഭിച്ചിട്ടുണ്ടെന്നും അന്ന് ആവശ്യപ്പെട്ട പ്രകാരം പഞ്ചായത്തിന്റെ രേഖകൾ ഓഡിറ്റിനെ കാണിക്കുകയും അവ പരിശോധിച്ച് ഓഡിറ്റിനു ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ അവർക്ക് തടസ്സം ഒഴിവാക്കാൻ പറ്റില്ല എന്ന് മറുപടി നൽകുകയും ചെയ്തതായി മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. മാർച്ച് മാസത്തിൽ രണ്ടാമത് മുൻകൂർ നൽകുകയും ഏപ്രിലിൽ താൻ ട്രാൻസ്ഫറായി പോയശേഷം തുടർനടപടി ഇല്ലാത്ത അവസ്ഥ വരികയും ചെയ്തതു കാരണമാണ് ഓഡിറ്റ് തടസ്സം വന്നതെന്നും ടിയാൾ കൂട്ടിച്ചേർത്തു.

58. 37,000 രൂപ മുൻകൂർ നൽകിയതിൽ 21,269 രൂപയുടെ പ്രവൃത്തി മാത്രമേ ചെയ്തിട്ടുള്ളൂവെന്നും ബാക്കിയുള്ള 15,731 രൂപ കൺവീനർ മരിച്ച സാഹചര്യത്തിൽ സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്നും സമിതി വ്യക്തമാക്കി.

59. സെക്രട്ടറി എന്ന നിലയിൽ ചെയ്യേണ്ടതായ എല്ലാ കാര്യങ്ങളും താൻ ചെയ്തിട്ടുണ്ടെന്നും എഞ്ചിനീയറോട് മെഷർമെന്റ് എടുക്കാൻ ആവശ്യപ്പെട്ടതിന് രേഖകൾ ഉണ്ടെന്നും അവ ഓഡിറ്റ് പരിശോധിച്ചിട്ടുള്ളതാണെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

60. മുൻ സെക്രട്ടറി നിയമപ്രകാരമാണ് മുൻകൂർ നൽകിയതെന്നും തുക നൽകിയിരിക്കുന്ന സ്റ്റേജ് വരെ നിയമലംഘനമൊന്നും നടന്നിട്ടില്ലെങ്കിൽ പിന്നീടുവരുന്ന സെക്രട്ടറിമാർ നടപടികളൊന്നും സ്വീകരിക്കാത്ത കാരണംകൊണ്ട് മുൻകൂർ നൽകിയ മുൻ സെക്രട്ടറി എങ്ങനെ ഉത്തരവാദിയാകും എന്ന് എസ്.പി.എ.ഒ. സംശയം പ്രകടിപ്പിച്ചു.

61. സമിതിയുടെ നിർദ്ദേശപ്രകാരം നടത്തിയ വകുപ്പുതല അന്വേഷണത്തിൽ ആകെ നൽകിയ മുൻകൂറായ 37,000 രൂപയിൽ 21,000 രൂപയുടെ പ്രവൃത്തി മാത്രമേ നടത്തിയിട്ടുള്ളൂവെന്ന് സെക്രട്ടറി പറഞ്ഞ പ്രകാരം മറ്റ് നാല് പ്രോജക്ടുകളും പൂർത്തീകരിച്ചതായി കാണുന്നുണ്ടെങ്കിലും രേഖകളൊന്നും ഹാജരാക്കാൻ സാധിച്ചിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ വ്യക്തമാക്കി.

62. ടി ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള 5 പ്രവൃത്തികൾ സംബന്ധിച്ചും ഓഡിറ്റ് വകുപ്പ് പുനഃപരിശോധിക്കുന്നതോടൊപ്പം വകുപ്പുതല അന്വേഷണം നടത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**63. ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ട അഞ്ച് പ്രവൃത്തികളും വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ടെന്നും അവയുടെ കൺവീനർമാർ കൈപ്പറ്റിയ മുൻകൂർ തുകയ്ക്ക് ആനുപാതികമായ പ്രവൃത്തി നിർവ്വഹിക്കപ്പെട്ടിട്ടുണ്ടെന്നും ആയത് എഞ്ചിനീയർമാർ നല്കിയ മൂല്യനിർണ്ണയ സാക്ഷ്യപത്രം സാധൂകരിക്കുന്നുവെന്നും പഞ്ചായത്ത് ഡയറക്ടറുടെ വകുപ്പുതല അന്വേഷണ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത അഞ്ച് പ്രവൃത്തികൾ സംബന്ധിച്ച ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പുത്തൻകുളം അഭിവൃദ്ധിപ്പെടുത്തൽ—വ്യാജരേഖകൾ ചമച്ച് പൊതുധനം ദുരുപയോഗപ്പെടുത്തി**

കുളത്തിന്റെ വശങ്ങൾ കെട്ടി ആഴം വർദ്ധിപ്പിക്കാനും കാർഷിക പ്രധാനമായ മേഖലയിലെ രണ്ടാം വിളയെ ഉണക്കിൽ നിന്നും രക്ഷപ്പെടുത്തി ഉത്പാദനം വർദ്ധനവിന് ലക്ഷ്യമിട്ടുകൊണ്ടും 1998-99-ൽ രൂപീകരിച്ച പദ്ധതിക്ക് 3/99-ൽ 50,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിരുന്നു. എന്നാൽ ഒരു വർഷത്തിനുശേഷവും പ്രസ്തുത പ്രവൃത്തി ആരംഭിച്ചിരുന്നില്ല. തുടർന്ന് 24-2-2000-ൽ നടത്തിയിട്ടുള്ള പണികളുടെ അളവെടുത്ത് സാങ്കേതിക വിദഗ്ദ്ധന്റെ നിർദ്ദേശപ്രകാരം 31,613 രൂപയും നൽകിയിട്ടുണ്ട്. Earth work Excavation in hard soil and underwater, bailing out of water എന്നീ ഇനങ്ങൾക്കാണ് തുക നൽകിയിരിക്കുന്നത്.

20-1-2000-ൽ കൺവീനർ പഞ്ചായത്തിന് നൽകിയ കത്തിൽ, പണി ആരംഭിച്ചിട്ടില്ലായെന്നും വാഴാനി ഡാമിൽ നിന്നും വെള്ളം വിട്ടതിനാൽ കുളത്തിൽ വെള്ളം നിറച്ചിരുന്നെന്നും ഇപ്പോഴും കുളം നിറഞ്ഞുനിൽക്കുകയാണെന്നും ഇക്കൊല്ലം പുഞ്ചകൃഷി ഉണ്ടായിട്ടില്ലാത്തതിനാൽ പൂർത്തീകരിക്കാൻ സാധിക്കും എന്നും എഴുതിയിരുന്നു. 1999 മാർച്ച് മാസത്തിലും തുടർന്നുള്ള കാലവർഷം വരെയും 2000 ജനുവരി മാസത്തിലും നിറഞ്ഞുനിൽക്കുന്ന കുളത്തിൽ എങ്ങനെയാണ് "ഉണക്ക്" ഉണ്ടാവുക എന്ന് ഓഡിറ്റിന് ബോദ്ധ്യമാവുന്നില്ല. രണ്ടാം വിളവെടുപ്പ് അവസാനിക്കുന്ന ജനുവരി മാസത്തിലും കുളം

നിറഞ്ഞുനിൽക്കുന്നു എന്നു സമിതിതന്നെ പറയുമ്പോൾ പിന്നെ എന്തിന്, ആർക്കുവേണ്ടിയാണ് ഈ പണി എന്ന് മനസ്സിലാകുന്നില്ല. പുഞ്ചകൃഷി കൂടി സമൃദ്ധിയായി നടത്തുന്ന ഈ പ്രദേശത്ത് ഇത്തരം ഒരു പ്രവൃത്തി ഒരുതരത്തിലും ആവശ്യമില്ലാത്തതാണെന്ന് സമിതിയുടെ പ്രവർത്തനങ്ങൾ വ്യക്തമാക്കുന്നു.

പ്രസ്തുത ചെലവ് ദുർവ്യയവും രേഖകൾ വ്യാജവുമാണെന്ന് അളവുപുസ്തകവും വ്യക്തമാക്കുന്നുണ്ട്. 20-1-2000 വരെ പണി ആരംഭിച്ചിട്ടില്ല എന്ന് കൺവീനർ അറിയിച്ചിട്ടും ഇനം രണ്ട് പ്രകാരം ജനുവരിയിൽ 22 ദിവസവും (ജനുവരി 3 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ) ഫെബ്രുവരിയിൽ 8 ദിവസവും വെള്ളം വറ്റിക്കൽ നടത്തിയതായി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. കൂടാതെ ഒന്നാം ഇനമായി ആദ്യ 'ഡെപ്ത്തി'നു തന്നെ കട്ടപ്പമേറിയ മണ്ണിന്റെയും അണ്ടർവാട്ടർ നിരക്കുമാണ് നൽകിയിരിക്കുന്നത്. കുളങ്ങളിലെ മേൽ മണ്ണ്, ചെളിയും മറ്റും അടിഞ്ഞുചേർന്ന 'സിൽറ്റ്' ആണ്. ഇതിന്റെ നീക്കൽ കട്ടപ്പമേറിയ മണ്ണാക്കി മാറ്റിയതും അണ്ടർവാട്ടർ എസ്കവേഷൻ ആക്കിയതും ബോധപൂർവ്വം പദ്ധതിധനം ദുർവ്യയം ചെയ്യുന്നതിനുവേണ്ടിയാണ്. യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാത്ത അളവുപുസ്തക രേഖപ്പെടുത്തലുകൾ യാതൊരു തരത്തിലും അംഗീകരിക്കാവുന്നതല്ല.

തുടർന്ന് 30-6-2001-ന് റിട്ടയേർഡ് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും ബി.എൽ.ഇ.സി. അംഗവുമായ ശ്രീ. ടി. കെ. പൈലി ചെയ്തിട്ടുള്ള പണികൾ അളവെടുത്ത് ചേർത്തപ്പോൾ 40% അധികം ഉൾപ്പെടെ ആകെ 54,573 രൂപയുള്ള പണിയേ ചെയ്തിട്ടുള്ളൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ലക്ഷം രൂപയോളം കൈപ്പറ്റിയ കൺവീനർ രണ്ടുവർഷത്തിനുശേഷം ഏകദേശം 40,000 രൂപയുള്ള (40% അധികം ഒഴികെ) പണി മാത്രം ചെയ്യുകയും പണിയൊന്നും ചെയ്യാതെതന്നെ 75,000 രൂപയുടെ വ്യാജസാക്ഷ്യപത്രം നൽകിയ എഞ്ചിനീയറും അത് അംഗീകരിച്ച പഞ്ചായത്ത് സമിതിയും ജനകീയാസൂത്രണ പദ്ധതിയുടെ അന്തസത്തയ്ക്ക് നിരക്കാത്തതും ഈ നവ്യധാരയെ തുരങ്കംവയ്ക്കുന്നതുമായ പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. 22-8-2001 വരെയും പണിയിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുള്ളതായി രേഖകളൊന്നുമില്ല. രണ്ടുവർഷക്കാലം പദ്ധതിധനം കൺവീനറുടെ കൈവശം ഇരിക്കാൻ ഇടവരുത്തിയ സാക്ഷ്യപത്രം നൽകിയ എഞ്ചിനീയറിൽ നിന്നും 18% പലിശ ടി തുകയ്ക്ക് ഈടാക്കേണ്ടതുമാണ്.

പൊതുധനം കൈകാര്യം ചെയ്യുന്നതിൽ ബോധപൂർവ്വം വരുത്തുന്ന അലംഭാവവും കാലവിളംബവും അക്ഷന്തവ്യമാണ്. കാര്യക്ഷമവും ക്രിയാത്മകവുമായി ഉപയോഗിക്കേണ്ടുന്ന പൊതുധനം ഇത്തരത്തിൽ അലക്ഷ്യമായി ചെലവിടുന്ന ഉദ്യോഗസ്ഥർക്കെതിരെ സമഗ്രമായ അന്വേഷണം നടത്തേണ്ടതും മാതൃകാപരമായി ശിക്ഷിക്കേണ്ടതും ഇതുപോലെയുള്ള ജനോപകാരപ്രദമായ പരിപാടികളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പിനും അതിന്റെ ഫലപ്രാപ്തിക്കും ആവശ്യമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.6 (iv).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. പരാമർശ വിഷയത്തിൽ അഡ്വാൻസ് നൽകിയത് താനാണെന്നും പണി പൂർത്തീകരിച്ചത് പിന്നീട് വന്ന സെക്രട്ടറിയുടെ കാലയളവിലാണെന്നും വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി സമിതിയിൽ അറിയിച്ചു. മാർച്ചിൽ ബിൽ കൊടുക്കാൻ വേണ്ടി എഞ്ചിനീയർ ഡേറ്റ് അഡ്ജസ്റ്റ് ചെയ്തു, മേൽ മണ്ണിന് ഹാർഡ് സോയിലിന്റെ റേറ്റ് കൊടുത്തു എന്നിവയാണ് വിഷയങ്ങളെന്നും പ്രസ്തുത വിഷയങ്ങൾക്കുത്തരവാദി എൻജിനീയറിംഗ് വിംഗ് ആണെന്നും ടി. കുളം നല്ല രീതിയിൽ നിലനില്ക്കുന്നുവെന്നും മുൻ സെക്രട്ടറി കൂട്ടിച്ചേർത്തു.

65. അഡ്വാൻസിന്റെ രണ്ടാമത്തെ ഗഡു പാർട്ട് ബിൽ കൊണ്ടുവന്നപ്പോൾ നൽകിയെന്നും അഡ്വാൻസ് നൽകി ഒരു കൊല്ലത്തിനുശേഷം മാത്രമേ പണി ആരംഭിക്കുവാൻ സാധിച്ചുള്ളൂവെന്നും സമിതിയുടെ ബന്ധപ്പെട്ട ചോദ്യത്തിന് മറുപടിയായി മുൻ സെക്രട്ടറി അറിയിച്ചു. അഡ്വാൻസ് തുക, പണി ചെയ്യാതെ ഒരു വർഷം കൈവശം സൂക്ഷിച്ചതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന സമിതിയുടെ ചോദ്യത്തിന് സെക്രട്ടറി എന്ന നിലയിൽ ചെയ്യാവുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇടവിട്ട് നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നെന്നും മുൻ സെക്രട്ടറി കൂട്ടിച്ചേർത്തു.

66. പരാമർശം സംബന്ധമായ കുളത്തിൽ എപ്പോഴും വെള്ളം നിറഞ്ഞുനിൽക്കുന്ന സ്ഥിതിയാണോ എന്ന ചോദ്യത്തിന് കുളത്തിൽ എപ്പോഴും വെള്ളം നിറഞ്ഞു നിൽക്കുന്നില്ലെന്നും പുഞ്ചകൃഷി ചെയ്യാൻ ഉദ്ദേശിച്ച് ചെയ്തതാണെന്നും ഡി.ഡി.പി. (മുൻ സെക്രട്ടറി) സമിതിയിൽ അറിയിച്ചു. എന്നാൽ ഇപ്പോൾ കൃഷിയൊന്നും ഇല്ലാതെ പാടം മണ്ണിട്ട് നികത്തുന്നതിനാൽ ആളുകൾ കുളിക്കുന്നതിനായാണ് ഈ കുളം ഉപയോഗിക്കുന്നത് എന്നും മുൻ സെക്രട്ടറി കൂട്ടിച്ചേർത്തു.

67. പൊതുധനം കൈകാര്യം ചെയ്യുന്നതിൽ ബോധപൂർവ്വം വരുത്തുന്ന അലംഭാവവും കാലവിളംബവും അക്ഷന്തവ്യമാണ്. കാര്യക്ഷമവും ക്രിയാത്മകവുമായി ഉപയോഗിക്കേണ്ടുന്ന പൊതുധനം അലക്ഷ്യമായി ചെലവിടുന്ന ഉദ്യോഗസ്ഥർക്കെതിരെ സമഗ്ര അന്വേഷണം നടത്തേണ്ടതും മാതൃകാപരമായി ശിക്ഷിക്കേണ്ടതും ജനോപകാരപ്രദമായ പരിപാടികളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പിനും അതിന്റെ ഫലപ്രാപ്തിക്കും ആവശ്യമാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ അഭിപ്രായത്തിന് ഈ വിഷയത്തിൽ ശരിയായ വിശദീകരണം നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

68. അഡ്വാൻസ് വാങ്ങിയ ബെനിഫിഷ്യറി കമ്മിറ്റി ചെയർമാനിൽ നിന്നും സർട്ടിഫൈ ചെയ്ത എഞ്ചിനീയറിൽ നിന്നും തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ടി വ്യക്തികൾക്ക് 7-10-2008-ൽ നോട്ടീസ് നൽകിയെന്ന് വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ അറിയിച്ചു. ഓഡിറ്റ് ഒബ്ജക്ഷനിൽ ലയബിലിറ്റി ഫിക്സ് ചെയ്ത് സംഖ്യ എത്രയെന്ന് പറയുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രസ്തുത പണിക്കായി എത്ര രൂപ കൊടുത്തിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് ഫുൾ പേയ്മെന്റ് നൽകിയിട്ടുണ്ടെന്നും എന്നാൽ ആദ്യ അഡ്വാൻസ് മാത്രമേ താൻ നൽകിയിട്ടുള്ളൂവെന്ന് മുൻ സെക്രട്ടറി (ഡി.ഡി.പി.) സമിതിയിൽ അറിയിച്ചു. ഉദ്ദേശം 50 മീറ്റർ നീളവും 30 മീറ്റർ വീതിയുമുള്ള വലിയ കുളമാണിതെന്നും കരിങ്കല്ലുകൊണ്ട് നല്ലരീതിയിൽ കെട്ടിനിറുത്തിയിരിക്കുന്ന കുളത്തിനായി ഏകദേശം നാല് ലക്ഷത്തിലധികം രൂപ പഞ്ചായത്തിൽനിന്ന് ചെലവ് ചെയ്തിട്ടുണ്ടെന്നും ആയത് സംബന്ധിച്ച വർക്കുകളുടെ പേയ്മെന്റ് നൽകിയിരിക്കുന്നത് തനിക്ക് ശേഷമുള്ള സെക്രട്ടറിയാണെന്നും മുൻ സെക്രട്ടറി സമിതിയിൽ അറിയിച്ചു. ലോക്കൽ വെരിഫിക്കേഷൻ ആവശ്യപ്പെട്ടതനുസരിച്ച് തൃശ്ശൂർ ലോക്കൽ ഫണ്ട് ഓഫീസിൽ എം. ബുക്കും മറ്റ് രേഖകളും പരിശോധനയ്ക്ക് നൽകിയിട്ടുണ്ടെന്നും ഡി.ഡി.പി. (മുൻ സെക്രട്ടറി) സമിതിയിൽ അറിയിച്ചു. പണി പൂർത്തിയായിട്ടുണ്ടെന്നും എന്നാൽ കരിങ്കൽക്കെട്ട് മെഷർ ചെയ്യാൻ സാധിച്ചില്ലെന്നും അദ്ദേഹം അറിയിച്ചു.

69. രേഖകൾ മുഴുവൻ പരിശോധിച്ച് ലയബിലിറ്റി എത്രയെന്ന് കൃത്യമായി ഫിക്സ് ചെയ്ത് റിപ്പോർട്ട് നൽകുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ സമിതി ചുമതലപ്പെടുത്തി.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

70. പുത്തൻകുളം ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. കെ. ബി. കബീർ 20-1-2000-ൽ നൽകിയ കത്തിൽ പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല എന്നു പറയുന്നു. മാത്രമല്ല തൻമാസം അവസാനത്തോടുകൂടി പണി ആരംഭിക്കുവാൻ സാധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയ എഞ്ചിനീയർ ജനുവരി മാസത്തിലെ 3, 4, 5, 6, 7, 10, 11, 12, 13, 14, 15, 17, 18, 19, 20, 21, 22, 24, 27, 28, 29, 31 ഫെബ്രുവരി 1, 2, 3, 4, 5, 7, 8, 9 എന്നീ തീയതികളിൽ വെള്ളം വറ്റിക്കൽ നടന്നതായിട്ടാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്, കൺവീനർ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നു പറയുമ്പോൾ എഞ്ചിനീയർ ജനുവരി 3 മുതൽ 20 വരെയുള്ള 15 ദിവസങ്ങളിൽ വെള്ളം വറ്റിച്ചതായി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ശരിയല്ലാത്തതിനാൽ ഈയിനത്തിൽ അധികം നൽകിയ തുക താഴെ കണക്കാക്കുന്നു:

| പ്രവൃത്തി നടത്തിയ ദിവസങ്ങളുടെ എണ്ണം | നിരക്ക് | പ്രവൃത്തി വിവരം | ആകെ തുക |
|---|---|---|---|
| 15 ദിവസം (ജനവരി 3 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ) | പ്രതിദിനം 236 രൂപ | 5 എച്ച്. പി. എഞ്ചിൻ ഉപയോഗിച്ച് വെള്ളം വറ്റിക്കൽ | 3,540 |
| ഗുണഭോക്തൃ സമിതിക്ക് അധിക നിരക്ക് (25%) | | | 885 |
| | | ആകെ | 4,425 |

71. എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ വസ്തുതകളുമായി ബന്ധമില്ലാത്തതാണെന്ന് കൺവീനറുടെ കത്ത് വ്യക്തമാക്കുന്നു. ഇക്കാരണത്താൽ 20-1-2000-ത്തിന് മുമ്പായി നടത്തിയെന്ന് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ വെള്ളം വറ്റിക്കൽ പ്രവൃത്തിക്ക് ചെലവായ 4,425 രൂപ എഞ്ചിനീയറുടെ ബാദ്ധ്യതയായി കണക്കാക്കാവുന്നതാണ്.

72. മേൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയ എഞ്ചിനീയറുടെ പേരും വിലാസവും പഞ്ചായത്ത് അധികൃതർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയത് താഴെ ചേർക്കുന്നു (വർക്ക് ബിൽ എഴുതി തയ്യാറാക്കിയിട്ടുള്ള എഞ്ചിനീയർ ഇദ്ദേഹമാണ്):

ശ്രീ. ഇ. ഡി. വൽസൻ (അസി . എഞ്ചിനീയർ, വടക്കാഞ്ചേരി ബ്ലോക്ക്)

ഈശ്വരമംഗലത്ത് വീട്,

കുർക്കഞ്ചേരി പി. ഒ., തൃശ്ശൂർ.

73. മേൽപ്പറഞ്ഞ പ്രവൃത്തിയുടെ അളവുപുസ്തകം നമ്പർ 12/97-98, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് എൻക്വയറി നൽകിയിട്ടും ലഭ്യമാക്കുകയുണ്ടായില്ല. എം. ബുക്ക് ഹാജരാക്കാത്തതിനാൽ അളവെടുത്ത് മൂല്യനിർണ്ണയം നടത്തിയിട്ടുള്ള എഞ്ചിനീയർ ആരാണെന്ന് അറിയാൻ കഴിഞ്ഞില്ല.

### നിഗമനങ്ങൾ/ശിപാർശകൾ

**74. പ്രവൃത്തിയുടെ അളവുപുസ്തകം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന് കൺവീനർ കത്ത് നല്കിയ കാലയളവിൽ പ്രവൃത്തിയുടെ ഭാഗമായ കുളം വറ്റിക്കൽ നടന്നുവെന്ന**

**എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ വസ്തുതകളുമായി ബന്ധമില്ലാത്തതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ടി ഇനത്തിൽ ചെലവാക്കിയ 4,425 രൂപ 18% നിരക്കിൽ പലിശ കണക്കാക്കി എഞ്ചിനീയറുടെ ബാദ്ധ്യതയായി നിശ്ചയിച്ച് പ്രസ്തുത ഇക ടിയാനിൽ നിന്നും ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## മാള ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക—വാർഷിക വർദ്ധനവ് ഒഴിവാക്കിയത് ക്രമരഹിതം—അന്വേഷണം ആവശ്യപ്പെടുന്നു**

ഗ്രാമപഞ്ചായത്തിന്റെ വക ഷോപ്പിംഗ് കോംപ്ലക്സിന്റെ 22 ഷോപ്പുകൾ 1994-ൽ ലേലം വിളിച്ച് വാടകയ്ക്ക് നൽകുകയും തുടർന്നുള്ള വർഷങ്ങളിൽ ഇതേ വാടകക്കാർക്ക് 5% വാർഷിക വർദ്ധനവിൽ മുറികൾ നൽകിവരികയുമായിരുന്നു. എന്നാൽ 27-1-1996-ൽ ടി വാടകക്കാർ കച്ചവടം നഷ്ടമാണെന്നും ഇപ്പോൾ ഈടാക്കുന്ന വാടക മറ്റുള്ള പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതലാണെന്നും ആയതിനാൽ അടുത്ത അഞ്ച് വർഷത്തേക്ക് വാർഷിക വർദ്ധനവ് ഒഴിവാക്കണമെന്നും അപേക്ഷ നൽകി. 8-3-1997, 14-3-1997 തീയതികളിലും ഇതേ ആവശ്യം ആവർത്തിക്കപ്പെട്ടതിനാൽ 24-3-1997-ലെ പഞ്ചായത്ത് കമ്മിറ്റി വാടകക്കാരുടെ ആവശ്യം തികച്ചും ന്യായവും മാനുഷിക പരിഗണന അർഹിക്കുന്നതുമാണെന്നും കനത്ത നഷ്ടം സഹിച്ച് മുഴുവൻ വാടകക്കാരും ഒഴിഞ്ഞുപോകാൻ ഇടവന്നാൽ ആർ. ഡി. ബി. ലോൺ അടയ്ക്കുവാൻ പഞ്ചായത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടും എന്നതിനാലും വാടക വർദ്ധനവ് തൽക്കാലത്തേക്ക് ഒഴിവാക്കിയാണെങ്കിലും നിലവിലുള്ള വാടകക്കാരാണ് പഞ്ചായത്തിന് ഗുണകരം എന്ന ഉത്തമ താൽപ്പര്യത്തോടെ 1997-98, 1998-99 വർഷത്തേക്ക് പ്രതിമാസ വാടകയിൽ യാതൊരു വർദ്ധനവും വരുത്തേണ്ടതില്ലായെന്നും നിലവിലുള്ള നിരക്കിൽ തുടരാൻ അനുവദിക്കുന്നതിനും ആയതിന് ആവശ്യമായ അംഗീകാരത്തിന് ബഹുമാനപ്പെട്ട സർക്കാരിനോട് അപേക്ഷിക്കുന്നതിനും തീരുമാനമെടുത്തു (105/97 തീയതി 24-3-1997).

ഈ തീരുമാനത്തിന് സർക്കാർ അനുമതി കിട്ടുന്നതിനാവശ്യമായ നടപടികൾക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തുവെങ്കിലും ഷോപ്പ് മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിലേക്കായി സർക്കാർ കാലാകാലങ്ങളിൽ ഇറക്കിയിട്ടുള്ള ഗൈഡ്‌ലൈനുകൾക്കും നിയമങ്ങൾക്കും വിധേയമായിരിക്കണം തീരുമാനങ്ങൾ എന്ന നിർദ്ദേശത്തോടെ തിരിച്ചയച്ചിരുന്നു. തുടർന്ന് പഞ്ചായത്ത് കമ്മിറ്റി നേരിട്ട് സർക്കാരിനെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ 6-6-1998-ലെ ഉത്തരവ് നമ്പർ 10755/ജെ.2/98

എൽ.എ.ഡി. പ്രകാരം ഷോപ്പിങ് കോംപ്ലക്സ് മുറികൾക്ക് 1997-98, 1998-99 വർഷങ്ങളിലെ വാടക വർദ്ധനവ് വേണ്ടെന്നുവയ്ക്കണമെന്ന ആവശ്യം നിരസിച്ചിട്ടുള്ളതുമാണ്. ഇതിനെതിരെ ടി വാടകക്കാർ സ്റ്റേ വാങ്ങുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഇവർ ഫയൽ ചെയ്ത കേസിൽ 11-3-1999-ൽ രണ്ട് മാസത്തിനുള്ളിൽ ഈ വിഷയത്തിൽ സർക്കാർ വാടകക്കാരുമായിട്ടുള്ള കൂടിയാലോചനയുടെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കണം എന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് 1997-98, 1998-99 വർഷത്തെ വാടകയുടെ വാർഷിക വർദ്ധനവിന്റെ 50% കുടിശ്ശിക ഒഴിവാക്കി. 31-3-2000-നുമ്പ് കുടിശ്ശിക അടച്ചുതീർക്കുകയാണെങ്കിൽ പിഴപ്പലിശ കൂടി ഒഴിവാക്കാവുന്നതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ആർ.ഡി.ബി.യിലേക്ക് 1997-98 വർഷത്തിൽ 19,43,356 രൂപയും 1998-99-ൽ 17,00,516 രൂപയും അടയ്ക്കുവാൻ ബാക്കിനിൽക്കേയാണ് പഞ്ചായത്തിന്റെ "ഉത്തമ താൽപ്പര്യം" സംരക്ഷിക്കുന്നതിന് വാർഷിക വാടക വർദ്ധനവ് കുറച്ചുകൊണ്ട് പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനമെടുത്തത് (ശരാശരി അഞ്ച് ലക്ഷത്തിൽപ്പരം രൂപ ഓരോ വർഷവും തിരിച്ചടവ് ഉള്ളതാണ്). ഓരോ വർഷവും ലോൺ തിരിച്ചടവിനായി ലക്ഷങ്ങൾ ആവശ്യമുണ്ടെന്നിരിക്കെ വാർഷിക വർദ്ധനവ് ഒഴിവാക്കിക്കൊണ്ട് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തത് ആരുടെ "ഉത്തമ താൽപ്പര്യസംരക്ഷണാർത്ഥമാണെന്ന്" ഓഡിറ്റിന് ബോദ്ധ്യം വരുന്നില്ല. നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി വേണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിട്ടും സർക്കാരിന്റെ നിർദ്ദേശമുണ്ടായിട്ടും ടി തീരുമാനത്തിൽ കമ്മിറ്റി ഉറച്ചുനിന്നത് (ഭീമമായ നഷ്ടം പഞ്ചായത്തിന് ഉണ്ടാകുമെന്ന് ഉത്തമ ബോദ്ധ്യമുണ്ടായിട്ടും) എന്തുകൊണ്ടാണെന്ന് വിശദമായ വകുപ്പുതല അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.8(i).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**വാടക നിർണ്ണയത്തിൽ അപാകത**

**ഓഡിറ്റ് റിപ്പോർട്ട് വർഷം 1999-2000, ഖണ്ഡിക 30; 2000-01, ഖണ്ഡിക 27**

സർക്കാർ ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് വാടക നിർണ്ണയിച്ചതിനാൽ മാള ഗ്രാമപഞ്ചായത്തിന്റെ വ്യാപാരസമുച്ചയത്തിലെ മുറികളുടെ 1997-98, 1998-99,

1999-2000, 2000-01 വർഷങ്ങളിലെ വാടകയിൽ 1,18,668 രൂപയുടെ കുറവ് കണ്ടെത്തി. തദ്ദേശഭരണ വകുപ്പിന്റെ 22-1-2000-ലെ ജി.ഒ.(ആർടി.) 348/2000-ലെ നിർദ്ദേശത്തിന് വിരുദ്ധമായി വാടക നിശ്ചയിച്ചതിനാലാണ് ഇത്. 1997-98, 1998-99 വർഷങ്ങളിലെ നിയമാനുസൃത വർദ്ധനവ് വഴിയുള്ള കടിശ്ശികയുടെ 50% ഒഴിവാക്കിയിരുന്നു. ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച് 1997-98, 1998-99 വർഷങ്ങളിൽ 2.5% വർദ്ധിപ്പിക്കുകയും 1999-2000-ൽ 5% വർദ്ധിപ്പിക്കുകയുമാണ് ഗ്രാമപഞ്ചായത്ത് ചെയ്തത്. വാടക നഷ്ടം 1,18,668 രൂപ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.2.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

75. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണി പൂർത്തീകരിച്ചോയെന്ന സമിതിയുടെ ചോദ്യത്തിന് പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടുണ്ടെന്നും ടി കോംപ്ലക്സിന്റെ വാടക പിരിച്ചെടുക്കുന്നുണ്ടെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു. വാടക പിരിക്കുന്നതിൽ ഗവൺമെന്റ് ചട്ടപ്രകാരമുള്ള വാർഷിക വർദ്ധനവായ അഞ്ച് ശതമാനം വർദ്ധനവ് വേണ്ടെന്നുവച്ചു എന്ന് പരാമർശത്തെ സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യത്തിന് അപ്രകാരം പ്രവർത്തിച്ചത് പഞ്ചായത്ത് സമിതി തീരുമാനപ്രകാരമാണെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ചു. പഞ്ചായത്ത് സമിതിക്ക് അപ്രകാരം തീരുമാനിക്കാൻ അധികാരമുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് വാടക കുറയ്ക്കുന്നതിന് ഗവൺമെന്റിന്റെ സാങ്ഷൻ ആവശ്യമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയിൽ അറിയിച്ചു. എന്നാൽ പഞ്ചായത്ത് കമ്മിറ്റി കോൺഷ്യസ്സായി എടുത്ത തീരുമാനമാണെങ്കിൽ ആയത് ചോദ്യം ചെയ്യേണ്ട ആവശ്യം ഇല്ലെന്നും അപ്രകാരം തീരുമാനിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിക്ക് കൊടുക്കേണ്ടതാണെന്നും എസ്.പി.എ.ഒ. സമിതിയിൽ അറിയിച്ചു.

76. പ്രസ്തുത വിഷയത്തെ സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി റാറ്റിഫിക്കേഷനുവേണ്ടി ഗവൺമെന്റിലേക്ക് അപേക്ഷിക്കുവാൻ ഡി.ഡി.പി.ക്ക് നിർദ്ദേശം കൊടുത്തതായും ടി നിർദ്ദേശം ഡി.ഡി.പി. നിരസിച്ചതായുമാണ് മനസ്സിലാക്കുവാൻ സാധിച്ചതെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലനിന്ന കേസിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഗവൺമെന്റ് നെഗോഷ്യേറ്റ് ചെയ്യാനാണ് കോടതി നിർദ്ദേശിച്ചതെന്ന് എസ്.പി.എ.ഒ. സമിതിയിൽ അറിയിച്ചു. പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധികവാടക നിശ്ചയിച്ച് വീണ്ടും മുൻ വാടകക്കാരന് ലേലം കൂടാതെ മുറി വാടകയ്ക്ക് നൽകാനുള്ള അധികാരം പഞ്ചായത്ത്

കമ്മിറ്റിക്കുണ്ടെന്നും എന്നാൽ അധികവാടക നിലവിലുള്ള വാടകയെക്കാൾ 5% അധികരിക്കാൻ പാടില്ലെന്നും ബൈലായിൽ പറഞ്ഞിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ സമിതിയിൽ അറിയിച്ചു. സമിതി നിർദ്ദേശപ്രകാരം ജി.ഒ.(ആർടി.) 348/2000/LSGD ഉത്തരവ് പഞ്ചായത്ത് ഡയറക്ടർ സമിതിയിൽ വായിച്ചു.

77. പരാമർശവുമായി ബന്ധപ്പെട്ട് 22 പേരിൽ 16 പേർ 84,000 രൂപ പലിശ അടച്ചിട്ടുണ്ടെന്നും ബാക്കി 6 പേരിൽ നിന്നും ബാദ്ധ്യത തുക ഈടാക്കുന്നതിനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയിൽ അറിയിച്ചു. പഞ്ചായത്തിന്റെ മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും വാടകക്കാർക്ക് പൊതുവേ നഷ്ടമാണെന്നും അതുകൊണ്ട് വാടക കുറവ് ചെയ്യാനുള്ള തീരുമാനം എടുക്കുന്നു എന്നുമാണ് പറഞ്ഞിരിക്കുന്നതെന്നും വിവേചനമില്ലാതെ എല്ലാവർക്കും ഒരുപോലെ ഇളവനുവദിച്ചിട്ടുണ്ടെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

78. പരാമർശത്തെ സംബന്ധിച്ച് ആകെ ഈടാക്കേണ്ട തുക, ഇനി എത്രപേർ തുക അടയ്ക്കാനുണ്ട്, കൃത്യമായ തുക എത്രയാണ് എന്നീ വസ്തുതകൾ പഞ്ചായത്ത് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നല്കിയ മറുപടി ചുവടെ ചേർക്കുന്നു:

79. തൃശ്ശൂർ ജില്ലയിലെ മാള ആസ്ഥാനമായുള്ള മാള ഗ്രാമപഞ്ചായത്തിൽ ആസ്ഥാനവും അതിന്റെ സമീപപ്രദേശത്തുള്ള 4 വാർഡുകളും മാത്രമാണ് ഒരു വ്യാപാരകേന്ദ്രമായി വികസിച്ചിട്ടുള്ളത്. മറ്റ് വാർഡുകൾ ഗ്രാമീണമേഖലയാണ്. ബസ് സ്റ്റാന്റ് ടാറിംഗ് പൂർത്തീകരിക്കാത്തതുകൊണ്ടും കംഫർട്ട് സ്റ്റേഷൻ പൂർത്തീകരിക്കാത്തതിനാലും 1996, 1997-98, 1998-99 കാലയളവിൽ ബസ് സ്റ്റാന്റിലേക്ക് ബസ്സുകൾ വരാത്തതിനാൽ ഉദ്ദേശിച്ച വ്യാപാരം ലഭിക്കാത്തതിനാലും സമീപ ഗ്രാമപഞ്ചായത്ത് ആയ അന്നമനടയിൽ 14-3-1995-ൽ സ.ഉ.(സാ.)നമ്പർ 1290/95 തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് വാടക വർദ്ധനവിൽ ഇളവ് നൽകിക്കൊണ്ടുള്ള ഉത്തരവ് ചൂണ്ടിക്കാണിച്ചുകൊണ്ട് 27-1-1996-ൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് സെന്ററിലെ എ. വി. സത്യൻ മുതൽപേർ വാടക വർദ്ധനവ് ഒഴിവാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകി. വാടകക്കാരുടെ ആവശ്യം തികച്ചും ന്യായവും മാനുഷിക പരിഗണന അർഹിക്കുന്നതാണെന്നും കനത്ത നഷ്ടം സഹിച്ച് മുഴുവൻ വാടകക്കാരും ഒഴിഞ്ഞുപോകാൻ ഇടവന്നാൽ ആർ.ഡി.ബി. ലോൺ അടയ്ക്കുവാൻ പഞ്ചായത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടും എന്ന അനുമാനത്തിൽ പഞ്ചായത്ത് കമ്മിറ്റി 1997-98, 1998-99 എന്നീ വർഷങ്ങളിൽ വാടക വർദ്ധനവ് വേണ്ടെന്ന വയ്ക്കുകയുമാണുണ്ടായത്.

80. സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് മാള ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ ടി കാലത്തെ പരസ്യലേലത്തിൽ മുറിയെടുത്തവർ വളരെ ഉയർന്ന നിരക്കിലാണ് മുറികൾ വാടകയ്ക്ക് എടുത്തിരുന്നത്. മുറി വാടകയും മറ്റു നിക്ഷേപങ്ങൾക്കും കൂടി ചെലവാക്കിയ തുകയും ഉദ്ദേശിച്ച കച്ചവടം ലഭിക്കാത്തതുകൊണ്ട് ഉയർന്ന വാടകയും നൽകി കച്ചവടം മുന്നോട്ട് കൊണ്ടുപോകുന്നതിന് കഴിയാതെ വരുമെന്നതുകൊണ്ടാണ് കച്ചവടക്കാർ വാടക കുറച്ചുനൽകണമെന്ന് പഞ്ചായത്തിനോട് അഭ്യർത്ഥിച്ചത്. ഈ വിഷയം പരിശോധിച്ച പഞ്ചായത്ത് കമ്മിറ്റി കച്ചവടക്കാരുടെ ആവശ്യം ന്യായമാണെന്ന് കണ്ടതിനാലും സമീപപ്രദേശങ്ങളെ അപേക്ഷിച്ച് മാളയിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക വളരെ കൂടുതൽ ആണെന്ന് ബോദ്ധ്യപ്പെട്ടതിനാലും ആണ് വാടക വർദ്ധനവ് വേണ്ടെന്നു വച്ചത്.

81. ടി തീരുമാനം എടുക്കാതെ കച്ചവടക്കാരെ ഒഴിപ്പിച്ചിരുന്നുവെങ്കിൽ വീണ്ടും മുറികൾ വാടകയ്ക്ക് നൽകുന്നതുവരെ മുറിവാടക ലഭിക്കാതെവരികയും പഞ്ചായത്തിന് ഇതിലും വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുവാനുള്ള സാദ്ധ്യതയും ഉണ്ടായിരുന്നു. ആയതിനാൽ വാടക കുറച്ച് നൽകുവാൻ പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനം തെറ്റാണെന്ന് പറയുവാൻ കഴിയുകയില്ല.

82. ഓഡിറ്റ് പരാമർശത്തിൽ ആകെ 6 കച്ചവടക്കാരിൽ നിന്നുമായി 34,596 രൂപയാണ് പിരിഞ്ഞു കിട്ടുവാനുണ്ടായിരുന്നത്. ഇതിൽ 3 കച്ചവടക്കാരിൽ നിന്നും അക്കാലത്തെ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നുമായി 22,942 രൂപ പഞ്ചായത്ത് ഫണ്ടിൽ അടവായിട്ടുണ്ട്.

1. കല്ലിക്കാട്ടിൽ പ്രഭാകരൻ മകൻ ജിജോ, മാള—3,864 രൂപ
2. ആലങ്ങാട് യൂസഫ് മുഹമ്മദ്—7,428 രൂപ
3. കളങ്ങര സ്റ്റാറിയ ജോഷി—5,892 രൂപ
4. കെ. സി. ഫ്രാൻസീസ് കടിച്ചീനി—10,296 രൂപ
5. എടാട്ടുകാരൻ അന്തോണി ജോസ്—3,492 രൂപ
6. കെ. പി. ജോസ് കടിച്ചീനി—3,624 രൂപ

എന്നിവരാണ് തുക അടയ്ക്കുവാനുണ്ടായത്. കല്ലിക്കാട്ടിൽ പ്രഭാകരൻ മകൻ ജിജോ, മാള, ആലങ്ങാട് യൂസഫ് മുഹമ്മദ്, കളങ്ങര സ്റ്റാറിയ ജോഷി, എടാട്ടുകാരൻ അന്തോണി ജോസ് എന്നിവർക്കെതിരെ റവന്യൂ റിക്കവറി സ്വീകരിച്ചതിൻ പ്രകാരം മുകുന്ദപുരം തഹസിൽദാർവഴി കല്ലിക്കാട്ടിൽ പ്രഭാകരൻ മകൻ ജിജോ 9-9-2010-ലെ 1566/92 നമ്പർ രശീതി പ്രകാരവും കളങ്ങര സ്റ്റാറിയ ജോഷി 9-9-2010-ലെ 1566/91 നമ്പർ രശീതി

പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ തുക അടച്ചിട്ടുണ്ട്. ആലങ്ങാട് യൂസഫ് മുഹമ്മദ്, എടാട്ടുകാരൻ അന്തോണി ജോസ് എന്നിവർ അടയ്ക്കേണ്ട തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. കൂടാതെ പഞ്ചായത്ത് ഇലക്ഷൻ സമയത്ത് ആ കാലഘട്ടത്തിൽ അംഗങ്ങളായവരിൽ നിന്നും 10,062 രൂപ അടവാക്കിയിട്ടുണ്ട്. കെ. പി. ജോസ് കടിശ്ശീനി 3,164 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

83. വകുപ്പുതല അന്വേഷണം നടത്തിയത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഓഡിറ്റ് എൻക്വയറി നമ്പർ 1/2.2.13 പരിശോധനയ്ക്കായി ഹാജരാക്കിയിരുന്നില്ല. ആയതിനാൽ മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല

**നിഗമനങ്ങൾ/ശിപാർശകൾ**

84. **പരാമർശത്തിന്മേൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ നല്കിയ വിശദീകരണത്തിന് ആധാരമായ കാര്യങ്ങൾ സർക്കാർ ഉത്തരവ് പ്രകാരം ആകെ ഈടാക്കേണ്ട തുക, ഇനിയും ഈടാക്കുവാനുള്ള തുക, അടയ്ക്കേണ്ട വ്യക്തികൾ എന്നിവയും ഉൾക്കൊള്ളുന്ന റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സമിതിക്ക് ലഭ്യമാക്കിയെങ്കിലും ആയത് ഓഡിറ്റിന് ഹാജരാക്കിയതായി ട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റിന് ഹാജരാക്കുവാനും ഇനിയും ഈടാക്കുവാൻ അവശേഷിക്കുന്ന തുകകൂടി അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**പഞ്ചായത്ത് ഫണ്ടിൽ നിന്നും 5,14,946 രൂപ അപഹരിച്ചു**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 27)**

പഞ്ചായത്ത് ഫണ്ടിൽ നിന്നും 5,14,946 രൂപ അപഹരിച്ചതായി കാണുന്നു. 3/99 മുതൽ 11/99 വരെയുള്ള 8 മാസത്തെ 40-ലേറെ വൗച്ചറുകൾ പ്രകാരം ജില്ലാ സഹകരണ ബാങ്കിലെ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും പിൻവലിച്ച രൂപയാണ് അപഹരിച്ചത്. പ്രൊവിഡന്റ് ഫണ്ട്, പെൻഷൻ കോൺട്രിബ്യൂഷൻ, കറന്റ് ചാർജ്ജ്,

ഓഡിറ്റ് ചാർജ്ജ് എന്നിങ്ങനെ 10 ഇനങ്ങളിലായി പിൻവലിച്ച തുകയാണ് സർക്കാരിലും ബന്ധപ്പെട്ട സ്ഥാപനങ്ങളിലും അടയ്ക്കാതെ അപഹരിച്ചത്. അപഹരണം ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്ന് യു. ഡി. ക്ലർക്ക് പി. ലക്ഷ്മിദേവിയെ പ്രതിയാക്കി വാടാനപ്പള്ളി പോലീസ് കേസ് എടുത്തിട്ടുണ്ട്. എന്നാൽ 8 മാസംകൊണ്ട് 40 ലേറെ വൗച്ചറുകളിലൂടെ ഇത്രയും തുക അപഹരിച്ചതിന്റെ ഉത്തരവാദിത്വം മുഴുവനും യു. ഡി. ക്ലർക്കിൽ ചുമത്തുന്നത് ദുരൂഹമാണ്. ജൂനിയർ സൂപ്രണ്ടിനും സെക്രട്ടറിക്കും ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ ആവില്ല. അതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഇവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

രജിസ്റ്ററുകളും രേഖകളും കൃത്യമായി തയ്യാറാക്കി മേലധികാരികൾ സാക്ഷ്യപ്പെടുത്തുന്നതിലെ വീഴ്ചയാണ് ധനാപഹരണത്തിന് സാഹചര്യമൊരുക്കിയത്. ഭീമമായ ധനാപഹരണത്തിനുശേഷവും രജിസ്റ്ററുകളും രേഖകളും കൃത്യമാക്കുന്നതിൽ തികഞ്ഞ അനാസ്ഥയും അശ്രദ്ധയും തുടരുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.5.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

85. വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും പണം അപഹരിച്ച കേസിലെ പ്രതിയായ ശ്രീമതി ലക്ഷ്മീദേവി ഇപ്പോഴും സർവീസിൽ തുടരുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് അവർ സർവീസിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞുപോയെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. സസ്പെൻഷനിലിരിക്കെതന്നെ 31-5-2005-ന് അവർ റിട്ടയർ ചെയ്യുകയുണ്ടായി എന്നും പണാപഹരണം സംബന്ധിച്ച് ചാവക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസിൽ ശ്രീമതി ലക്ഷ്മീദേവിക്കെതിരെ വിധിയുണ്ടായത് 24-1-2008-ലാണെന്നും പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ ഫിനാൻസ് ഓഫീസർ കൂട്ടിച്ചേർത്തു.

86. ശ്രീമതി ലക്ഷ്മീദേവിക്ക് നൽകുവാനുള്ള പെൻഷൻ ആനുകൂല്യങ്ങൾ നൽകുകയുണ്ടായോയെന്നു സമിതി ആരാഞ്ഞതിൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ലെന്ന് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. പഞ്ചായത്ത് ഫണ്ടിൽ നിന്നും അപഹരിച്ച തുക ഈടാക്കുന്നതിന് ശ്രീമതി ലക്ഷ്മീദേവിക്കെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്നതിനുള്ള അനുമതിക്കായി സർക്കാരിലേക്ക് കത്തയച്ചിട്ടുണ്ടെന്ന് വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പണാപഹരണം ക്രിമിനൽ കേസാണെന്നും പഞ്ചായത്ത് ഫണ്ടിൽ നിന്നും നഷ്ടപ്പെട്ട തുക തിരികെ ഈടാക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി ആവശ്യമില്ലെന്നും ഇത് പ്രതിയുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കിയാൽ മതിയെന്നും സമിതി ചൂണ്ടിക്കാട്ടി.

87. ശ്രീമതി ലക്ഷ്മീദേവിയുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ഈടാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും അവർക്ക് മിനിമം പെൻഷൻ നൽകിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് വ്യക്തമായ മറുപടി ലഭിച്ചില്ല.

88. പഞ്ചായത്ത് ഫണ്ടിൽ നിന്നും 5 ലക്ഷത്തിൽപ്പരം രൂപ അപഹരിച്ചതിന് കോടതി ശിക്ഷിച്ച ശ്രീമതി ലക്ഷ്മീദേവിക്ക് നൽകാനുള്ള പെൻഷൻ ആനുകൂല്യങ്ങളിൽ 75% നൽകിക്കഴിഞ്ഞതായും ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഏതാനും ചില ഉദ്യോഗസ്ഥർ ശ്രീമതി ലക്ഷ്മീദേവിക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ മനഃപൂർവ്വം താമസിപ്പിച്ച് അവരിൽ നിന്നും തുക ഈടാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായും സമിതിക്ക് അറിയാൻ കഴിഞ്ഞുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

89. പ്രോവിഡന്റ് ഫണ്ട്, പെൻഷൻ കോൺട്രിബ്യൂഷൻ, കറന്റ് ചാർജ്ജ്, ഓഡിറ്റ് ചാർജ്ജ് എന്നിങ്ങനെ പത്ത് ഇനങ്ങളിലായിട്ടാണ് തുക പിൻവലിച്ചിരിക്കുന്നതെന്നും തുക പിൻവലിക്കാൻ യു. ഡി. ക്ലർക്കായ ശ്രീമതി ലക്ഷ്മീദേവിക്ക് അധികാരമില്ലെന്നും വൗച്ചറുകൾ പാസാക്കിയ ഉദ്യോഗസ്ഥർകൂടി ഇതിൽ ഉത്തരവാദികളാണെന്നും അന്നത്തെ സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവർ കൂടി ഉത്തരവാദികളാണെന്നും അവരുടെമേലും തുല്യ ബാധ്യത ചുമത്തണമെന്നാണ് ഓഡിറ്റ് അഭിപ്രായപ്പെട്ടിട്ടുള്ളതെന്നും സമിതി ചൂണ്ടിക്കാട്ടി. ആരെല്ലാമായിരുന്നു അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയും ജൂനിയർ സൂപ്രണ്ടെന്നും അവരുടെ മേൽ എന്ത് തുകയ്ക്കുള്ള ബാദ്ധ്യത ചുമത്തിയെന്നും സമിതി ആരാഞ്ഞു. അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. കെ. സച്ചിദാനന്ദനും, ജൂനിയർ സൂപ്രണ്ട് ശ്രീ. കൊച്ചുണ്ണിയും ആയിരുന്നുവെന്നും ശ്രീമതി ലക്ഷ്മീദേവിയുടെ പേരിലാണ് മുഴുവൻ ബാദ്ധ്യതയും ചുമത്തിയിരിക്കുന്നതെന്നും അഡീഷണൽ ഡയറക്ടർ ഓഫ് പഞ്ചായത്ത്സ് സമിതിയെ അറിയിച്ചു.

90. ബാങ്കിൽ നിന്നും പഞ്ചായത്ത് ഫണ്ട് പിൻവലിച്ച് വിവിധ ഇനങ്ങളിലായി ട്രഷറിയിൽ അടയ്ക്കാൻ കൊണ്ടുപോയ പണം ട്രഷറിയിൽ അടയ്ക്കാതെ അപഹരിച്ചതാണെന്ന് എസ്.പി.എ.ഒ. സമിതിയെ ധരിപ്പിച്ചു. എന്നാൽ പിൻവലിച്ച തുക എങ്ങനെ വിനിയോഗിച്ചു എന്നതു സംബന്ധിച്ച് എട്ടുമാസം ആരും പരിശോധിച്ചില്ലേ എന്ന് സമിതി ആരാഞ്ഞതിന് പരിശോധനാ സമയത്ത് രേഖകൾ ഉണ്ടായിരുന്നുവെന്നും ട്രഷറിയിൽ കൊണ്ടുപോയ ചെലാൻ ശ്രീമതി ലക്ഷ്മീദേവി തന്നെ ഒപ്പിട്ട് സീൽ വെച്ചതായി സംശയിക്കുന്നുവെന്നും എസ്.പി.എ.ഒ. സമിതിക്ക് മറുപടി നൽകി. ട്രഷറിയിൽ തുക അടയ്ക്കുമ്പോൾ ലഭിച്ച കൗണ്ടർഫോയിൽ വ്യാജമാണെന്ന് റിപ്പോർട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ ഓഫീസർ സമിതിയെ അറിയിച്ചു.

91. ശ്രീമതി ലക്ഷ്മീദേവിയോടൊപ്പം അന്നത്തെ പഞ്ചായത്ത് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവർ ഉത്തരവാദികളാണെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ വിശദമായ അന്വേഷണം നടത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും ഇതു സംബന്ധിച്ച് 2008-ൽ ജൂഡീഷ്യൽ മജിസ്ട്രേട്ട് കോടതി പുറപ്പെടുവിച്ച വിധിയുടെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു. സമിതിക്ക് നൽകുന്ന റിപ്പോർട്ടിൽ ഈ കേസിൽ ആരുടെയെങ്കിലും പേരിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചുള്ള വിവരവും ഉൾപ്പെടുത്തിയിരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

92. സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് അനുബന്ധം III ആയി ചേർക്കുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ വകുപ്പ് സമർപ്പിച്ച അധികവിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

93. മുൻ യു.ഡി. ക്ലർക്കായ ശ്രീമതി പി. ലക്ഷ്മീദേവിക്കെതിരെയുള്ള കോടതി വിധിയുടെ പകർപ്പ് ഇതു സഹിതം സമർപ്പിക്കുന്നു. ഡി.സി.ആർ.ജി. നൽകിയിട്ടില്ല. താത്കാലിക പെൻഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

94. മുൻസെക്രട്ടറി കെ. കെ. സച്ചിദാനന്ദൻ, ജൂനിയർ സൂപ്രണ്ട് ശ്രീ. കൊച്ചുണ്ണി എന്നവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് 28-8-2010-ലെ 37457/എബി3/08 തസ്വഭവ. നമ്പർ കത്ത് പ്രകാരം സമിതിക്ക് സമർപ്പിച്ചിട്ടുണ്ട്.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

95. 2-3-2013-ൽ തൃശ്ശൂർ ജില്ല ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പ്രാദേശിക പരിശോധന നടത്തിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(1) ശ്രീമതി പി. ലക്ഷ്മീദേവിക്ക് നാളിതുവരെ ഡി.സി.ആർ.ജി. നല്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ പെൻഷൻ ബുക്ക് 29-7-2009-ലെ അക്കൗണ്ടന്റ് ജനറലിന്റെ പി4/1009063713/242 വെരിഫിക്കേഷൻ റിപ്പോർട്ട് എന്നിവ പ്രകാരം ഡി.സി.ആർ.ജി. തടഞ്ഞുവച്ചിരിക്കുകയാണ്. ടിയാരിയുടെ ഒറിജിനൽ സർവ്വീസ് ബുക്ക് പ്രാദേശിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

(2) ശ്രീ. കെ. കെ. സച്ചിദാനന്ദൻ, ശ്രീ. കൊച്ചുണ്ണി എന്നിവർക്ക് എതിരെ മേൽ വിഷയത്തിന്മേൽ യാതൊരു വിധത്തിലുമുള്ള വകുപ്പുതല നടപടികൾ നാളിതുവരെ സ്വീകരിച്ചതായി കാണുന്നില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

**96. ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ബോധപൂർവ്വം ക്രമക്കേട് നടത്തി 5,14,946 രൂപ അപഹരിച്ച മുൻ യു. ഡി. ക്ലർക്കിന് താല്ക്കാലിക പെൻഷൻ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന സർക്കാർ മറുപടിയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രാദേശിക പരിശോധന നടത്തിയവേളയിൽ ടിയാളുടെ യഥാർത്ഥ സർവ്വീസ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽനിന്ന് വ്യക്തമാകുന്നു. സാമ്പത്തിക ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥയിൽ നിന്ന് വ്യവസ്ഥാപിത മാർഗ്ഗങ്ങളുണ്ടായിട്ടും നടപടികൾ പൂർത്തിയാക്കി നഷ്ടം ഈടാക്കാൻ നാളിതുവരെ സാധിക്കാത്തത് സമിതി ഗൗരവമായി കാണുന്നു. കേവലമൊരു ക്ലർക്ക് മാത്രം വിചാരിച്ചാൽ നടത്തുവാൻ സാധിക്കുന്ന ഒരു ക്രമക്കേടാണിതെന്ന് സമിതി കരുതുന്നില്ല. അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരെക്കണ്ടെത്തി നടപടി സ്വീകരിക്കാനും പഞ്ചായത്ത് ഫണ്ടിൽ നിന്നും അപഹരിച്ച തുക പിഴപ്പലിശ സഹിതം അടിയന്തരമായി തിരിച്ചീടാക്കി റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**5,67,202 രൂപയുടെ അടവ് രേഖകൾ ഹാജരാക്കിയിട്ടില്ല**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 28)**

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ പെൻഷൻ അംശദാനം, പി. എഫ്. വിഹിതം, ഇൻഷ്വറൻസ് പ്രീമിയം എന്നിവ ബന്ധപ്പെട്ട സ്ഥാപനത്തിൽ അടച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 3/99 മുതൽ 11/99 വരെ ഈ ഇനത്തിൽ ഈടാക്കിയ 2,33,865 രൂപ അടവ് രേഖകളാണ് ഹാജരാക്കാനുള്ളത്. ഇക്കാലത്ത് വൈദ്യുതി ചാർജ്ജ്, ഓഡിറ്റ് ചാർജ്ജ് എന്നിവ അടച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ആകെ 5,67,202 രൂപയുടെ അടവുരേഖകളാണ് ഹാജരാക്കാനുള്ളത്.

പഞ്ചായത്ത് ഫണ്ടിൽ നിന്നും 5,14,946 രൂപ അപഹരിച്ചത് കണ്ടെത്തിയതിനാൽ (ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 4) രേഖകൾ ഹാജരാക്കാഞ്ഞത് ഗൗരവമായി കണ്ട് അന്വേഷണം നടത്തേണ്ടതാണ്. ഭരണ വകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.5.2.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

97. ആകെയുള്ള 5,67,202 രൂപയിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കിയ 21,993 രൂപയുടേയും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തി അടവാക്കിയ 20,100 രൂപയുടേയും ചെലാൻ, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയിട്ടുണ്ടെങ്കിലും ബാക്കി 5,25,109 രൂപ സംബന്ധിച്ചുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. സമിതിയുടെ ചോദ്യത്തിന് ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

98. **ഈ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 5,67,202 രൂപയിൽ 5,14,946 രൂപ മുൻ ഖണ്ഡിക 3.8.5.1-ൽ പറയുന്ന അപഹരിക്കപ്പെട്ട തുകയും ഉൾപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുവാൻ ഈ റിപ്പോർട്ടിലെ ഖണ്ഡിക 96-ൽ ശിപാർശ ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 52,256 രൂപയിൽ 41,093 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുള്ളതായും മറുപടിയിൽ നിന്നും ബോധ്യമാകുന്നു. ബാക്കി 10,163 രൂപയുടെ ചെലവ് രേഖകൾ കൂടി ഹാജരാക്കുവാനും അല്ലാത്തപക്ഷം ടി തുക കൂടി ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വാടക കടിശ്ശികക്കാരന് പിഴ പലിശ ഇളവ് അനുവദിച്ചു.**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 18)**

ലക്ഷങ്ങൾ കടിശ്ശിക വരുത്തിയ വാടകക്കാരന് ചട്ടവിരുദ്ധമായി പഞ്ചായത്ത് 20,000 രൂപ പിഴപ്പലിശ ഇളവ് നല്കി.

വാടക പിരിവിൽ പഞ്ചായത്ത് അനാസ്ഥ തുടരുന്നതിനാൽ, വാടകയും പിഴ പലിശയുമായി ലഭ്യമായ കണക്കുകൾ പ്രകാരം ഇപ്പോഴും 2,85,310 രൂപ കടിശ്ശികയുണ്ട്.

പഞ്ചായത്ത് ഷോപ്പിങ് കോംപ്ലക്സിലെ 10/464-ാം നമ്പർ മുറി വാടകയ്ക്ക് എടുത്ത കറുപ്പം വീട്ടിൽ അബ്ദുള്ളയ്ക്കാണ് ഇളവ് അനുവദിച്ചത്. 10,000 രൂപയ്ക്ക് മേൽ ഇളവ് അനുവദിക്കാൻ സർക്കാർ അനുമതി വാങ്ങണമെന്ന് പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ റൂൾ 4,5 അനുശാസിക്കുമ്പോഴാണ് നിയമ വിരുദ്ധമായി ഇളവ് അനുവദിച്ചത്.

കടിശ്ശിക പെരുകുമ്പോഴും വാടകക്കാരന് അനുകൂലമായ നിലപാട് പഞ്ചായത്ത് സ്വീകരിക്കുന്നതായി രേഖകളിൽ കാണുന്നു.

വാടക കടിശ്ശികയിൽ നാമമാത്രമായ തുക അടച്ച വാടകക്കാരന് 2 പ്രാവശ്യം പഞ്ചായത്ത് സമയ പരിധി ഇളവ് അനുവദിച്ചിരുന്നു.

വാടക രജിസ്റ്റർ കൃത്യമല്ല. വാടകക്കാരൻ ഇടയ്ക്കിടെ അടയ്ക്കുന്ന തുക വാടകയിൽ മാത്രം വരവ് വച്ച് പിഴപ്പലിശ അതേ പോലെ നിലനിർത്തുകയാണെന്ന് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു.

ലഭ്യമായ കണക്കുകൾ പ്രകാരമാണ് 2,85,310 രൂപ കടിശ്ശിക കണക്കാക്കുന്നത്. കണക്കുകൾ കൃത്യമല്ലാത്തതിനാൽ കടിശ്ശിക ഇതിലധികം വരാം അതിനാൽ കണക്കുകൾ കൃത്യമാക്കി അന്വേഷണ വിധേയമാക്കി പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.5.3.)

99. ഓഡിറ്റ് തടസ്സം സംബന്ധിച്ച മുഴുവൻ തുകയും അടവുവരുത്തിയിട്ടുണ്ടെന്ന് വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ആയതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറും സമിതിയിൽ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

**നിഗമനങ്ങൾ/ശിപാർശകൾ**

100. **പഞ്ചായത്തിന് നഷ്ടം സംഭവിച്ച തുക മുഴുവൻ അടവാക്കിയതായുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടേയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**2.6 ലക്ഷത്തിന് ചെലവ് രേഖയില്ല**

**(ഓഡിറ്റ് റിപ്പോർട്ട് 2000-2001; ഖണ്ഡിക 11)**

ധനാപഹരണം വ്യാപകമായ ഗ്രാമപഞ്ചായത്തിൽ 2,67,828.50 രൂപയുടെ ചെലവിന് രേഖയില്ല. 2000 നവംബറിലേതാണിത്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളും ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവ് രജിസ്റ്ററിൽ നിന്നാണ് ചെലവ് തുക കൂട്ടിയെടുത്തത്. രേഖയില്ലാത്ത ചെലവ് ധനാപഹരണമായി കണ്ട് അന്വേഷണം നടത്തേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.6.1.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. ഓഡിറ്റ് തടസ്സം സംബന്ധിച്ച് കണ്ടെത്തിയ വൗച്ചറുകൾ 22-3-2007-ലെ എ 1/155/07 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയെന്നും 15-5-2007-ൽ പ്രാദേശിക പരിശോധന നടത്തുകയുണ്ടായെന്നും അതു കൂടാതെ 24-7-2007-ൽ 2005-06-ലെ ഓഡിറ്റ് പരിശോധന നടക്കുമ്പോൾ പ്രസ്തുത ഫയലുകൾ ഓഡിറ്റ് വകുപ്പിനെ കാണിച്ച് ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

**102. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച വൗച്ചറുകൾ ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തിയതായുള്ള സെക്രട്ടറിയുടെ മറുപടിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സ്ഥിരീകരണത്തിന്റെയും അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**കാർഷിക ജലസേചന പദ്ധതി പാഴ്ചെലവ്**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000 ; ഖണ്ഡിക 44)**

പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ കാർഷിക ജലസേചന പദ്ധതി പൂർത്തിയായില്ല. 1999-2000-ത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും 1,19,207 രൂപ ചെലവഴിച്ച് പദ്ധതിക്ക് വാങ്ങിയ രണ്ട് 20 കുതിര ശക്തിയുടെ മോട്ടോറുകൾ തുരുമ്പിച്ച് നശിക്കുന്നതായി പരാതിയുണ്ട്.

പഞ്ചായത്തിലെ വില്ലിച്ചിറ, നടുപാടം, മാങ്കണം കോൾ എന്നീ പാടശേഖരങ്ങളിൽ മോട്ടോറും പമ്പ് സെറ്റും സ്ഥാപിച്ച് ജലസേചനം അഭിവൃദ്ധിപ്പെടുത്തുകയായിരുന്നു ലക്ഷ്യം. മോട്ടോറുകൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതായോ ഇവ പ്രവർത്തിപ്പിച്ചതായോ രേഖയില്ല. പദ്ധതിയുടെ ധന വിശകലനത്തിൽ അടങ്കൽ തുകയിൽ 25%, പാടശേഖര സമിതിയുടെ ഗുണഭോക്തൃ വിഹിതമായി നിഷ്കർഷിച്ചിരുന്നു. ഇതു പിരിച്ചതായി രേഖയില്ല. മാത്രമല്ല മോട്ടറുകൾ പാടശേഖര സമിതികൾക്ക് കൈമാറിയപ്പോൾ ഇവ കൈമാറ്റം ചെയ്യില്ലെന്ന് കരാർ വച്ചില്ല.

കാർഷിക വികസനത്തിന് ഉപയോഗിക്കപ്പെടാവുന്ന പദ്ധതി പാഴ്ചെലവായത് സമഗ്ര അന്വേഷണത്തിന് വിധേയമാക്കുന്നതിനും പഞ്ചായത്തിന് നഷ്ടമുണ്ടായെങ്കിൽ ഈടാക്കുന്നതിന് ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.6.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

103. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. വില്ലിച്ചിറ, നട്ടുപാടം, മാങ്കണം കോൾ എന്നീ പാടശേഖരങ്ങളിൽ മോട്ടോറും പമ്പ് സെറ്റും വെച്ച് ജലസേചനം മെച്ചപ്പെടുത്തുക എന്ന പദ്ധതിയായിരുന്നു ഇതെന്നും അതനുസരിച്ച് മോട്ടോറും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നാണ് വാങ്ങിയതെന്നും പദ്ധതിക്കാവശ്യമായ വൈദ്യുതിയും അനുബന്ധ സാമഗ്രികളും പാടശേഖര സമിതികൾ തന്നെ സ്വരൂപിക്കണമെന്നാണ് പ്രോജക്ടിൽ വ്യക്തമാക്കിയിരുന്നതെന്നും മുൻ കൃഷി ഓഫീസർ ശ്രീ. ടി. ആർ. ഷാജി സമിതിയിൽ വ്യക്തമാക്കി. സ്വന്തമായി ആസ്തിയുള്ള പാടശേഖരമാണ് എന്നത് കണക്കിലെടുത്തുകൊണ്ടാണ് അന്ന് വൈദ്യുതി കണക്ഷന്റെ തുക പ്രോജക്ടിൽ വകയിരുത്താതിരുന്നതെന്നും പദ്ധിയുടെ 25%, പാടശേഖര സമിതിയുടെ ഗുണഭോക്തൃ വിഹിതമായി അവർ അടവാക്കിയിട്ടുണ്ടെന്നും എന്നാൽ ഓഡിറ്റ് പരിശോധന സമയത്ത് അതുമായി ബന്ധപ്പെട്ട വൗച്ചർ മിസ്സിംഗ് ആയിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

104. നട്ടുപാടം, മാങ്കണം കോൾ പാടശേഖര സമിതിക്ക് വാങ്ങിക്കൊടുത്ത 20 എച്ച്. പി. മോട്ടോർ പ്രവർത്തിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് വൈദ്യുതി കണക്ഷൻ കിട്ടാത്തതിനാൽ പ്രസ്തുത മോട്ടോർ പ്രവർത്തിക്കുന്നില്ലെന്നും എന്നാൽ വില്ലിച്ചിറ പാടശേഖര സമിതിക്ക് കൊടുത്ത മോട്ടോർ പ്രവർത്തിക്കുന്നുണ്ടെന്നും മുൻ കൃഷി ഓഫീസർ മറുപടി നൽകി. നട്ടുപാടം, മാങ്കണം കോൾ പാടശേഖര സമിതിക്ക് വാങ്ങി നൽകിയ മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് തുടർ പ്രോജക്ട് എന്ന നിലയിൽ വൈദ്യുതി കണക്ഷനും മോട്ടോർ ഫിറ്റ് ചെയ്യുന്നതിനാവശ്യമായ പെട്ടിയും പറയും മറ്റ് അനുബന്ധ സാധനങ്ങൾക്കും വേണ്ടി 2 ലക്ഷം രൂപ അടങ്കലിൽ 2010-ൽ പുതിയ പ്രോജക്ട് ഉണ്ടാക്കിയിട്ടുണ്ടെന്ന് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി വ്യക്തമാക്കി.

105. രണ്ട് പാടശേഖരങ്ങൾക്കും ഷെഡ്ഡും പെട്ടിയും പറയും ഉണ്ടെന്ന് ബോധ്യപ്പെട്ടതുകൊണ്ട് അതിന് തുക വകയിരുത്തേണ്ടതില്ലെന്ന് ഒറിജിനൽ പ്രോജക്ടിൽ പ്രത്യേകം പറഞ്ഞിട്ടുണ്ടായിരുന്നെന്നും അതിനാലാണ് അവർക്ക് മോട്ടോർ മാത്രം നൽകിയതെന്നും മുൻ കൃഷി ഓഫീസർ കൂട്ടിച്ചേർത്തു.

106. 20 എച്ച്.പി.ക്ക് അനുസൃതമായ പെട്ടിയും പറയും ആണോ പാടശേഖരങ്ങൾക്ക് ഉണ്ടെന്ന് അവകാശപ്പെട്ടിരുന്നത് എന്ന് സമിതി ആരാഞ്ഞതിന് 20 എച്ച്.പി. യുടേതല്ല 30 എച്ച്.പി.യ്ക്ക് വേണ്ട പെട്ടിയും പറയുമാണ് തങ്ങളുടെ കൈവശമുണ്ടെന്ന് പറഞ്ഞിരുന്നതെന്നാണ് പാടശേഖര സമിതി ഇപ്പോൾ അവകാശപ്പെടുന്നതെന്നും 30 എച്ച്.പി.യുടേത് 20 എച്ച്.പി. ആക്കുന്നതിന് ബുദ്ധിമുട്ടില്ലെന്നും മുൻ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു.

107. 20 എച്ച്. പി. ശേഷി ഉള്ള മോട്ടോറുകൾ തുരുമ്പെടുത്ത് നശിക്കുന്നതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതായി സമിതി ചൂണ്ടിക്കാട്ടി. ഏകദേശം 10 വർഷം പഴക്കമുള്ള മോട്ടോർ, ഡി.പി.സി.യുടെ പുതിയ പ്രോജക്ട് അംഗീകരിച്ച് നടപ്പാക്കിയാൽ ഉപയോഗിക്കാൻ സാധിക്കുമോ എന്ന സമിതിയുടെ ചോദ്യത്തിന്, മോട്ടോർ പ്രവർത്തനക്ഷമമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പാടശേഖര സമിതിയുമായി ചർച്ച നടത്തി പ്രോജക്ട് വച്ചിരിക്കുന്നതെന്ന് പറപ്പൂക്കര ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി സമിതിയെ അറിയിച്ചു.

108. മോട്ടോർ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് പാടശേഖര സമിതിയുടെ ഒരംഗത്തിന്റെ വീട്ടിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയിട്ടുണ്ടെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി വ്യക്തമാക്കി.

109. മോട്ടോർ കൈമാറ്റം ചെയ്യാൻ പാടില്ല എന്നുള്ളതിന് പാടശേഖര സമിതിയുമായി കരാർ വച്ചിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന്, പദ്ധതി സമയത്ത് കരാർ വച്ചിരുന്നില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പിന്നീട് വന്ന കൃഷി ഓഫീസർ പാടശേഖര സമിതിയുമായി അപ്രകാരം കരാർ വച്ചിട്ടുണ്ടെന്നും മുൻ കൃഷി ഓഫീസർ മറുപടി നൽകി.

110. കാർഷിക വികസനത്തിന്റെ പേരിൽ പ്രോജക്ട് തയ്യാറാക്കുന്നതിനും പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിനും തിരികെ ലാഭം കിട്ടുന്ന രീതിയിൽ തന്നെ ആകണമെന്നതിന് വകുപ്പുതല നിർദ്ദേശം നൽകേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

111. പദ്ധതിപ്രകാരം നൽകിയ മോട്ടോർ, പാടശേഖര സമിതികൾ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ട ചുമതല പിന്നീട് വന്ന കൃഷി ഓഫീസർക്ക് ഇല്ലേയെന്ന സമിതിയുടെ ചോദ്യത്തിന്, ശ്രീ. ടി. ആർ. ഷാജിക്കുശേഷം കൃഷി ഓഫീസറായി ചുമതലയേറ്റ ശ്രീ. വി. ആർ. നരേന്ദ്രൻ, താൻ 2 വർഷത്തോളം പ്രസ്തുത സ്ഥലത്ത് ഉണ്ടായിരുന്നെന്നും വികസന സ്റ്റാൻഡിംഗ് കമ്മിറ്റി പല തവണ പാടശേഖര സമിതിയുമായി ബന്ധപ്പെട്ട് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും പാടശേഖര സമിതി ഒഴിവുകഴിവുകൾ നിരത്തി

പദ്ധതിക്ക് മനഃപൂർവ്വം കാലതാമസം വരുത്തുകയായിരുന്നുവെന്നും അന്ന് അവരുടെ കൈവശമുള്ള പെട്ടിയും പറയും നല്ല കണ്ടീഷനിലുള്ളതായിരുന്നെന്നും സമിതിയിൽ വിശദീകരിച്ചു. പാടശേഖര സമിതിക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെന്നും പഞ്ചായത്ത് സഹായിക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും ആ സമയത്ത് സഹായിക്കാൻ പഞ്ചായത്ത് കമ്മിറ്റിക്ക് ഫണ്ട് ഉണ്ടായിരുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

112. ഈ പദ്ധതി നടപ്പാകാത്തതുമൂലം പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞു. നട്ടപാടം, മാങ്കണം കോൾ പാടശേഖരത്തിന് തൊട്ടടുത്തായി സ്ഥിതിചെയ്യുന്ന പാടശേഖരത്തിൽ നിന്നും വെള്ളം വറ്റിക്കുമ്പോൾ ഓട്ടോമാറ്റിക് ആയി ഈ പാടശേഖരത്തിലെയും വെള്ളം വറ്റുമെന്നതിനാൽ അവർക്ക് ബുദ്ധിമുട്ടുണ്ടാകാറില്ലെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന കാർഷിക വികസനത്തിനായി തയ്യാറാക്കുന്ന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നു എന്നും ഇതിനായി ചെലവഴിക്കുന്ന പണം പാഴായിപ്പോകുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടത് പഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണോദ്യോഗസ്ഥൻ ജനപ്രതിനിധികൾ എന്നിവരുടെ ഉത്തരവാദിത്വമാകയാൽ മേലിൽ പദ്ധതികൾ തെരഞ്ഞെടുക്കുമ്പോൾ ആവശ്യകത, പ്രായോഗികത, സ്വീകാര്യത എന്നിവ പരിശോധിച്ചശേഷം മാത്രമായിരിക്കണമെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് മുഖേന സർക്കാർ ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

113. നട്ടപാടം, മാങ്കണ്ടം പാടശേഖര സമിതിക്ക് നൽകിയ മോട്ടോർ, ഇറിഗേഷൻ ഇലക്ട്രിക് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ചെറിയ അറ്റകുറ്റപണികൾ നടത്തിയാൽ മോട്ടോർ പ്രവർത്തനക്ഷമമായി ഉപയോഗിക്കാമെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനായി ഇലക്ട്രിക് പ്രവൃത്തികളടക്കം 65,000 രൂപയുടെ എസ്റ്റിമേറ്റ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. 2010-11 വർഷത്തിലെ വാർഷിക പദ്ധതിപ്രകാരം മേൽപ്പറഞ്ഞ 65,000 രൂപയടക്കം 2,00,000 (രണ്ട് ലക്ഷം) രൂപയുടെ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. നിർവ്വഹണത്തിനായി പ്രോജക്ട് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശിപാർശകൾ

114. **ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ പ്രോജക്ട് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി കൈമാറി യിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം പദ്ധതി പ്രാവർത്തികമാക്കാനും ഓഡിറ്റ്**

**തടസ്സം ഒഴിവാക്കാനും ശിപാർശ ചെയ്യുന്നതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന വികസന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് നിർവ്വഹണോദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ ഉത്തരവാദിത്വമാണെന്ന് അഭിപ്രായപ്പെടുന്നു. പദ്ധതികൾ തെരഞ്ഞെടുക്കുമ്പോൾ ആവശ്യകതയും പ്രായോഗികതയും സ്വീകാര്യതയും ഉറപ്പുവരുത്താൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നല്കണമെന്നും സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ജലസേചന പദ്ധതികൾ ലക്ഷ്യം നേടിയില്ല**
**(ഓഡിറ്റ് റിപ്പോർട്ട് 2000-01, 2001-02; ഖണ്ഡിക 10, 12)**

ഗ്രാമപഞ്ചായത്ത് ലക്ഷങ്ങൾ ചെലവഴിച്ച ജലസേചന പദ്ധതികൾ ലക്ഷ്യം കണ്ടില്ല. വിശദാംശങ്ങൾ താഴെ വിവരിക്കുന്നു :

1. 40 കുതിര ശക്തി മോട്ടോർ സ്ഥാപിച്ച് പൈപ്പിട്ട് ജലസേചന സൗകര്യം ഒരുക്കി നെൽ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപ്പാക്കിയ പദ്ധതിക്ക് 5,43,000 രൂപ ചെലവഴിച്ചിട്ടും പ്രോജക്ട് പൂർത്തിയായിട്ടില്ല. പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായ മോട്ടോർ സ്ഥാപിക്കാത്തതാണ് കാരണം. മോട്ടോർ സ്ഥാപിക്കുന്നതിനുമുമ്പേ 300 മീറ്റർ നീളത്തിൽ പൈപ്പിട്ടു. സ്ഥാപന ചെലവ് 14,000 രൂപയടക്കം മോട്ടോർ വിലയും പൈപ്പ് വിലയുമായി 4,84,000 രൂപ തൃശ്ശൂർ കെയ്കോയ്ക്ക് നല്കി വർഷങ്ങൾ കഴിഞ്ഞു.

അളവ് പുസ്തകപ്രകാരം പൈപ്പ് സ്ഥാപിക്കാൻ ചെലവായത് 31,800 രൂപയാണ്. കൺവീനർക്ക് മുൻകൂർ 59,000 രൂപ നല്കി. കൺവീനർക്ക് അധികം നല്കിയ 27,200 രൂപയും കെയ്കോയ്ക്ക് നല്കിയ മോട്ടോർ സ്ഥാപന ചെലവ് 14,000 രൂപയും തിരിച്ച് ഈടാക്കേണ്ടതാണ്. അതോടൊപ്പം പദ്ധതി പൂർത്തീകരിക്കുവാൻ വഴിതേടേണ്ടതുമാണ്.

2. രാപ്പാൽ ലിഫ്റ്റ് ജലസേചന പദ്ധതിക്ക് 4,66,313 രൂപ ചെലവ് ചെയ്തിട്ടും വൈദ്യുതി ലഭിക്കാതെ പ്രവർത്തനരഹിതമായി കിടക്കുന്നു.

പദ്ധതിയുടെ ചെലവിലും അപാകതകൾ ഉണ്ട്. കൺവീനർ 1,49,355 രൂപ മുൻകൂർ വാങ്ങിയെങ്കിലും ചെലവ് 1,35,050 രൂപയാണ് അധികം പറ്റിയ 14,305 രൂപ തിരികെ ഈടാക്കണം. തൃശ്ശൂർ കെയ്കോയ്ക്ക് മോട്ടോർ സ്ഥാപന ചെലവ് 10,500 നല്കിയിരുന്നു. മോട്ടോർ, ഗുണഭോക്തൃ സമിതി സ്ഥാപിച്ചതിനാൽ സ്ഥാപന ചെലവ് തിരിച്ച് ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.12.1)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

115. കോനിക്കച്ചിറ-വൈലൂർ ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കെയ്ക്കോയ്ക്ക് മുൻകൂർ നൽകിയ 27,200 രൂപ സംബന്ധിച്ച് വിശദാംശങ്ങൾ സമിതി ആരാഞ്ഞു. കെയ്ക്കോയ്ക്ക് മോട്ടോർ ഇൻസ്റ്റാൾ ചെയ്യുന്നതിനുവേണ്ടിയാണ് 14,000 രൂപ നൽകിയതെന്നും കൺവീനർക്ക് അധികം നൽകിയ 27,200 രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് പരിശോധനാ സമയത്ത് എം. ബുക്ക് ഹാജരാക്കാതിരുന്നതു കൊണ്ടുണ്ടായ പിഴവാണിതെന്നും ഇപ്പോൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ എം. ബുക്ക് ഹാജരാക്കുകയും ആയത് പരിശോധിച്ച് പരാമർശം ഒഴിവാക്കുകയും ചെയ്തിട്ടുണ്ടെന്ന് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി വിശദീകരിച്ചു.

116. കെയ്ക്കോയ്ക്ക് 14,000 രൂപ നൽകിയത് പൈപ്പ് സ്ഥാപിക്കുന്നതിന് വേണ്ടിയായിരുന്നെന്നും മോട്ടോർ കെയ്ക്കോ സ്ഥാപിച്ചിട്ടുണ്ടെന്നും കൺവീനർക്ക് നൽകിയ 27,200 രൂപ തിരിച്ചുപിടിച്ചിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ചൂണ്ടിക്കാട്ടി.

117. കൺവീനർക്ക് നൽകിയ 27,200 രൂപ എന്ത് പ്രവൃത്തിക്കാണ് നൽകിയതെന്നും പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്തു കാരണത്താലാണ് മുൻകൂർ തിരിച്ചുപിടിക്കേണ്ടത് എന്നുള്ള വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമായി പ്രതിപാദിക്കേണ്ടതായിരുന്നുവെന്ന് എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു.

118. ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അയച്ച കത്തിന്റെ കോപ്പി കൈവശമുണ്ടെന്നും അധിക തുക വരില്ല എന്ന് കത്തിൽ വ്യക്തമാക്കിയിട്ടുണ്ടെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു 2-6-2010-ൽ പഞ്ചായത്ത് സെക്രട്ടറിക്ക് ഓഡിറ്റ് ഓഫീസർ അയച്ച കത്തിൽ 23-10-2009-ലെ ന്യൂനത പരിശോധിച്ചതിൻ പ്രകാരം വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ലെന്നത് ഒഴിച്ച് ബാക്കിയുള്ള എല്ലാ പരാമർശങ്ങളും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

119. ഇപ്പോൾ കറണ്ട് കണക്ഷൻ ലഭിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, 2008-ൽ കണക്ഷന് അപേക്ഷിച്ചിരുന്നെങ്കിലും നാളിതുവരെ കണക്ഷൻ ലഭിച്ചിട്ടില്ലെന്നും മൂന്ന് ഘട്ടങ്ങളായാണ് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്നും

1998-99-ലെ ആദ്യ പദ്ധതി സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശങ്ങളെന്നും 2007-08 സാമ്പത്തിക വർഷത്തിൽ പൈപ്പ് വാങ്ങുന്നതിന് വേണ്ടി പ്രോജക്ട് വച്ചിരുന്നെങ്കിലും അടുത്ത വർഷമാണ് ടെണ്ടർ വിളിച്ച് പൈപ്പ് വാങ്ങിയതെന്നും വാങ്ങിയ പൈപ്പ് കഴിച്ചിട്ടിട്ടുണ്ടെന്നും ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി മൂന്നാം ഘട്ടമായി പ്രോജക്ട് വച്ചിട്ടുണ്ടെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി സമിതിയെ അറിയിച്ചു.

120. പദ്ധതിയുടെ രണ്ടാം ഘട്ടം വന്നത് ഏഴ് വർഷങ്ങൾക്ക് ശേഷമാണോ എന്ന സമിതിയുടെ ചോദ്യത്തിന് 2005 വരെ കൃഷി ഓഫീസർ പദ്ധതി നടത്തിക്കൊണ്ടിരുന്നെന്നും ഇതിനായി 300 മീറ്റർ പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെന്നും മുൻ കൃഷി ഓഫീസർ വ്യക്തമാക്കി.

121. തനത് ഫണ്ട് ഉപയോഗിച്ച് സി.ഡി. അടച്ചുകൂടെ എന്ന് സമിതി ആരാഞ്ഞതിന്, 2007-08, 2008-09-ലുമായി രണ്ട് പ്രോജക്ടുകൾ വച്ചിട്ടുണ്ടെന്ന് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി.

122. ഭൂരിഭാഗം ജലസേചന പദ്ധതികളിലും ചെലവാക്കുന്ന തുക പ്രയോജനപ്പെടുത്താൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നതെന്നും പല സ്ഥലത്തും കൃഷി ഓഫീസർമാർ പദ്ധതികളുമായി യോജിച്ചു പോകുകയോ പദ്ധതികളുടെ മേൽനോട്ടം യഥാവിധം നിർവ്വഹിക്കുകയോ പുരോഗതി വേണ്ടവിധം വിലയിരുത്തുകയോ ചെയ്യാറില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

**123. എം. ബുക്ക് ഹാജരാക്കിയിട്ടുണ്ടെന്നും ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിന് മൂന്നാം ഘട്ടമായി പ്രോജക്ട് വച്ചിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്നത് മാത്രമാണ് ന്യൂനതയെന്നുമുള്ള സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ മറുപടിയുടെ വെളിച്ചത്തിൽ തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു. ജലസേചന പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക യഥാവിധം പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നതെന്ന് നിരീക്ഷിക്കുന്ന സമിതി മിക്ക കൃഷി ഓഫീസർമാരും പദ്ധതികളുമായി യോജിച്ചു പോകുകയോ മേൽനോട്ടം നിർവ്വഹിക്കുകയോ പുരോഗതി വേണ്ടവിധം വിലയിരുത്തുകയോ ചെയ്യുന്നില്ലെന്നും അഭിപ്രായപ്പെടുന്നു. ഇത്തരം പ്രവണത ആവർത്തിക്കരുതെന്ന് സമിതി ശക്തമായി ആവശ്യപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ തിരികെ ഈടാക്കണം**
**(ഓഡിറ്റ് റിപ്പോർട്ട് 2000-01, 2001-02; ഖണ്ഡിക 11)**

മുൻകൂർ കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും സ്ലൂയിസ് നിർമ്മാണം തുടങ്ങിയില്ല. മുങ്ങ് ചാത്തനാത്ത് ട്രാക്റ്റർ ബണ്ട് സ്ലൂയിസ് സ്ഥാപിക്കുന്നതിനായി 3/2001-ലാണ് കൺവീനർ 40,000 രൂപ സമാഹരണ മുൻകൂർ കൈപ്പറ്റിയത്. പദ്ധതി നാളിതുവരെ തുടങ്ങിയിട്ടില്ലാത്തതിനാലും ഇനി സാധ്യതയില്ലാത്തതിനാലും മുൻകൂർ പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.12.2.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

124. പ്ലാൻ ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രോജക്റ്റ് പിന്നീട് നിർവ്വഹണ ഘട്ടത്തിൽ നടപ്പായില്ലെങ്കിൽ മുൻകൂർ നൽകുന്ന തുക തിരികെ ഈടാക്കേണ്ടതല്ലേയെന്ന സമിതിയുടെ ചോദ്യത്തിന്, 40,000 രൂപ മുൻകൂർ നൽകിയതിൽ 33,125 രൂപ തിരികെ ഈടാക്കിയെന്നും 18% പലിശ കൂട്ടി ചേർത്താണിതെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി.

125. എത്ര തുക ഈടാക്കി ; ഇനി എത്ര തുക ഈടാക്കുവാനുണ്ട് എന്നതു സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് മുഖേന സർക്കാർ ലഭ്യമാക്കിയ അധികവിവരം ചുവടെചേർക്കുന്നു:

126. 'നാളിതുവരെ റിക്കവറി നടത്തിയ തുക 40,160 രൂപ അവശേഷിക്കുന്ന തുക 4575 രൂപ.'

**നിഗമനങ്ങൾ/ശിപാർശകൾ**

**127. പ്ലാൻ ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ പദ്ധതി നടപ്പാക്കാത്തതുമൂലം സംഭവിച്ച നഷ്ടം 18% പലിശ ഉൾപ്പെടെ 40,160 രൂപ അടവാക്കിയിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന തുക കൂടി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് വിധേയമായി തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## താന്ന്യം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**റോഡ് മണ്ണിട്ട് ഉയർത്തുന്നതിന് അധിക നിരക്ക്**
**(ഓഡിറ്റ് റിപ്പോർട്ട് 2000-01; ഖണ്ഡിക 38)**

റോഡ് മണ്ണിട്ട് ഉയർത്തുന്ന വേലകൾക്ക് ഗ്രാമപഞ്ചായത്ത് അനുവദനീയമല്ലാത്ത നിരക്ക് നല്കി. 1999-2000-ൽ നടത്തിയ ഇത്തരം നിരവധി പണികൾക്ക് ആകെ 1,39,374 രൂപയാണ് അധികം നല്കിയതായി കണ്ടെത്തിയത്.

1-7-1999-ലെ ഷെഡ്യൂൾ നിരക്കിൽ മണ്ണിന് 70 രൂപയും 15 കിലോമീറ്റർ കടത്തു കൂലി 102 രൂപയും കൂടി 172 രൂപയാണ് അനുവദിച്ചത്. റോഡ് മെറ്റലിംഗിന് ബ്ലൈന്റിംഗ് മെറ്റീരിയലിന്റെ നിരക്കാണിത്. റോഡ് മണ്ണിട്ട ഉയർത്തുന്നതിന് അനുവദനീയമായത് ഘന മീറ്ററിന് 114 രൂപ മാത്രമാണ്. കൂടിയ നിരക്ക് അനുവദിച്ചതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം 1,39,374 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.9)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

128. റോഡ് മണ്ണിട്ട് നികത്തിയതിന് അധിക നിരക്ക് നൽകിയത് സംബന്ധിച്ച് സർക്കാരിൽ നിന്ന് സാധൂകരണം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

### നിഗമനങ്ങൾ/ശിപാർശകൾ

129. **റോഡ് മണ്ണിട്ട് നികത്തിയ വേലകൾക്ക് കൂടുതൽ നിരക്ക് നല്കിയതിന് സർക്കാർ സാധൂകരണം നല്കിയ സാഹചര്യത്തിലും ഓഡിറ്റ് വകുപ്പിന് ആയത് ബോധ്യപ്പെട്ട സാഹചര്യത്തിലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## മേത്തല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ആശുപത്രി കെട്ടിടം: മൂല്യനിർണ്ണയം മറികടന്ന് തുക നല്കി**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 14)**

എഞ്ചിനീയറുടെ മൂല്യനിർണ്ണയം മറികടന്ന് കൺവീനർക്ക് 43,829 രൂപ ഗ്രാമപഞ്ചായത്ത് അധികം നല്കി.

ആയുർവേദ ആശുപത്രി കെട്ടിടം പണിയുടെ ആകെ മൂല്യം അളവുപുസ്തക പ്രകാരം 2,28,841 രൂപയായിരുന്നു. എന്നാൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് 2,72,670 രൂപ നല്കിയതായി കാണുന്നു. അധികം നല്കിയ 43,829 രൂപ 12% പലിശ ചുമത്തി തിരിച്ചീടാക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.1.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

130. കെട്ടിടം പണിയിൽ എത്ര തുക അധികം നല്കിയെന്ന് സമിതി ആരാഞ്ഞതിന് 43,829 രൂപ അധികം നൽകിയെന്നും എന്നാൽ മുഴുവൻ തുകയും തിരിച്ചുപിടിച്ചിട്ടുണ്ടെന്നും മേത്തല ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഫൈനൽ ബിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**131. ഓഡിറ്റ് തടസ്സപ്പെടുത്തിയ മുഴുവൻ തുകയും തിരിച്ചടച്ചിട്ടുണ്ടെന്ന സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ മറുപടിയുടേയും ആയതിന്റെ ഫൈനൽ ബിൽ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ സ്ഥിരീകരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഭവന നിർമ്മാണം : കരാർ ലംഘനത്തിന് നടപടിയില്ല; 30.9 ലക്ഷം വകമാറ്റി (ഓഡിറ്റ് റിപ്പോർട്ട് 2000-01, 2001-02; ഖണ്ഡിക 6)**

കരാർ ലംഘിച്ച നിർവ്വഹണ ഏജൻസിക്ക് എതിരെ നടപടി സ്വീകരിക്കാതെ ഭവനനിർമ്മാണ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം 30.9 ലക്ഷം വകമാറ്റി. വകമാറ്റിയ പണം നിർവ്വഹണ ഏജൻസിയിൽ നിന്ന് ഈടാക്കാനും നടപടിയില്ല.

പൊതു, വനിത, പട്ടികവിഭാഗ ഭവനനിർമ്മാണ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കോസ്റ്റ് ഫോർഡ് ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ഗഡു മുടക്കിയതിനാലാണ് പാണഞ്ചേരി ഗ്രാമപഞ്ചായത്ത് 30,94,400 രൂപ വകമാറ്റിയത്. ഗഡു മുടക്കി കരാർ ലംഘനം നടത്തിയ കോസ്റ്റ് ഫോർഡിന് എതിരെ നിയമ നടപടി സ്വീകരിക്കാതെയായിരുന്നു ഇത്. വകമാറ്റിയ തുക മാത്രമല്ല നേരത്തെ പഞ്ചായത്ത് ഗുണഭോക്തൃ വിഹിതമായി കോസ്റ്റ് ഫോർഡിൽ അധികമടച്ച 34,000 രൂപയും തിരിച്ചു വാങ്ങിയില്ല.

1999-2000-ലെ പദ്ധതിക്ക് ഗ്രാമപഞ്ചായത്തും കോസ്റ്റ് ഫോർഡും ചമച്ച കരാർ പ്രകാരം പദ്ധതി വ്യവസ്ഥ പ്രകാരമുള്ള പഞ്ചായത്ത് ഗുണഭോക്തൃ വിഹിതങ്ങൾ കോസ്റ്റ് ഫോർഡിൽ അടച്ച് കഴിഞ്ഞാൽ ഗുണഭോക്താക്കൾക്ക് മുടക്കമില്ലാതെ പണം നല്കി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കോസ്റ്റ് ഫോർഡിന്റെ ബാദ്ധ്യതയായിരുന്നു ഈ കരാറാണ് കോസ്റ്റ് ഫോർഡ് ലംഘിച്ചത്.

310 വീടുകളാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇതിന് പഞ്ചായത്ത്-ഗുണഭോക്തൃ വിഹിതമായി 43,17,000 രൂപ 3/2000-ന് മുൻപ് കോസ്റ്റ് ഫോർഡിൽ അടച്ചു. എന്നാൽ പദ്ധതിയിൽ 304 പേർ മാത്രമാണ് ഗുണഭോക്താക്കൾ ആയത്. ഗുണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് കണക്കാക്കുമ്പോൾ പഞ്ചായത്ത് 34,000 രൂപ കോസ്റ്റ് ഫോർഡിൽ അധികം ഒടുക്കിയിട്ടുണ്ട്. വർഷങ്ങൾ കഴിഞ്ഞിട്ടും അധികം അടച്ച തുക തിരിച്ച് ഈടാക്കിയില്ല.

പൂർത്തിയായ മുഴുവൻ വീടുകളുടെ നികുതി നിർണ്ണയിച്ചില്ല. നികുതി നിർണ്ണയം നടത്തി തനതു വരുമാനചോർച്ച ഒഴിവാക്കേണ്ടതാണ്.

പദ്ധതി രേഖയ്ക്കും കരാറിനും വിരുദ്ധമായി വക മാറ്റിയതും അധികം ഒടുക്കിയതുമായ ആകെ തുക 31,28,400 രൂപ അടിയന്തരമായി കോസ്റ്റ് ഫോർഡിൽ നിന്നും വാങ്ങേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.2.1.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

132. 30.9 ലക്ഷം രൂപ ആർക്കാണ് നൽകിയതെന്ന സമിതിയുടെ ചോദ്യത്തിന് അന്നത്തെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ് ഫോർഡിനാണ് തുക നൽകിയതെന്നും പിന്നീട് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ അത് ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് പാണഞ്ചേരി സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, ശ്രീ. സജി തോമസ് സമിതിയിൽ വ്യക്തമാക്കി.

133. ധാരാളം പഞ്ചായത്തുകൾ ഉൾപ്പെട്ടതും ജില്ലാ പഞ്ചായത്ത് ആസൂത്രണം ചെയ്തതുമായ ഭവനനിർമ്മാണ പദ്ധതിയായിരുന്ന കോസ്റ്റ് ഫോർഡിനെ നിർവ്വഹണ ഏജൻസിയാക്കി നടപ്പിലാക്കിയതെന്നും സർക്കാർ തലത്തിൽ തീരുമാനമെടുത്ത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും എ. ഡി. പി.യേയും ചേർത്ത് രൂപീകരിച്ച കമ്മിറ്റിയിൽ ടി പ്രശ്നം സെറ്റിൽ ചെയ്തിട്ടുണ്ടെന്നും എസ്. പി. എ. ഒ. കൂട്ടിച്ചേർത്തു.

134. എങ്ങനെയാണ് പ്രശ്നം പരിഹരിച്ചത് എന്ന് സമിതി ആരാഞ്ഞതിന്, പ്ലാൻ ഫണ്ടിൽ 30.9 ലക്ഷം രൂപയാണ് പദ്ധതിക്ക് വകയിരുത്തിയതെന്നും സെറ്റിൽമെന്റിന്റെ ഭാഗമായി 14,93,700 രൂപ കോസ്റ്റ് ഫോർഡിന് കൊടുക്കണമെന്നായിരുന്നു തീരുമാനമെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി.

135. സർക്കാർ നിർദ്ദേശം 319 പ്രകാരം നടത്തിയ സെറ്റിൽമെന്റിന്റെ ഭാഗമായി കോസ്റ്റ് ഫോർഡിന് അധികം നൽകിയ തുക തിരികെ നല്കി അവരെ ഒഴിവാക്കുകയാണ് ഉണ്ടായതെന്ന് സീനിയർ ഫിനാൻസ് ഓഫീസർ കൂട്ടിച്ചേർത്തു. സെറ്റിൽമെന്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭിച്ചിരുന്നുവെന്ന് എസ്. പി. എ. ഒ. സമിതിയിൽ വ്യക്തമാക്കി.

## നിഗമനങ്ങൾ/ശിപാർശകൾ

**136. കോസ്റ്റ് ഫോർഡിന് നൽകിയ തുക ക്രമപ്പെടുത്തി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ. ഡി. പി. എന്നിവരെ ചേർത്ത് രൂപീകരിച്ച സമിതിയിൽ പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും ആയത് പരിശോധിച്ചിട്ടുണ്ടെന്നുമുള്ള എസ്. പി. എ. ഒ.യുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പാർട്ട് ബിൽ തീർപ്പാക്കി നാളുകൾക്കുള്ളിൽ ചെക്ക് ഡാം തകർന്നു (ഓഡിറ്റ് റിപ്പോർട്ട് 2000-01, 2001-02; ഖണ്ഡിക 22)**

1,74,610 രൂപയുടെ പാർട്ട് ബിൽ തീർപ്പാക്കി നാളുകൾക്കുള്ളിൽ ചെക്ക് ഡാം തകർന്നു.

ഗ്രാമപഞ്ചായത്ത് മണലിപ്പുഴയിൽ പണി തുടങ്ങിയ കുട്ടാല ചെക്ക് ഡാം പൂർത്തിയാക്കിയ പകുതിയിലധികം ഭാഗമാണ് തകർന്നത്. പണിയുടെ ആദ്യ പാർട്ട് ബിൽ സംഖ്യ 27-5-2002-ലാണ് കരാറുകാരൻ കൈപ്പറ്റിയത്. 16-6-2002-ൽ ഡാം തകർന്നതായി ഫയലിൽ രേഖയുണ്ട്. മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ പാർട്ട് ബിൽ തയ്യാറാക്കുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്യുതുമാണ് തകർന്ന ഭാഗങ്ങൾ. തകർച്ചയുടെ കാരണം അന്വേഷിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഇറിഗേഷൻ എഞ്ചിനീയർ റിപ്പോർട്ട് നല്കിയതായി കാണുന്നില്ല. പണി പൂർത്തിയാക്കുകയോ പാർട്ട് ബിൽ സംഖ്യ 18% പലിശസഹിതം തിരിച്ച് അടയ്ക്കുകയോ വേണമെന്ന പഞ്ചായത്ത് നിർദ്ദേശവും കരാറുകാരൻ പാലിച്ചിട്ടില്ല.

ഡാം പണിയിൽ ക്രമക്കേടുകൾ വ്യക്തമായതിനാൽ സമഗ്ര അന്വേഷണം നടത്തി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.2.2.)

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

137. ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് പാർട്ട് ബില്ലിന്റെ പേയ്മെന്റ് 30-3-2002-നാണ് നടത്തിയതെന്നും 16-6-2002-നാണ് ഡാം തകർന്നതെന്നുമാണ് ഫയലിൽനിന്ന് മനസ്സിലാകുന്നതെന്ന് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി.

138. ഏത് ഏജൻസിയാണ് ഡാം പണിതതെന്ന എസ്. പി. എ. ഒ.യുടെ ചോദ്യത്തിന് വർക്ക് അറേഞ്ച് ചെയ്തത് പഞ്ചായത്ത് ആയിരുന്നെങ്കിലും വർക്ക് ചെയ്തത് കോൺട്രാക്ടർ ആയിരുന്നുവെന്ന് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി. കെ. ഏകലവ്യൻ മറുപടി നൽകി.

139. പ്രോജക്ട് അംഗീകരിച്ചതിനുശേഷം പഞ്ചായത്ത് തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തയ്യാറാക്കാനും സൂപ്പർവിഷനും മെഷർമെന്റ് നടത്തുന്നതിനുമെല്ലാം തന്നെ മൈനർ ഇറിഗേഷൻ എഞ്ചിനീയർമാരെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും അതനുസരിച്ച് അന്നത്തെ ഫയലുകൾ മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുകയും ചെയ്തുവെന്നും 30-3-2002-ൽ വന്ന ബിൽ അനുസരിച്ച് അതിന്റെ റിറ്റെൻഷൻ കഴിച്ച് ബാക്കി തുകയായ 1,72,000 രൂപയ്ക്ക് പേയ്മെന്റ് താൻ നടത്തിയെന്നും 30-5-2002-ൽ താൻ റിട്ടയർ ചെയ്തുവെന്നും മുൻ സെക്രട്ടറി ശ്രീ. പി. കെ. ജയദേവൻ സമിതിയിൽ വിശദീകരിച്ചു.

140. പേയ്മെന്റ് നടത്തി രണ്ടര മാസത്തിനുശേഷം ഡാം തകർന്ന വിവരം താൻ അറിഞ്ഞിരുന്നില്ലെന്നും റിട്ടയർ ചെയ്ത് 5 കൊല്ലത്തിനുശേഷം 1,72,000 രൂപ പലിശയും ചേർത്ത് 2 ലക്ഷത്തിലധികം തുക അടയ്ക്കണമെന്ന് കാണിച്ചുവന്ന സർച്ചാർജ്ജ് നോട്ടീസിന്, അത് സംബന്ധിച്ച് തനിക്ക് ബാധ്യത ഒന്നും ഇല്ലെന്ന് വിശദീകരിച്ച് മറുപടി നൽകിയിട്ടുണ്ടെന്നും ശ്രീ. ജയദേവൻ സമിതിയെ അറിയിച്ചു. അതിനുശേഷം 2009-ൽ ചെക്ക് ഡാം തകർന്നതിനെതിരെ നടപടിയൊന്നും സ്വീകരിച്ചില്ല എന്ന കാരണം കാണിച്ച് 1,52,000 രൂപയുടെ സർച്ചാർജ്ജ് ലഭിച്ചെന്നും സർച്ചാർജ്ജിന് യഥാസമയം മറുപടി നൽകിയതിന്റെ കോപ്പി തന്റെ കൈവശമുണ്ടെന്നും റിട്ടയർ ചെയ്ത ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിൽ ഡാം തകർന്നതിനെതിരെ നടപടിയെടുക്കേണ്ട ഉത്തരവാദിത്വം തനിക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. താൻ റിട്ടയർ ചെയ്ത സമയത്ത് ശ്രീ. ഇമ്മാനുവേലിനെയാണ് ചാർജ്ജ് ഏൽപ്പിച്ചത് എന്ന് ടിയാൻ സമിതിയെ അറിയിച്ചു

141. ചെക്ക് ഡാം തകർന്നതിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് 16-6-2002-ലെ അതിശക്തമായ മലവെള്ളപ്പാച്ചിലിൽ ഡാമിന്റെ കോൺക്രീറ്റ് സെറ്റാകുന്നതിനുമുമ്പ് ഇടിഞ്ഞുവീഴുകയായിരുന്നെന്നും അപ്രകാരം പ്രകൃതിക്ഷോഭംമൂലമാണ് ഡാം തകർന്നതെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി. എന്നാൽ പ്രസ്തുത റിപ്പോർട്ട്/മറുപടി തൃപ്തികരമല്ലെന്ന് തീരുമാനിക്കുകയും അന്വേഷണത്തിനായി പഞ്ചായത്ത് കമ്മിറ്റിക്ക് വിടുകയും അന്വേഷണത്തിന് ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് (തിരുവനന്തപുരം) 2-8-2007-ൽ കത്ത് നൽകുകയും ചെയ്തുവെങ്കിലും അതിനുശേഷം ഇതു സംബന്ധിച്ച് ഒരു വിവരവും അറിയാൻ കഴിഞ്ഞിട്ടില്ലെന്ന് പാണഞ്ചേരി സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി കൂട്ടിച്ചേർത്തു.

142. കോൺക്രീറ്റ് ചെയ്ത് എത്ര ദിവസം കഴിഞ്ഞാണ് ഇടിഞ്ഞത് എന്ന് സമിതി ആരാഞ്ഞതിന്, കോൺക്രീറ്റ് ചെയ്ത് ആറ് ദിവസം കഴിഞ്ഞാണ് ഡാം ഇടിഞ്ഞതെന്നും അപ്പോഴും പണി നടന്നുകൊണ്ടിരിക്കുകയായിരുന്നെന്നും ആകെ 29 മീറ്റർ നീളമുള്ള ഡാമിന്റെ 16 മീറ്റർ വരെയുള്ള പണിയാണ് ആദ്യം ചെയ്തതെന്നും 10-6-2002-ൽ പണി നടത്തുകയും 16-6-2002-ൽ ഡാം തകരുകയും ചെയ്തുവെന്നും ഫുൾ സ്ട്രെംഗ്ത് കിട്ടണമെങ്കിൽ 28 ദിവസം വേണ്ടിയിരുന്നെന്നും മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി. ആ സമയത്തെ കോൺട്രാക്ടർക്ക് നോട്ടീസ് നൽകുകയും തകർന്ന ഡാം പുനർനിർമ്മിച്ചു നൽകാമെന്ന് എഴുതിത്തരുകയും ചെയ്തിരുന്നെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

143. ചെക്ക് ഡാം തകർന്നത് സംബന്ധിച്ച് എ. ഡി. പി. മുഖേന നടത്തിയ അന്വേഷണത്തിൽ, ഏപ്രൺ, കർട്ടൻ വാൾ എന്നിങ്ങനെ ഡാം പണിയുമ്പോൾ ഉണ്ടായിരിക്കേണ്ട ബേസിക് ആയിട്ടുള്ള സംവിധാനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതുകൊണ്ടും അതിന്റെ ക്യൂറിങ് പീരിഡിൽ മലവെള്ളപ്പാച്ചിൽ ഉണ്ടായതുകൊണ്ടുമാണ് ഇത്ര ഭീമമായ നഷ്ടമുണ്ടായതെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്ന് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി വ്യക്തമാക്കി.

144. ഇക്കാര്യത്തിൽ മുൻ പഞ്ചായത്ത് സെക്രട്ടറിക്ക് ലയബിലിറ്റി ഫിക്സ് ചെയ്തത് എന്തടിസ്ഥാനത്തിലാണെന്ന് സമിതി ആരാഞ്ഞതിന്, പാർട്ട് ബിൽ നൽകിയത് മുൻ പഞ്ചായത്ത് സെക്രട്ടറിയായിരിക്കുമെന്ന് എസ്. പി. എ. ഒ. മറുപടി നൽകി.

145. പരിശോധന സമയത്ത് രേഖകൾ ഹാജരാക്കാതിരിക്കുകയും ഓഡിറ്റ് തടസ്സത്തിന് രണ്ട് മാസത്തിനകം മറുപടി ലഭിക്കാതെവരുകയും ചെയ്യുമ്പോഴുമാണ് സർച്ചാർജ്ജ് നോട്ടീസ് അയയ്ക്കുകയും റവന്യൂ റക്കവറി നടപടിയിലേക്ക് പോകുകയും ചെയ്യുന്നതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ കൂട്ടിച്ചേർത്തു.

146. ഓഡിറ്റ് പരിശോധനാ സമയത്ത് പഞ്ചായത്തിലുള്ള എല്ലാ രേഖകളും പരിശോധിക്കാനുള്ള അവകാശം ഓഡിറ്റ് വകുപ്പിന് ഉണ്ടെന്നും ഒരാൾക്കെതിരെ സർച്ചാർജ്ജ് പുറപ്പെടുവിച്ചാൽ ആ വ്യക്തിക്ക് ആകെയുള്ള പരിഹാരം കോടതിയിൽ പോകുകയെന്നുള്ളതാണ് എന്നിരിക്കെ എല്ലാ രേഖകളും പരിശോധിച്ചതിനു ശേഷം മാത്രമേ സർച്ചാർജ്ജ് നടപടിയിലേക്ക് കടക്കാവൂ എന്നും SPAO ഓഡിറ്റ് വകുപ്പിനെ ഓർമ്മപ്പെടുത്തി.

147. ഓഡിറ്റ് റിപ്പോർട്ട് കിട്ടിയമുറയ്ക്ക് നോട്ടീസ് ലഭിച്ചിരുന്നോ എന്ന സമിതിയുടെ ചോദ്യത്തിന് 2007-ലാണ് തനിക്ക് നോട്ടീസ് ലഭിച്ചതെന്നും അതിന് മറുപടി നൽകിയിട്ടുണ്ടെന്നും പാണഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി മറുപടി നൽകി.

148. ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ മറുപടി/വിശദീകരണം വാങ്ങിനൽകേണ്ട ജോലി പഞ്ചായത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥരുടെ കടമയായിരുന്നെന്ന് സമിതി ചൂണ്ടിക്കാട്ടി.

149. വളരെയധികം ജനങ്ങൾ വരുന്ന ഒരു പഞ്ചായത്തായ പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി ഒരു സെക്രട്ടറി ഉണ്ടാകാറില്ലെന്നും ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകുന്ന കാര്യത്തിൽ കൃത്യത പാലിക്കാറില്ലെന്നും പരിശോധനയിൽ മനസ്സിലായതായി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

150. തകർന്ന ഡാം പുനർനിർമ്മിച്ച് നൽകാമെന്ന് കോൺട്രാക്ടർ സമ്മതിച്ചത് പാലിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം ചെയ്യാമെന്ന് കോൺട്രാക്ടർ 2002-ൽ രേഖാമൂലം എഴുതി നൽകിയിട്ടുണ്ടെന്നും അത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വ്യക്തമാക്കി. കത്തിൽ, റിംഗ് ബണ്ട് തീർക്കാൻ സാധിക്കുകയില്ലെന്നും ഏപ്രൺ, കർട്ടൻ വാൾ എന്നിവയ്ക്കുള്ള തുകയും പുഴയുടെ പാർശ്വഭിത്തികെട്ടി ബലപ്പെടുത്തുന്നതിനായുള്ള തുകയും ഉൾക്കൊള്ളിച്ച് പുതുക്കിയ പണി തുടങ്ങാമെന്നുമാണ് അറിയിച്ചിരിക്കുന്നതെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി സമിതിയെ അറിയിച്ചു.

151. 24/6-ൽ കോൺട്രാക്ടർ നൽകിയ കത്തിൽ നിലവിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കുട്ടാല ചെക്ക് ഡാമിന്റെ പ്രവർത്തനം നടക്കുന്ന സ്ഥലത്ത് 17-6-2002-ൽ രാവിലെയാണ് ഡാം തകർന്നതെന്നും ഇതിന്റെ പണികൾ കരാർ പ്രകാരം ചെയ്തിരുന്നതാണെന്നും ഡാം തകർന്നുവീഴാനുള്ള യാതൊരു കാരണവും കാണുന്നില്ലെന്നും തകർന്നു താണുപോയ ഭാഗത്ത് രണ്ട് മീറ്റർ ആഴത്തിൽ ഒരു ഗർത്തം ചാലുപോലെ കാണുന്നതല്ലാതെ മറ്റ് യാതൊരുവിധ കേടുപാടുകളും കാണുവാൻ കഴിഞ്ഞില്ലെന്നും ഞായറാഴ്ച ആയിരുന്നതിനാൽ അവിടെ പണി നടന്നിരുന്നില്ലെന്നും അത്തരമൊരു ദുരൂഹ

സാഹചര്യത്തിലാണ് ഡാമിന്റെ മധ്യഭാഗം തകർന്നതായി കണ്ടതെന്നും കേട്ടുവന്ന പ്രവൃത്തി സ്വന്തം ചെലവിൽ പുനരുദ്ധാരണം ചെയ്ത് ചെക്ക് ഡാമിന്റെ പണി പൂർത്തീകരിച്ച് തരാമെന്ന് സമ്മതിച്ചതായുമാണ് ശ്രീ. പി. എസ്. ജയരാജൻ (കോൺട്രാക്ടർ) വ്യക്തമാക്കിയിരിക്കുന്നതെന്ന് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

152. ഈ വിഷയത്തിലുള്ള മറ്റൊരു തർക്കം 80% പ്രവൃത്തിയും കഴിഞ്ഞു എന്നാണ് കോൺട്രാക്ടർ പഞ്ചായത്ത് സെക്രട്ടറിക്ക് എഴുതി കൊടുത്തിരിക്കുന്നതെങ്കിലും അത്രയും പ്രവൃത്തി നടത്തിയിട്ടില്ലെന്നാണ് മൈനർ ഇറിഗേഷൻ എഞ്ചിനീയർ പറഞ്ഞിട്ടുള്ളത്. എന്നാൽ ഡാം പൊളിഞ്ഞതിനുശേഷം നടത്തിയിട്ടുള്ള പരിശോധനാ റിപ്പോർട്ട് പ്രകാരം ഇപ്രകാരമൊരു ചെക്ക് ഡാം നിർമ്മിക്കുമ്പോൾ ടെക്നിക്കലായി മിനിമം ഉണ്ടായിരിക്കേണ്ട ഏപ്രൺ, കർട്ടൻ വാൾ എന്നിവ എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നില്ലെന്ന് 4-8-2003-ൽ ഇറിഗേഷൻ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ എഴുതി നൽകിയിട്ടുള്ളത് ഒരു വസ്തുതയാണെന്നും അക്കാരണത്താലായിരിക്കാം ഏപ്രണും കർട്ടൻ വാളും സ്വന്തം ചെലവിൽ പണിതു നൽകാമെന്ന് കോൺട്രാക്ടർ സമ്മതിച്ചതെന്നും SPAO സമിതിയിൽ വിശദീകരിച്ചു.

153. വിഷയം സംബന്ധിച്ച് നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന് ഡാമിന്റെ ബാക്കിനിൽക്കുന്ന ഭാഗം അടുത്തുള്ള കൃഷിക്കാർക്ക് ശല്യമായി നിലനിൽക്കുകയാണെന്നും കളക്ടർക്ക് പരാതി നൽകിയിട്ട് അതിന്റെ നിലവിലെ സ്ഥിതി അറിയില്ലെന്നും പഞ്ചായത്ത് ഡയറക്ടർ മറുപടി നൽകി.

154. പാർട്ട് പേയ്മെന്റ് നടത്തിപ്പോയി എന്നതുകൊണ്ട് ഒരു മുൻ സെക്രട്ടറിയുടെ പേരിൽ ബാധ്യത ചുമത്തുന്നത് ശരിയല്ലെന്നും ആയതിനാൽ മുൻ സെക്രട്ടറി ശ്രീ. പി. കെ. ജയദേവനെ ബാധ്യതയിൽനിന്ന് ഒഴിവാക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

155. ഡാം തകർന്നതിനെതിരെ നടപടി സ്വീകരിക്കാതിരുന്ന അന്നത്തെ സെക്രട്ടറിയുടെ പേരുവിവരങ്ങൾ സമിതിയെ അറിയിക്കണമെന്നും ഈ വിഷയം സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എഞ്ചിനീയറെക്കൊണ്ട് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് നൽകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

156. 2-2-2013-ൽ തൃശ്ശൂർ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പ്രാദേശിക പരിശോധന നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു:

(1) ചീഫ് എഞ്ചിനീയർ 24-9-2012-ലെ എഫ്4/31022/11 നമ്പർ കത്തായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ അറിയിച്ചതനുസരിച്ച് കാലവർഷക്കെടുതിയുടെ ഭാഗമായി സംഭവിച്ച നഷ്ടമായി മേൽ നഷ്ടത്തെ കണക്കാക്കുമെന്ന് അറിയിച്ചിരിക്കുന്നു.

(2) ചെക്ക് ഡാം നിർമ്മാണത്തിനത്യന്താപേക്ഷിതമായ ഏപ്രൺ, കർട്ടൻ വാൾ എന്നിവ സംബന്ധിച്ചുള്ള യാതൊരു പരാമർശവും ചീഫ് എഞ്ചിനീയറുടെ കത്തിൽ ഇല്ല. എസ്റ്റിമേറ്റിലെ അപാകത, പദ്ധതി നടത്തിപ്പിലെ കാര്യക്ഷമത ഇല്ലായ്മ, കാലവർഷം കാത്തുനിന്ന് ചെയ്ത പ്രവൃത്തി, കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം എന്നിവ പദ്ധതിയുടെ അധഃപതനത്തിനു കാരണമായിട്ടുണ്ട്.

(3) ശ്രീ. പി. കെ. ജയദേവൻ, സർച്ചാർജ്ജ് നടപടികൾക്കെതിരെ ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കോടതിയിൽ ഒ. പി. നമ്പർ 244/09 ആയി കേസ് ഫയൽ ചെയ്തിട്ടുള്ള വിവരവും കേസ് ഇപ്പോഴും ജില്ലാ കോടതിയിൽ നിലനിൽക്കുന്ന വിവരവും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയെ അറിയിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

157. **ചെക്ക് ഡാം നിർമ്മാണത്തിന് അവശ്യം വേണ്ട ഏപ്രൺ, കർട്ടൻ വാൾ എന്നിവ ഇല്ലാതിരുന്നത് എസ്റ്റിമേറ്റിലെ അപാകതയായി സമിതി കാണുന്നു. പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മയും കൃത്യമായ മോണിറ്ററിംഗിന്റെ അഭാവവും ഡാമിന്റെ തകർച്ചയ്ക്ക് കാരണമായി എന്ന ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. അതുപോലെ ക്യൂറിംഗ് കാലയളവിനുള്ളിൽ ഉണ്ടായ കാലവർഷവും ഇക്കാര്യത്തിൽ നിർണ്ണായകമായിട്ടുണ്ട് എന്ന വസ്തുത പരിഗണിക്കപ്പെടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.**

**പാർട്ട് ബിൽ തീർപ്പാക്കി എന്നതുകൊണ്ട് മുൻ സെക്രട്ടറിയുടെ പേരിൽ ബാധ്യത ചുമത്തുന്നത് ന്യായീകരിക്കത്തക്കതല്ല. ഈ സാഹചര്യത്തിൽ, ടിയാനെ ബാധ്യതയിൽ നിന്ന് ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, കാലവർഷത്തിന്റെ ഭാഗമായുണ്ടായ കെടുതിയുടെ പട്ടികയിൽ ഇതിനെ ഉൾപ്പെടുത്തിയിട്ടുള്ളതായി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടി അവസാനിപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

# അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കടിവെള്ള പദ്ധതി ഉപേക്ഷിച്ചു; 3.2 ലക്ഷം ദുർവ്യയം**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, 2001-02; ഖണ്ഡിക 27)**

കടിനീർക്ഷാമം തീർക്കാൻ ലക്ഷ്യമിട്ട പദ്ധതി മുൻകൂർ നൽകി പൈപ്പും മോട്ടോറും വാങ്ങി ഉപേക്ഷിച്ചു.

മലക്കപ്പാറ കടിവെള്ള പദ്ധതിയാണ് ഉപേക്ഷിച്ചത്. ഇതുവഴി 3,20,320 രൂപ ഗ്രാമപഞ്ചായത്ത് ദുർവ്യയം ചെയ്തു.

ഗ്രാമപഞ്ചായത്തിലെ 6, 7, 8 വാർഡുകളിലെ കടിവെള്ളക്ഷാമം പരിഹരിക്കാൻ 1998-99-ലാണ് പദ്ധതി ആവിഷ്കരിച്ചത്. ആ വർഷംതന്നെ 1,06,320 രൂപയ്ക്ക് പൈപ്പ് വാങ്ങി. പൈപ്പ് വാങ്ങലിലെ ക്വട്ടേഷൻ നടപടികൾ സുതാര്യമല്ല.

3/2000-ത്തിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് 66,000 രൂപ സമാഹരണ മുൻകൂർ നൽകി. പദ്ധതി ഉപേക്ഷിച്ചിട്ടും മുൻകൂർ ക്രമീകരിക്കാൻ നടപടിയില്ല. 3/2000-ത്തിൽ തന്നെ റെയ്ഡ്കോയിൽനിന്ന് 1,48,000 രൂപയ്ക്ക് 100 എച്ച്.പി. മോട്ടോർ വാങ്ങി. മോട്ടോറിന്റെ ഗുണനിലവാരം സംശയാസ്പദമാണ്. മോട്ടോർ ഇപ്പോൾ തുരുമ്പിച്ച് നശിക്കുകയാണ്.

പദ്ധതിയിൽ ജല ലഭ്യത ഉറപ്പാക്കാതെയും മോട്ടോർ പ്രവർത്തിപ്പിക്കാൻ ട്രാൻസ്ഫോർമർ ഷെഡ്, വൈദ്യുത കണക്ഷൻ എന്നിവ സ്ഥാപിക്കുകയും ചെയ്യാതെയും പൈപ്പും മോട്ടോറും വാങ്ങിയത് ദുരൂഹമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക 3.8.I.3.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

158. അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ മലക്കപ്പാറ കടിവെള്ള പദ്ധതിയെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന് മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങാനാണ് 3,20,320 രൂപ ചെലവഴിച്ചതെന്നും ഇപ്രകാരം വാങ്ങിയ പൈപ്പുകൾ മുഴുവനും പല പ്രോജക്ടുകൾക്കായി ഉപയോഗിച്ചുവെന്നും മോട്ടോർ മാത്രമേ ഉപയോഗിക്കാതെയുള്ളുവെന്നും അത് നടപ്പുവർഷം പുതിയ പ്രോജക്ട് വെച്ച് ഉപയോഗിക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി വി. കെ. ഗിരിജ മറുപടി നൽകി. തൃശ്ശൂരിലെ റെയ്ഡ്കോയിൽനിന്ന്

2000 മാർച്ച് മാസത്തിലാണ് മോട്ടോർ വാങ്ങിയതെന്ന് സമിതിയുടെ മറ്റൊരു ചോദ്യത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. 66,000 രൂപ കരാറുകാരന് നൽകിയിരുന്നത് പണി നടക്കാത്ത സാഹചര്യത്തിൽ ടിയാനിൽ നിന്നും തിരിച്ചുപിടിച്ചിട്ടുണ്ടെന്നും ആയതിന് രേഖയുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

159. ഒരു പ്രത്യേക പ്രോജക്ടിനായി വാങ്ങിയ പൈപ്പുകൾ മറ്റു പ്രോജക്ടുകൾക്ക് ഉപയോഗിക്കുന്നതിന് പഞ്ചായത്ത് തീരുമാനം ഉണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് തീരുമാനമുണ്ടെന്നും പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, വൗച്ചർ, അളവു പുസ്തകം എന്നിവ ഓഡിറ്റ് സമയത്ത് ഹാജരാക്കിയിരുന്നില്ലെന്നും എന്നാൽ ഇപ്പോൾ എല്ലാ രേഖകളും കൈവശമുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

160. പൈപ്പ് റെയ്ഡ്കോയിൽ നിന്നാണോ വാങ്ങിയത് എന്ന് സമിതി ആരാഞ്ഞതിന് ടെണ്ടർ മുഖേന 'ലൂസിയ ഇലക്ട്രിക്കൽസ്', ചാലക്കുടി എന്ന സ്ഥാപനമാണ് 1,06,320 രൂപയ്ക്ക് പൈപ്പ് സപ്ലൈ ചെയ്തത് എന്ന് സെക്രട്ടറി മറുപടി നൽകി.

161. 1-5-1999-ലെ ദേശാഭിമാനി പത്രത്തിൽ ക്വട്ടേഷൻ പ്രസിദ്ധീകരിക്കുകയും ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 10-5-1999 ആണെന്നുമിരിക്കെ ലൂസിയ ഇലക്ട്രിക്കൽസ് 10-3-1999-ൽ എങ്ങനെയാണ് ക്വട്ടേഷൻ നൽകിയത് എന്ന് സമിതി ആരാഞ്ഞതിന് ലൂസിയ ഇലക്ട്രിക്കൽസ് നൽകിയ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തീയതിയിൽ വന്ന തെറ്റാണെന്നും വേറെയും ക്വട്ടേഷൻ ലഭിച്ചിട്ടുണ്ടായിരുന്നെന്നും 14-5-1999-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയിലാണ് ക്വട്ടേഷനുകൾ തുറന്നതെന്നും മുൻ സെക്രട്ടറി ശ്രീമതി ഏലിയമ്മ ചാക്കോ വിശദീകരിച്ചു.

162. തീയതി രേഖപ്പെടുത്തിയതിൽ തങ്ങൾക്ക് തെറ്റുപറ്റിയതാണെന്ന് കാണിച്ച് പ്രസ്തുത സ്ഥാപനത്തിൽ നിന്നും പഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകിയിട്ടുണ്ടെന്നും എന്നാൽ അത് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ടിയാൾ കൂട്ടിച്ചേർത്തു.

163. ക്വട്ടേഷനിൽ പൈപ്പിന്റെ നിരക്ക് 75 രൂപ എന്ന് തിരുത്തൽ വരുത്തിയതിനോടൊപ്പം തീയതിയുംകൂടി തിരുത്താമായിരുന്നിട്ടും അപ്രകാരം ചെയ്യാത്തതിൽ നിന്നും പത്രത്തിൽ പരസ്യം ചെയ്യുന്നതിന് മുൻപുതന്നെ ലൂസിയ ഇലക്ട്രിക്കൽസ് ക്വട്ടേഷൻ നൽകിയതായി സാഹചര്യങ്ങൾ വെളിവാക്കുന്നുവെന്നും ക്വട്ടേഷൻ നൽകിയ സ്ഥാപനവും സ്വീകരിക്കുന്ന വ്യക്തിയും തമ്മിലുള്ള അവിശുദ്ധബന്ധമാണ് അതിൽ നിന്നും വ്യക്തമാകുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

164. കടിവെള്ള പദ്ധതി എവിടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചത് എന്ന് സമിതി ആരാഞ്ഞതിന്, മലക്കപ്പാറയിൽ ടാറ്റയുടെ വസ്തുവിലായിരുന്നു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചതെന്നും അതിന് അനുവാദത്തിനായി എഴുതിയെങ്കിലും അനുമതി ലഭിച്ചിട്ടില്ലെന്നും അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

165. മറ്റൊരാളുടെ പുരയിടത്തിൽ കയറി ടിയാന്റെ അനുമതി ഇല്ലാതെ കുടിവെള്ള പദ്ധതി നടപ്പാക്കാൻ ശ്രമിച്ച നടപടി ശരിയല്ലെന്ന് അഭിപ്രായപ്പെട്ട സമിതി വസ്തു ടാറ്റയുടേതാണെന്ന പഞ്ചായത്ത് കമ്മിറ്റിക്ക് അറിയാമായിരുന്നോയെന്ന് ആരാഞ്ഞു. പഞ്ചായത്ത് പ്രസിഡന്റിന് ഇക്കാര്യം അറിയാമായിരുന്നുവെന്ന് മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

166. ഒരു പ്രത്യേക പദ്ധതിക്കായി വാങ്ങിയ പൈപ്പ് മറ്റ് പദ്ധതികൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയ പഞ്ചായത്ത് സമിതിയുടെ തീരുമാനത്തിന്റെ പകർപ്പ് മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചുപിടിച്ചതിന്റെ വിശദാംശങ്ങളുമടങ്ങുന്ന സ്റ്റേറ്റ്മെന്റ് രണ്ടാഴ്ചയ്ക്കകം ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും അവ പരിശോധിച്ച് ഓഡിറ്റ് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധന റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

167. പഞ്ചായത്ത് നൽകിയ മറുപടി പ്രകാരം 1400 മീറ്റർ 90 എം.എം.പി.വി.സി. പൈപ്പും 55 മീറ്റർ 20 എം.എം.ജി.ഐ. പൈപ്പും മലക്കപ്പാറയിൽ തന്നെ ഗ്രാവിറ്റേഷണൽ ഫോഴ്സ് ഉപയോഗിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിക്കായി ജലനിധിക്ക് കൈമാറിയെന്നും ടി പദ്ധതിയുടെ ഫയലുകൾ ജലനിധിയുടെ തിരുവനന്തപുരത്തുള്ള ഓഫീസിലേക്ക് നൽകിയിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് വെരിഫിക്കേഷൻ സമയത്ത് ടി പദ്ധതിയുടെ കൺവീനർ ഹാജരാക്കിയ ഫയലുകൾ പ്രകാരം 20 എം.എം.പി.വി.സി. പൈപ്പ് 200 മീറ്ററും 25 എം.എം.പി.വി.സി. പൈപ്പ് 75 മീറ്ററും 40 എം.എം.പി.വി.സി. പൈപ്പ് 800 മീറ്ററും (Invoice No. 01095/12-9-2005, Sharon extrusions, Mundur (P.O.), Palakkad) ആണ് ജലനിധി പദ്ധതിക്കായി വാങ്ങിയിരിക്കുന്നത് എന്ന് ബോധ്യപ്പെടുകയുണ്ടായി. ഇതിൽ നിന്നും മലക്കപ്പാറ കുടിവെള്ള പദ്ധതിക്കുവേണ്ടി വാങ്ങിയ പൈപ്പുകൾ ജലനിധിയുടെ പദ്ധതിക്കുവേണ്ടി ഉപയോഗിച്ചു എന്നുള്ള സെക്രട്ടറിയുടെ മറുപടി വിശ്വാസയോഗ്യമായി തോന്നുന്നില്ല. ഈ പ്രവൃത്തിക്കുവേണ്ടി ഉപയോഗിച്ചു എന്നുള്ളതിന് യാതൊരു തെളിവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

168. ഈ വിഷയവുമായി ബന്ധപ്പെട്ട് മിനിറ്റ്സ് ബുക്ക്, കമ്മിറ്റി തീരുമാനം എന്നിവ പ്രാദേശിക പരിശോധനാവേളയിൽ ഹാജരാക്കിയിരുന്നില്ല.

169. ഗുണഭോക്തൃ സമിതി കൺവീനർ ശ്രീ. കെ. എം. പോൾസൺ കൈപ്പറ്റിയ മൊബിലൈസേഷൻ മുൻകൂർ തുക തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ ടിയാൻ കരാർ എടുത്തുനടത്തിയ മലക്കപ്പാറ

കംഫർട്ട് സ്റ്റേഷൻ പണിയുടെ ബില്ലിലെ തുകയിൽനിന്ന് 27,040 രൂപയും (വൗച്ചർ നമ്പർ 31/6-5-2002), മലക്കപ്പാറ കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ് പണിയുടെ ബില്ലിലെ തുകയിൽ നിന്ന് 38,960 രൂപയും (വൗച്ചർ നമ്പർ 4/6-5-2002) അടക്കം ആകെ 66,000 രൂപ തിരികെ ഈടാക്കിയിട്ടുണ്ട്.

## നിഗമനങ്ങൾ/ശിപാർശകൾ

170. **മലക്കപ്പാറ കുടിവെള്ള പദ്ധതിക്കുവേണ്ടി വാങ്ങിയ പൈപ്പുകൾ ജലനിധിയുടെ പദ്ധതിക്കുവേണ്ടി ഉപയോഗിച്ചു എന്ന സെക്രട്ടറിയുടെ വാദം തെറ്റാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും ബോധ്യമാകുന്നു. ഇതിൽ നിന്നും പദ്ധതിയിൽ ക്രമക്കേട് നടന്നതായി സമിതി അനുമാനിക്കുന്നു. പദ്ധതി നടത്തിപ്പിന്റെ ഗുണഭോക്തൃ സമിതി കൺവീനർ കൈപ്പറ്റിയ 66,000 രൂപ മറ്റ് രണ്ട് പദ്ധതികളുടെ ബിൽ തുകയിൽ നിന്ന് തിരികെ ഈടാക്കിയതായും സമിതി മനസ്സിലാക്കുന്നു. എന്നാൽ മലക്കപ്പാറ കുടിവെള്ള പദ്ധതിക്കുവേണ്ടി വാങ്ങിയ പൈപ്പുകൾ ജലനിധിയുടെ പദ്ധതിക്കുവേണ്ടി ഉപയോഗിച്ചു എന്നുള്ളതിനും ചട്ടപ്രകാരമാണ് ക്വട്ടേഷൻ ക്ഷണിച്ചത് എന്നതിനും വ്യക്തമായ യാതൊരു തെളിവും ഇല്ലാത്ത സാഹചര്യത്തിൽ ഈ പദ്ധതിക്കായി ചെലവാക്കിയ തുക ദുർവിനിയോഗമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കൺവീനർ തിരികെ അടച്ച തുകയൊഴിച്ചുള്ള തുക മുഴുവനും ഉത്തരവാദികളിൽനിന്ന് ഈടാക്കി റിപ്പോർട്ട് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പുതൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ലേലനിബന്ധന പാലിച്ചില്ല; വാടക പിരിച്ചില്ല**
**(ഓഡിറ്റ് റിപ്പോർട്ട് 1996-97; ഖണ്ഡിക 16)**

ലേല നിബന്ധനകൾ പാലിക്കാതെ വാടകയ്ക്ക് നൽകിയ വെട്ടുകാട് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ വാടക പിരിച്ചില്ല.

1996-97-ലെ വാടകയാണ് കുടിശ്ശികയായത്. പഞ്ചായത്ത് കണക്കുപ്രകാരം 35,351 രൂപ ഈടാക്കാനുണ്ട്. വർഷങ്ങളായിട്ടും കുടിശ്ശിക ഈടാക്കാൻ നിയമ നടപടികൾ തുടങ്ങിയില്ല.

ലേലം, ലേല നിബന്ധനകൾ പാലിച്ചായിരുന്നില്ല. 12 മാസത്തെ വാടക ജാമ്യ സംഖ്യയായി കെട്ടിവയ്ക്കണമെന്നും പഞ്ചായത്തുമായി കരാർ ചമയ്ക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നു. ഇവയൊന്നും നടപ്പാക്കിയില്ല. വാടകക്കാരുമായി കരാർ വയ്ക്കാത്തതിനാൽ കുടിശ്ശിക ഈടാക്കാൻ ആവുമോ എന്ന് വ്യക്തമല്ല.

തനത് വരുമാനം നഷ്ടപ്പെടുത്തിയവർക്ക് എതിരെ നടപടി സ്വീകരിച്ച് കടിശ്ശിക പലിശസഹിതം ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.4.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

171. വാടക പിരിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിന്, എല്ലാം റവന്യൂ റിക്കവറി മുഖാന്തിരം ഈടാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആകെ 19,967 രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും ബാക്കിയുള്ള മൂന്ന് കേസ്സുകളിലായി 17,384 രൂപ കൂടി പിരിച്ചെടുക്കാനുണ്ടെന്നും സെക്രട്ടറി-ഇൻ-ചാർജ് ശ്രീ. ഡി. സുധാകരൻ സമിതിയിൽ വിശദീകരിച്ചു. ഓഡിറ്റിൽ നിരാകരിച്ച തുക മാത്രമാണ് ആർ.ആർ.വഴി ഈടാക്കാൻ ശ്രമിക്കുന്നതെന്നും കെട്ടിടത്തിലെ വാടകക്കാർ തൊട്ടടുത്ത വർഷങ്ങളിൽ ഒഴിഞ്ഞുപോയിട്ടുണ്ടെന്നും ആർ. ആർ. ത്വരിതപ്പെടുത്തി ബാക്കിയുള്ള മൂന്ന് പേരിൽ നിന്നു കൂടി തുക ഈടാക്കുന്നതിനായി തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആർ. ആർ. നടപടികൾ ത്വരിതപ്പെടുത്തി പലിശ സഹിതം തുക ഈടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

172. നാളിതുവരെ 19,967 രൂപ കടിശ്ശിക ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. 5,384 രൂപ പിരിച്ചെടുക്കുന്നതിനായി അവശേഷിക്കുന്നുണ്ട്. തുക പിരിച്ചെടുക്കുന്നതിന് ജില്ലാ കളക്ടർ 21-11-2007-ൽ ഉത്തരവായിട്ടുള്ളതാണ്. ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എ 2/514/07 നമ്പറായി 9-6-2010-ലും 14-2-11-ലും തഹസിൽദാർക്ക് നൽകിയിട്ടുള്ളതാണ്.

## നിഗമനങ്ങൾ/ശിപാർശകൾ

**173. ലേലനിയമം പാലിക്കാതെ തനതു വരുമാനം നഷ്ടപ്പെടുത്തിയ പഞ്ചായത്തിന്റെ നടപടി ശരിയായില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. വാടക കടിശ്ശികയിനത്തിൽ അവശേഷിച്ച 19,967 രൂപയിൽ 5,384 രൂപ കൂടി പിരിച്ചെടുക്കാൻ ശേഷിക്കുന്നുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ ടി തുക കൂടി പിരിച്ചെടുക്കാനും ആയത് ഈടാക്കുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികളിൽ അപാകതകൾ**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, 2001-2002; ഖണ്ഡിക 12,15,16,17)**

ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം ചെലവഴിച്ച മരാമത്ത് പണികളിൽ അപാകതകൾ.

1999-2000 മുതൽ 2001-02 വരെയുള്ള പദ്ധതി നിർവ്വഹണത്തിലെ അപാകതകളിൽ പ്രധാനപ്പെട്ടവ താഴെ വിവരിക്കുന്നു:

1. വെട്ടുകാട് കോളനി റോഡ് അഭിവൃദ്ധിക്ക് മൂല്യനിർണ്ണയം മറികടന്ന് കൺവീനർക്ക് 21,905 രൂപ അധികം നൽകി. കൺവീനർക്ക് 46,059 രൂപയ്ക്ക് അർഹതയുള്ളപ്പോൾ 67,964 രൂപ നൽകി.

2. വനിത മിനി വ്യവസായ എസ്റ്റേറ്റ് പണിക്ക് കരാറുകാരന് സമാഹരണ/സെക്യേർഡ് മുൻകൂറുകളായി 2,49,189 രൂപ നൽകി വർഷങ്ങളായിട്ടും പണി പൂർത്തീകരിച്ചിട്ടില്ല.

3. ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ 22 ബാരൽ കുറച്ചുകാണുന്നു. സാധുവായ വിശദീകരണത്തിന്റെ അഭാവത്തിൽ ഇതിന്റെ വില ഈടാക്കേണ്ടതാണ്.

4. മാന്ദാമംഗലം ഫീഡ് ചാൽ, ഗിരിജൻ കോളനി ഫാം ഹൗസ് എന്നിവയ്ക്ക് യഥാക്രമം 7,954 രൂപ, 12,125 രൂപ വീതം മുൻകൂർ നൽകി 4 വർഷമായിട്ടും പണി തുടങ്ങിയില്ല. പിഴപ്പലിശ സഹിതം മുൻകൂറുകൾ ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.4.2.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

174. മരാമത്ത് പണികളിൽ അപാകതകൾ സംഭവിച്ചത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്, രണ്ട് പ്രവൃത്തികളിൽ ഒന്നായ മാന്ദാമംഗലം ഫീഡ് ചാൽ നിർമ്മാണം എന്ന പ്രവൃത്തിക്ക് നൽകിയ മൊബിലൈസേഷൻ അഡ്വാൻസായ 7,954 രൂപയും പലിശയും പ്രവൃത്തി പൂർത്തീകരിച്ചില്ല എന്ന കാരണത്താൽ തിരികെ ഈടാക്കുന്നതിന് ആർ.ആർ. നടപടിക്ക് കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് പുത്തൂർ പഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് സമിതിയെ അറിയിച്ചു.

175. വെട്ടുകാട് കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് കൺവീനർക്ക് 21,905 രൂപ അധികം നൽകിയത് എന്തിനാണെന്ന് സമിതി ആരാഞ്ഞതിന്

1 ലക്ഷം രൂപയുടെ വർക്കായിരുന്നു അതെന്നും എന്നാൽ വർക്ക് വെട്ടിക്കുറച്ചതുമൂലം 67,415 രൂപയുടെ വർക്കേ ചെയ്തുള്ളൂ എന്നും അതിനാലാണ് മുൻകൂർ അധികരിച്ചു പോയതെന്നും ഫുൾ വാല്വേഷൻ അനുസരിച്ച് 90,467 രൂപയുടെ പണി ഉണ്ടായിരുന്നുവെന്നും എന്നാൽ പണി വെട്ടിക്കുറച്ചതുമൂലം തുക കുറഞ്ഞുപോകുകയാണുണ്ടായതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. അധികം നൽകിയ മുൻകൂർ തുക തിരികെ ഈടാക്കുന്നതിന് കളക്ടർക്ക് ആർ.ആർ. റിക്വിസിഷൻ നൽകുകയും ആയത് ആർ.ആർ. നടപടിക്ക് ഉത്തരവാകുകയും ചെയ്തിട്ടുണ്ടെന്ന് പുത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി-ഇൻ-ചാർജ്ജ് വിശദമാക്കി.

176. ഫൈനൽ സെറ്റിൽമെന്റ് സംബന്ധിച്ച വിശദവിവരം സമിതി ആരാഞ്ഞതിന്, മൊബിലൈസേഷൻ അഡ്വാൻസായി 22,600 രൂപ നൽകിയെന്നും 67,415 രൂപയുടെ പ്രവൃത്തി ചെയ്തുവെന്നും ആദ്യത്തെ പാർട്ട് ബിൽ 45,364 രൂപ നൽകിയെന്നും പാർട്ട് ബില്ലിന്റെ തുക എത്രയാണോ അത്ര ശതമാനമാണ് മൊബിലൈസേഷൻ അഡ്വാൻസിൽ നിന്ന് റിക്കവർ ചെയ്തുവരുന്നത് എന്നും സെക്രട്ടറി-ഇൻ-ചാർജ്ജ് വ്യക്തമാക്കി. 90,467 രൂപയുടെ ഫുൾ വാല്വേഷൻ വന്നിരുന്നുവെങ്കിൽ അഡ്വാൻസ് മുഴുവനും തിരിച്ചുപിടിക്കാമായിരുന്നുവെന്നും ടിയാൻ കൂട്ടിച്ചേർത്തു.

177. പ്രസ്തുത പ്രവൃത്തി, കൺവീനർ വർക്കായിരുന്നെന്നും 2004-05-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ആയതിന്റെ ഫൈനൽ ബിൽ തയ്യാറായിട്ടുണ്ടെന്നും സെക്രട്ടറി-ഇൻ-ചാർജ്ജ് സമിതിയെ അറിയിച്ചു. മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

178. സ്റ്റോക്ക് രജിസ്റ്ററിൽ 22 ബാരൽ ബിറ്റുമിൻ കുറച്ചുകാണുന്നതിനെ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, 11 ബാരൽ ബിറ്റുമിൻ ഇറക്കി വയ്ക്കുമ്പോൾ കല്ല് കുത്തിക്കയറി ഫീൽഡിൽ തന്നെ ഒലിച്ചുപോയെന്നും ബാക്കി 11 എണ്ണമാണ് സ്റ്റോക്കിൽ കാണാത്തതെന്നും മറ്റൊരു റോഡ് ടാറിംഗിന് ബിറ്റുമിൻ ഉപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏത് റോഡിനാണ് അത് ഉപയോഗിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടില്ലെന്നും അന്നത്തെ സെക്രട്ടറിയുടെ പേരിൽ ആർ.ആർ. നടപടിക്കായി 13-6-2010-ന് കളക്ടർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും എന്നാൽ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ശ്രീ. സി. ജെ. വർഗ്ഗീസ് എന്നയാൾ റിട്ടയർ ചെയ്തുവെന്നും സെക്രട്ടറി-ഇൻ-ചാർജ്ജ് വ്യക്തമാക്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകണമെന്ന് പഞ്ചായത്ത് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

179. വല്ലൂർ ഗിരിജൻ കോളനി ഫാം ഹൗസുമായി ബന്ധപ്പെട്ട് സമിതി വിശദീകരണം ആരാഞ്ഞതിന് 12,125 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിൽ 12,000 രൂപ ട്രഷറിയിലും 125 രൂപ പഞ്ചായത്ത് ഓഫീസിലും അടച്ചിട്ടുണ്ടെന്നും സെക്രട്ടറി-ഇൻ-ചാർജ്ജ് മറുപടി നൽകി.

180. രേഖകൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പ്രസ്തുത പണിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് നഷ്ടം സംഭവിച്ച തുകയുടെ പലിശ ഈടാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, മുഴുവൻ തുകയും തിരികെ ഈടാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി-ഇൻ-ചാർജ്ജ് വ്യക്തമാക്കി.

181. സർക്കാർ നൽകിയ അധികവിവര റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

പ്രവൃത്തിയുടെ കൺവീനറായ ശ്രീ. ടി. കെ. മണികണ്ഠൻ താഴത്തുപുര വീട്, വെട്ടുകാട് എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് ജില്ലാ കളക്ടർ 21-11-2007-ൽ കളക്ടറേറ്റ് ജി4/2007/57968/8 നമ്പരായി തഹസിൽദാർക്ക് നിർദ്ദേശം നൽകിയെങ്കിലും നാളിതുവരെ തുക പിരിച്ചെടുത്തിട്ടില്ല. ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എ 2/514/07 നമ്പരായി 10-6-2010-ലും 14-2-2011-ലും തഹസിൽദാർക്ക് കത്ത് നൽകിയിട്ടുണ്ട്.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പ്രാദേശിക പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

<u>മാന്ദാമംഗലം ഫീഡ് ചാൽ നിർമ്മാണം {(3.8.1.4.2.(3)}</u>

182. മേൽ നിർമ്മാണ പ്രവൃത്തിയുടെ കൺവീനറായ ശ്രീ. ബാബു പെരുവേലിയിൽ നിന്നും മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 7,954 രൂപയും 2% പലിശയായ 9,227 രൂപയും കളക്ഷൻ ചാർജ്ജായ 860 രൂപയും അടക്കം ആകെ 18,041 രൂപ തിരിച്ചുപിടിക്കുന്നതിനുള്ള ആർ.ആർ. നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10-6-2010-ലെ എ 2-514/5/2009 നമ്പർ കത്ത് പ്രകാരം ബഹു. തൃശ്ശൂർ ജില്ലാ കളക്ടർക്ക് ഫോറം നമ്പർ 24 പ്രകാരമുള്ള അഭ്യർത്ഥനാപത്രം അയച്ചിട്ടുണ്ട്. തുടർ നടപടികൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

<u>വല്ലൂർ ഗിരിജൻ കോളനി ഫാം ഹൗസ് {(3.8.1.4.2.(4)}</u>

183. ടി പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻകൂർ നൽകിയ തുകയിൽ (12,125 രൂപ) 12,000 രൂപ തൃശ്ശൂർ സബ് ട്രഷറിയിൽ 26-5-2005-ന് ചെലാൻ നമ്പർ 118 ആയി അടവാക്കിയതും ബാക്കി തുക 125 രൂപ ഗ്രാമപഞ്ചായത്തിന്റെ 22-7-2005-ലെ രശീതി നമ്പർ 24/44302 പ്രകാരം അടവാക്കുകയും ചെയ്തിട്ടുള്ളത് ഒറിജിനൽ ചെലാനും രശീതിയും കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പലിശയിനത്തിൽ ലഭിക്കേണ്ട തുക ഈടാക്കിയതായി കാണുന്നില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

**184. മാന്ദാമംഗലം ഫീഡ് ചാൽ നിർമ്മാണത്തിനായി മുൻകൂർ നല്കിയ തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്താനും**

**നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുവാനും വല്ലൂർ ഗിരിജൻ ഫാം ഹൗസ് നിർമ്മാണത്തിന് പ്രവൃത്തി ആരംഭിക്കാത്തതുമൂലം നഷ്ടം സംഭവിച്ച തുകയുടെ പലിശകൂടി ഈടാക്കുവാനും വനിത മിനി വ്യവസായ എസ്റ്റേറ്റിന്റെ പ്രവൃത്തിക്ക് നല്കിയ മുൻകൂർ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ സമർപ്പിക്കാനും ബിറ്റുമിൻ ഉപയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിന് നഷ്ടത്തുക ഈടാക്കുവാനുള്ള റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി ചെലവ് 50.4 ലക്ഷത്തിന് രേഖയില്ല**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, 2001-02; ഖണ്ഡിക 22)**

50,95,327 രൂപയുടെ പദ്ധതി വിഹിതം ചെലവ് വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ഗുണഭോക്തൃ സമിതി നിർവ്വഹിച്ച സമ്പൂർണ്ണ കക്കൂസ് നിർമ്മാണം, നേതാജി കിണർ നിർമ്മാണം എന്നിവയുടെ വൗച്ചറുകളും ഇതിൽപ്പെടുന്നു. 1999/2000-ത്തിലെ 18,64,808 രൂപയുടെയും 2000-01-ലെ 32,30,519 രൂപയുടെയും വൗച്ചറുകളാണ് ഹാജരാക്കേണ്ടത്. പഞ്ചായത്ത് രാജ് പരിശോധനാ സംവിധാനവും ഓഡിറ്റ് ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വകുപ്പുതല അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക 3.8.I.4.3.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

185. വിഷയം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, 50.4 ലക്ഷത്തിൽ 3,16,000 രൂപയുടെ വൗച്ചറുകൾ ലഭ്യമായിട്ടുണ്ടെന്നും ഓഫീസ് ഷിഫ്റ്റ് ചെയ്ത കാരണത്താൽ രേഖകൾ കാണാതാകുകയാണുണ്ടായതെന്നും പത്രമാസികകളുടെ വില്പന, പോഷകാഹാര വിതരണം, സാമൂഹ്യവനവത്കരണം, വനിതാ സ്വാശ്രയ സംഘ പരിശീലനം, സമ്പൂർണ്ണ കക്കൂസ് നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികളായിരുന്നു പ്രോജക്റ്റിൽ ഉൾപ്പെട്ടിരുന്നതെന്നും അതിൽ മൈത്രി ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ഹൗസിംഗ് ബോർഡിന് അടച്ച തുകയ്ക്ക് (30 ലക്ഷം രൂപ) അവിടെനിന്ന് സർട്ടിഫിക്കറ്റ് വാങ്ങാൻ കഴിയുമെന്നും പുത്തൂർ സെക്രട്ടറി-ഇൻ-ചാർജ്ജ് വിശദീകരിച്ചു.

186. ബാക്കി 20 ലക്ഷത്തോളം രൂപ എങ്ങനെ ചെലവായി എന്നുള്ളതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്നും ഗുണഭോക്തൃ ലിസ്റ്റ്, റെസൊല്യൂഷൻസ്, പ്രോജക്ടുകളുടെ മിനിട്ട്സ് എന്നിവ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

187. മൈത്രീ ഭവന പദ്ധതിക്കായി ഭവനനിർമ്മാണ ബോർഡിൽ അടച്ച തുകയുടെ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

188. ആകെ നിരാകരിച്ച 50,95,327 രൂപയിൽ 18,64,808 രൂപ 1999-2000 ജനകീയാസൂത്രണ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടതും 32,30,519 രൂപ 2000-01 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നതുമാണ്. ഇതിൽ സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട് ചെലവഴിച്ച 45,000 രൂപയുടെ വൗച്ചറും കൈപ്പറ്റ് രശീതിയും ഹാജരാക്കിയിരുന്നു. കൂടാതെ സമ്പൂർണ്ണ കക്കൂസ് നിർമ്മാണത്തിനായി ചെലവഴിച്ച 2,71,900 രൂപയുടെ വൗച്ചറുകളും പരിശോധിക്കുകയുണ്ടായി. എന്നാൽ മേൽ വിവരിച്ച തുകയുടേയും വിനിയോഗ വിവരങ്ങളോ മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ ഗുണഭോക്തൃ ലിസ്റ്റോ ഒന്നുംതന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. അവശേഷിക്കുന്ന 47,78,427 രൂപയുടെ ചെലവ് രേഖകൾ ഇനിയും പരിശോധനയ്ക്കായി ഹാജരാക്കാനുണ്ട്.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

189. മൈത്രീ ഭവനനിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ ഒടുക്കിയ 44,06,617 രൂപയുടെ റെമിറ്റൻസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 4-9-2010-ൽ എ 2-514/4/07 നമ്പറായി കത്ത് നൽകുകയും പിന്നീട് 2 പ്രാവശ്യം ആ ഓഫീസിൽ പോകുകയും ചെയ്തുവെങ്കിലും കാലപ്പഴക്കം ഉള്ള രേഖകളായതിനാൽ രേഖകൾ തിരഞ്ഞ് കണ്ടെത്തുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധമായ വിവരങ്ങൾ സമർപ്പിക്കുന്നതിന് 30 ദിവസത്തെ സമയം അനുവദിക്കുന്നതിന് അപേക്ഷിക്കുന്നു.

190. 3,06,900 രൂപയുടെ വൗച്ചറുകൾ ലഭ്യമായ വിവരം 2010 ജൂൺ മാസത്തിൽ നിയമസഭാ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ബോധിപ്പിച്ച സമയത്ത് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഹാജരുണ്ടായിരുന്നതിനാൽ ഇക്കാര്യം രേഖാമൂലം അറിയിക്കും മുമ്പുതന്നെ 2010 ജൂൺ മാസത്തിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ, ഓഡിറ്റ് പഞ്ചായത്ത് ഓഫീസിൽവന്ന് പ്രസ്തുത ഫയലുകൾ പരിശോധിച്ചിട്ടുള്ളതാണ്.

## നിഗമനങ്ങൾ/ശിപാർശകൾ

**191. ഓഡിറ്റ് തടസ്സപ്പെടുത്തിയ 50,95,327 രൂപയിൽ 3,16,900 രൂപയുടെ വൗച്ചറുകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. മൈത്രീ ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഭവന നിർമ്മാണ ബോർഡിൽ ഒടുക്കിയതായി പറയപ്പെടുന്ന തുകയായ 44,06,617 രൂപയുള്ള റെമിറ്റൻസ് സർട്ടിഫിക്കറ്റ് സമർപ്പിക്കുവാൻ**

**30 ദിവസത്തെ സമയം അനുവദിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 23-6-2011-ാം തീയതി സമർപ്പിച്ച അധികവിവര റിപ്പോർട്ടിൽ അപേക്ഷിച്ചിരുന്നു. എന്നാൽ പ്രസ്തുത റെമിറ്റൻസ് സർട്ടിഫിക്കറ്റ് സമർപ്പിച്ചത് സംബന്ധിച്ച യാതൊരു വിവരവും നാളിതുവരെ സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് ഗുരുതരമായ കൃത്യവിലോപവും വീഴ്ചയുമാണെന്ന് സമിതി വിലയിരുത്തുന്നു. സമിതി ആവശ്യപ്പെട്ട വിവരം സമിതിയോട് ഉറപ്പ് നല്കിയ സമയപരിധിക്കുള്ളിൽ ലഭ്യമാക്കാത്തതിനുള്ള വിശദീകരണം നൽകുന്ന തോടൊപ്പം ഇനിയും രേഖകൾ ഹാജരാക്കുവാൻ അവശേഷിക്കുന്ന 47,78,427 രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകളും ഓഡിറ്റിന് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം പ്രസ്തുത തുക ഉത്തരവാദികളിൽനിന്നും ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

### 2.2 ലക്ഷം ചെലവഴിച്ച് റീ-ടാറിംഗ് ഉപേക്ഷിച്ചു
### (ഓഡിറ്റ് റിപ്പോർട്ട് 2000-01, 2001-02; ഖണ്ഡിക 8)

ഫണ്ട് ഉറപ്പാക്കാതെ തുടങ്ങിയ 6.5 ലക്ഷത്തിന്റെ റീ-ടാറിംഗ് 2,22,515 രൂപ ചെലവഴിച്ച് ഉപേക്ഷിച്ചു.

ചോറ്റുപാറ-വട്ടായി റോഡ് റീ-ടാറിംഗാണ് ഉപേക്ഷിച്ചത്. മുൻകൂറും 2 പാർട്ട് ബില്ലുകളുമായി 2,19,564 രൂപ കൺവീനർക്ക് നൽകിയിരുന്നു. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ 2,951 രൂപയും. ചെയ്തിടത്തോളം പണി തൃപ്തികരമെന്ന് മോണിറ്ററിംഗ് റിപ്പോർട്ടുണ്ട്.

കൺവീനർക്ക് 35,028 രൂപ അധികം നൽകിയത് ഈടാക്കിയില്ല. തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

പദ്ധതി വിഹിതം 1,50,000 രൂപയും 5 ലക്ഷം വി.റ്റി.സി. ഗ്രാന്റുമായിരുന്നു. പദ്ധതി അടങ്കൽ വി.റ്റി.സി. ഗ്രാന്റ് ലഭിക്കാത്തതാണ് പണി നിർത്താൻ കാരണമായി പറയുന്നത്. ഇത്തരം പദ്ധതികളിൽ ആദ്യമുറപ്പാക്കേണ്ടതാണ് ഫണ്ട്. ഇത്രയും വലിയ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയത് അനുചിതമായിരുന്നു. 2.2 ലക്ഷത്തോളം പാഴ് ചെലവായ പദ്ധതി അന്വേഷണവിധേയമാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.5.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

192. 6.5 ലക്ഷത്തിന്റെ റീ-ടാറിംഗ് നടത്തിയോ എന്ന് സമിതി ആരാഞ്ഞതിന്: എം.എൽ.എ. ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി മറുപടി നൽകി.

193. എസ്റ്റിമേറ്റ് തയ്യാറാക്കാൻ 2,951 രൂപ നൽകിയത് ആർക്കാണ് എന്ന സമിതിയുടെ ചോദ്യത്തിന് കൺവീനർ വർക്കായിട്ട് ആരംഭിച്ചതിനാൽ അവർക്ക് മുൻകൂർ ആയി നൽകിയ തുകയാണിതെന്നും പഞ്ചായത്തിന് എഞ്ചിനീയർ ഇല്ലാത്തതുകൊണ്ട് പ്രൈവറ്റ് എഞ്ചിനീയറെക്കൊണ്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും സെക്രട്ടറി വ്യക്തമാക്കി.

194. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് അധികം നൽകിയ തുക ഈടാക്കിയിട്ടുണ്ടെന്നും പണി പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

195. **പദ്ധതിക്ക് അധികം നൽകിയ തുക ഈടാക്കിയിട്ടുണ്ടെന്നും പണി പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് ഡയറക്ടറുടെ സ്ഥിരീകരണത്തിന്റെ അടിസ്ഥാന ത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ ക്രമപ്പെടുത്തിയില്ല**
**(ഓഡിറ്റ് റിപ്പോർട്ട് 2000-01; ഖണ്ഡിക 8, 9)**

വിവിധ മരാമത്ത് പണികൾക്ക് കൺവീനർമാർക്ക് നൽകിയ മുൻകൂറുകളിൽ മൂല്യനിർണ്ണയത്തിനുശേഷം ക്രമപ്പെടുത്തുവാനുള്ള 27,622 രൂപ ഈടാക്കിയില്ല. നിയമനടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.5.2.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

196. മുൻകൂർ നൽകിയ 27,622 രൂപ തിരികെ ഈടാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

197. പുളാശ്ശേൽ ഹരിജൻ കോളനി റോഡ് പൂർത്തിയാക്കി ശരിയാക്കിയിട്ടുള്ളതിനാൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി വ്യക്തമാക്കി.

198. തിരൂർ കിഴക്കേ അങ്ങാടി ശുദ്ധജലവിതരണ പദ്ധതിയുടെ ഒന്നാം ഘട്ടവും 2-ാം ഘട്ടവും മുളങ്കുന്നത്തുകാവ് കല്ല്യേപ്പാടി റോഡ് നിർമ്മാണം വടക്കേച്ചിറ നഴ്സറി സ്കൂൾ കെട്ടിടനിർമ്മാണം എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പ് നൽകിയതിന്റെയും ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

**199. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും മൂല്യനിർണ്ണയത്തിനുശേഷം ക്രമപ്പെടുത്തുവാനുള്ള തുക തിരികെ ഈടാക്കിയിട്ടുണ്ടെന്നുമുള്ള സെക്രട്ടറിയുടെ മറുപടിയുടേയും ആയത് ബോദ്ധ്യപ്പെടുന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ സ്പഷ്ടീകരണത്തിന്റെയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കടവല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പദ്ധതികൾ ഉപേക്ഷിച്ചു; മുൻകൂറുകൾ ഈടാക്കിയില്ല**
**[ഓഡിറ്റ് റിപ്പോർട്ട് 2000-01, 2001-02; ഖണ്ഡിക 8, 10 (2)]**

പദ്ധതികൾ ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടും അവയ്ക്ക് നൽകിയ സമാഹരണ മുൻകൂറുകൾ ഈടാക്കിയില്ല.

ജനകീയാസൂത്രണ വർഷങ്ങളിലെ 5 പദ്ധതികളാണ് ഉപേക്ഷിക്കാൻ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചത്. ഇവയ്ക്ക് പദ്ധതി വിഹിതത്തിൽ നിന്നും 1,04,200 രൂപ മുൻകൂർ നൽകിയിരുന്നു. മുൻകൂർ നൽകി വർഷങ്ങൾക്കുശേഷമാണ് പദ്ധതികൾ ഉപേക്ഷിക്കാൻ തീരുമാനിച്ചത്. തീരുമാനത്തിന് കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല.

ഉപേക്ഷിച്ച പദ്ധതികൾക്ക് 1998-99, 1999-2000, 2000-01, 2001-02 വർഷങ്ങളിലായാണ് മുൻകൂർ നൽകിയത്. ഇവയിൽ 3 എണ്ണം ജലവിതരണ പദ്ധതികളാണ്. സമാഹരണ മുൻകൂർ നൽകിയശേഷം പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഗ്രാമപഞ്ചായത്ത് ശ്രമിച്ചതിന് തെളിവില്ല

പൊതുപണം കൈവശം സൂക്ഷിക്കാൻ വ്യക്തികൾക്ക് മുൻകൂർ നൽകി, പദ്ധതികൾ ഉപേക്ഷിക്കുന്നത് വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രസക്തി നശിപ്പിക്കുന്നതാണ്. പഞ്ചായത്തിന്റെ നിരുത്തരവാദപരമായ തീരുമാനത്തിലൂടെ ജനങ്ങൾക്ക് വികസനം നിഷേധിക്കപ്പെട്ടത് അന്വേഷിക്കേണ്ടതും മുൻകൂർ നൽകിയ തുകകൾ നിയമപ്രകാരമുള്ള പിഴപ്പലിശ ചുമത്തി ഈടാക്കേണ്ടതുമാണ്.

കൂടാതെ ഭാഗികമായി പണിത് ഉപേക്ഷിച്ച കറുക്കൻകുന്ന് സ്റ്റേറ്റ് ഹൈവേക്ക് കൺവീനർക്ക് അധികം നൽകിയ 30,492 രൂപ ഈടാക്കേണ്ടതാണ്. പണി ഉപേക്ഷിക്കേണ്ടിവന്നത് അന്വേഷിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.7.1]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

200. പദ്ധതി ഉപേക്ഷിക്കുന്ന അവസരത്തിൽ മുൻകൂർ നൽകിയ തുക തിരികെ വാങ്ങേണ്ടതല്ലേയെന്ന് സമിതിയുടെ ചോദ്യത്തിന് അപ്രകാരം വാങ്ങേണ്ടതായിരുന്നെന്നും എന്നാൽ മുൻകൂർ തിരികെ വാങ്ങിയിരുന്നില്ലെന്നും കൺവീനർക്കെതിരെയുള്ള ആർ.ആർ. നടപടിക്ക് 4-10-2007-ൽ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും നടപടി പുരോഗമിക്കുന്നുവെന്ന് വില്ലേജോഫീസിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

201. പഞ്ചായത്തിനുതന്നെ ആർ.ആർ. നടപടി സ്വീകരിക്കുന്നതിനുള്ള അധികാരമില്ലേയെന്ന് സമിതി ആരാഞ്ഞതിന് ആർ.ആർ. നടപടിക്ക് നോട്ടീസ് നൽകിയിരുന്നെന്നും സ്ഥലത്ത് പോയി പരിശോധിച്ചതിൽ ഒന്ന് രണ്ട് സ്ഥലത്ത് മാത്രമേ പണം തിരിച്ചുപിടിക്കുന്നതിനുള്ള സോഴ്സുള്ളൂ എന്ന് മനസ്സിലായെന്നും സെക്രട്ടറി മറുപടി നൽകി. കൺവീനറുടെ പക്കൽനിന്നും തുക ഈടാക്കാൻ സാധിക്കുകയില്ലെങ്കിൽ പണം ആരാണോ നൽകിയത് ആ വ്യക്തിയിൽനിന്നുംതന്നെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശം നൽകി.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

202. 4-10-2007, 3-6-2010 എന്നീ തീയതികളിൽ ആർ.ആർ. നടപടിക്കപേക്ഷിച്ചിട്ടുള്ളതും 15-6-2010-ലെ തെളിവെടുപ്പു യോഗനിർദ്ദേശത്തെതുടർന്ന് 21-6-2010-ൽ എ 1/06/07 നമ്പറായി ആർ.ആർ. നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വീണ്ടും അപേക്ഷിച്ചിട്ടുള്ളതും നടപടികൾ വില്ലേജ് ഓഫീസ് തലത്തിൽ എത്തിയിട്ടുള്ളതുമാണ്.

### നിഗമനങ്ങൾ/ശിപാർശകൾ

203. **ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട് കൺവീനർമാരുടെ പക്കൽ നിന്നും ആർ.ആർ. നടപടിയിലൂടെ തുക ഈടാക്കാൻ നിർദ്ദേശിച്ചതിന്റെ നിലവിലെ അവസ്ഥയും ഈടാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ ആയതിന് ഉത്തരവാദിയായ വ്യക്തിയിൽ നിന്നും തുക തിരിച്ചീടാക്കി അടിയന്തരമായി റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു.**

## മാടക്കത്തറ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ചെലവ് രേഖയില്ല**
**(ഓഡിറ്റ് റിപ്പോർട്ട് 2000-02; ഖണ്ഡിക 13, 17)**

നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, വെറ്ററിനറി സർജൻ എന്നിവരാണ് 3,35,319 രൂപയുടെ പദ്ധതി വിഹിതം, ചെലവു രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തത്. രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത നിർണ്ണയിക്കാനായിട്ടില്ല. അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.8.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

204. സമാഹൃത റിപ്പോർട്ടിൽ ഓഡിറ്റ് പരാമർശം വന്നശേഷം ഹാജരാക്കിയ രേഖകൾ പരിശോധിച്ചുവെന്നും അതിൽ അപാകതകളൊന്നുമില്ലെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

205. **രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത നിർണ്ണയിക്കാൻ സാധിക്കാതെ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച രേഖകൾ പിന്നീട് ഹാജരാക്കിയെന്നും ആയത് പരിശോധിച്ച് അപാകതകളില്ലെന്ന് ബോധ്യപ്പെട്ടുവെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സമാഹരണ മുൻകൂർ തിരിച്ചുപിടിച്ചില്ല**
**(ഓഡിറ്റ് റിപ്പോർട്ട് 2000-02; ഖണ്ഡിക 10)**

പണി തുടങ്ങാത്ത വിവിധ മരാമത്ത് പദ്ധതികൾക്ക് നൽകിയ സമാഹരണ മുൻകൂറുകൾ 85,102 രൂപ തിരിച്ചുപിടിച്ചില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.8.2.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

206. സമാഹരണ മുൻകൂർ തിരിച്ചുപിടിച്ചോ എന്ന് സമിതി ആരാഞ്ഞതിന്, തുക ഈടാക്കുന്നതിന് ആർ.ആർ. നടപടിക്ക് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും കളക്ടർ മുഖേന ആർ.ആർ. നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി. പതിനഞ്ച് ദിവസത്തിനകം ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

207. മാടക്കത്തറ തോട്ടിൽ തടയണ നിർമ്മാണം സംബന്ധിച്ച് കുറവുവന്ന തുക ഈടാക്കിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് മുൻകൂർ തുകയായ 18,750 രൂപയും പലിശ 1,026 രൂപയും ചേർന്ന് 19,776 രൂപ ഈടാക്കിയെന്ന് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി.

208. ബെനിഫിഷ്യറി കമ്മിറ്റി കൺവീനർ പണം വാങ്ങി ബാങ്കിലിടുകയും എന്തോ കാരണത്താൽ പണി നടക്കാതെവന്നതിനാൽ ആ തുക തിരികെ നൽകിയെന്നും എസ്.പി.ഒ.യും കൺവീനർ പണി നടത്താതെ ബാങ്കിൽ തന്നെ നിക്ഷേപിച്ചിരിക്കുകയായിരുന്നെന്ന് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയും സമിതിയിൽ വ്യക്തമാക്കി. കൺവീനർ മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങുകയും പ്രവൃത്തി ചെയ്യാതിരിക്കുകയും ബാങ്കിൽ നിന്നും പണം പിൻവലിക്കാതിരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബാങ്കിൽ കണക്കിൽവന്ന പലിശ സഹിതം തിരികെ ഈടാക്കണമെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്നും അപ്രകാരമാണ് ചെയ്തിരിക്കുന്നതെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

209. പുതുനഗർ കോളനി റോഡ് അഭിവൃദ്ധിപ്പണി സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, ആദ്യത്തെ മൂന്ന് പ്രവൃത്തികൾ സെററിൽ ചെയ്തിട്ടുണ്ടെന്ന് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

210. വെറ്റിലപ്പാറ തോട്ടിൽ തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ മുൻകൂർ തുക തിരിച്ചുപിടിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ഇതുമായി ബന്ധപ്പെട്ട് കൺവീനറുടെ കയ്യിൽനിന്ന് തുക തിരിച്ചുപിടിക്കുന്നതിന് കളക്ടർ മുഖേന ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കൺവീനർ ഇപ്പോൾ പഞ്ചായത്ത് അതിർത്തിയിലല്ല താമസിക്കുന്നതെന്നും ആളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഡിമാന്റ് നോട്ടീസ് പതിച്ചുനടത്തി എന്നാണ് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി. കൺവീനർ ആരാണെന്ന് കണ്ടുപിടിക്കാൻ കഴിയുന്നില്ലെങ്കിൽ കൺവീനറുമായി കരാറിൽ ഏർപ്പെട്ട സെക്രട്ടറിയുടെ പക്കൽനിന്നും തുക ഈടാക്കേണ്ടതായി വരും എന്ന് സമിതി ചൂണ്ടിക്കാട്ടി.

211. ആർ.ആർ. നടപടിയുടെ പുരോഗതി, കൺവീനറെ സംബന്ധിച്ച വിശദാംശങ്ങൾ തുടങ്ങിയവ സംബന്ധിച്ച് രണ്ടാഴ്ചയ്ക്കകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ സർക്കാർ ലോക്കൽ ഫണ്ട് ഓഡിറ്റ് മുഖേന ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

212. അക്കരപ്പുറം 41-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം, (2000-01) ഗുണഭോക്തൃ കമ്മിറ്റി കൺവീനറിൽനിന്ന് അഡ്വാൻസ് തുക ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചതനുസരിച്ച് കമ്മിറ്റിയുടെ ജോയിന്റ് അക്കൗണ്ട് കണക്കിൽ വരവുവന്ന പലിശ സഹിതം 31,367 രൂപ 31-3-2004-ന് 64/23661-ാം നമ്പർ രശീതി പ്രകാരം പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്.

213. കൺവീനറായ ശ്രീ. രമേഷ് എന്നയാൾ 24,120 രൂപ മുൻകൂർ കൈപ്പറ്റിയത് വസൂലാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നൽകിയിരുന്നു. മറുപടി ലഭിച്ചിട്ടില്ല. മാടക്കത്തറ വില്ലേജ് ഓഫീസറോട് അന്വേഷിച്ചതിൽ ടി രമേഷിന്റെ പേരിൽ സ്ഥാവര വസ്തുക്കൾ ഇല്ല എന്നും ജംഗമമായി ഒരു ഓട്ടോറിക്ഷ മാത്രമാണ് ഉള്ളതെന്നും ആയത് ജപ്തി ചെയ്യുന്നതിന് കണ്ടുകിട്ടിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

**214. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതിൽ മുൻകൂർ തിരിച്ചടച്ച ഇനങ്ങളിലെ തടസ്സം ഒഴിവാക്കാനും മറ്റിനങ്ങളിലെ ആർ.ആർ. നടപടി ത്വരിതപ്പെടുത്തുവാനും പുരോഗതി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പഞ്ചായത്ത് ഓഫീസ് പണി പൂർത്തിയാക്കിയില്ല**
**(ഓഡിറ്റ് റിപ്പോർട്ട് 2000-01; ഖണ്ഡിക 18)**

ലക്ഷങ്ങൾ ചെലവഴിച്ച ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പണി പൂർത്തിയാക്കി അവസാന ബിൽ തയ്യാറാക്കിയില്ല.

1999-2000-ത്തിലെ പദ്ധതിക്ക് സമാഹരണ/സെക്യൂർഡ് മുൻകൂറുകളും 2 ഭാഗിക ബില്ലുകളുമായി 5,33,261 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കാഞ്ഞത് അന്വേഷിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.9.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

215. 2005-ൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പ് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

216. **പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പഴയന്നൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കരാറുകാരന് അധികം തുക നല്കി**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000, 2001-02; ഖണ്ഡിക 8)**

പ്രവൃത്തി മൂല്യത്തിൽ 61,301 രൂപ അധികം നൽകി മരാമത്ത് ബിൽ തീർപ്പാക്കി. വെണ്ണൂർ-വട്ടപ്പാറ റോഡ് ടാറിങ്ങിന് അളവ് പുസ്തകം (14/2000-01; പേജ് 15-24) പ്രകാരം കരാറുകാരന്റെ ലാഭം അടക്കം 1% ടെണ്ടർ കിഴിവ് ഉൾപ്പെടെ മൊത്തം മൂല്യം

96,516 രൂപയാണ്. എന്നാൽ വിവിധ ചെക്കുകളിലായി കരാറുകാരന് 1,52,663 രൂപ നൽകി. 61,301 രൂപ അധികം നൽകിയതിന് വിശദീകരണം ഇല്ല. പൊതുപണം ഇത്തരത്തിൽ ദുർവ്യയം ചെയ്യുന്നത് ഗൗരവമായി കാണേണ്ടതും അധികം നൽകിയ തുക പലിശ സഹിതം തിരിച്ച് ഈടാക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.10.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

217. കരാറുകാരന് അധികം തുക നൽകിയിട്ടില്ലെന്നും 2000-01-ലെയും 2001-02-ലെ വിവിധ പ്രവൃത്തികൾക്ക് വ്യത്യസ്ത കരാറുകാർക്ക് വ്യത്യസ്ത കാലഘട്ടങ്ങളിൽ നടത്തിയ പേയ്മെന്റ് ആണ് ഇതെന്നും റോഡിന്റെ പേര് മാത്രം ഒന്നാണെന്നും സെക്രട്ടറി ശ്രീമതി എൻ. ഒ. ലില്ലി സമിതിയെ അറിയിച്ചു. രേഖകൾ എല്ലാം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങൾ/ശിപാർശകൾ

218. **കരാറുകാരന് അധിക തുക നൽകിയിട്ടില്ലെന്നും പരാമർശ കാലയളവിൽ വിവിധ പ്രവൃത്തികൾക്ക് വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത കരാറുകാർക്ക് നൽകിയ തുകയാണെന്നും അവയുടെ രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## നാട്ടിക ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തൃപ്രയാർ ബസ് സ്റ്റാന്റ് ലേലം; ഭീമമായ നഷ്ടം**
**(ഓഡിറ്റ് റിപ്പോർട്ട് 2001-02; ഖണ്ഡിക 3)**

2002-03-ലെ ബസ് സ്റ്റാന്റ് ലേലം മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയ്ക്ക് ഉറപ്പിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് ഭീമമായ നഷ്ടമുണ്ടായി. തലേവർഷം (2001-02) 1,82,000 രൂപയായിരുന്ന ലേലത്തുക തൻവർഷം കുറയാനുണ്ടായ കാരണം സമയോചിതമായ നടപടിയുടെയും വ്യാപകമായ ലേല പരസ്യത്തിന്റെയും അഭാവമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.11.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

219. ലേലം ഉറപ്പിച്ചപ്പോൾ മുൻവർഷത്തേക്കാൾ എത്ര രൂപയുടെ വ്യത്യാസം ആണ് വന്നതെന്നും അപ്രകാരം വന്നതിന്റെ കാരണവും സമിതി ആരാഞ്ഞതിന്, 2002-03-ൽ ലേലം നടത്തിയപ്പോൾ ആദ്യം 1,75,000 രൂപ വരെ വന്നുവെന്നും കൂടുതൽ തുക കിട്ടാൻ കമ്മിറ്റി വീണ്ടും 30-3-2003-ൽ ലേലത്തിൽവച്ചെങ്കിലും അത്രയും തുക പിന്നീട് വരാത്തതിനാൽ വന്നതിൽ ഏറ്റവും ഉയർന്ന തുക കമ്മിറ്റി അംഗീകരിക്കുകയാണ് ഉണ്ടായതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നേരിട്ട് പ്രദേശിക പരിശോധന നടത്തുകയുണ്ടായെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു

## നിഗമനങ്ങൾ/ശിപാർശകൾ

220. **ആദ്യം നടത്തിയ ലേലത്തിൽ മുൻവർഷത്തേക്കാൾ ലേലത്തുക കുറഞ്ഞുമൂലം ഒരിക്കൽകൂടി ലേലം നടത്തിയെങ്കിലും അത്രയും തുക ലഭിക്കാത്തതിനാൽ ഉയർന്ന തുക കമ്മിറ്റി അംഗീകരിക്കുകയാണുണ്ടായതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് പ്രാദേശിക പരിശോധന നടത്തി ആയത് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ അപാകതകൾ**
**(ഓഡിറ്റ് റിപ്പോർട്ട് 2001-02; ഖണ്ഡിക 9)**

ഗ്രാമപഞ്ചായത്തിന്റെ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണമാണ്. മരാമത്ത് പണികൾക്ക് വിനിയോഗിക്കാനായി വാങ്ങിയതും വിതരണം നടത്തിയതുമായ അളവുകൾ രേഖപ്പെടുത്തി രജിസ്റ്റർ പൊരുത്തപ്പെടുത്തി കൃത്യമാക്കിയിട്ടില്ല. ഇന്ത്യൻ ഓയിൽ കോർപ്പറേഷന് 2,61,614 രൂപ നൽകിയതായി കാണുന്നു. എന്നാൽ കോർപ്പറേഷന്റെ എല്ലാ ബില്ലുകളും ഹാജരാക്കിയിട്ടില്ല. രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താത്തതിനാൽ ടാർ ദുർവിനിയോഗം നടത്താനും ധനനഷ്ടത്തിന് സാദ്ധ്യതയുള്ളതായും സംശയിക്കുന്നു. ഭരണ വകുപ്പിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. ചെലവ് 2,61,614 രൂപ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.I.11.2.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക്, സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

221. ടാറിന്റെ വില ഈടാക്കിയിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തിയ പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്ററിൽ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**222. സ്റ്റോക്ക് രജിസ്റ്ററിൽ ടാറിന്റെ വിതരണ വിവരങ്ങളുൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയിൽ കൃത്യമായി ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ മറുപടി തൃപ്തികരമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**കായികശില്പശാല; അംഗീകാരമില്ലാതെ ചെലവ്**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 25)**

കായികശില്പശാലയ്ക്ക് യാതൊരു നിയന്ത്രണവുമില്ലാതെ 1.5 ലക്ഷത്തിലധികം രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചു. 2000 ജനുവരിയിലെ ദ്വിദിന ശില്പശാലയ്ക്ക് ആകെ 2,50,075 രൂപ ചെലവ് കാണുന്നു. ഇതിൽ 95,625 രൂപയ്ക്ക് മാത്രമാണ് ആസൂത്രണ ബോർഡിന്റെ അംഗീകാരം. സാമ്പത്തിക അച്ചടക്കമില്ലാതെ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് ഗൗരവമായി കാണേണ്ടതും അംഗീകാരമില്ലാത്ത ചെലവ് 1,54,450 രൂപയ്ക്ക് സർക്കാർ സാധൂകരണം വാങ്ങേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക നമ്പർ 3.8.1.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക്, സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

223. കായികശില്പശാല നടത്തിയതിന് സർക്കാർ അംഗീകാരമില്ലാതെ 1,54,450 രൂപ അധികം ചെലവാക്കിയത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലെന്ന് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി.

224. സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ കിലയിലേക്ക് വിളിച്ചുവരുത്തി പ്രോജക്ട് നടത്താൻവേണ്ടി ആസൂത്രണ ബോർഡ് ചുമതലപ്പെടുത്തുകയായിരുന്നെന്നും തുക പഞ്ചായത്ത് ഫണ്ടിൽനിന്ന് ചെലവഴിക്കാനും പിന്നീട് ആസൂത്രണ ബോർഡ് തിരിച്ചുതരാമെന്നുമായിരുന്നു പറഞ്ഞിരുന്നതെന്നും തുടർന്ന് പല പ്രാവശ്യം പഞ്ചായത്ത് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 95,000 രൂപ ആസൂത്രണ ബോർഡ് തരുകയും ബാക്കി തുകയ്ക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും ചെലവാക്കാനുമുള്ള അനുവാദം ആസൂത്രണ ബോർഡ് തരുകയുമാണ് ഉണ്ടായതെന്നും ടിയാൻ കൂട്ടിച്ചേർത്തു.

225. ആസൂത്രണ ബോർഡിന് അപ്രകാരം അനുവാദം നൽകാൻ അധികാരമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് സർക്കാർ നിർദ്ദേശപ്രകാരം 'ജനകീയാസൂത്രണവും കായിക വികസനവുമെന്ന' വിഷയത്തിൽ സെമിനാർ നടത്തിയതിന് 1,54,523 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച നടപടിക്ക് അനുമതി നൽകിയതായി രേഖാമൂലം അറിയിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു തനത് ഫണ്ടിൽ നിന്നാണ് തുക ചെലവാക്കിയിരിക്കുന്നതെന്നും ആയതിന് ഡി.പി.സി.യുടെ അംഗീകാരമുണ്ടെന്നും സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

226. പ്രോജക്ട് വയ്ക്കുകയും ഓൺ ഫണ്ട് ചെലവഴിക്കാൻ ഡി.പി.സി. അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ടെങ്കിൽ പഞ്ചായത്തിന് അപ്രകാരം ചെയ്യാമെന്നും സർക്കാരിന്റെ അംഗീകാരം ആവശ്യമില്ലെന്നും എസ്.പി.എ.ഒ. സമിതിയിൽ വ്യക്തമാക്കി.

227. പഞ്ചായത്തിന്റെ ഓൺ ഫണ്ട് ആണോയെന്നും പ്രോജക്ട് ഡി.പി.സി. അംഗീകരിച്ചിട്ടുണ്ടോയെന്നും ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

228. പങ്കാളിത്ത പഠന പരമ്പരയുടെ ഭാഗമായി സർക്കാർ നിർദ്ദേശപ്രകാരം "ജനകീയാസൂത്രണവും കായിക വികസനവും" എന്ന വിഷയത്തിൽ സംസ്ഥാനത്തെ 27 പഞ്ചായത്തുകൾ ശില്പശാല നടത്തുകയുണ്ടായി. സംസ്ഥാന ആസൂത്രണ കമ്മീഷന്റെ 9-12-2004-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി തീരുമാനപ്രകാരമാണ് മറ്റ് പഞ്ചായത്തുകളോടൊപ്പം കൈപ്പറമ്പ് പഞ്ചായത്തിലും പ്രസ്തുത

സെമിനാർ നടത്തിയത്. ഇത്തരം ഒരു പരിപാടി നടപ്പിലാക്കാൻ നിർദ്ദേശിക്കാം എന്നല്ലാതെ ആയതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട അധിക ചെലവുകൾക്ക് സാധൂകരണം നൽകാൻ ആസൂത്രണ ബോർഡിന് അധികാരമില്ലാത്തതാണ്.

229. ഡി.പി.സി.യുടെ അംഗീകാരത്തോട് കൂടിയല്ല ഇത്തരമൊരു പ്രോജക്ട് പഞ്ചായത്ത് നടപ്പിലാക്കിയത്. ചെലവ് നടത്തിയ മുഴുവൻ തുകയ്ക്കും സർക്കാരിൽനിന്ന് സാധൂകരണം ലഭിച്ചതിന്റെ രേഖകൾ ഒന്നുംതന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല.

### നിഗമനങ്ങൾ/ശിപാർശകൾ

230. **ഒരു പദ്ധതിയേയോ വിഷയത്തേയോ സംബന്ധിച്ച് ഒരു പരിപാടി സംഘടിപ്പിക്കാൻ നിർദ്ദേശിക്കാമെന്നല്ലാതെ അതിനുള്ള ചെലവുതുക തനത് ഫണ്ടിൽ നിന്ന് അനുവദിക്കാനുള്ള അധികാരം ആസൂത്രണ ബോർഡിനില്ല എന്ന ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി പൂർണ്ണമായും യോജിക്കുന്നു. 'ജനകീയാസൂത്രണവും കായിക വികസനവും' എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ച ഉദ്യോഗസ്ഥർ തനത് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച ചട്ടങ്ങൾ സംബന്ധിച്ച് ബോധവാൻമാരായിരിക്കേണ്ടതാണ്. പ്രസ്തുത ചെലവിന് സാധൂകരണം നൽകാൻ ആസൂത്രണ ബോർഡിന് അധികാരമില്ലെന്നിരിക്കെ, തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടിക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഡി.പി.സി. അംഗീകാരം കിട്ടിയിട്ടുണ്ടെന്നുമുള്ള വാദത്തോടെ ക്രമവിരുദ്ധമായ ചെലവിനെ ന്യായീകരിക്കുവാൻ സാധ്യമല്ല. മാത്രമല്ല ടി ചെലവിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവായ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. സർക്കാർ സാധൂകരണം നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയും അല്ലാത്തപക്ഷം ടി തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുകയും ചെയ്യണമെന്നും ഓഡിറ്റ് വകുപ്പ് അതു പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ നിരക്ക് അധികരിച്ച് സബ്സിഡി ഓഡിറ്റ്**
**(റിപ്പോർട്ട് 1999-2000; ഖണ്ഡിക 41)**

മൃഗസംരക്ഷണ പദ്ധതികൾക്ക് സർക്കാർ നിരക്ക് ലംഘിച്ച് സബ്സിഡി നൽകിയതായി കാണുന്നു. 5-4-1999-ലെ ആസൂത്രണ വകുപ്പിന്റെ ജി. ഒ. (എംഎസ്.)20 ഉത്തരവ് നിർണ്ണയിച്ച നിരക്കിൽ അധിക സബ്സിഡി നൽകിയതിനാൽ 1999-2000-ൽ നിർവ്വഹിച്ച വിവിധ പദ്ധതികൾക്ക് 1,96,406 രൂപ അധിക ചെലവ് കണക്കാക്കുന്നു.

<u>വിശദാംശം</u> :

(1) മിനി ഡെയറി യൂണിറ്റിന് മേൽ ഉത്തരവ് പ്രകാരം ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് 2,000 രൂപ വീതമാണ് സബ്സിഡി നിർണ്ണയിച്ചത്. എന്നാൽ 10 യൂണിറ്റിന് 10,000 രൂപ വീതം സബ്സിഡി നൽകിയതായി കാണുന്നു. ഇവർ ദുർബ്ബലവിഭാഗത്തിൽപ്പെട്ടവരാണെന്ന് കാണിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. അതിനാൽ അധിക ചെലവ് 80,000 രൂപ.

(2) കാലിത്തീറ്റ സബ്സിഡി 25%-മായി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. ഇതിന് വിരുദ്ധമായി 50% സബ്സിഡി നൽകിയതിനാൽ 26,406 രൂപയുടെ അധിക ചെലവുണ്ട്.

(3) ഒരു വീട്ടിൽ ഒരു പശു പദ്ധതിയിൽ ഗുണഭോക്താവിന് 2,000 രൂപ വീതം സബ്സിഡിക്കാണ് അർഹത.

എന്നാൽ 30 ഗുണഭോക്താക്കൾക്ക് 5,000 രൂപ വീതം സബ്സിഡി അനുവദിച്ചതിനാൽ 90,000 രൂപ അധികം നൽകി.

സർക്കാർ നിരക്ക് മറികടന്ന് നൽകിയ തുക തിരിച്ച് ഈടാക്കുകയോ അധിക ചെലവിന് സാധൂകരണം വാങ്ങുകയോ ചെയ്യേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക 3.8.1.2.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**(എ) മിനി ഡെയറി യൂണിറ്റ്**

231. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരല്ല ഗുണഭോക്താക്കൾ എന്നുള്ളതായിരുന്നു പരാതിയെന്നും പിന്നീടുവന്ന പഞ്ചായത്ത് കമ്മിറ്റി അത് അംഗീകരിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വെറ്ററിനറി സർജൻ മരിച്ചുപോയി എന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി വ്യക്തമാക്കി. 2,000 രൂപയിൽ കൂടുതൽ സബ്സിഡി നൽകാൻ പാടില്ലായെന്ന് വ്യവസ്ഥയുണ്ടോയെന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്നുള്ളതിന് രേഖ കൈവശമുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഗ്രാമസഭ ലിസ്റ്റും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരവും ഉണ്ടെന്നും യഥാർത്ഥത്തിൽ ഗുണഭോക്താക്കൾ ബി.പി.എൽ. ആണെന്നും സെക്രട്ടറി മറുപടി നൽകി.

232. ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ഗുണഭോക്താക്കൾ ബി.പി.എൽ.-ൽ പെട്ടവരാണോ എന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

(ബി)

233. കാലിത്തീറ്റ സബ്സിഡി 25%-മായി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതിന് വിരുദ്ധമായി 50% സബ്സിഡി നൽകിയതിന്റെ കാരണം സമിതി ആരാഞ്ഞതിന് ബി.പി.എൽ. കുടുംബമാണെങ്കിൽ 50% സബ്സിഡി നൽകാമെന്നും ഗ്രാമസഭ അംഗീകരിച്ച കുടുംബങ്ങളാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി.

234. സർക്കാർ നോംസ് മറികടന്ന് പണം അധികം ചെലവാക്കിയതിന് പഞ്ചായത്ത് കമ്മിറ്റി റെസല്യൂഷനെടുത്ത് സർക്കാരിൽനിന്ന് അംഗീകാരം വാങ്ങണമെന്ന് സമിതി ചൂണ്ടിക്കാട്ടി.

235. പ്രസ്തുത വിഷയം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

(സി) **ഒരു വീട്ടിൽ ഒരു പശു**

236. ഒരു വീട്ടിൽ ഒരു പശു എന്ന പദ്ധതിയിൻകീഴിൽ പശുക്കളെ വാങ്ങുന്നതിന് 5,000 രൂപ വീതം ലഭിച്ച ഗുണഭോക്താക്കൾ ബി. പി. എൽ.കാരാണോ എന്ന് ഉറപ്പാക്കുന്ന രേഖകൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

237. ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്ന് തെളിയിക്കുന്ന രേഖകൾ (1999-2000 വർഷത്തെ ഗ്രാമസഭ അംഗീകരിച്ച ബി.പി.എൽ. ലിസ്റ്റ്) പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സർക്കാർ നിരക്ക് അധികരിച്ച് സബ്സിഡി അനുവദിച്ച തുകയ്ക്ക് സർക്കാരിൽനിന്ന് സാധൂകരണം വാങ്ങിയതായ രേഖകളൊന്നുംതന്നെ പ്രാദേശിക പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

238. **ഗുണഭോക്താക്കൾ ബി.പി.എൽ. ആണെന്ന് തെളിയിക്കുന്ന രേഖകളോ സർക്കാരിന്റെ സാധൂകരണം വാങ്ങിയ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്യിരിക്കുകയാണ്. ഇത് ഗുരുതരമായ കൃത്യവിലോപമായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ നിരക്ക് അധികരിച്ച് സബ്സിഡി അനുവദിച്ച തുക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങി ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച് റിപ്പോർട്ട് നൽകുവാനും അല്ലാത്തപക്ഷം അധികമായി സബ്സിഡി നല്കിയതിലൂടെയുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽനിന്ന് ഈടാക്കി റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>2003-04 സമാഹൃത റിപ്പോർട്ട് ഖണ്ഡിക 3.8.1.3 ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 43</u>

**മരാമത്ത് വേലകൾക്ക് അധിക ചെലവ്**

ഗ്രാമപഞ്ചായത്ത് 1999-2000-ത്തിൽ അവസാന ബിൽ തീർപ്പാക്കിയ വിവിധ മരാമത്ത് വേലകൾക്ക് അധിക ചെലവ്. പൊതുമരാമത്ത് നിയമങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി ബില്ലുകളിൽ കണ്ട അപാകതകൾ താഴെ വിവരിക്കും പ്രകാരം ആകുന്നു:

1. ഷെഡ്യൂൾ റേറ്റിൽ തയ്യാറാക്കിയ ബില്ലിൽ ടാർ വിലയും കടത്ത് കൂലിയും കുറയ്ക്കാതെ 1998-99-ൽ അനുവദിച്ച 30% അധിക നിരക്ക് അനുവദിച്ചു.
2. 100 ച.മീ. ടാർ ചെയ്യുന്നതിന് 291 കി.ഗ്രാം ടാർ എന്ന ഐ.ആർ.സി. സ്പെസിഫിക്കേഷൻ ലംഘിച്ച് ചില പണികൾക്ക് കൂടുതൽ ടാർ വിനിയോഗിച്ചു
3. കാലി ടാർ വീപ്പയ്ക്ക് പി.ഡബ്ല്യു.ഡി. നിരക്കിൽ 100 രൂപ വിലയും 10 രൂപ നികുതിയും ഈടാക്കിയില്ല.

മേൽ അപാകതകൾ കണ്ട പണികളുടെ വിവരം :

1. <u>കണ്ണിക്കുളം റോഡ് മെറ്റലിംഗ് ടാറിംഗ്</u> : 36 കാലി ടാർ വീപ്പകളുടെ വില 3,960 രൂപ ഈടാക്കിയില്ല. എം. ബുക്കിന്റെ അഭാവത്തിൽ ചെലവ് 2,05,524 രൂപ തടസ്സപ്പെടുത്തുന്നു.
2. <u>ആറാംപള്ളി പുത്തൻ കോളനി റോഡ് ടാറിംഗ്</u> : ഐ.ആർ.സി. സ്പെസിഫിക്കേഷന് വിരുദ്ധമായി 125 കി.ഗ്രാം ടാർ അധികം നൽകി. 43 കാലി ടാർ വീപ്പകളുടെ വില ഈടാക്കിയില്ല. ഇതിനാൽ 6,278 രൂപ അധികം നൽകി.

3. <u>മുണ്ടൂർ ശങ്കരം കണ്ടം റോഡ് ടാറിംഗ്</u> : അധികം നൽകിയ 434 കി.ഗ്രാം ടാറിന്റെ വിലയും 22 കാലി വീപ്പയുടെ വിലയും കിഴിക്കാതെ 5,225 രൂപ അധികം നൽകി.

4. <u>കിഴക്കമുറി-ആറ്റുവളപ്പിൽ ഹരിജൻ കോളനി റോഡ് ടാറിംഗ്</u> : 324 കി.ഗ്രാം ടാർ അധികം നൽകി. 22 കാലി ടാർ വീപ്പയുടെ വില ഈടാക്കിയില്ല. അതിനാൽ 3,775 രൂപ അധികം നൽകിയതായി കാണുന്നു.

5. <u>പെരുംതൃക്കോവിൽ റോഡ് മെറ്റലിംഗ്-ടാറിംഗ്</u> :

അധികം നൽകിയ 15 കി.ഗ്രാം ടാർ വിലയും 42 ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും ഉൾപ്പെടെ 5,919 രൂപ കുറവ് ചെയ്തില്ല.

മുകളിൽ വിവരിച്ച പണികൾക്ക് ആകെ അധികം നൽകിയ 25,157 രൂപ (3960+6278+5225+3775+5919) ഉത്തരവാദികളിൽനിന്ന് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക 3.8.1.3.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**കണ്ണിക്കളം റോഡ്-മെറ്റലിംഗ്-ടാറിംഗ് :**

239. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ റിക്വയർമെന്റ് അനുസരിച്ചാണ് ബിറ്റുമിൻ വാങ്ങിയതെന്നും മെഷർമെന്റ് റെക്കോർഡ് ചെയ്തിട്ടുണ്ടെന്നും കാലി ടാർ വീപ്പ ലേലം ചെയ്ത തുക പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ടെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി സമിതിയെ അറിയിച്ചു.

240. റോഡ് വർക്കിന് ഷെഡ്യൂൾഡ് റേറ്റിന് പുറമെ 30% അധികം നൽകാമെന്ന് സർക്കാർ വ്യവസ്ഥ അനുസരിച്ച് പഞ്ചായത്ത് വാങ്ങി നൽകിയ ടാറിനും 30%-ത്തിൽ കൂടുതൽ തുക നൽകിയോ എന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം തുക നൽകിയിട്ടുണ്ടെന്നും ബിൽ തയ്യാറാക്കുമ്പോൾ പഞ്ചായത്ത് വാങ്ങിക്കൊടുത്ത ടാറിന്റെ ചെലവും കൺവേയൻസും കൂടി കുറച്ചിട്ടുവേണം അസിസ്റ്റന്റ് എഞ്ചിനീയർ അളവ് രേഖപ്പെടുത്തേണ്ടിയിരുന്നതെന്നും എന്നാൽ അപ്രകാരമല്ല അസിസ്റ്റന്റ് എഞ്ചിനീയർ അളവെടുത്തതെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി.

241. ഓരോ പ്രവൃത്തിക്കും എന്ത് തുക കൂടുതൽ വന്നോ അത്രയും തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

242. അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ടെന്നും മുഴുവൻ ടാറും ആ സ്ഥലത്ത് ഉപയോഗിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ സർട്ടിഫിക്കറ്റ് നൽകിയെന്നും അത് എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി സമിതിയെ അറിയിച്ചു. വിവിധ പ്രവൃത്തികളിലായി ആകെ 25,157 രൂപ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടെന്ന് എസ്.പി.എ.ഒ. സമിതിയിൽ വ്യക്തമാക്കി.

243. 25,157 രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്ന് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ഓഡിറ്റിനെ പുരോഗതി അറിയിക്കുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

244. ഫൈനൽ ബിൽ, അളവ് പുസ്തകം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ടാർ വീപ്പയുടെ വില 3,960 രൂപ ഈടാക്കുന്നതിന് കൺവീനർക്ക് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ആയതിന് കൺവീനർ മറുപടിയൊന്നും നൽകിയിട്ടില്ല. ഓരോ വർക്കിനും അധികം നൽകിയ മൊത്തം തുക കണക്കാക്കി പ്രസ്തുത തുക അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കിയതിന്റെ രേഖകളൊന്നും തന്നെ പ്രാദേശിക പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല.

### നിഗമനങ്ങൾ/ശിപാർശകൾ

**245. ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയുള്ള ഓരോ പ്രവൃത്തിക്കും അധികം ചെലവായ തുക കണക്കാക്കി അത് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കാൻ യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക തിരിച്ചടവാക്കിയതിന്റെ രേഖകളോ ഫൈനൽ ബിൽ, അളവ് പുസ്തകം എന്നിവയോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ പ്രസ്തുത നടപടി സ്വീകാര്യമല്ല. ഓഡിറ്റ് ഖണ്ഡികയിൽ തടസ്സമായി ഉന്നയിച്ച മുഴുവൻ തുകയും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

# കഴൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മണൽ വില്പനയിൽ ക്രമക്കേട്**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 20)**

കഴൂർ ഗ്രാമപഞ്ചായത്തിലെ മണൽ പിരിവിൽ ധനാപഹരണം; 3/2001 മുതൽ 6/2001 വരെയുള്ള രസീത് പരിശോധനയിൽ തന്നെ മണൽ വിലയിൽ 29,150 രൂപയും റോയൽറ്റിയിൽ 2,915 രൂപയും അപഹരിച്ചതായി കണ്ടെത്തി. വാഹന രജിസ്ട്രേഷൻ നമ്പർ തിരുത്തിയും യഥാർത്ഥ അളവിൽ കറവ് കാണിച്ചുമായിരുന്നു അപഹരണം. പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്. അതോടൊപ്പം മണൽ വില്പന അന്വേഷണവിധേയമാക്കേണ്ടതും കൂടുതൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക 3.8.3.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

246. മണൽ വില്പനയിൽ നടന്ന ക്രമക്കേട് സംബന്ധിച്ച കേസിന്റെ നിലവിലെ സ്ഥിതി സമിതി ആരാഞ്ഞതിന്, മണൽ വില്പനയിലെ ക്രമക്കേട് നടത്തിയതിന് പഞ്ചായത്തിന്റെ പരാതിയെ തുടർന്ന് പോലീസാണ് കേസെടുത്തിരിക്കുന്നതെന്നും എന്നാൽ കേസ് തള്ളിപ്പോയെന്നും കോടതിവിധിയുടെ പകർപ്പ് ലഭിച്ചിട്ടില്ലെന്നും കഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

247. ശ്രീ. എം. എം. വിജയൻ അടയ്ക്കേണ്ട തുകയായ 24,760 രൂപ റിയലൈസ് ചെയ്യാൻ നടപടിയെടുത്തിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് ഉത്തരവാദികളായ രണ്ട് പേരിൽ ഒരാൾ (ടി. എസ്. സുനിൽകുമാർ) തുക തിരിച്ചടച്ചെന്നും തുക അടയ്ക്കാത്ത ആൾക്കെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

248. ശ്രീ. എം. എം. വിജയന്റെ പേരിൽ നോട്ടീസ് നൽകി ജപ്തി നടപടി സ്വീകരിച്ച് ഒരു മാസത്തിനകം തുക ഈടാക്കണമെന്നും ലിമിറ്റേഷൻ പീരീഡ് കഴിഞ്ഞിട്ടുണ്ടെങ്കിൽ ടിയാനെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയ സെക്രട്ടറിയുടെ പക്കൽ നിന്നും തുക ഈടാക്കി ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

249. ശ്രീ. എം. എം. വിജയൻ എന്നവരുടെ പേരിൽ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരം കാലഹരണപ്പെട്ടതായി കാണുന്നതിനാൽ നേരിൽ നടപടിയെടുക്കാൻ നിവൃത്തിയില്ല. ആയതിനാൽ അക്കാലത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ടി. കെ. ബീപാത്തു, നെടുന്താഴത്ത് വീട്, അന്നമനട എന്നവർക്ക് 24,070 രൂപ അടയ്ക്കുന്നതിന് 13-9-2010-ൽ എ/197/01 ആയി രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശിപാർശകൾ

**250. നഷ്ടോത്തരവാദികളിൽ ഒരാൾ തുക തിരിച്ചടച്ചിട്ടുള്ളതിനാൽ രണ്ടാമത്തെ വ്യക്തിയിൽ നിന്നും നഷ്ടതുക തിരിച്ചീടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ, പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് കാലഹരണപ്പെട്ടുപോയതിനാൽ പ്രസ്തുത വ്യക്തിയിൽ നിന്നും തുക ഈടാക്കാൻ നടപടി സാധ്യമല്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ടിയാനെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയ സെക്രട്ടറിയിൽ നിന്നും നഷ്ടതുക ഈടാക്കി റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.**

## വെള്ളക്കര ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**മുൻകൂർ നൽകിയ മരാമത്ത് പണികൾ നടത്തിയില്ല**

[ഓഡിറ്റ് റിപ്പോർട്ട് 2000-01; ഖണ്ഡിക 65(1), 65(2), 65(3), 67]

ജനകീയാസൂത്രണ പരിപാടിയിൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ വിവിധ മരാമത്ത് പദ്ധതികൾക്ക് മുൻകൂർ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പണി നടത്തിയിട്ടില്ലെന്ന് കാണുന്നു. വിശദാംശം :

| | പദ്ധതി | മുൻകൂർ | തീയതി |
|---|---|---|---|
| 1 | തൊമ്മാന പടിഞ്ഞാറെ കെട്ടിലെ ബണ്ട് | 45,000 | 19-3-1998 |
| 2 | പടിഞ്ഞാറെ കെട്ട് തൊമ്മാന ബണ്ട് | 11,000 | 26-6-1998 |
| 3 | കാളംകുളം വികസനം | 5,600 | 4-12-1999 |
| 4 | പറക്കാട്ടുകുന്ന് കോളനി റോഡ് | 11,200 | 31-3-2001 |
| | ആകെ | 72,800 | |

മുൻകൂർ തുക 72,800 രൂപ പിഴപ്പലിശ ചുമത്തി ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04, ഓഡിറ്റ് ഖണ്ഡിക 3.8.4]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**(എ) തൊമ്മാന പടിഞ്ഞാറെ കെട്ടിലെ ബണ്ട് നിർമ്മാണം**

251. പണി പൂർത്തീകരിച്ചത് പരിശോധിച്ച് ബോധ്യപ്പെട്ടുവെന്നുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**(ബി) തൊമ്മാന പടിഞ്ഞാറെ കെട്ട് ബണ്ട് പുനരുദ്ധാരണം**

252. തൊമ്മാന പ്രവൃത്തി നടത്തിയില്ലെന്നും മുൻകൂർ തുക ബാങ്കിൽത്തന്നെ നിക്ഷേപിച്ചിരിക്കുകയായിരുന്നെന്നും പ്രസ്തുത തുക കൺവീനറിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

253. കാളംകുളം വികസനം, പറക്കാട്ടുകുന്ന് കോളനി റോഡ് പുനരുദ്ധാരണം എന്നീ രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചുവെന്ന് സെക്രട്ടറി വിശദമാക്കിയതിന്റെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

254. **ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെട്ടതും കൺവീനർ മുൻകൂർ തുക കൈപ്പറ്റിയതുമായ 4 പ്രവൃത്തികളിൽ മൂന്നെണ്ണം പൂർത്തീകരിച്ചതായും ശേഷിച്ച പ്രവൃത്തി തുടങ്ങാത്തതിനാൽ കൺവീനറിൽ നിന്നും മുൻകൂർ തിരിച്ച് ഈടാക്കിയിട്ടുള്ളതായും ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## ആളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ നൽകിയ പണികൾ തുടങ്ങിയില്ല**
**(ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 24)**

ഗുണഭോക്തൃ സമിതി കൺവീനർമാർ മൊബിലൈസേഷൻ മുൻകൂർ കൈപ്പറ്റിയ 1999-2000-ത്തിലെ താഴെ വിവരിക്കുന്ന പണികൾ തുടങ്ങിയതായി കാണുന്നില്ല:

| പണിയുടെ പേര് | | മുൻകൂർ തുക |
|---|---|---|
| 1 | നമ്പിക്കുന്ന് പമ്പ്ഹൗസ് റോഡ് | 8,900 |
| 2 | ആളൂർ-ചർച്ച് റോഡ് | 20,000 |
| 3 | 12-ാം വാർഡ് ലക്ഷംവീട് കോളനി റോഡ് | 10,000 |
| | ആകെ | 38,900 |

മുൻകൂർ തുക പിഴപ്പലിശയടക്കം തിരിച്ച് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക 3.8.10.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**(എ) നമ്പിക്കുന്ന് പമ്പ്ഹൗസ് റോഡ്**

255. ഫൈനൽ ബിൽ തയ്യാറായോ എന്ന് സമിതി ആരാഞ്ഞതിന് ഓഡിറ്റ് പരിശോധനാ സമയത്ത് ബിൽ തയ്യാറായിരുന്നില്ലെന്നും ഉടൻ ബിൽ സെറ്റിൽ ചെയ്യാമെന്നും സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി മറുപടി നൽകി.

ഫൈനൽ ബിൽ ഓഡിറ്റ് വകുപ്പ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും ആയത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

**(ബി) ആളൂർ-ചർച്ച് റോഡ്**

256. പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഓഡിറ്റ് വകുപ്പ് മുമ്പാകെ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**(സി) 12-ാം വാർഡ് ലക്ഷംവീട് കോളനി റോഡ്**

257. മുൻകൂർ തുക ഫൈനൽ ബില്ലിൽ ക്രമപ്പെടുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചതിന്റെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പ്രാദേശിക പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

258. മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രാദേശിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. എന്നാൽ ടി. വേലയുടെ പാർട്ട് ബിൽ (ഒറിജിനൽ ഹാജരാക്കിയില്ല) 4,212 രൂപയുടേത് തയ്യാറാക്കിയതിന്റെ പകർപ്പും എം. ബുക്ക് നമ്പർ 2/97-98-ലെ പേജ് നമ്പർ 61 മുതൽ 62 വരെ ഭാഗിക അളവുകൾ രേഖപ്പെടുത്തിയതും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നെങ്കിലും ബിൽ പാസാക്കിയതായി കാണുന്നില്ല. വേല ഉപേക്ഷിച്ചു പോയതിനാൽ പാർട്ട് ബിൽ ഫൈനൽ ബില്ലായി പരിഗണിക്കണമെന്നാണ് പഞ്ചായത്തധികൃതർ ആവശ്യപ്പെടുന്നത്.

259. പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ എം. ബുക്ക് 6/99-2000-ൽ പുറം 18 മുതൽ 22 വരെ രേഖപ്പെടുത്തിയിട്ടുള്ളത് ആളൂർ ചർച്ച്-ഉറമ്പൻകുന്ന് റോഡിലെ സെന്റ് ജോൺസ് ബർക്ക്യുമാൻസ് എൽ. പി. സ്കൂളിന്റെ മുൻവശത്തുള്ള കാനയ്ക്ക് സമീപം സംരക്ഷണഭിത്തി കെട്ടുന്ന വേലയുടെതാണ്. ഈ വേലയിൽ 42 എം.3 മണൽ പണിയും 24 എം.3 കരിങ്കല്ലുപണിയും ആയതിന്റെ തേയ്മം ഉൾപ്പെടെ ആകെ മൂല്യം 35,552 രൂപയുടേതാണ്. ഇത് ആളൂർ-ചർച്ച് റോഡ് നിർമ്മാണത്തിന്റേതല്ല. എം. ബുക്കിൽ അഡ്വാൻസ് 25,000 രൂപ കുറച്ചിട്ടുണ്ട്. എന്നാൽ ആളൂർ-ചർച്ച് റോഡിനായി കൺവീനർ 20,000 രൂപ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. 35,552 രൂപയുടെ വേല 20-2-2000-ൽ പൂർത്തിയാക്കിയ കൺവീനർ ബാക്കി തുകയായ 15,552 രൂപയ്ക്ക് നാളിതുവരെ പഞ്ചായത്തിനെ സമീപിച്ചിട്ടില്ല. ആയതിൽ നിന്നും ആളൂർ-ചർച്ച് റോഡും, സെന്റ് ജോൺസ് ബർക്കുമാൻസ് എൽ. പി. സ്കൂളിന് എതിർവശം സംരക്ഷണഭിത്തി നിർമ്മാണവും ഒരേ പ്രവൃത്തി തന്നെയാണെന്ന് പറയാൻ സാധിക്കുകയില്ല.

## നിഗമനങ്ങൾ/ശിപാർശകൾ

**260. നമ്പിക്കുന്ന്-പമ്പ്ഹൗസ് റോഡ് നിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫൈനൽ ബിൽ ഹാജരാക്കിയതായി കാണുന്നില്ല. വേല ഉപേക്ഷിച്ചുപോയതുമൂലം പാർട്ട് ബിൽ ഫൈനൽ ബില്ലായി പരിഗണിക്കണമെന്ന പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കപ്പെടേണ്ടതാണെന്ന് സമിതി കരുതുന്നു. എന്നാൽ, പ്രസ്തുത പാർട്ട് ബില്ലിന്റെ ഒറിജിനൽ ഹാജരാക്കിയിട്ടില്ലെന്നും ബിൽ പാസ്സാക്കിയതായി കാണുന്നില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്യുന്നു. 8,900 രൂപ മുൻകൂർ കൈപ്പറ്റിയതിൽ 4,212 രൂപയുടെ പാർട്ട് ബില്ലിന്റെ പകർപ്പാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പാർട്ട് ബില്ലിന്റെ ഒറിജിനൽ സമർപ്പിക്കുന്നപക്ഷം ടി തുകയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാനും അവശേഷിക്കുന്ന തുക ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു.**

261. ആളൂർ-ചർച്ച് റോഡ് പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ലെന്നും പരിശോധനയ്ക്കായി ഹാജരാക്കിയ എം. ബുക്ക് ആളൂർ-ചർച്ച് റോഡ് സെന്റ് ജോൺസ് ബർക്കമാൻസ് എൽ. പി. സ്കൂളിന് എതിർവശം സംരക്ഷണഭിത്തി നിർമ്മാണത്തിന്റേതാണെന്നും പ്രസ്തുത പ്രവൃത്തിയുടെ ബില്ലിൽ നിന്നും 25,000 രൂപ കുറച്ചിട്ടുണ്ടെന്നും പൂർത്തീകരിച്ച ടി പ്രവൃത്തിയുടെ ബാക്കി തുകയായ 15,552 രൂപ കൺവീനർ നാളിതുവരെ കൈപ്പറ്റിയിട്ടില്ലെന്നും ഓഡിറ്റിന്റെ റിപ്പോർട്ടിൽ പറയുന്നു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് രണ്ട് പ്രവൃത്തികളുടെയും ചെലവുകൾ വെവ്വേറെ കണക്കാക്കി പഞ്ചായത്തിന് ലഭിക്കേണ്ട തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു.

262. പന്ത്രണ്ടാം വാർഡ് ലക്ഷംവീട് കോളനി റോഡിന് നല്കിയ തുക ഫൈനൽ ബില്ലിൽ ക്രമപ്പെടുത്തിയത് പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

## ഒല്ലൂർ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

### (i) വിഭവ ഭൂപട സർവ്വേ—മുൻകൂർ വാങ്ങിയത്—നിരാകരിക്കുന്നു

പ്രസ്തുത പദ്ധതിക്കുവേണ്ടി സെക്രട്ടറി 10,000 രൂപ സ്വയം ചെക്കെഴുതി 2/1999-ൽ എടുത്തിട്ടുണ്ട്. എന്നാൽ 1998-99-ൽ അംഗീകരിച്ച പ്രോജക്ടുകളിൽ ഇങ്ങനെയൊരു പദ്ധതി ഉണ്ടായിരുന്നില്ല. വിഭവ ഭൂപട സർവ്വേ നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഉണ്ടായിരുന്നില്ല. അംഗീകാരം ലഭിക്കാത്ത ഒരു പദ്ധതിയുടെ പേരിൽ പിൻവലിച്ച പണം 18% പലിശയുൾപ്പെടെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

### (ii) റോഡ് പണിക്കായി ടാർ വാങ്ങിയത്—വിനിയോഗം കാണിച്ചിട്ടില്ല

ജനകീയാസൂത്രണത്തിന്റെ ഭാഗമായുള്ള വിവിധ റോഡ് പണികൾക്കുവേണ്ടി 1997-98 വർഷത്തിൽ മൊത്തം 18720 കിലോഗ്രാം ടാർ ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ഇതിൽ നിന്നും 9360 കിലോഗ്രാം വിവിധ പണികൾക്കായി നൽകിയിട്ടുണ്ട്. എന്നാൽ ബാക്കി 9360 കിലോഗ്രാം ടാർ സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പ് കാണിക്കുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും പണിക്ക് വിനിയോഗിക്കുകയോ ചെയ്തതായി കാണുന്നില്ല. പിന്നീട് തുടർന്നുള്ള വർഷങ്ങളിലും ടാർ വാങ്ങുകയും വിവിധ പണികൾക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ നീക്കിയിരിപ്പുണ്ടായിരുന്ന 9360 കിലോഗ്രാം ടാറിന്റെ വിനിയോഗം നടന്നിട്ടില്ല എന്ന് കാണുന്നു. ആയതിന്റെ വില 79,038 രൂപ 18% പലിശയുൾപ്പെടെ തിരിച്ചടയ്ക്കേണ്ടതാണ്.

### (iii) പമ്പുസെറ്റുകൾ റിപ്പയർ—ക്രമക്കേടുകൾ

പഞ്ചായത്തിലെ വിവിധ കുഴൽക്കിണറുകളിലെ 5 H.P/10 H.P. submersible പമ്പുകൾ റിപ്പയർ ചെയ്യുന്നതിനായി ആകെ 21,750 രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ ചെലവിന് ആസ്പദമായ യാതൊരു വിശദാംശവും ലഭ്യമല്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനം, മോട്ടോർ പ്രവർത്തനരഹിതമാണെന്ന റിപ്പോർട്ട്, ചെയ്ത പണികളുടെ വിവരണം, സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ, സ്റ്റോക്ക്, മാറ്റിയ പഴയ സാധനങ്ങളുടെ സ്റ്റോക്ക്, പണിയുടെ പൂർത്തീകരണ റിപ്പോർട്ട്, തുക കൈപ്പറ്റിയതിനുള്ള രസീത് ഇവയുടെ ഒന്നും പിൻബലമില്ലാതെ നടത്തപ്പെട്ട ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

### (iv) അംഗീകൃത പ്രോജക്ടിൽ മാറ്റം വരുത്തി അധിക തുക ചെലവ് ചെയ്തത് അംഗീകരിക്കുന്നില്ല

ഇക്കണ്ടവാര്യർ റോഡ് റീ-ടാറിംഗ്, ജവഹർ റോഡ് റീ-ടാറിംഗ് എന്നീ പ്രവൃത്തികളുടെ അംഗീകരിച്ച പ്രോജക്ടിലും എസ്റ്റിമേറ്റിലും പിന്നീട് മെഷർമെന്റ് പ്രകാരം തിരുത്തലുകൾ വരുത്തി അധിക തുക ചെലവ് ചെയ്തതായി ബോധ്യപ്പെട്ടു. അംഗീകൃത പ്രോജക്ടുകളിൽ ക്രമരഹിതമായി തിരുത്തലുകൾ വരുത്തി ചെലവ് വർദ്ധിപ്പിച്ച് കാണിച്ച് പദ്ധതിപ്പണം പാഴാക്കുന്നത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. പ്രസ്തുത പ്രവൃത്തികൾക്കായി യഥാക്രമം 12,590, 21,618 രൂപ നിരക്കിൽ അധികം ചെലവ് ചെയ്തിട്ടുണ്ട്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവു ചെയ്ത പ്രസ്തുത തുക 34,208 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ച് അടവാക്കേണ്ടതാണ്.

കൂടാതെ ഈ പ്രവൃത്തിയുടെ മണ്ണ് ഫില്ലിംഗ് എന്ന ഇനത്തിന് 10 എം.$^3$-ന് അനുവദനീയമായ 831 രൂപ നൽകേണ്ടതിനുപകരം 1,064 രൂപ അനുവദിച്ചതുമൂലം ഈയിനത്തിൽ 46,887 രൂപയും അധിക ചെലവ് വന്നിട്ടുണ്ട്.

### (v) J.R.Y. ഫണ്ട് അധികം നൽകിയത് അനുവദനീയമല്ല

ഓട്ടൻചിറ റോഡ് നിർമ്മാണം എന്ന പ്രവൃത്തിക്ക് J.R.Y. ഫണ്ട് 2,42,000 രൂപയും തനത് ഫണ്ട് 58,000 രൂപയും ഉൾപ്പെടുത്തി അനുമതി ലഭിച്ചിരുന്നു. എന്നാൽ പദ്ധതിക്കുവേണ്ടി J.R.Y. ഫണ്ടിൽ നിന്നും 2,80,688 രൂപ ചെലവ് ചെയ്തിട്ടുണ്ട്. അനുവദിച്ചതിൽ കൂടുതൽ തുക വകമാറ്റി ചെലവഴിച്ചത് ഓഡിറ്റിൽ അനുവദിക്കുന്നില്ല. 38,688 രൂപ പ്രസ്തുത ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

### (vi) സർക്കാർ അംഗീകാരമില്ലാത്ത പദ്ധതിക്കുള്ള ചെലവ് ക്രമരഹിതം അംഗീകരിക്കുന്നില്ല

ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജനറൽ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് 1999-2000, 2000-01 വർഷങ്ങളിൽ വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് 38 പേർക്ക് മൊത്തം 3,67,939 രൂപ ചെലവ് ചെയ്തിട്ടുണ്ട്. പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് വീട് വയ്ക്കാൻ ഭൂമി വാങ്ങുന്നതിന് സബ്സിഡി നൽകാനുള്ള ഒരു പദ്ധതിയും സർക്കാർ അംഗീകരിച്ചിട്ടില്ല. 20-8-1998-ലെ (പി) 175/98 ത.സ്വ.ഭ.വ. 14-10-1998-ലെ (പി) 209/98 ത.ഭ.വ. 5-4-1999-ലെ (എംഎസ്.) 20/99 പ്ലാനിംഗ് എന്നീ സർക്കാർ ഉത്തരവുകളിലെല്ലാം സബ്സിഡി അനുവദിക്കാവുന്ന പദ്ധതികളെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ഈ ഉത്തരവുകളിൽപ്പെടാത്ത പദ്ധതികൾക്ക് മുൻകൂർ സർക്കാർ അനുവാദം വേണമെന്നും ഉത്തരവായിട്ടുള്ളതാണ്. ഈ വിധത്തിലെ ഏതെങ്കിലും തരത്തിലുള്ള ചട്ടലംഘനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഫണ്ടുകളുടെ ദുരുപയോഗമായി കണക്കാക്കുമെന്നും ഇപ്രകാരം ദുരുപയോഗപ്പെടുത്തുന്ന തുക ഈ വിഷയത്തിലെ ഉത്തരവാദിയായിട്ടുള്ളവരിൽ നിന്നും നിയമപ്രകാരം വസൂലാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നിട്ടും നിയമത്തിലും നിർദ്ദേശത്തിലുംപെടാത്ത പദ്ധതിക്ക് ധനസഹായം നൽകിയതിന്റെ സാംഗത്യം ഓഡിറ്റിന് ബോധ്യമാകുന്നില്ല. വ്യക്തമായി ചട്ടലംഘനം നടത്തി ചെലവു ചെയ്ത 2,52,936 രൂപ ഉത്തരവാദിയായവരിൽ നിന്നും പലിശ സഹിതം ഈടാക്കണം.

### (vii) വൈദ്യുതി കണക്ഷനുവേണ്ടി O.Y.C.-യിൽ തുക അടച്ചത്—അംഗീകരിക്കുന്നില്ല

14 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ടി O.Y.C. ഇനത്തിൽ മൊത്തം 64,400 രൂപ ചെലവ് ചെയ്തിട്ടുണ്ട്. മുൻ പരാമർശത്തിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം ടി ചെലവും അംഗീകൃത ചെലവുകളിൽപ്പെടുന്നതല്ല. അംഗീകാരമില്ലാത്ത പദ്ധതിക്കുവേണ്ടി പദ്ധതി വിഹിതം ദുർവിനിയോഗം ചെയ്യുകയായിരുന്നു. ആയതിനാൽ ഈ തുക ഓഡിറ്റിൽ അനുവദിക്കുന്നില്ല.

### (viii) കോഴിഗ്രാമം പദ്ധതി—നടത്തിപ്പിലെ അപാകതകൾ

4,00,000 രൂപ പദ്ധതി വിഹിതവും 4,00,000 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി 1999-2000-ൽ നടപ്പിലാക്കിയ പദ്ധതി പ്രോജക്ടനുസരിച്ച് 10 കോഴികൾ അടങ്ങുന്ന 500 യൂണിറ്റ് രൂപീകരിക്കുകയും അവയുടെ പരിചരണത്തിനായി സംരക്ഷകരെ നിയോഗിക്കണമെന്നും നിബന്ധനയുണ്ടായിരുന്നു. പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വീട്ടമ്മമാർക്കും സംരക്ഷകർക്കും പരിശീലനം നൽകുക, കോഴിക്കുഞ്ഞുങ്ങൾ, തീറ്റ എന്നിവ വിതരണം ചെയ്യുക, ക്ലിനിക്കുകൾ സംഘടിപ്പിക്കുക, വാക്സിനേഷൻ നടത്തുക എന്നിവയൊക്കെ നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും ആകെ നടപ്പായത് കോഴിക്കുഞ്ഞുങ്ങളുടെ വിതരണം മാത്രമാണ്. അവയിൽ ഏറെയും ചത്തുപോയതായും റിപ്പോർട്ടുണ്ട്. വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങളെ ഇൻഷ്വർ ചെയ്യണമെന്നും ആയതിന്റെ ചെലവ്

50% ഗുണഭോക്താക്കൾ വഹിക്കണമെന്നും പ്രോജക്ടിൽ പറയുന്നുണ്ടെങ്കിലും അതും നടന്നിട്ടില്ല. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് കോഴിമുട്ടയുടെ സംഭരണവും വിതരണവും നിർവ്വഹിക്കണമെന്നുള്ള വ്യവസ്ഥയും പാലിച്ചിട്ടില്ല.

പദ്ധതി നടപ്പിലാക്കിയപ്പോൾ പ്രോജക്ടിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ പാലിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായി ഓഡിറ്റ് വർഷം 509 യൂണിറ്റുകൾക്ക് (പ്രോജക്ടിൽ 500) 5090 കോഴികളെ വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം പരമാവധി അനുവദിക്കാവുന്ന ധനസഹായം ചെലവിന്റെ 50% മാത്രമാണെന്നിരിക്കേ ഇവിടെ 100% സബ്സിഡി അനുവദിച്ചിരിക്കുന്നു. നിയമാനുസരണം പിരിച്ചെടുക്കേണ്ട ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുമില്ല. അതുമൂലം പദ്ധതി ഫണ്ടിനുണ്ടായ നഷ്ടം 1,01,800 രൂപയാണ്. ഇതേ രീതിയിൽ തന്നെ കോഴിത്തീറ്റ വിതരണം ചെയ്തുവകയിലും 13,347 രൂപ നഷ്ടം വന്നിട്ടുണ്ട്. പ്രോജക്ട് നിർദ്ദേശങ്ങളും നിലവിലുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കാതെ നടപ്പിലാക്കിയ ഈ പദ്ധതിമൂലം നിർവ്വഹണ ഉദ്യോഗസ്ഥ, പദ്ധതിപ്പണത്തിൽ മൊത്തം 1,15,147 രൂപയുടെ നഷ്ടം വരുത്തിയിട്ടുണ്ട്.

### (ix) ആട് വിതരണം (പട്ടികജാതി വിഭാഗം, ജനറൽ)—നിർവ്വഹണത്തിലെ അപാകതകൾ

1999-2000 വർഷത്തിൽ സീനിയർ വെറ്ററിനറി സർജൻ നടപ്പിലാക്കിയ ടി പദ്ധതികളിൽ പൊതുവായി ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു:

(i) പദ്ധതി പ്രകാരം ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗക്കാരാണെന്നോ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണെന്നോ തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖയുമില്ലാതെ ആനുകൂല്യം നൽകി.

(ii) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 30 പേർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനറൽ വിഭാഗത്തിലെ 90 പേർക്കുമാണ് പ്രോജക്ടിൽ പറഞ്ഞിരിക്കുന്നതെങ്കിലും യഥാക്രമം 35-ഉം 156-ഉം പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(iii) ഇരുവിഭാഗത്തിലും ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ ആനുകൂല്യം നൽകിയിരിക്കുന്നു (ആടിന്റെ വില, ഇൻഷ്വറൻസ്, കൂട് നിർമ്മാണം എന്നിവയ്ക്ക്).

(iv) പദ്ധതി നടത്തിപ്പിന്റെ ഒരു ഘട്ടത്തിലും മോണിറ്ററിംഗ് നടത്തിയിട്ടില്ല.

നിയമാനുസൃതമായി പിരിച്ചെടുക്കേണ്ട ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാഞ്ഞതിനാൽ പട്ടികജാതി വിഭാഗത്തിന്റെ പ്രോജക്ടിൽ മൊത്തം 19,670 രൂപയും ജനറൽ വിഭാഗത്തിൽ 64,350 രൂപയും പദ്ധതിപ്പണത്തിൽ നിന്നും അധികം ചെലവഴിച്ചിട്ടുണ്ട്. ഈ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## (x) കൊള്ളുമുട്ട ഉല്പാദന യൂണിറ്റ്—നടത്തിപ്പിലെ അപാകതകളും അധികച്ചെലവും

1998-99-ലെ പദ്ധതിയുടെ സ്പിൽഓവർ പദ്ധതിയായി 1999-2000 വർഷത്തിൽ സീനിയർ വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതിയാണിത്. 1998-99-ൽ 12,92,000 രൂപയും 1999-2000-ൽ 2,54,320 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിന്റെ എല്ലാ തലത്തിലും ധനദുർവിനിയോഗവും പാഴ്ച്ചെലവും ദീർഘവീക്ഷണമില്ലായ്മയും ശ്രദ്ധിക്കപ്പെട്ടു. വളരെ വിശാലമായ ലക്ഷ്യത്തോടെ ആരംഭിച്ച ടി പദ്ധതിയിൽ ലക്ഷങ്ങൾ നഷ്ടമുണ്ടായി എന്നത് മാത്രമാണ് നേട്ടം. പാഴ്ച്ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ജില്ലാ പഞ്ചായത്തിന്റെ കരടുനിർദ്ദേശം അനുസരിച്ച് 27 യൂണിറ്റുകൾ മാത്രമാണ് ടി പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. എന്നാൽ 32 യൂണിറ്റുകൾ പഞ്ചായത്തിൽ നടപ്പിലാക്കി.

2. ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് 25%-ൽ കൂടുതൽ ധനസഹായം അനുവദിക്കാൻ പാടില്ല എന്നുള്ള സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

3. നിശ്ചിത ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ പൂർണ്ണമായും പദ്ധതിപ്പണംതന്നെ വിനിയോഗിച്ചിരിക്കുന്നു.

4. മുട്ടക്കോഴികളെ വളർത്തുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് നിർദിഷ്ട പ്രോജക്ട് പ്രകാരം അനുവദനീയമായ സബ്സിഡി 2,462.50 രൂപയാണെന്നിരിക്കേ രണ്ട് ഗഡുക്കളായി 7,800 രൂപയും പ്ലാൻ ഫണ്ടിൽനിന്ന് നൽകിയതുമൂലം 1998-99-ൽ 1,70,800 രൂപയും 1999-2000-ൽ 44,562 രൂപയും പദ്ധതി വിഹിതത്തിൽ നഷ്ടം നേരിട്ടു.

5. 32 യൂണിറ്റുകൾക്കായി 60 രൂപ വിലയിൽ 1760 കോഴികളെ വാങ്ങിയതിന്റെയും ട്രെയിനിംഗ് ചാർജ്ജായി നൽകിയ തുകയും അടക്കം 1,19,600 (1,05,600 + 14,000) രൂപ കാർഷിക സർവ്വകലാശാലയിൽ അടച്ചിട്ടുണ്ട്. എന്നാൽ കോഴികളെ വിതരണം ചെയ്തതിന്റെയോ കൈപ്പറ്റിയതിന്റെയോ യാതൊരു രേഖകളുമില്ല.

6. നിലവിലുള്ള സബ്സിഡി നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ കോഴികളെ വാങ്ങിയ ഇനത്തിൽ 79,200 രൂപ (1,05,600 -26,400) പ്ലാൻ ഫണ്ടിൽനിന്ന് അധികം ചെലവ് ചെയ്തിട്ടുണ്ട്. ഇതേ രീതിയിൽ തന്നെ കോഴികളെ ഇൻഷ്വർ ചെയ്ത വകയിലും അനുവദനീയമായതിൽ നിന്നും 7,920 രൂപ അധികം ചെലവഴിച്ചു (രണ്ടിനത്തിലും നിശ്ചിത ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാതെ മുഴുവൻ തുകയും സബ്സിഡി നൽകി).

7. ഗുണഭോക്താക്കൾക്കായി 28-1-2000-ൽ നടന്ന ഏകദിന പരിശീലനത്തിൽ പങ്കെടുത്ത 32 പേർക്ക് (പരിശീലനത്തിന്റെ വിഷയം, പരിശീലകർ, ഹാജർ തുടങ്ങിയ വിശദാംശങ്ങൾ ഒന്നും ലഭ്യമല്ല) ദിനബത്ത നൽകിയ ഇനത്തിൽ 960 രൂപ ചെലവുണ്ട്. ഗുണഭോക്താക്കൾക്ക് ദിനബത്ത നൽകുന്നതിന് നിലവിൽ നിയമങ്ങൾ ഒന്നുംതന്നെയില്ല.

8. കാർഷിക സർവ്വകലാശാലകൾക്ക് 14,000 രൂപ ട്രെയിനിംഗ് ചാർജ് എന്ന വകയിൽ നൽകിയിട്ടുണ്ട്. ട്രെയിനിംഗിന്റെ വിശദാംശങ്ങളോ യഥാർത്ഥ കൈപ്പറ്റ് രസീതോ ലഭ്യമാക്കിയിട്ടില്ല. 28-1-2000-ലെ ട്രെയിനിംഗിനാണ് ടി തുക നൽകിയത് എന്ന് പറയുന്നുണ്ട്. എന്നാൽ ടി ദിവസം ഗ്രാമപഞ്ചായത്ത് ടൗൺ ഹാളിൽ ഗുണഭോക്താക്കൾക്കുള്ള പരിശീലനം ആണ് നടന്നത്. തന്നെയുമല്ല, യൂണിവേഴ്സിറ്റി തുക ആവശ്യപ്പെട്ടതായ ഒരു രേഖയുമില്ല.

9. മൃഗഡോക്ടർ, പഞ്ചായത്ത് സമിതി, ജില്ലാ പഞ്ചായത്ത് ഭാരവാഹികൾ അടക്കമുള്ള സമിതി മോണിറ്ററിംഗ് നടത്തണമെന്നുള്ള പ്രോജക്ട് നിർദ്ദേശം ഒരുതലത്തിലും പാലിച്ചിട്ടില്ല.

10. ജില്ലാ പഞ്ചായത്ത് 1997-98-ൽ തുടങ്ങിയ ഹാച്ചറിക്ക് മുട്ട ലഭ്യമാക്കുന്നതിനാണ് പഞ്ചായത്തിൽ മുട്ടയുല്പാദന യൂണിറ്റ് ആരംഭിച്ചത്. 1999-2000-ൽ ജില്ലാ പഞ്ചായത്തിന്റെ ഹാച്ചറി അടച്ചുപൂട്ടിയപ്പോൾ, ഗ്രാമപഞ്ചായത്തിന്റെ യൂണിറ്റും നിലനിർത്താൻ യാതൊരു ശ്രമവും നടത്താതെ അടച്ചുപൂട്ടി.

വിശാലമായ ഒരു വികസന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടത്താൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും ഇച്ഛാശക്തിയില്ലായ്മയും പ്രതിബദ്ധതയില്ലായ്മയും കാരണം ലക്ഷക്കണക്കിന് രൂപ നഷ്ടപ്പെട്ടിരിക്കുന്നു. യാതൊരു മനസ്സാക്ഷിയുമില്ലാതെ പൊതുപ്പണം നഷ്ടപ്പെടുത്താൻ കാരണക്കാരാകുന്ന ഉദ്യോഗസ്ഥരെയും ഭരണ സമിതി അംഗങ്ങളെയും കണ്ടെത്തി മാതൃകാപരമായ നിയമ നടപടികൾ സ്വീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ടിയാൻമാരുടെ ധനദുർവിനിയോഗംമൂലം ഗ്രാമപഞ്ചായത്തിന് 1999-2000-ൽ പദ്ധതിപ്പണത്തിൽ 1,46,642 രൂപ ഈയൊരു പ്രോജക്ടിൽ മാത്രം നഷ്ടപ്പെട്ടു. നഷ്ടത്തിനുത്തരവാദിയായവരിൽ നിന്നും ടി തുക ഈടാക്കാൻ ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

### (xi) കണ്ടോളിപ്പാടം തോട് ഉദ്ധാരണം—ധനദുർവിനിയോഗം—പണിപൂർത്തിയാക്കാതെ ഉപേക്ഷിച്ചു

ഹാജരാക്കപ്പെട്ട രേഖകൾ അനുസരിച്ച് പ്രസ്തുത പ്രവൃത്തി അടങ്കൽ അളവുകളിൽ 36% മാത്രം പൂർത്തിയാക്കിയ അവസ്ഥയിൽത്തന്നെ ഉപേക്ഷിച്ചിരിക്കുകയാണ്. അളവ് പുസ്തക പ്രകാരം 25,709 രൂപയുടെ മൂല്യമുള്ള പണി നടത്തിക്കഴിഞ്ഞപ്പോൾ ഗുണഭോക്തൃ കമ്മിറ്റിക്ക് 35,095 രൂപ കൊടുത്തിട്ടുണ്ട്. മൂല്യം നിശ്ചയിച്ച് ബിൽ തുക നൽകിയപ്പോൾ മുൻകൂർ (15,625) തുകയിൽ നിന്നും കുറവ് ഒന്നും നടത്തിയിട്ടുമില്ല. 5/1999-ൽ പണി ഉപേക്ഷിക്കുകയും ചെയ്തതിനാൽ കൺവീനർവശം 9,386 രൂപ മിച്ചമുണ്ട്.

പണി പാതിവഴിക്ക് ഉപേക്ഷിച്ചതിനാൽ പദ്ധതിയുടെ ഭൗതിക ലക്ഷ്യം നിറവേറ്റുവാൻ കഴിഞ്ഞിട്ടില്ല. ഉപേക്ഷിക്കപ്പെട്ട പണിയുടെ പേരിൽ മിച്ചമുള്ള തുക പലിശ ഉൾപ്പെടെ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കണം.

**(xii) പനയംപാടം കുടിവെള്ള പദ്ധതി—ചെലവ് അംഗീകരിക്കുന്നില്ല**

ടി പ്രവൃത്തിക്ക് ആവശ്യമായ ഫിറ്റിംഗ്സ് വാങ്ങുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് 11,500 രൂപ ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ, പണി നടത്തിയതിന്റെ അനുബന്ധ രേഖകൾ ഇവയൊന്നും ഹാജരാക്കിയിട്ടില്ല. പൊതുപ്പണം നൽകിയ ആവശ്യത്തിന് വിനിയോഗിച്ചിട്ടില്ല എന്നതിനാൽ 18% പലിശ സഹിതം കൺവീനറിൽ നിന്ന് വസൂലാക്കേണ്ടതാണ്. ഈ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.7 (i) മുതൽ VII.I.8.7.(xii) വരെ.]

തദ്ദേശസ്വയംഭരണ വകുപ്പ് മറുപടി സമർപ്പിക്കുകയുണ്ടായില്ല.

<u>സമിതിയുടെ 8-6-2010-ലെ യോഗം</u>

263. ഒല്ലൂർ ഗ്രാമപഞ്ചായത്ത് 2000 ഒക്ടോബർ രണ്ടിന് തൃശ്ശൂർ കോർപ്പറേഷനിൽ ലയിപ്പിച്ചതിനാലും പഞ്ചായത്തിലെ റെക്കോർഡ്സുകൾ കോർപ്പറേഷനിലേക്ക് കൈമാറിയിട്ടില്ല എന്ന് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച യാതൊരു റിപ്പോർട്ടും ലഭ്യമാക്കാൻ സാധിച്ചിട്ടില്ല എന്ന് എസ്.പി.എ.ഒ. സമിതിയിൽ അറിയിച്ചു. എന്നാൽ 30-9-2000-ൽ ആണ് ഒല്ലൂർ ഗ്രാമപഞ്ചായത്ത് കോർപ്പറേഷനിൽ ചേർന്നതെന്നും ഓഫീസ് ഇപ്പോൾ കോർപ്പറേഷന്റെ സോണൽ ഓഫീസായി പ്രവർത്തിക്കുകയാണെന്നും റെക്കോർഡ്സും അസെറ്റ്സും കൈമാറ്റം ചെയ്തതിന്റെ ജി.ഒ.യും അതിനുശേഷമുള്ള രേഖകളുമുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ സമിതിയിൽ അറിയിച്ചു.

264. നഗരകാര്യ വകുപ്പും പഞ്ചായത്ത് വകുപ്പും സംയുക്തമായി പരിശോധിച്ച് ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വസ്തുതകൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

265. സമിതി നിർദ്ദേശ പ്രകാരം 9-8-2011-ലെ 37457/എ.ബി3/08/ തസ്വഭവ. കത്തുമുഖേന സർക്കാർ ലഭ്യമാക്കിയ സംയുക്ത പരിശോധനാ റിപ്പോർട്ട് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

<u>സമിതിയുടെ 24-7-2013-ലെ യോഗം</u>

266. സമിതിയുടെ നിർദ്ദേശപ്രകാരം ലഭിച്ച പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്യുകയും ആകെ 12 ഓഡിറ്റ് ഖണ്ഡികകളുള്ളതിൽ അഞ്ചെണ്ണത്തിന് മറുപടി നൽകാത്തത് സംബന്ധിച്ച് വിശദീകരണം ആരായുകയും ചെയ്തു.

267. രേഖകൾക്കായി പരിശോധന നടത്തിയെങ്കിലും അവ ലഭിച്ചില്ലെന്നും നഗരകാര്യ വകുപ്പിന്റെ സഹകരണമുണ്ടെങ്കിലേ ആയത് സാധ്യമാകൂ എന്നും പഞ്ചായത്ത് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

268. പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ വകുപ്പ് ഡയറക്ടറും സംയുക്തമായി രേഖകൾ കണ്ടെത്തുകയും ഇനിയും ലഭിക്കുവാനുള്ള രേഖകൾ [ഓഡിറ്റ് ഖണ്ഡിക നമ്പർ VII.I.8.7.(ii) ; VII.I.8.7. (iii) ; VII.I.8.7.(iv) ; VII.I.8.7.(vii) ; VII.I.8.7. (xi) ; VII.I.8.7.(xii)] ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഒരു മാസത്തിനകം ഹാജരാക്കാനും ഓഡിറ്റ് വകുപ്പ് ആയതിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കാനും സമിതി നിർദ്ദേശിച്ചു.

269. മറ്റുള്ള ഓഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട താഴെപ്പറയും പ്രകാരം നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു:

(i) ഓഡിറ്റ് ഖണ്ഡിക നമ്പർ-VII.I.8.7.(i)—വിഭവ ഭൂപട സർവ്വേ മുൻകൂർ വാങ്ങിയത് നിരാകരിക്കുന്നു.

270. സർക്കാർ മറുപടിയിൽ പരാമർശിച്ചിരിക്കുന്ന രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

(ii) ഓഡിറ്റ് ഖണ്ഡിക നമ്പർ-VII.I.8.7.(v)—ജെ.ആർ.വൈ. ഫണ്ട് അധികം നൽകിയത് അനുവദനീയമല്ല.

271. അംഗീകൃത പദ്ധതിക്ക് വിരുദ്ധമായി തുക വകമാറ്റി ചെലവഴിച്ചതിനുള്ള കാരണം സമിതി ആരാഞ്ഞതിന് പ്രസ്തുത പദ്ധതി സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നും അവ പരിശോധിച്ചാൽ മാത്രമേ വ്യക്തമായൊരു മറുപടി നൽകാൻ കഴിയുകയുള്ളുവെന്നും രേഖകൾ കണ്ടെത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാമെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ വിശദീകരണം നൽകി. ആസൂത്രണ വകുപ്പ്, പദ്ധതി ഫണ്ടിലുൾപ്പെടുത്തി നൽകുന്ന തുക വകുപ്പിന്റെ അനുമതി ഇല്ലാതെ വകമാറ്റി ചെലവാക്കാൻ പാടില്ലെന്നും അക്കാര്യം കൂടി പരിശോധനാവിധേയമാക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ വകുപ്പ് ഡയറക്ടറും സംയുക്തമായി രേഖകൾ വീണ്ടെടുത്ത് ഒരു മാസത്തിനകം ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കാനും പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ തുക വകുപ്പിന്റെ അനുമതിയില്ലാതെ വകമാറ്റി ചെലവഴിച്ചതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ കണ്ടെത്തുവാനും ഇത് സംബന്ധിച്ച വിവരങ്ങൾ സമിതിക്ക് ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെട്ടു.

(iii) ഓഡിറ്റ് ഖണ്ഡിക നമ്പർ-VII.I.8.7.(vi)—സർക്കാർ അംഗീകാരമില്ലാത്ത പദ്ധതികൾക്കുള്ള ചെലവ് ക്രമരഹിതം—അംഗീകരിക്കുന്നില്ല.

272. ക്രമരഹിതമായ ചെലവിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ കണ്ടെത്തി നടപടി സ്വീകരിക്കുവാനോ പദ്ധതിക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങുവാനോ നടപടി സ്വീകരിക്കേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി ഇതിനായി വകുപ്പ് തലത്തിൽ എന്തെങ്കിലും ശ്രമം നടത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞു. ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെന്നും ഇനി നടപടി സ്വീകരിക്കാമെന്നും തൃശ്ശൂർ നഗരസഭാ സെക്രട്ടറി മറുപടി പറഞ്ഞു. ക്രമരഹിതമായി ചെലവ് ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കേണ്ട നിയമ നടപടികളെപ്പറ്റിയും ശിക്ഷകളെപ്പറ്റിയും ഫിനാൻസ് അക്കൗണ്ട്സ് ആക്ടിൽ പരാമർശിച്ചിട്ടുണ്ടെന്നും അവ പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സൂചിപ്പിച്ചു. ക്രമരഹിതമായി ചെലവുചെയ്ത തുകയ്ക്ക് സർക്കാർ സാധൂകരണം വാങ്ങുകയും ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുകയും ചെയ്ത് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുകയും രേഖകൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് പഞ്ചായത്ത് ഡയറക്ടർ ഉറപ്പ് നൽകുകയും ചെയ്തു.

273. (iv) ഓഡിറ്റ് ഖണ്ഡിക നമ്പർ-VII.I.8.7.(viii), VII.I.8.7.(ix), VII.I.8.7.(x) എന്നിവയിലെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

274. സമിതി നിർദ്ദേശപ്രകാരം 10-10-2013-ാം തീയതി തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

## റിപ്പോർട്ട്

275. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട മുൻ ഒല്ലൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ പ്രകാരമുള്ള ഫയലുകളും മറ്റ് രേഖകളും കണ്ടെത്തുന്നതിനായി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ 24-7-2013-ലെ യോഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 16-8-2013-ന് തൃശ്ശൂർ നഗരസഭയുടെ ഒല്ലൂർ സോണൽ ഓഫീസിൽ അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായും തദവസരത്തിൽ, ബന്ധപ്പെട്ട ഫയലുകളും അനുബന്ധ രേഖകളും കണ്ടെത്തുന്നതിനായി അന്വേഷണ സംഘത്തിന് ആവശ്യമായ സഹായം ലഭ്യമാക്കണമെന്നും പഞ്ചായത്ത് ഡയറക്ടറുടെ 1-8-2013-ലെ എം1-22412/08(1) നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ, തൃശ്ശൂർ നഗരസഭാ സെക്രട്ടറി, നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ എന്നിവരോട് ആവശ്യപ്പെട്ടിരുന്നു. നഗരകാര്യ ഡയറക്ടറുടെ 24-7-2013-ലെ എഫ്2-12706/13 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത അന്വേഷണത്തിന് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിന് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ ശ്രീ. ആർ. ലാലുവിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

276. തൃശ്ശൂർ നഗരസഭയുടെ ഒല്ലൂർ സോണൽ ഓഫീസിൽ 16-8-2013-ലെ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറും നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറും നടത്തിയ സംയുക്ത പരിശോധനാ വേളയിൽ ഹാജരായിരുന്നവരുടെ പേരുവിവരം:

1. ശ്രീ. സി. എൻ. ബാബു, ജോയിന്റ് ഡയറക്ടർ (ഭരണം) പഞ്ചായത്ത് വകുപ്പ്.

2. ശ്രീ. ആർ. ലാലു, റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊച്ചി, നഗരകാര്യ വകുപ്പ്.

3. ശ്രീ. കെ. എം. ബഷീർ, സെക്രട്ടറി, തൃശ്ശൂർ നഗരസഭ.

4. ശ്രീ. കെ. എൻ. മുരളീധരൻ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തൃശ്ശൂർ.

5. ശ്രീ. കെ. ചന്ദ്രൻ, സൂപ്രണ്ട്, ഒല്ലൂർ സോണൽ ഓഫീസ്, തൃശ്ശൂർ നഗരസഭ.

6. ശ്രീ. റ്റി. പി. ജറോം, മാനേജർ, തൃശ്ശൂർ നഗരസഭ.

7. ശ്രീമതി ലീല, ഇ., അസിസ്റ്റന്റ് എഞ്ചിനീയർ, ഒല്ലൂർ സോണൽ ഓഫീസ്, തൃശ്ശൂർ നഗരസഭ.

8. ഡോ. നജീം, ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ടറേറ്റ്.

9. ലിൻസ് ഡേവിഡ്, വി., ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, തൃശ്ശൂർ.

10. ശ്രീ. വിനോദ്, എസ്., സീനിയർ ക്ലാർക്ക്, പഞ്ചായത്ത് ഡയറക്ടറേറ്റ്.

11. ശ്രീമതി ബിന്ദു, എം. എസ്., സീനിയർ ക്ലാർക്ക്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, തൃശ്ശൂർ.

12. ശ്രീ. സലീം, പി. വി., സീനിയർ ക്ലാർക്ക്, തൃശ്ശൂർ കോർപ്പറേഷൻ.

277. 16-9-2013-ലെ അന്വേഷണം സംബന്ധിച്ച് ഓഡിറ്റ് പരാമർശ കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. കെ. വേലുക്കുട്ടിക്ക് തൃശ്ശൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 5-8-2013-ലെ പി4-1613/07(1) നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിരുന്നെങ്കിലും ടിയാൾ അന്വേഷണവേളയിൽ ഹാജരായിരുന്നില്ല.

278. മേൽവിഷയം സംബന്ധിച്ച് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറും നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടറും നടത്തിയ സംയുക്ത പരിശോധനയുടെ റിപ്പോർട്ട് ചുവടെ ചേർത്ത് സമർപ്പിക്കുന്നു:

279. 1-11-1996 മുതൽ 27-1-2000 വരെയുള്ള ക്യാഷ് ബുക്ക്, 4/1998 മുതൽ 3/2009 വരെ (6 Bundles)ഉം 4/1999 മുതൽ 3/2000 വരെ (10 Bundles)ഉം 4/2000 മുതൽ

9/2000 വരെ (6 Bundles)ഉം ഉള്ള വൗച്ചറുകൾ, 6/1989 മുതൽ 3/1998 വരെയുള്ള ജെ.ആർ.വൈ. ക്യാഷ് ബുക്ക് 1-3-1997 മുതൽ 31-10-1997 വരെയുള്ള ചെലവ് രജിസ്റ്റർ, 30-3-1996 മുതൽ 28-7-1997 വരെയുള്ള വരവ് രജിസ്റ്റർ എന്നീ രജിസ്റ്ററുകളും വൗച്ചറുകളും ഉൾപ്പെടെയുള്ള രേഖകൾ ഒല്ലൂർ സോണൽ ഓഫീസ് സൂപ്രണ്ട് ആയിരുന്ന ശ്രീ. പി. എൻ. രാമചന്ദ്രന് ഒല്ലൂർ സോണൽ ഓഫീസിലെ യു. ഡി. ക്ലാർക്ക് കസുമം കെ. ജോസഫ് കൈമാറിയിട്ടുള്ളത് (തീയതി രേഖപ്പെടുത്തിയിട്ടില്ല) സംബന്ധിച്ച ചാർജ്ജ് കൈമാറ്റരേഖയുടെ കാർബൺ കോപ്പി പരിശോധനയ്ക്ക് ലഭിച്ചു. എന്നാൽ പ്രസ്തുത രജിസ്റ്ററുകളും വൗച്ചറുകളും സംയുക്ത പരിശോധനാ സമയത്ത് കണ്ടെത്താൻ കഴിഞ്ഞില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക VII.8.7(i) മുതൽ VII.8.7(xii) വരെയുള്ള ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കണ്ടെത്തുന്നതിനായി നടത്തിയ തെരച്ചിലിൽ ടാർ പർച്ചേസ് രജിസ്റ്റർ ഒഴികെ, പ്രസ്തുത പരാമർശങ്ങളുമായി ബന്ധപ്പെട്ട യാതൊരു രേഖകളോ രജിസ്റ്ററുകളോ ലഭിച്ചിട്ടില്ല എന്ന് ഒല്ലൂർ സോണൽ ഓഫീസ് സൂപ്രണ്ട് ശ്രീ. കെ. ചന്ദ്രൻ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

280. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളിൽ ഉൾപ്പെട്ട VII.8.7(i) ഖണ്ഡിക പരാമർശവുമായി ബന്ധപ്പെട്ട 1997-98-ൽ അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ പകർപ്പും പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പും VII.8.7(ii) ഖണ്ഡിക പരാമർശവുമായി ബന്ധപ്പെട്ട ടാർ പർച്ചേസ് രജിസ്റ്ററും മാത്രമാണ് സംയുക്ത പരിശോധനയിൽ ലഭ്യമായിട്ടുള്ളത്. ഓഡിറ്റ് പരാമർശ കാലയളവിലെ ഒല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. കെ. വേലുക്കുട്ടി, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടിയായി 1-6-2010-ൽ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിരുന്ന കത്തിന്റെയും കൂടി അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഓഡിറ്റ് പരാമർശം തിരിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

1. വിഭവ ഭൂപട സർവ്വേ—മുൻകൂർ വാങ്ങിയത്—നിരാകരിക്കുന്നു. [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഓഡിറ്റ് ഖണ്ഡിക VII.8.7(i)]

281. 1997-98-ൽ അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ പകർപ്പും പഞ്ചായത്ത് കമ്മിറ്റിയുടെ 9-6-1998-ലെ 46 ബി നമ്പർ തീരുമാനത്തിന്റെ പകർപ്പും ലഭ്യമായി. എന്നാൽ 10,000 രൂപ ചെലവഴിച്ചത് സംബന്ധിച്ച വൗച്ചറുകളും പ്രസ്തുത കമ്മിറ്റി തീരുമാനം രേഖപ്പെടുത്തിയ മിനിട്ട്സ് ബുക്കും പ്രോജക്ടിന്റെ ഒറിജിനലും ലഭ്യമായില്ല. ലഭ്യമായ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്താൻ ഒല്ലൂർ സോണൽ ഓഫീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. റോഡ് പണിക്കായി ടാർ വാങ്ങിയത്—വിനിയോഗം കാണിച്ചിട്ടില്ല. [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(ii)].

282. 1997-98 ടാർ പർച്ചേസ് രജിസ്റ്റർ ലഭ്യമായി. അതിന്റെ 19-ാം പേജിൽ 30-4-1997-ൽ 60 barrel (9360 kg.) ടാർ വാങ്ങിയതിൽ അഞ്ചേരി വളാർക്കാവ് അമ്പലനട റോഡ് (Ward No. V and VI)-ന് 19-5-1997-ൽ 1320 kg.-ഉം 22-5-1997-ൽ 6792 kg.-ഉം ആയി ആകെ 8112 kg. ടാർ നൽകിയതായും ഫാത്തിമ റോഡിനായി (Ward No. I) 27-12-1997-ൽ 803 kg. ടാർ നൽകിയതായും ബാക്കി 445 kg. ഉള്ളതായും എഴുതി ചേർത്തിട്ടുള്ളതായി കാണുവാൻ കഴിഞ്ഞു. എന്നാൽ അതിന്മേൽ ആരും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. 20-ാം പേജിൽ 9360 kg. ടാർ (27-3-1998)-ൽ വാങ്ങിയതിൽ മുഴുവൻ വിതരണം ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. അതിന്മേൽ 9360 kg. വിതരണം ചെയ്തു എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്താൻ ഒല്ലൂർ സോണൽ ഓഫീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. പമ്പ്സെറ്റുകൾ റിപ്പയർ—ക്രമക്കേടുകൾ [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(III))]

283. ആവശ്യമായ രേഖകൾ ലഭ്യമായില്ല.

മുൻ സെക്രട്ടറി ശ്രീ. വേലുക്കുട്ടി 1-6-2010-ൽ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള മറുപടിയിൽ, പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിനു ശേഷമാണ്, കടുത്ത കടിവെള്ളക്ഷാമം ഉള്ള പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള രണ്ട് ബോർവെല്ലിലെ കേടായ മോട്ടോറുകൾ റിപ്പയർ ചെയ്യുന്നതിന് ക്വട്ടേഷൻ വിളിച്ചത് എന്നും ഈ പണിയുടെ നടത്തിപ്പ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതും ക്വട്ടേഷൻ സ്വീകരിച്ചിട്ടുള്ളതും ആണ് എന്നും ബോധിപ്പിച്ചിട്ടുണ്ട്.

4. അംഗീകൃത പ്രോജക്റ്റിൽ മാറ്റം വരുത്തി അധിക തുക ചെലവ് ചെയ്തത് അംഗീകരിക്കുന്നില്ല [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(iv)]

284. ആവശ്യമായ രേഖകൾ ലഭ്യമായില്ല.

5. ജെ.ആർ.വൈ. ഫണ്ട് അധികം നൽകിയത് അനുവദനീയമല്ല [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(v)]

285. ആവശ്യമായ രേഖകൾ ലഭ്യമായില്ല.

ജെ.ആർ.വൈ. പദ്ധതി നിലവിലില്ലാത്ത സാഹചര്യത്തിൽ തുക വകമാറ്റി ചെലവഴിച്ചത് സർക്കാർ സാധൂകരണത്തിന് അപേക്ഷിച്ച് സാധൂകരണം ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത ചെലവ് ക്രമവൽക്കരിക്കാവുന്നതാണ്.

6. സർക്കാർ അംഗീകാരമില്ലാത്ത പദ്ധതിക്കുള്ള ചെലവ് ക്രമരഹിതം അംഗീകരിക്കുന്നില്ല [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(vi)]

286. ആവശ്യമായ രേഖകൾ ലഭ്യമായില്ല.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 16-4-2007-ലെ LF 17658/Spl.Cell (SC4) 106 (2)-ാം നമ്പർ സർച്ചാർജ്ജ് നോട്ടീസ് മുൻ സെക്രട്ടറി ശ്രീ. കെ. കെ. വേലുക്കുട്ടിക്ക് നൽകിയിരുന്നതായും 7-5-2007-ൽ ലഭിച്ച പ്രസ്തുത നോട്ടീസിൽ 11,500 രൂപയുടെ ബാധ്യതയാണ് ടിയാന് മേൽ ചുമത്തിയിട്ടുള്ളതെന്നും അതിന് 23-5-2007-ൽ മറുപടി തയ്യാറാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഫീസിൽ നേരിട്ട് എത്തിച്ചുകൊടുത്തിട്ടുള്ളതാണെന്നും തന്നെ ബാധ്യതയിൽ നിന്നും ഒഴിവാക്കി എന്ന് വാക്കാൽ പറഞ്ഞിരുന്നുവെങ്കിലും ഉത്തരവൊന്നും ലഭിച്ചിട്ടില്ല എന്നും ശ്രീ. കെ. കെ. വേലുക്കുട്ടി 1-6-2010-ലെ കത്തിൽ ബോധിപ്പിച്ചിട്ടുണ്ട്.

7. വൈദ്യുതി കണക്ഷനുവേണ്ടി OYC-ൽ തുക അടച്ചത്—അംഗീകരിക്കുന്നില്ല [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(vii)]

287. ആവശ്യമായ രേഖകൾ ലഭ്യമായില്ല.

"വൈദ്യുതി കണക്ഷനുവേണ്ടി OYC ഇനത്തിൽ മൊത്തം 64,400 രൂപ ചെലവ് ചെയ്തത് പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമായിരുന്നുവെന്നും സമൂഹത്തിലെ താഴെത്തട്ടിൽ ജീവിക്കുന്ന 14 വീട്ടുകാർക്കുവേണ്ടി ആണ് പഞ്ചായത്ത് ഈ ചെലവ് ചെയ്തിട്ടുള്ളത് എന്നും ഈ പദ്ധതിയുടെ സാമൂഹിക പ്രതിബദ്ധത കണക്കിലെടുത്ത് പരാമർശം ഒഴിവാക്കണമെന്നും" മുൻ സെക്രട്ടറി ശ്രീ. കെ. കെ. വേലുക്കുട്ടി 1-6-2010-ലെ കത്തിൽ ബോധിപ്പിച്ചിട്ടുണ്ട്.

8. കോഴിഗ്രാമം പദ്ധതി—നടത്തിപ്പിലെ അപാകതകൾ [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(viii)]

288. പരാമർശം ഒഴിവാക്കാൻ 24-7-2013-ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി യോഗം ശിപാർശ ചെയ്തിട്ടുണ്ട്.

9. ആട് വിതരണം (പട്ടികജാതി വിഭാഗം, ജനറൽ)—നിർവ്വഹണത്തിലെ അപാകതകൾ [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(ix)]

289. പരാമർശം ഒഴിവാക്കാൻ 24-7-2013-ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി യോഗം ശിപാർശ ചെയ്തിട്ടുണ്ട്.

10. കൊത്തുമുട്ട ഉൽപ്പാദന യൂണിറ്റ്—നടത്തിപ്പിലെ അപാകതകളും അധികച്ചെലവും [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(x)]

290. പരാമർശം ഒഴിവാക്കാൻ 24-7-2013-ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി യോഗം ശിപാർശ ചെയ്തിട്ടുണ്ട്.

11. കുണ്ടോളിപ്പാടം തോട് ഉദ്ധാരണം—ധനദുർവ്വിനിയോഗം—പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(xi)].

291. ആവശ്യമായ രേഖകൾ ലഭ്യമായില്ല.

12. പനയപാടം കുടിവെള്ള പദ്ധതി—ചെലവ് അംഗീകരിക്കുന്നില്ല [സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക VII.8.7(xii)].

292. ആവശ്യമായ രേഖകൾ ലഭ്യമായില്ല.

സംയുക്ത പരിശോധനാ വേളയിൽ തൃശ്ശൂർ നഗരസഭാ സെക്രട്ടറിയും ഹാജരായിരുന്നെങ്കിലും, ലഭ്യമാകാത്ത രേഖകൾ കണ്ടെത്തുന്നതിന് ആത്മാർത്ഥമായ ഒരു ശ്രമം കൂടി നടത്തുന്നതിന് തൃശ്ശൂർ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകാവുന്നതും ഒല്ലൂർ ഗ്രാമപഞ്ചായത്തിനോ സർക്കാരിനോ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്ന് നഗരസഭാ കൗൺസിലിന് ഉത്തമബോധ്യമുള്ള വിഷയങ്ങളിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിനായി കൗൺസിൽ തീരുമാനം സഹിതം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അപേക്ഷിക്കുവാനും വ്യക്തിഗത ബാധ്യത നിശ്ചയിക്കാവുന്ന വിഷയങ്ങളിൽ ആയത് നിശ്ചയിച്ച് തുക ഈടാക്കുന്നതിന് കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും തൃശ്ശൂർ നഗരസഭയ്ക്ക് നിർദ്ദേശം നൽകാവുന്നതുമാണെന്നും ബോധിപ്പിക്കുന്നു.

293. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 28-10-2013-ന് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

| ബന്ധപ്പെട്ട സ്ഥാപനം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ | ഓഡിറ്റ് ഖണ്ഡിക | സമിതി ആവശ്യപ്പെട്ട അധിക വിവരം | പരിശോധനാക്കുറിപ്പ് |
|---|---|---|---|---|
| ഒല്ലൂർ | 2002-03, VII.1.8.7(i) | വിഭവ ഭൂപട സർവ്വേ മുൻകൂർ വാങ്ങിയത് നിരാകരിക്കുന്നു | സർക്കാർ മറുപടിയിൽ പരാമർശിച്ചിരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കി റിപ്പോർട്ട് സമർപ്പിക്കുക | ബന്ധപ്പെട്ട യാതൊരു രേഖയും നാളിതുവരെ ഓഡിറ്റ് പരിശോധനയ്ക്കായി ലഭിച്ചിട്ടില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| ഒല്ലൂർ | 2002-03, VII.1.8.7(ii) | റോഡ് പണികൾക്കായി ടാർ വാങ്ങിയത്— വിനിയോഗം കാണിച്ചിട്ടില്ല. | | തൃശ്ശൂർ ജില്ലയിലെ മുൻ ഒല്ലൂർ ഗ്രാമപഞ്ചായത്തിന്റേതായി 2002-03 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന 6 വിഷയങ്ങളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ വകുപ്പ് ഡയറക്ടറും സംയുക്തമായി |

| | | | | |
|---|---|---|---|---|
| | | | | കണ്ടെത്തി ഒരു മാസത്തിനകം ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതുമായി ബന്ധപ്പെട്ട യാതൊരു രേഖകളും നാളിതുവരെ ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല എന്നുള്ള വിവരം അറിയിക്കുന്നു. |
| ഒല്ലൂർ | 2002-03, VII.1.8.7(iii) | പമ്പ്സെറ്റുകൾ റിപ്പയർ—ക്രമക്കേടുകൾ | പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ വകുപ്പ് ഡയറക്ടറും സംയുക്തമായി രേഖകൾ കണ്ടെത്തി ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഒരു മാസത്തിനകം ഹാജരാക്കുക. | |
| ഒല്ലൂർ | 2002-03, VII.1.8.7(iv) | അംഗീകൃത പ്രോജക്ടിൽ | ഓഡിറ്റ് വകുപ്പ് ആയതിന്മേലുള്ള | |

| | | | | |
|---|---|---|---|---|
| | | മാറ്റം വരുത്തി അധിക തുക ചെലവ് | | |
| ഒല്ലൂർ | 2002-03, VII.1.8.7(vii) | വൈദ്യുത കണക്ഷന് വേണ്ടി ഒ.വൈ.സി. യിൽ തുക അടച്ചത് അംഗീകരിക്കുന്നില്ല | റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കുക. | |
| ഒല്ലൂർ | 2002-03, VII.1.8.7(xi) | കണ്ടോളിപ്പാടം തോട് ഉദ്ധാരണം ധനദുർവിനിയോഗം പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു | | |
| ഒല്ലൂർ | 2002-03, VII.1.8.7(xii) | പനയംപാടം കുടിവെള്ള പദ്ധതി ചെലവ് അംഗീകരിക്കുന്നില്ല. | | |

**നിഗമനങ്ങൾ/ശിപാർശകൾ**

294. **ഒല്ലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട മേല്പറഞ്ഞ 12 ഓഡിറ്റ് പരാമർശങ്ങളിൽ (viii), (ix), (x) നഗരകാര്യ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. അവശേഷിക്കുന്ന 9 പരാമർശങ്ങളിൽ (i), (ii) എന്നിവയുമായി ബന്ധപ്പെട്ടുള്ള ഭാഗികമായ രേഖകൾ മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും മറ്റുള്ള 7 ഇനങ്ങളിൽ ആവശ്യമായ രേഖകൾ ലഭിച്ചിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു.**

എന്നാൽ, സമിതി ആവശ്യപ്രകാരമുള്ള രേഖകളൊന്നും ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ലഭ്യമായ രേഖകൾ അടിയന്തരമായി ഓഡിറ്റിന് സമർപ്പിക്കുന്നതിനും മറ്റുള്ളവ കണ്ടെത്തുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

295. ഒല്ലൂർ ഗ്രാമപഞ്ചായത്ത് 2000-ൽ തൃശ്ശൂർ നഗരസഭയുമായി ലയിപ്പിച്ചതിനാലാണ് രേഖകൾ സമർപ്പിക്കുന്നതിൽ വീഴ്ച സംഭവിക്കാനുള്ള കാരണമായി വകുപ്പ് ചൂണ്ടിക്കാട്ടുന്നത്. ഇത് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള ശ്രമമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. വൻതുകകളുടെ ചെലവുകൾ ഉൾക്കൊള്ളുന്ന രേഖകൾ ഗൗരവപൂർവ്വം കൈകാര്യം ചെയ്യേണ്ടതും സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമായിരിക്കേ അത് യഥായോഗ്യം നിർവ്വഹിക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി മാത്രമേ വീക്ഷിക്കാനാകൂ. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ രേഖകൾ നഷ്ടപ്പെടാൻ കാരണക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകാപരമായ നടപടി സ്വീകരിക്കാനും ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ രേഖകൾ നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകാനും സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട്സ് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2 | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | നിയമന കാലാവധിക്കുശേഷവും അപ്രന്റീസ് എഞ്ചിനീയർ ജോലിയിൽ തുടർന്നതിനും ടിയാന് ഓണറേറിയം നൽകിയതിനും ഉണ്ടായ സാഹചര്യം വ്യക്തമാക്കിക്കൊണ്ടുള്ള സർക്കാർ മറുപടി തൃപ്തികരമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 10 | ,, | നിർവ്വഹണോദ്യോഗസ്ഥരുടെ നോട്ടക്കുറവ് സംബന്ധിച്ച യാതൊരു വിവരങ്ങളും സർക്കാർ മറുപടിയിൽ കാണുന്നില്ല എന്നത് ചൂണ്ടിക്കാണിക്കുന്നതോടൊപ്പം റോഡിന്റെ നിർവ്വഹണ പ്രവൃത്തികളിൽ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് എസ്റ്റിമേറ്റ് തുകയേക്കാൾ അധികരിച്ച് നൽകേണ്ടിവന്നു എന്ന വസ്തുതയും മണ്ണിന്റെ വിനിയോഗവിവരം സംബന്ധിച്ച മറുപടിയും കണക്കിലെടുത്തും ഗുണഭോക്തൃ വിഹിതത്തിൽ അധികം നൽകിയ 395 രൂപ 4-7-2002-ന് പഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട് എന്നറിയിച്ചതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 16 | ,, | വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടും പദ്ധതി യഥാസമയം പ്രവർത്തനക്ഷമമാക്കാത്തതിന്റെ യഥാർത്ഥ കാരണം കണ്ടെത്തണമെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഭീമമായ തുക ചെലവഴിച്ച ഈ പദ്ധതി ഉപയോഗപ്രദമാക്കാൻ കഴിയാതെ പോയതിന് സർക്കാർ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഒരു വിശദീകരണവും നൽകിയിട്ടില്ല എന്ന വസ്തുത സമിതി ഗൗരവമായി വീക്ഷിക്കുന്നു. പദ്ധതി നടപ്പാക്കലിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ച് അടിയന്തര റിപ്പോർട്ട് സമർപ്പിക്കുവാനും പദ്ധതി നാളിതുവരെ പ്രാവർത്തികമാക്കിയിട്ടില്ലെങ്കിൽ അത് നടപ്പിലാക്കുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 20 | ചേലക്കര ഗ്രാമപഞ്ചായത്ത് | സർക്കാർ ഖജനാവിലേക്ക് ഒടുക്കാനുള്ള നികുതി ക്രമപ്രകാരം ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള പഞ്ചായത്തിന്റെ അധികാരം വേണ്ടവിധം വിനിയോഗിക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നതോടൊപ്പം പഞ്ചായത്തിന്റെ അധികാരപരിധിയിൽ നേരിട്ട് ഉൾപ്പെടാത്ത വിഷയത്തിൽ മേൽനടപടി സ്വീകരിക്കേണ്ടതില്ല എന്നുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 22 | തെക്കുംകര ഗ്രാമപഞ്ചായത്ത് | 12 അങ്കണവാടികളിൽ സാധനങ്ങൾ വിതരണം ചെയ്തതിനും ആയത് കൈപ്പറ്റിയതിനും മതിയായ രേഖകളില്ലാത്തതുമൂലം ഓഡിറ്റ് തടസ്സപ്പെടുത്തിയ 14,926 രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് തുടർന്ന് ഹാജരാക്കിയതായും ആയത് ഓഡിറ്റിന് ബോദ്ധ്യപ്പെട്ടതായുമുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 29 | ,, | പരമാവധി 45 തയ്യൽ മെഷീനുകൾ മാത്രം വാങ്ങുന്നതിന് അനുമതിയുണ്ടായിരുന്ന സ്ഥാനത്ത് 65 തയ്യൽ മെഷീനുകൾ വാങ്ങുകയും അതിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | 55 എണ്ണം വ്യക്തികൾക്കും 10 എണ്ണം യൂണിറ്റിനും നൽകിയെന്നുമാണ് സർക്കാർ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നത്. സർക്കാർ നല്കിയ വിശദീകരണത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ മെഷീൻ നല്കിയ യൂണിറ്റ് പ്രവർത്തിക്കുന്നത് വനം വകുപ്പിന്റെ പരിധിയിലുള്ള കെട്ടിടത്തിലായതിനാലും കെട്ടിടത്തിന്റെ താക്കോൽ വനം വകുപ്പുദ്യോഗസ്ഥരുടെ കൈവശമായതിനാലും മെഷീനുകൾ കണ്ട് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ലെന്നും മെഷീനുകൾ ലഭിച്ച വ്യക്തികളുടെ ഗുണഭോക്തൃ ലിസ്റ്റോ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലെന്നും വ്യക്തമാക്കുന്നു. ഇത് ഗൗരവമായ വീഴ്ചയായി സമിതി വീക്ഷിക്കുന്നു. മെഷീനുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതും കൂടുതൽ പേർക്ക് മെഷീനുകൾ നൽകിയതും സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടിരിക്കുന്നതായി സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ മെഷീനുകൾ വിതരണം ചെയ്തതിന്റെ രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കി ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാനും അല്ലാത്തപക്ഷം തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 34 | തെക്കുംകര ഗ്രാമപഞ്ചായത്ത് | പ്രസ്തുത ഓഡിറ്റ് തടസ്സം സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കിയ മറുപടിയുടെ വെളിച്ചത്തിൽ അക്കാര്യം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. ഗ്രന്ഥശാലാ സംഘത്തിന്റെ നിയന്ത്രണത്തിൽ സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിച്ച വരുന്നതായും രണ്ട് ഘട്ടങ്ങളിലായി 12,500 രൂപ വീതം ആകെ 25,000 രൂപ മാത്രമേ മുൻകൂർ നല്കിയിട്ടുള്ളുവെന്നും പ്രസ്തുത തുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ടി പ്രവൃത്തിക്ക് ചെലവാക്കിയിട്ടുള്ളതെന്നും മന്ദിരനിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 37 | കാറളം ഗ്രാമപഞ്ചായത്ത് | ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുമായി ബന്ധപ്പെട്ട നാല് പ്രവൃത്തികളിൽ ഒരു പദ്ധതിയൊഴിച്ച് മറ്റുള്ളവ പൂർത്തീകരിച്ചതായും ശേഷിച്ചതിന് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചുപിടിച്ചിട്ടുള്ളതായും പദ്ധതിക്കായി വാങ്ങിയ മോട്ടോർ കൃഷി സംഘത്തിന് കൈമാറിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെയും കൃഷി ഓഫീസറുടെയും വിശദീകരണം ബോധ്യപ്പെട്ടതായുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 41 | ,, | പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട പ്രവൃത്തിയുടെ മൂല്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പ് പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, മുൻകൂർ അനുവദിക്കപ്പെടുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അല്ലാത്തപക്ഷം നിർദ്ദിഷ്ട കാലയളവിനുള്ളിൽ തുക പലിശ സഹിതം തിരികെ ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 43 | കാറളം ഗ്രാമപഞ്ചായത്ത് | പദ്ധതി പൂർത്തീകരിച്ചതിന്റെയും ആയത് പ്രവർത്തനക്ഷമമാണെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 46 | ,, | കുടിവെള്ള വിപുലീകരണം സംബന്ധിച്ച ഓഡിറ്റ് തടസ്സത്തിന്മേൽ കിണർ നന്നാക്കി പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെന്നും ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി തൃപ്തികരമായതിനാലും ഇക്കാര്യം ഓഡിറ്റ് വകുപ്പ് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 48 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് | 1999-2000 വർഷത്തിൽ പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ആസൂത്രണം ചെയ്ത പദ്ധതി 2006-07 വർഷത്തിലാണ് പൂർത്തീകരിച്ചതെന്നത് പദ്ധതിയുടെ പ്രയോജനം യഥാസമയം ഗുണഭോക്താക്കളിൽ എത്തിക്കുന്നതിലുള്ള പരാജയത്തെയാണ് സൂചിപ്പിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭാവനം ചെയ്യുന്ന പദ്ധതികൾ കൃത്യമായും സമയബന്ധിതമായും നടപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പതിപ്പിക്കണമെന്ന് സമിതി നിഷ്കർഷിക്കുന്നു. മേൽപരാമർശത്തിലെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 54 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് | റാമ്പ് പണിത ഭാഗത്ത് പാടവും റോഡും തമ്മിൽ നിരപ്പ് വ്യത്യാസമില്ലാത്തതിനാലും റാമ്പ് നിർമ്മാണത്തിന് പകരം മണ്ണിട്ട നിരത്തൽ നടത്തിയത് പാടശേഖര സമിതിയുടെ ആവശ്യപ്രകാരമായിരുന്നുവെന്നത് കണക്കിലെടുത്തും മണ്ണ് നിരപ്പാക്കിയതുമൂലം ട്രാക്ടർ തോട്ടിലേക്ക് ഇറക്കാൻ സഹായകരമാകുന്നുവെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഭൗതിക പരിശോധനാ റിപ്പോർട്ട് പ്രകാരം കാണുന്നതിനാലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 63 | ,, | ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ട അഞ്ച് പ്രവൃത്തികളും വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ടെന്നും അവയുടെ കൺവീനർമാർ കൈപ്പറ്റിയ മുൻകൂർ തുകയ്ക്ക് ആനുപാതികമായ പ്രവൃത്തി നിർവ്വഹിക്കപ്പെട്ടിട്ടുണ്ടെന്നും ആയത് എഞ്ചിനീയർമാർ നല്കിയ മൂല്യനിർണ്ണയ സാക്ഷ്യപത്രം സാധൂകരിക്കുന്നുവെന്നും പഞ്ചായത്ത് ഡയറക്ടറുടെ വകുപ്പുതല അന്വേഷണ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത അഞ്ച് പ്രവൃത്തികൾ സംബന്ധിച്ച ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | 74 | ,, | പ്രവൃത്തിയുടെ അളവ് പുസ്തകം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട്, എന്നിവ ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന് കൺവീനർ കത്ത് നല്കിയ കാലയളവിൽ പ്രവൃത്തിയുടെ ഭാഗമായ കുളം വറ്റിക്കൽ നടന്നുവെന്ന എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ വസ്തുതകളുമായി ബന്ധമില്ലാത്തതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ടി ഇനത്തിൽ ചെലവാക്കിയ 4,425 രൂപ 18% നിരക്കിൽ പലിശ കണക്കാക്കി എഞ്ചിനീയറുടെ ബാദ്ധ്യതയായി നിശ്ചയിച്ച് പ്രസ്തുത തുക ടിയാനിൽ നിന്നും ഈടാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 84 | മാള ഗ്രാമപഞ്ചായത്ത് | പരാമർശത്തിന്മേൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ നല്കിയ വിശദീകരണത്തിന് ആധാരമായ കാര്യങ്ങൾ സർക്കാർ ഉത്തരവ് പ്രകാരം ആകെ ഈടാക്കേണ്ട തുക, ഇനിയും ഈടാക്കുവാനുള്ള തുക, അടയ്ക്കേണ്ട വ്യക്തികൾ എന്നിവയും ഉൾക്കൊള്ളുന്ന റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് സമിതിക്ക് ലഭ്യമാക്കിയെങ്കിലും ആയത് ഓഡിറ്റിന് ഹാജരാക്കിയതായിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഓഡിറ്റിന് ഹാജരാക്കുവാനും ഇനിയും ഈടാക്കുവാൻ അവശേഷിക്കുന്ന തുകകൂടി അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 96 | വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ബോധപൂർവ്വം ക്രമക്കേട് നടത്തി 5,14,946 രൂപ അപഹരിച്ച മുൻ യു.ഡി. ക്ലർക്കിന് താല്ക്കാലിക പെൻഷൻ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന സർക്കാർ മറുപടിയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രദേശിക പരിശോധന നടത്തിയവേളയിൽ ടിയാളുടെ യഥാർത്ഥ സർവ്വീസ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിൽനിന്ന് വ്യക്തമാകുന്നു. സാമ്പത്തിക ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥയിൽനിന്ന് വ്യവസ്ഥാപിത മാർഗ്ഗങ്ങളുണ്ടായിട്ടും നടപടികൾ പൂർത്തിയാക്കി നഷ്ടത്തുക ഈടാക്കാൻ നാളിതുവരെ സാധിക്കാത്തത് സമിതി ഗൗരവമായി കാണുന്നു. കേവലമൊരു ക്ലർക്ക് മാത്രം വിചാരിച്ചാൽ നടത്തുവാൻ സാധിക്കുന്ന ഒരു ക്രമക്കേടാണിതെന്ന് സമിതി കരുതുന്നില്ല. അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥരെക്കണ്ടെത്തി നടപടി സ്വീകരിക്കാനും പഞ്ചായത്ത് ഫണ്ടിൽ നിന്നും അപഹരിച്ച തുക പിഴപ്പലിശ സഹിതം അടിയന്തരമായി തിരിച്ചീടാക്കി റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു. |
| 18 | 98 | വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് | ഈ ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള 5,67,202 രൂപയിൽ 5,14,946 രൂപ മുൻ ഖണ്ഡിക 3.8.5.1-ൽ പറയുന്ന അപഹരിക്കപ്പെട്ട തുകയും ഉൾപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കുവാൻ ഈ റിപ്പോർട്ടിലെ ഖണ്ഡിക 96-ൽ ശിപാർശ ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 52,256 രൂപയിൽ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | 41,093 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുള്ളതായും മറുപടിയിൽ നിന്നും ബോധ്യമാകുന്നു. ബാക്കി 10,163 രൂപയുടെ ചെലവ് രേഖകൾ കൂടി ഹാജരാക്കുവാനും അല്ലാത്തപക്ഷം ടി തുക കൂടി ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 100 | വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് | പഞ്ചായത്തിന് നഷ്ടം സംഭവിച്ച തുക മുഴുവൻ അടവാക്കിയതായുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടേയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സ്പഷ്ടീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 102 | ,, | ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച വൗച്ചറുകൾ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയതായുള്ള സെക്രട്ടറിയുടെ മറുപടിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സ്ഥിരീകരണത്തിന്റെയും അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 114 | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് & ത.സ്വ.ഭ.വ. | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ പ്രോജക്ട് തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി കൈമാറിയിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്യുതിന്റെ അടിസ്ഥാനത്തിൽ എത്രയും വേഗം പദ്ധതി പ്രാവർത്തികമാക്കാനും ഓഡിറ്റ് തടസ്സം ഒഴിവാക്കാനും ശിപാർശ ചെയ്യുന്നതോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പ് |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | നടപ്പാക്കുന്ന വികസന പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് നിർവ്വഹണോദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ ഉത്തരവാദിത്വമാണെന്ന് അഭിപ്രായപ്പെടുന്നു. പദ്ധതികൾ തെരഞ്ഞെടുക്കുമ്പോൾ ആവശ്യകതയും പ്രായോഗികതയും സ്വീകാര്യതയും ഉറപ്പ് വരുത്താൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നല്കണമെന്നും സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 123 | പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | എം. ബുക്ക് ഹാജരാക്കിയിട്ടുണ്ടെന്നും ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുന്നതിന് മൂന്നാം ഘട്ടമായി പ്രോജക്ട് വച്ചിട്ടുണ്ടെന്നും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്നത് മാത്രമാണ് ന്യൂനതയെന്നുമുള്ള സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ മറുപടിയുടെ വെളിച്ചത്തിൽ തടസ്സം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു. ജലസേചന പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക യഥാവിധം പ്രയോജനപ്പെടുത്തുവാൻ കഴിയാത്ത അവസ്ഥയാണ് സംജാതമായിരിക്കുന്നതെന്ന് നിരീക്ഷിക്കുന്ന സമിതി മിക്ക കൃഷി ഓഫീസർമാരും പദ്ധതികളുമായി യോജിച്ച് പോകുകയോ മേൽനോട്ടം നിർവ്വഹിക്കുകയോ പുരോഗതി വേണ്ട വിധം വിലയിരുത്തുകയോ ചെയ്യുന്നില്ലെന്നും അഭിപ്രായപ്പെടുന്നു. ഇത്തരം പ്രവണത ആവർത്തിക്കരുതെന്ന് സമിതി ശക്തമായി ആവശ്യപ്പെടുന്നു. |
| 23 | 127 | ,, | പ്ലാൻ ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കിയ പദ്ധതി നടപ്പാക്കാത്തതുമൂലം സംഭവിച്ച നഷ്ടം 18% പലിശ ഉൾപ്പെടെ 40,160 രൂപ അടവാക്കി |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | യിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഡയക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന തുക കൂടി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് വിധേയമായി തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 129 | താന്ന്യം ഗ്രാമപഞ്ചായത്ത് | റോഡ് മണ്ണിട്ട് നികത്തിയ വേലകൾക്ക് കൂടുതൽ നിരക്ക് നല്കിയതിന് സർക്കാർ സാധൂകരണം നല്കിയ സാഹചര്യത്തിലും ഓഡിറ്റ് വകുപ്പിന് ആയത് ബോധ്യപ്പെട്ട സാഹചര്യത്തിലും പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 131 | മേത്തല ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സപ്പെടുത്തിയ മുഴുവൻ തുകയും തിരിച്ചടച്ചിട്ടുണ്ടെന്ന സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ മറുപടിയുടേയും ആയതിന്റെ ഫൈനൽ ബിൽ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെ സ്ഥിരീകരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 136 | പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | കോസ്റ്റ് ഫോർഡിന് നൽകിയ തുക ക്രമപ്പെടുത്തി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എ. ഡി. പി. എന്നിവരെ ചേർത്ത് രൂപീകരിച്ച സമിതിയിൽ പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും ആയത് പരിശോധിച്ചിട്ടുണ്ടെന്നുമുള്ള എസ്. പി. എ. ഒ. യുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 27 | 157 | ,, | ചെക്ക് ഡാം നിർമ്മാണത്തിന് അവശ്യം വേണ്ട ഏപ്രൺ, കർട്ടൻ വാൾ എന്നിവ ഇല്ലാതിരുന്നത് എസ്റ്റിമേറ്റിലെ അപാകതയായി സമിതി കാണുന്നു. പദ്ധതി നടത്തിപ്പിലെ കാര്യക്ഷമത |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | യില്ലായ്മയും കൃത്യമായ മോണിറ്ററിംഗിന്റെ അഭാവവും ഡാമിന്റെ തകർച്ചയ്ക്ക് കാരണമായി എന്ന ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി യോജിക്കുന്നു. അതുപോലെ ക്യൂറിംഗ് കാലയളവിനുള്ളിൽ ഉണ്ടായ കാലവർഷവും ഇക്കാര്യത്തിൽ നിർണ്ണായകമായിട്ടുണ്ട് എന്ന വസ്തുത പരിഗണിക്കപ്പെടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.<br>പാർട്ട് ബിൽ തീർപ്പാക്കി എന്നതു കൊണ്ട് മുൻസെക്രട്ടറിയുടെ പേരിൽ ബാധ്യത ചുമത്തുന്നത് ന്യായീകരിക്കത്തക്കതല്ല. ഈ സാഹചര്യത്തിൽ, ടിയാനെ ബാധ്യതയിൽ നിന്ന് ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, കാലവർഷത്തിന്റെ ഭാഗമായുണ്ടായ കെടുതിയുടെ പട്ടികയിൽ ഇതിനെ ഉൾപ്പെടുത്തിയിട്ടുള്ളതായി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ വെളിച്ചത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള അനന്തര നടപടി അവസാനിപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 170 | അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് | മലക്കപ്പാറ കുടിവെള്ള പദ്ധതിക്കുവേണ്ടി വാങ്ങിയ പൈപ്പുകൾ ജലനിധിയുടെ പദ്ധതിക്കുവേണ്ടി ഉപയോഗിച്ചു എന്ന സെക്രട്ടറിയുടെ വാദം തെറ്റാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ നിന്നും ബോധ്യമാകുന്നു. ഇതിൽ നിന്നും പദ്ധതിയിൽ ക്രമക്കേട് നടന്നതായി സമിതി അനുമാനിക്കുന്നു. പദ്ധതി നടത്തിപ്പിന്റെ ഗുണഭോക്തൃ സമിതി കൺവീനർ കൈപ്പറ്റിയ 66,000 രൂപ മറ്റു രണ്ട് പദ്ധതികളുടെ ബിൽ തുകയിൽ നിന്ന് തിരികെ ഈടാക്കിയതായും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സമിതി മനസ്സിലാക്കുന്നു. എന്നാൽ മലക്കപ്പാറ കടിവെള്ള പദ്ധതിക്കുവേണ്ടി വാങ്ങിയ പൈപ്പുകൾ ജലനിധിയുടെ പദ്ധതിക്കുവേണ്ടി ഉപയോഗിച്ചു എന്നുള്ളതിനും ചട്ടപ്രകാരമാണ് ക്വട്ടേഷൻ ക്ഷണിച്ചത് എന്നതിനും വ്യക്തമായ യാതൊരു തെളിവും ഇല്ലാത്ത സാഹചര്യത്തിൽ ഈ പദ്ധതിക്കായി ചെലവാക്കിയ തുക ദുർവിനിയോഗമായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കൺവീനർ തിരികെ അടച്ച തുകയൊഴിച്ചുള്ള തുക മുഴുവനും ഉത്തരവാദികളിൽ നിന്ന് ഈടാക്കി റിപ്പോർട്ട് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 173 | പുത്തൂർ ഗ്രാമപഞ്ചായത്ത് | ലേലനിയമം പാലിക്കാതെ തനത് വരുമാനം നഷ്ടപ്പെടുത്തിയ പഞ്ചായത്തിന്റെ നടപടി ശരിയായില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. വാടക കുടിശ്ശികയിനത്തിൽ അവശേഷിച്ച 19,967 രൂപയിൽ 5,384 രൂപ കൂടി പിരിച്ചെടുക്കാൻ ശേഷിക്കുന്നുണ്ടെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ ടി തുക കൂടി പിരിച്ചെടുക്കാനും ആയത് ഈടാക്കുന്നതിന് വിധേയമായി ഓഡിറ്റ് തടസ്സം ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 184 | ,, | മാന്ദാമംഗലം ഫീഡ് ചാൽ നിർമ്മാണത്തിനായി മുൻകൂർ നല്കിയ തുക പലിശ സഹിതം ഈടാക്കുന്നതിനുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്താനും നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുവാനും വല്ലൂർ ഗിരിജൻ ഫാം ഹൗസ് നിർമ്മാണത്തിന് പ്രവൃത്തി ആരംഭിക്കാത്തതുമൂലം നഷ്ടം സംഭവിച്ച തുകയുടെ പലിശകൂടി ഈടാക്കുവാനും വനിതാ മിനി വ്യവസായ എസ്റ്റേറ്റിന്റെ പ്രവൃത്തിക്ക് നല്കിയ മുൻകൂർ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സമർപ്പിക്കാനും ബിറ്റുമിൻ ഉപയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കാത്തതിന് നഷ്ടത്തുക ഈടാക്കുവാനുള്ള റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ശിപാർശ ചെയ്യുന്നു. |
| 31 | 191 | പുത്തൂർ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സപ്പെടുത്തിയ 50,95,327 രൂപയിൽ 3,16,900 രൂപയുടെ വൗച്ചറുകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ എന്ന് സമിതി മനസ്സിലാക്കുന്നു. മൈത്രി ഭവന പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഭവന നിർമ്മാണ ബോർഡിൽ ഒടുക്കിയതായി പറയപ്പെടുന്ന തുകയായ 44,06,617 രൂപയുടെ റെമിറ്റൻസ് സർട്ടിഫിക്കറ്റ് സമർപ്പിക്കുവാൻ 30 ദിവസത്തെ സമയം അനുവദിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് 23-6-2011-ാം തീയതി സമർപ്പിച്ച അധികവിവര റിപ്പോർട്ടിൽ അപേക്ഷിച്ചിരുന്നു. എന്നാൽ പ്രസ്തുത റെമിറ്റൻസ് സർട്ടിഫിക്കറ്റ് സമർപ്പിച്ചത് സംബന്ധിച്ച യാതൊരു വിവരവും നാളിതുവരെ സമിതിക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് ഗുരുതരമായ കൃത്യവിലോപവും വീഴ്ചയുമാണെന്ന് സമിതി വിലയിരുത്തുന്നു. സമിതി ആവശ്യപ്പെട്ട വിവരം സമിതിയോട് ഉറപ്പ് നല്കിയ സമയപരിധിക്കുള്ളിൽ ലഭ്യമാക്കാത്തതിനുള്ള വിശദീകരണം നൽകുന്നതോടൊപ്പം ഇനിയും രേഖകൾ ഹാജരാക്കുവാൻ അവശേഷിക്കുന്ന 47,78,427 രൂപയുടെ വിനിയോഗം സംബന്ധിച്ച രേഖകളും ഓഡിറ്റിന് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം പ്രസ്തുത തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 32 | 195 | മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് | പദ്ധതിക്ക് അധികം നൽകിയ തുക ഈടാക്കിയിട്ടുണ്ടെന്നും പണി പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് ഡയറക്ടറുടെ സ്ഥിരീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 199 | ,, | പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും മൂല്യനിർണ്ണയത്തിനുശേഷം ക്രമപ്പെടുത്തുവാനുള്ള തുക തിരികെ ഈടാക്കിയിട്ടുണ്ടെന്നുമുള്ള സെക്രട്ടറിയുടെ മറുപടിയുടേയും ആയത് ബോദ്ധ്യപ്പെട്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ സ്പഷ്ടീകരണത്തിന്റെയും വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 34 | 203 | കടവല്ലൂർ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സവുമായി ബന്ധപ്പെട്ട് കൺവീനർമാരുടെ പക്കൽ നിന്നും ആർ.ആർ. നടപടിയിലൂടെ തുക ഈടാക്കാൻ നിർദ്ദേശിച്ചതിന്റെ നിലവിലെ അവസ്ഥയും ഈടാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ ആയതിന് ഉത്തരവാദിയായ വ്യക്തിയിൽ നിന്നും തുക തിരിച്ചീടാക്കി അടിയന്തരമായി റിപ്പോർട്ട് ചെയ്യാനും സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 205 | മാടക്കത്തറ ഗ്രാമപഞ്ചായത്ത് | രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത നിർണ്ണയിക്കാൻ സാധിക്കാതെ ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച രേഖകൾ പിന്നീട് ഹാജരാക്കിയെന്നും ആയത് പരിശോധിച്ച് അപാകതകളില്ലെന്ന് ബോദ്ധ്യപ്പെട്ടുവെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 36 | 214 | മാടക്കത്തറ ഗ്രാമപഞ്ചായത്ത് | പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതിൽ മുൻകൂർ തിരിച്ചടച്ച ഇനങ്ങളിലെ തടസ്സം ഒഴിവാക്കാനും മറ്റിനങ്ങളിലെ ആർ.ആർ. നടപടി ത്വരിതപ്പെടുത്തുവാനും പുരോഗതി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 216 | എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 218 | പഴയന്നൂർ ഗ്രാമപഞ്ചായത്ത് | കരാറുകാരന് അധിക തുക നൽകിയിട്ടില്ലെന്നും പരാമർശകാലയളവിൽ വിവിധ പ്രവൃത്തികൾക്ക് വ്യത്യസ്ത കാലങ്ങളിൽ വ്യത്യസ്ത കരാറുകാർക്ക് നൽകിയ തുകയാണെന്നും അവയുടെ രേഖകൾ ഓഡിറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 39 | 220 | നാട്ടിക ഗ്രാമപഞ്ചായത്ത് | ആദ്യം നടത്തിയ ലേലത്തിൽ മുൻവർഷത്തേക്കാൾ ലേലത്തുക കുറഞ്ഞതുമൂലം ഒരിക്കൽ കൂടി ലേലം നടത്തിയെങ്കിലും അത്രയും തുക ലഭിക്കാത്തതിനാൽ ഉയർന്ന തുക കമ്മിറ്റി അംഗീകരിക്കുകയാണുണ്ടായതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് പ്രാദേശിക പരിശോധന നടത്തി ആയത് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 40 | 222 | നാട്ടിക ഗ്രാമപഞ്ചായത്ത് | സ്റ്റോക്ക് രജിസ്റ്ററിൽ ടാറിന്റെ വിതരണ വിവരങ്ങളുൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ആയത് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിശോധനയിൽ കൃത്യമായി ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയുടെ മറുപടി തൃപ്തികരമായതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 41 | 230 | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് & ത.സ്വ.ഭ.വ. | ഒരു പദ്ധതിയെയോ വിഷയത്തെയോ സംബന്ധിച്ച് ഒരു പരിപാടി സംഘടിപ്പിക്കാൻ നിർദ്ദേശിക്കാമെന്നല്ലാതെ അതിനുള്ള ചെലവ് തുക തനത് ഫണ്ടിൽ നിന്ന് അനുവദിക്കാനുള്ള അധികാരം ആസൂത്രണ ബോർഡിനില്ല എന്ന ഓഡിറ്റിന്റെ അഭിപ്രായത്തോട് സമിതി പൂർണ്ണമായും യോജിക്കുന്നു. 'ജനകീയാസൂത്രണവും കായിക വികസനവും' എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ച ഉദ്യോഗസ്ഥർ തനത് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച ചട്ടങ്ങൾ സംബന്ധിച്ച് ബോധവാൻമാരായിരിക്കേണ്ടതാണ്. പ്രസ്തുത ചെലവിന് സാധൂകരണം നൽകാൻ ആസൂത്രണ ബോർഡിന് അധികാരമില്ലെന്നിരിക്കെ, തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച നടപടിക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഡി.പി.സി. അംഗീകാരം കിട്ടിയിട്ടുണ്ടെന്നുമുള്ള വാദത്തോടെ ക്രമവിരുദ്ധമായ ചെലവിനെ ന്യായീകരിക്കുവാൻ സാധ്യമല്ല. മാത്രമല്ല ടി ചെലവിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ ഈയിനത്തിൽ ചെലവായ തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | സർക്കാർ സാധൂകരണം നൽകിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയും അല്ലാത്തപക്ഷം ടി തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുകയും ചെയ്യണമെന്നും ഓഡിറ്റ് വകുപ്പ് അത് പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 42 | 238 | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് & ത.സ്വ.ഭ.വ. | ഗുണഭോക്താക്കൾ ബി.പി.എൽ. ആണെന്ന് തെളിയിക്കുന്ന രേഖകളോ സർക്കാരിന്റെ സാധൂകരണം വാങ്ങിയ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇത് ഗുരുതരമായ കൃത്യവിലോപമായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ നിരക്ക് അധികരിച്ച് സബ്സിഡി അനുവദിച്ച തുകയ്ക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങി ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച് റിപ്പോർട്ട് നൽകുവാനും അല്ലാത്ത പക്ഷം അധികമായി സബ്സിഡി നല്കിയതിലൂടെയുണ്ടായ നഷ്ടം ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കി റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 245 | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയുള്ള ഓരോ പ്രവൃത്തിക്കും അധികം ചെലവായ തുക കണക്കാക്കി അത് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കാൻ യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക തിരിച്ചടവാക്കിയതിന്റെ രേഖകളോ ഫൈനൽ ബിൽ, അളവ് പുസ്തകം എന്നിവയോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിന്റെ പ്രസ്തുത നടപടി സ്വീകാര്യമല്ല. ഓഡിറ്റ് ഖണ്ഡികയിൽ തടസ്സമായി ഉന്നയിച്ച മുഴുവൻ തുകയും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 44 | 250 | കുഴൂർ ഗ്രാമപഞ്ചായത്ത് | നഷ്ടോത്തരവാദികളിൽ ഒരാൾ തുക തിരിച്ചടച്ചി ട്ടുള്ളതിനാൽ രണ്ടാമത്തെ വ്യക്തിയിൽ നിന്നും നഷ്ടത്തുക തിരിച്ചീടാക്കാൻ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ, പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് കാലഹരണപ്പെട്ടുപോയ തിനാൽ പ്രസ്തുത വ്യക്തിയിൽ നിന്നും തുക ഈടാക്കാൻ നടപടി സാധ്യമല്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ടിയാനെതിരെ നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയ സെക്രട്ടറി യിൽ നിന്നും നഷ്ടത്തുക ഈടാക്കി റിപ്പോർട്ട് ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 45 | 254 | വെള്ളക്കര ഗ്രാമപഞ്ചായത്ത് | ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെട്ടതും കൺവീനർ മുൻകൂർ തുക കൈപ്പറ്റിയതുമായ 4 പ്രവൃത്തികളിൽ മൂന്നെണ്ണം പൂർത്തീകരിച്ചതായും ശേഷിച്ച പ്രവൃത്തി തുടങ്ങാത്തതിനാൽ കൺവീനറിൽ നിന്നും മുൻകൂർ തിരിച്ച് ഈടാക്കിയിട്ടുള്ളതായും ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 260 | ആളൂർ ഗ്രാമപഞ്ചായത്ത് | നമ്പികുന്ന്-പമ്പ്ഹൗസ് റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫൈനൽ ബിൽ ഹാജരാക്കിയതായി കാണുന്നില്ല. വേല ഉപേക്ഷിച്ചു പോയതുമൂലം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | പാർട്ട് ബിൽ ഫൈനൽ ബില്ലായി പരിഗണിക്കണമെന്ന പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കപ്പെടേണ്ടതാണെന്ന് സമിതി കരുതുന്നു. എന്നാൽ, പ്രസ്തുത പാർട്ട് ബില്ലിന്റെ ഒറിജിനൽ ഹാജരാക്കിയിട്ടില്ലെന്നും ബിൽ പാസ്സാക്കിയതായി കാണുന്നില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ചെയ്യുന്നു. 8,900 രൂപ മുൻകൂർ കൈപ്പറ്റിയതിൽ 4,212 രൂപയുടെ പാർട്ട് ബില്ലിന്റെ പകർപ്പാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പാർട്ട് ബില്ലിന്റെ ഒറിജിനൽ സമർപ്പിക്കുന്നപക്ഷം ടി തുകയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാനും അവശേഷിക്കുന്ന തുക ഈടാക്കാനും സമിതി ശിപാർശ ചെയ്യുന്നു. |
| 47 | 261 | ആളൂർ ഗ്രാമപഞ്ചായത്ത് | ആളൂർ-ചർച്ച് റോഡ് പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ലെന്നും പരിശോധനയ്ക്കായി ഹാജരാക്കിയ എം. ബുക്ക് ആളൂർ-ചർച്ച് റോഡ് സെന്റ് ജോൺസ് ബർക്കമാൻസ് എൽ.പി. സ്കൂളിന് എതിർവശം സംരക്ഷണഭിത്തി നിർമ്മാണത്തിന്റേതാണെന്നും പ്രസ്തുത പ്രവൃത്തിയുടെ ബില്ലിൽ നിന്നും 25,000 രൂപ കുറച്ചിട്ടുണ്ടെന്നും പൂർത്തീകരിച്ച ടി പ്രവൃത്തിയുടെ ബാക്കി തുകയായ 15,552 രൂപ കൺവീനർ നാളിതുവരെ കൈപ്പറ്റിയിട്ടില്ലെന്നും ഓഡിറ്റിന്റെ റിപ്പോർട്ടിൽ പറയുന്നു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ച് രണ്ട് പ്രവൃത്തികളുടെയും ചെലവുകൾ വെവ്വേറെ കണക്കാക്കി പഞ്ചായത്തിന് ലഭിക്കേണ്ട തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി റിപ്പോർട്ട് നൽകാൻ സമിതി ശിപാർശ ചെയ്യുന്നു. |

| 1 | 2 | 3 | 4 |
|---|---|---|---|
| 48 | 262 | ആളൂർ ഗ്രാമപഞ്ചായത്ത് | പന്ത്രണ്ടാം വാർഡ് ലക്ഷം വീട് കോളനി റോഡിന് നല്കിയ തുക ഫൈനൽ ബില്ലിൽ ക്രമപ്പെടുത്തിയത് പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 49 | 294 | ഒല്ലൂർ ഗ്രാമപഞ്ചായത്ത് | ഒല്ലൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട മേല്പറഞ്ഞ 12 ഓഡിറ്റ് പരാമർശങ്ങളിൽ (viii), (ix), (x) നഗരകാര്യ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. അവശേഷിക്കുന്ന 9 പരാമർശങ്ങളിൽ (i), (ii) എന്നിവയുമായി ബന്ധപ്പെട്ടുള്ള ഭാഗികമായ രേഖകൾ മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും മറ്റുള്ള 7 ഇനങ്ങളിൽ ആവശ്യമായ രേഖകൾ ലഭിച്ചിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, സമിതി ആവശ്യപ്രകാരമുള്ള രേഖകളൊന്നും ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ലഭ്യമായ രേഖകൾ അടിയന്തരമായി ഓഡിറ്റിന് സമർപ്പിക്കുന്നതിനും മറ്റുള്ളവ കണ്ടെത്തുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കുകയും ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 50 | 295 | ,, | ഒല്ലൂർ ഗ്രാമപഞ്ചായത്ത് 2000-ൽ തൃശ്ശൂർ നഗരസഭയുമായി ലയിപ്പിച്ചതിനാലാണ് രേഖകൾ സമർപ്പിക്കുന്നതിൽ വീഴ്ച സംഭവിക്കാനുള്ള കാരണമായി വകുപ്പ് ചൂണ്ടിക്കാട്ടുന്നത്. ഇത് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനുള്ള ശ്രമമായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. വൻ തുകകളുടെ ചെലവുകൾ ഉൾക്കൊള്ളുന്ന രേഖകൾ ഗൗരവപൂർവ്വം കൈകാര്യം ചെയ്യേണ്ടതും സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഉത്തരവാദിത്വമായിരിക്കേ അത് യഥായോഗ്യം നിർവ്വഹിക്കാത്തത് ഗുരുതരമായ കൃത്യവിലോപ മായി മാത്രമേ വീക്ഷിക്കാനാകൂ. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ രേഖകൾ നഷ്ടപ്പെടാൻ കാരണക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകാപരമായ നടപടി സ്വീകരിക്കാനും ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ രേഖകൾ നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകാനും സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു. |

അനുബന്ധം II

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-03) വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Remedial Measurers taken Statement)

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-2003 | 3-8-1-1 | | വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന് ഒരു കോടി രൂപയോളം പ്ലാൻ ഫണ്ടും അത്രതന്നെ മറ്റിനത്തിന്മേലും ഫണ്ട് കൈകാര്യം ചെയ്യേണ്ടതുണ്ട്. മറ്റ് എൻജിനിയറിംഗ് സംവിധാനങ്ങൾ ഒന്നും ഇല്ലാതിരുന്നതിനാലും അപ്രന്റീസ് എൻജിനിയറുടെ കാലാവധിക്ക്ശേഷം പുതിയ എൻജിനിയർ വരുന്നതുവരെ പണികൾ മുടക്കംകൂടാതെ നടത്തുന്നതിന് വേണ്ടിയാണ് ശ്രീമതി ജയയെ അപ്രന്റീസ് എൻജിനിയറായി ദിവസക്കൂലി അടിസ്ഥാനത്തിൽ നിയോഗിച്ചത്. ദിവസക്കൂലി കൈപ്പറ്റിയതിന്റെ മസ്റ്റർറോൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിന് അംഗീകാരം തരുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂർ അവർകൾ മുഖേന 20-01-2007 എ1-376/99 നമ്പറായി പഞ്ചായത്ത് തീരുമാന സഹിതം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തൃശ്ശൂർ 3-2-07-ലെ P5-145/07 കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പരാമർശം തീർപ്പാക്കുന്നതിനുവേണ്ടി ജില്ലാ മോണിറ്ററിങ്ങ് സമിതി തൃശ്ശൂർ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002–03) വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Remedial Measurers taken Statement)

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-2003 | 3-8-1-2 | | പുളിക്കാട്ടി-കുമരംമ്പിള്ളി ചമ്മലംകാട് റോഡ് നിർമ്മാണം<br>പണിക്ക് അധികം നൽകിയ തുക റോഡ് പണിയുടെ കൺവീനറോടും എസ്റ്റിമേറ്റ്, മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ ചെയ്ത എൻജിനിയർമാരോടും തിരിച്ചടക്കുന്നതിന് A1-376/99 തീയ്യതി 16-07-2007 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. കൺവീനർ വി.ടി.വിക്രമൻ സംഖ്യ അടച്ചതായി കാണിച്ച് 2-11-07 ൽ മറുപടി തരികയും ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ 4/7/02-ൽ 6/49387 രശീതി പ്രകാരം ചട്ടങ്ങൾ 41(3)ൽ പറയുന്ന അധികം |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-03) വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Remedial Measurers taken Statement)

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-2003 | 3-8-1-2 | | നൽകിയ 395 രൂപ മാത്രം അടച്ചിട്ടുണ്ട്. BLTC അംഗീകാരം ലഭിച്ചതും എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത വന്നതുമായതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ ശ്രീ.പോൾ.കെ.എസ്., AE (Retr.) കുള ഹൗസ്, ചേറൂർ എന്നവർക്ക് പഞ്ചായത്ത് ഫണ്ടിൽ ടി സംഖ്യ അടക്കുന്നതിന് നോട്ടീസ് 18-2-09-ൽ നൽകിയതിന് തന്ന മറുപടി പഞ്ചായത്ത് ഭരണ സമിതി പരിഗണിക്കുകയും, പഞ്ചായത്തിന്റെ 20-06-09-ലെ 123-ാം നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരുന്നതിന് ജില്ലാ മോണിറ്ററിങ്ങ് സമിതി, തൃശ്ശൂർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-03) വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Remedial Measurers taken Statement)

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-2003 | 3-8-1-3 | | ഇഞ്ചക്കുണ്ട് ലിഫ്റ്റ് ഇറിഗേഷന് ആവശ്യമായ പൈപ്പ് വാങ്ങുന്നതിന് ഗുണഭോക്തൃ സമിതിയാണ് ടെന്റർ ക്ഷണിച്ചത്. അതിൽ കുറവ് നിരക്കിലുള്ള (ST ഉൾപ്പെടെ) ലൂക്കാസ് സാനിറ്ററി & ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ മീറ്ററിന് 214,48 ക ക്വട്ടേഷൻ സമിതി അംഗീകരിക്കുകയും ആ വർഷം ഫണ്ടിന്റെ ലഭ്യത കണക്കിലെടുത്ത് 2340 മീറ്റർ പൈപ്പ് വാങ്ങുകയും ചെയ്തു. ബിൽ സമർപ്പിച്ചപ്പോൾ ബില്ലിൽ പൈപ്പിന്റെ വിലയും, വില്പന നികുതിയും പ്രത്യേകം കാണിച്ചു എന്നല്ലാതെ ക്വട്ടേഷനിൽ കാണിച്ച 214,48 കയിൽ കൂടുൽ സംഖ്യ നൽകിയിട്ടില്ല. തന്മൂലം പഞ്ചായത്തിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ല. മോട്ടോർ ഷെഡ്ഡിന് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. KSEB യിൽ നിന്ന് കറണ്ട് കണക്ഷൻ ലഭിക്കേണ്ടതുണ്ട്. കറണ്ട് കണക്ഷൻ ലഭിക്കുന്ന മുറക്ക് LI സ്കീം പ്രവർത്തനക്ഷമമാകുന്നതാണ്. |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 35

### ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-2003) ചേലക്കര ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടിപത്രിക)

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2002-2003 | 3.8.2.1. | | 1.ജ്ഞാനപീഠം തിയ്യേറ്ററിന് നോട്ടീസ് നൽകിയതിൽ താഴെ പറയും പ്രകാരം മറുപടി ലഭിച്ചു.<br>18/11/2004 ലെ ഉത്തരവ് നം.ജി.ഒ.(എം.എസ്.)40/2004 സി.എ.ഡി. പ്രകാരം പഞ്ചായത്ത്_സർവ്വീസ് ചാർജ്ജ് ഈടാക്കേണ്ടതില്ല. തിയ്യേറ്റർ ടിക്കറ്റ് വിൽപനയിൽ നിന്നും, ഒരു വിഹിതം ചലച്ചിത്ര അക്കാദമിയിലേക്കുമാണ് അടക്കേണ്ടത്. 3000/-രൂ ചലച്ചിത്ര അക്കാദമിയിലേക്ക് അടച്ചതിന്റെ രസീതി (നം.1476 തിയ്യതി 17/04/2001) ഹാജരാക്കിയിട്ടുണ്ട്. കോപ്പി ഇതോടൊന്നിച്ച് സമർപ്പിക്കുന്നു. എന്നാൽ 1999-2000ൽ അടക്കേണ്ടിയിരുന്ന സർവ്വീസ് ചാർജ്ജ് 5145/-രൂ ആണ്. ബാക്കി തുക 2145/-രൂ ക്കുള്ള ആർ.ആർ. നോട്ടീസ് 17/11/2007 ന് നൽകി. ടി തുക 83/17918 രശീതി പ്രകാരം 26/02/2008 ന് അടച്ചിട്ടുണ്ട്.<br>2. ശ്രീരാമചന്ദ്ര ടാക്കീസിന് 2103/-രൂ ക്കുള്ള നോട്ടീസ് 12/11/2007ന് അയച്ചത് കൈപ്പറ്റിയില്ല. ഡെപ്പോസിറ്റിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിന് നടപടി സ്വീകരിച്ചു. ഇപ്പോൾ തിയ്യേറ്റർ നിലവിലില്ല. |

## ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-03)

## തെക്കുംകര ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measurestaken Statement)

| ക്രമനമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | 3.8.3 (i) | | അംഗൻവാടികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനായി വാങ്ങിയ സാധനങ്ങൾ ഇംപ്ലിമെന്റിംഗ് ഓഫീസറായ I.C.D.S സൂപ്പർവൈസർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിയിട്ടുണ്ടെന്നും ബന്ധപ്പെട്ട അംഗൻവാടി വർക്കർമാർ സാധനങ്ങൾ കൈപ്പറ്റിയതിന്റെ വിവരങ്ങൾ പഞ്ചായത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു<br>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അവർകളുടെ 28-4-05 / 26-5-05 ലെ എൽ എഫ് 21021 സ്പെ സെൽ (എസ് സി 1)/2005 നമ്പർ കത്ത് പ്രകാരം 14926 /-ക സർചാർജ്ജ് നടപടിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട് എന്ന വിവരം കൂടി ബോധിപ്പിച്ചുകൊള്ളുന്നു. |

# ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി /65

## ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-03)

## തെക്കുംകര ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measurestaken Statement)

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2002-2003 | 3.8.3 (ii) | | ഭരണസമിതിയുടെ 13/4/99 ലെ 164/99 നമ്പർ തീരുമാന പ്രകാരം 3 യൂണിറ്റുകൾ ഉണ്ടാക്കി ഓരോ യൂണിറ്റിന്റെയും കൺവീനറുടെ പേരിൽ തയ്യൽ മെഷീൻ വിതരണം നടത്തിയിട്ടുള്ളതും സംഘങ്ങളുടെ പൈസ്പറ്റ് രശീതിയും ഓരോ കൺവീനറുടെ കീഴിലുള്ള അംഗങ്ങളുടെ ലിസ്റ്റും അതിലെ പട്ടികജാതിവിഭാഗക്കാർ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ തുടങ്ങി ശരിയായ രേഖകൾ സൂക്ഷിച്ചുവച്ചിട്ടുണ്ട്. ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതമായി 6077.50 രൂപയും പദ്ധതി വിഹിതമായി 7917.50 രൂപയുമാണ് ചെലവാക്കിയിട്ടുള്ളത്<br>തയ്യൽ മെഷീൻ വാങ്ങുന്നതിന് സാമ്പത്തികസഹായം ലഭിച്ച സംഖ്യയിൽ ബാക്കിയുള്ളതു കൊണ്ട് ഗുണഭോക്താക്കളെ കൂടുതൽ കൂട്ടി പദ്ധതിയിൽ പ്രതിഷ്ഠിക്കുന്നതെങ്കിൽ ഗുണഭോക്തൃവിഹിതം അടക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് 9-7-99 ലെ 326/99 തീരുമാനപ്രകാരം |

36/2017.

## ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

### ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-03)

### തെക്കുംകര ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measurestaken Statement)

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2002-2003 | 3.8.3 | | കൂടുതൽ എണ്ണം തയ്യൽ മെഷീനുകൾ വാങ്ങിയിട്ടുള്ളത് എന്ന വിവരം ബോധിപ്പിക്കുന്നു. ഈ ഇനത്തിൽ വന്ന അധിക ചെലവ് സംബന്ധിച്ച പരാമർശം ഒഴിവാക്കി കിട്ടുന്നതിന് 27/10/07 ൽ ഭരണസമിതി അംഗീകരിച്ച തീരുമാനത്തിന്റെ കോപ്പി പഞ്ചായത്ത് പ്രസിഡന്റ് 5/11/07 ലെ A 317/07 നമ്പർ കത്ത് മുഖേന ബഹു : സർക്കാരിലേക്ക് അയച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു |

## ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2003-04) തെക്കുംകര ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാരപത്രിക (Remedial measurestaken Statement)

| ക്രമനമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-04 | 3-8-7 | | 'പനങ്ങാട്ടുകര ഗ്രാമമന്ദിരം' പണി 3-5-2003-ൽ പൂർത്തീകരിച്ചിട്ടുള്ളതും പ്രസ്തുത വിവരം M.B.No.16/2000-2001,15 to18 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. മൊബിലൈസേഷൻ അഡ്വാൻസായി 24-1-01 ന് ചെക്ക് നമ്പർ 321306 പ്രകാരം 12,500 രൂപയും 22-8-01 ലെ 321327 നമ്പർ ചെക്ക് പ്രകാരം 12,500/-രൂപയും കൂടി മൊത്തം 25,000/-രൂപ മാത്രമേ ടി പണിക്ക് നൽകിയിട്ടുള്ളൂ. എന്നാൽ 52838/- രൂപയുടെ പ്രവൃത്തി നടത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. മൊബിലൈസേഷൻ അഡ്വാൻസ് പ്രകാരമുള്ള പണികൾ അളന്ന് വിശദാംശങ്ങൾ M.B.No.8/2000-01ലെ 50 to 53 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മുൻകൂർ നൽകിയ 25,000/-രൂപ തിരിച്ചു പിടിക്കുന്നതിനായി 2001- 02 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെടുകയും തദ്ദേശസ്വയം ഭരണവകുപ്പ് ജി. ഒ (ആർ.റ്റി) 3915/2005/ത.സ്വ.ഭ.വ തിയ്യതി22/9/05 നമ്പർ ഉത്തരവ് പ്രകാരം ടി സംഖ്യ തിരിച്ചു പിടിക്കണമെന്ന പരാമർശം ഒഴിവാക്കി ഉത്തരവായിട്ടുമുണ്ട്. |

## ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-2003) കാറളം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നടപടി പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-03 | 3-8-4-1 | | ഖണ്ഡികയിൽപരാമർശിക്കപ്പെട്ട 4 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ 3 പദ്ധതികളുടെ മോട്ടോറുകൾ അതാത് പാടശേഖര സമിതികൾക്ക് കൈമാറുകയും പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അവ നല്ല രീതിയിൽ ഇപ്പോഴും പ്രവർത്തിച്ചു വരുന്നു. പദ്ധതി പ്രകാരം വാങ്ങിയ സാധന സാമഗ്രികൾ പഞ്ചായത്തിൽ ലഭിച്ചതിന്റെ ഡെലിവറി വൗച്ചറുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്.<br><br>നാലാമത്തെ പദ്ധതിയായ തണ്ടോഴിച്ചിറ-ആവൽച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് നൽകിയ മൊബൈലൈസേഷൻ അഡ്വാൻസ് 4750/- രൂപ പലിശ സഹിതം 14.3.2003 ലെ 48624/7 നമ്പർ രശീത് പ്രകാരം തിരിച്ചു പിടിക്കുകയും ഈ പദ്ധതിക്കായി വാങ്ങിയ മോട്ടോർ ചെമ്മണ്ട കായൽ - പുളിയാം പാടം കടുംകൃഷി സംഘത്തിന് 12.8.2004 ൽ കൈമാറുകയും ആയത് ഇപ്പോഴും പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്. |

## ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-2003) കാറളം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നടപടി പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 2 | 2002-03 | 3-8-4-2 | | പ്രവർത്തി നേരിൽ പരിശോധിച്ചതിൽ നിന്നും തൃപ്തികരമായി പൂർത്തീകരിച്ചിട്ടുള്ളതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. പ്രവർത്തിയുടെ ഫൈനൽ ബിൽ തുക 42,525/- രൂപ 13.07.2000 ൽ ഗുണഭോക്തൃ സമതി കൺവീനർക്ക് നൽകിയിട്ടുണ്ട്. പ്രവർത്തിയുടെ മിനിട്ട്സ് ബുക്ക്, വൗച്ചറുകൾ, മസ്റ്റർ റോൾ, കണക്കുകൾ എന്നിവ കൺവീനർ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. പ്രവർത്തി ഗുണഭോക്തൃ സമിതിയാണ് ഏറ്റെടുത്തു നടത്തിയിട്ടുള്ളത്. ആയതിനാൽ നികുതി തുക ഗ്രാമ പഞ്ചായത്താണ് ഒടുക്കേണ്ടത്. നികുതി തുക ഒടുക്കുന്നതിനാവശ്യമായ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിൽപ്പന നികുതി 12790/- രൂപ 01.2.2001-ാം തിയ്യതിയിലെ 187407-ാം നമ്പർ ചെക്ക് പ്രകാരം ഒടുക്കിയിട്ടുണ്ട്. തൊഴിലാളി ക്ഷേമനിധി വിഹിതം 2175/- രൂപ 14.1.2008 ലെ 391032 -ാം നമ്പർ ഡിമാന്റ് ഡ്രാഫ്ട് പ്രകാരം ഒടുക്കിയിട്ടുണ്ട്. |

## ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മറ്റി

ലോക്കൽഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ നൽ (2002-2003) കാറളം ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് നടപടി പരിഹാര പത്രിക

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക നമ്പർ | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2002-03 | 3-8-4-3 | | (പേജ് 4 കാണുക) |

| ക്രമ നമ്പർ | ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| --- | --- | --- | --- | --- |
| [illegible] | 2002–03 | 3–8–4–3 | | പ്രവർത്തി 1999–2000 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാതിരുന്നതിനാലാണ് 2001-02 വർഷത്തിലേക്ക് സ്പിൽ ഓവർ ചെയ്തത്. പദ്ധതി 2004–05 വർഷത്തിൽ പൂർത്തീകരിക്കുകയും ഗുണഭോക്തൃ സമിതി രജിസ്റ്റർ ചെയ്ത് കരകൃഷിക്ക് ജലസേചനത്തിന് നല്ല രീതിയിൽ ഉപയോഗിച്ച് വരികയും ചെയ്യുന്നുണ്ട് 1999–2000 വർഷത്തിൽ സ്പിൽ ഓവർ അടക്കമുള്ള പ്രോജക്റ്റുകളുടെ G.N സ്റ്റേറ്റ്മെന്റിന് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ടി വർഷത്തിൽ സ്പിൽ ഓവർ പദ്ധതികൾക്ക് പ്രത്യേക ഫോറം നിഷ്കർഷിച്ചിരുന്നില്ല. കൂടുതലായി ഉൾപ്പെടുത്തിയ സംഖ്യക്കുള്ള എസ്റ്റിമേറ്റിന് 27.01.2000 ത്തിൽ KRL/Agri/5 നമ്പറായി BLEC സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. നിയമസഭാ കമ്മറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പദ്ധതിയെ സംബന്ധിച്ച് വിശദമായി അന്വേഷിക്കുകയും രേഖകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

### ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2002-2003) വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1. | 2002-2003 | 3-8-6-1 | | ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നതും അഡ്വാൻസ് കൈപ്പറ്റിയിട്ടും പണിപൂർത്തീകരിക്കാത്തതുമായ കക്കൂസ് നിർമ്മാണം എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ആഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് 16-3-2007 ലെ 4/07 നമ്പർ തീരുമാനപ്രകാരം ലോക്കൽ ഫണ്ട് ഡപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷിച്ചിരുന്നു.(Lr.No.C2,387/03Dt.18-7-06)എന്നാൽ സർക്കാരിന്റെ 03-04-07ലെ 15345/ പി എ. 3/06 നമ്പർ കത്ത് പ്രകാരം 2002-03 സമാഹൃത റിപ്പോർട്ടിൽ നിയമസഭാസമിതിയുടെ പരിഗണനയിൽ ആയതുകൊണ്ട് സമിതിയുടെ തീർപ്പിന് വിധേയമായി മാത്രമേ തടസ്സം ഒഴിവാക്കാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചു. |

| | | | | |
|---|---|---|---|---|
| 2. | 2002-2003 | 3-8-6-2 | | പണി പൂർത്തീകരിച്ചു. പ്രാദേശികമായി ട്രാക്ടർ റാമ്പുകൾ പണി കഴിച്ചപ്പോൾ ചിലപ്രദേശങ്ങളിലെ ഭൂപ്രകൃതിക്ക് ഇണങ്ങുന്നതനുസരിച്ച് പ്രൊജക്ട് നിർദ്ദിഷ്ട രൂപത്തിൽ നടപ്പിൽ വരുത്തുക അസാധ്യമായതിനാൽ ചില വ്യത്യാസങ്ങൾ വരുത്തുകയാണ് ഉണ്ടായതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ അറിയിച്ചു. എങ്കക്കാട് വെസ്റ്റ് പാടശേഖരത്തിലെ കരയും പാടവും നിരപ്പ് വ്യത്യാസം ഇല്ല. അതിനാൽ ട്രാക്ടർ ഇറക്കി കൊണ്ട് വരുന്നതിനായി ഒരു ഭാഗത്ത് വഴി മണ്ണിട്ട് നിരപ്പാക്കുകയാണ് ഉണ്ടായതെന്നും അത് ആ പ്രദേശത്തെ പാടശേഖരസമിതിയുടെ ആവശ്യപ്രകാരമാണ് രൂപകൽപന ചെയ്ത് നടപ്പിലാക്കിയതെന്ന് കൃഷി ഓഫീസർ അറിയിച്ചു. സാങ്കേതിക അനുമതി 1,50,000/- രൂപയാണ് പണി നടത്തിയതിന്റെ സംഖ്യയായ 1,47,350/- രൂപ 11-03-99ൽ(ചെക്ക് നമ്പർ 330704) നൽകിയിട്ടുണ്ട്. തടസ്സം ഒഴിവാക്കുന്നതിന് സർക്കാറിനോട് പഞ്ചായത്ത് സെക്രട്ടറി 12-3-2006ലെ C2 245/98. Dt 12.3.2006 കത്ത് പ്രകാരം ഉചിതമാർഗേന അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ 28619/ABy/08/LSGD നമ്പർ ഫയലായി പരിശോധിച്ചു വരികയാണ്. നിയമസഭാ സമിതിയിലെ പരിഗണനയിൽ ഇരിക്കുന്ന വിഷയമായതിനാൽ സമിതിയുടെ തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതാണ്. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 3 | 2002–2003 | 3-6-6-3 | | |

| | | | | |
|---|---|---|---|---|
| | | | | പണി പൂർത്തിയാക്കിയിട്ടില്ല. അമ്മാട്ടിക്കുന്ന് പദ്ധതി ഗുണ ഭോക്തൃ കമ്മിറ്റി കൺവീനർ 37000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. അതിൽ 21,269 രൂപയുടെ പണി ചെയ്തിട്ടുണ്ട്. ബാക്കി 15731 രൂപ കൈപ്പറ്റിയത് തിരിച്ച് അടക്കുവാൻ 15-11-03ന് നോട്ടീസ് നൽകിയെങ്കിലും കൺവീനർ മരിച്ചുപോയ അറിവ് കിട്ടി. തുക തിരിച്ച്അടക്കുവാൻആവശ്യപ്പെട്ട് ഗുണഭോക്തൃസമിതിചെയർമാനും സമിതി അംഗങ്ങൾക്കും 25-10-07നും07-08-08നുംനോട്ടിസ്നൽകിതുടർന്ന്29-09-08ന് ജില്ലാകളക്ടർ മുഖേനഗുണഭോക്തൃസമിതി ചെയർമാന് റവന്യൂ റിക്കവറിനടപടിക്കുള്ള നോട്ടിസ് നൽകി (Lr.No.$C_3$ 387/03)<br>ടി പണി പൂർത്തീകരിച്ചെങ്കിലും അളവെടുപ്പിച്ച് മസ്റ്റർ റോൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഹാജരാക്കുവാൻ ആവശ്യമായ നിർദ്ദേശം കൺവീനർക്ക് 25-10-07ന്(Lr.No.$C_3$269/03). നൽകിയെങ്കിലും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ 7-8-08 ന് വീണ്ടും നിർദ്ദേശം നൽകി.<br><br>പണി പൂർത്തിയായിട്ടുണ്ട് ടി പണിയുടെ മെഷർമെന്റ് എടുത്ത് എഞ്ചിനിയർ എം ബുക്കിൽ 133624.25 രൂപയുടെ പണി നടത്തിയ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. മസ്റ്റർ റോൾ വൗച്ചർ എന്നിവ ഹാജരാക്കുവാൻ കൺവീനർക്ക് 24-10-07 ന് നോട്ടീസ് നൽകിയെങ്കിലും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ 7-8-08 ന് വീണ്ടും നിർദ്ദേശം നൽകി.(Lr.No.$C_3$269/03). |

| | | | | |
|---|---|---|---|---|
| | | | | പണി പൂർത്തിയായിട്ടുണ്ട്. 28-7-2000ൽ ഫൈനൽ ബില്ല് അനുവദിച്ചിട്ടുണ്ട്. (ചെക്ക് നമ്പർ322613)ചെയ്ത വർക്കിന്റെ മൊത്തം വാല്യൂ 48,578/-രൂപയാണ്. അതിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ സംഖ്യയായ 30,700/- രൂപ കുറവ് ചെയ്ത് 17,878/- രൂപ നൽകിയിട്ടുള്ളതാണ്.<br><br>കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 50,000/- രൂപ മൊബൈലൈസേഷൻ അഡ്വാൻസ് കൊടുത്തിട്ടുണ്ട്. പിന്നീട് ഗുണഭോക്തൃസമിതി 75,000/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 50,000/- രൂപ Secured Advance നൽകിയിട്ടുണ്ട്. ആകെ 1,00,000/- രൂപയാണ് ഗുണഭോക്തൃ സമിതിക്ക് കൊടുത്തിട്ടുള്ളത്. ടി സംഖ്യ ഉപയോഗിച്ച് കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കുവാൻ 24-10-07ന് നോട്ടീസ് നൽകിയെങ്കിലും മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ 7-08-08വീണ്ടും നോട്ടീസ് നൽകി 2005 ജൂലൈ മുതൽ സ്കൂൾ പ്രവർത്തിച്ചു വരുന്നു.(Lr.No.$C_3$269/03). |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 4 | 2002-2003 | 3-8-6-4 | പുത്തൻകുളത്തിന്റെ പണി ഗ്രാമ സഭയിൽ കർഷകർ ആവശ്യപ്പെട്ടതനുസരിച്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതാണ്. വാഴാനി ഡാമിൽ നിന്നും എല്ലാ വർഷവും വേനൽകാലത്ത് കാർഷികാവശ്യത്തിന് വെള്ളം ലഭിക്കാറില്ല ഡാമിൽ നിന്നും വെള്ളം തുറന്നു വിട്ടാൽ ഏതാനും ദിവസം മാത്രമേ ജലാശയങ്ങളിലെ ജലനിരപ്പ് ഉയർന്നു നിൽക്കുകയുള്ളു. മൊബിലൈസേഷൻ അഡ്വാൻസ് അനുവദിച്ചിട്ട് ഉടൻ പണി ആരംഭിക്കുവാൻ പ്രകൃത്യാലുള്ള തടസ്സം കാരണം സാധിച്ചില്ല. പണി ആരംഭിക്കുവാൻ ടിയാനോട് ആവശ്യപ്പെട്ടതനുസരിച്ച് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം , ഉണ്ടാകാത്ത വിധത്തിലും പുഞ്ചകൃഷിക്ക് ഉപകാര പ്രദമായ രീതിയിലും ടിയാൻ പണി തൃപ്തികരമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| | | | | ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്ന സാക്ഷ്യപത്രം നൽകിയ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഈ ഓഫീസിലെ C3 387/03 dtd. 7.10.08 പ്രകാരം 18 ശതമാനം പലിശയടക്കം തിരിച്ചടക്കുവാൻ ആവശ്യപ്പെട്ട് ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | | | | .ഷൈകൾ ഒന്നുമില്ല. ഒട്ടുവർഷക്കാലം പദ്ധതിധനം കൺവീനറുടെ കൈവശം ഇരിക്കാൻ ഇടവരുത്തിയ സാക്ഷ്യപത്രം നൽകിയ എൻജിനിയറിൽ നിന്നും 18 പലിശ ടി തുക ഈടാക്കേണ്ടതുമാണ്.<br><br>പൊതുധനം കൈകാര്യം ചെയ്യുന്നതിൽ ബോധപൂർവ്വം വരുത്തുന്ന അലംഭാവവും കാലവിളംബവും അക്ഷന്തവ്യമാണ്. കാര്യക്ഷമവും ക്രിയാത്മകവുമായി ഉപയോഗിക്കേണ്ടുന്ന പൊതുധനം ഇത്തരത്തിൽ അലക്ഷ്യമായി ചിലവിടുന്ന ഉദ്യോഗസ്ഥർക്കെതിരെ സമഗ്രമായ അന്വേഷണം നടത്തിയും മാതൃകാപരമായി ശിക്ഷിക്കേണ്ടതും ഇതുപോലുള്ള ജനോപകാരപ്രദമായ പരിപാടികളുടെ സുഗമവും സുതാര്യവുമായ നടത്തിപ്പിനും അതിന്റെ ഫലപ്രാപ്തിക്കും അവശ്യമാണ്. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2002-2003) മാള ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Remedial Measures taken Stetement )

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-2003 | 3.8.8.1 | | 22-01-2000 ലെ (Rt)348/2000/LSGD നമ്പർ ഗവൺമെന്റ് ഉത്തരവ് പ്രകാരം 1997-98,98-99 വർഷങ്ങളിൽ വാർഷിക വാടക വർദ്ധനവ് 50% കുറവ് ചെയ്തിട്ടുള്ളതാണെങ്കിലും ഓഡിറ്റിൽ തടസ്സം നിലനിൽക്കുന്നതിനാൽ തടസ്സം ഒഴിവാക്കുന്നതിന് വേണ്ടി മാള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 2-1-07 ലെ മൂന്നാം നമ്പർ തീരുമാനം തൃശ്ശൂർ ജില്ല ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 6-2-07 ലും 22-10-07ലും B-493/2007 നമ്പർ കത്തുകൾ പ്രകാരം സമർപ്പിച്ചിട്ടുണ്ട്. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2002-2003 | 3.8.8.1 | | കൂടാതെ തടസ്സം ഒഴിവാക്കുന്നതിന് ജില്ലാതല ഓഡിറ്റ് മോണിറ്ററിങ്ങ് കമ്മിറ്റി മുഖാന്തരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തൃശ്ശൂർ മുഖേനയും ബന്ധപ്പെട്ട പ്രമാണങ്ങൾ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2002-2003 | | | |

| ക്രമ നമ്പർ | സഹകരണ ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2002-2003 | | | |

| ക്രമ നമ്പർ | ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2002-2003 | | | |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
| --- | --- | --- | --- | --- |
| | 2002-2003 | | | |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| | 2002-2003 | | | |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2003-04) വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| ൧ | 2003-04 | 3-8-5-1 | | ചാവക്കാട് ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ C-V-327/97 Vty നമ്പർ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. ആയതിന്റെ വിചാരണ നടന്നുവരുന്നു. |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2003-04) വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 94 | 2003-04 | 3-8-5-2 | | ടി. സംഖ്യയിൽ 5,14,946/- മേൽ നമ്പർ കേസിൽ ഉൾ ട്ടിട്ടുള്ളതാകയാൽ ആയത രേഖകൾ ഇല്ല. ബാക്കി വരു 52,256/- ക.യിൽ 21,993/- യുടെ ട്രഷറി ചലാൻ പകർ പഞ്ചായത്തിൽ സൂക്ഷിച്ചി ണ്ട്. വൈദ്യുതി ചാർജ്ജ് നിലവിൽ കുടിശ്ശികയൊന്ന ഇല്ല. ശമ്പള റിക്കവറി തു കൾക്കുള്ള രശീതി ലഭിച്ചിട്ടി |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2003-04) വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക**

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 95 | 2003-04 | 3-8-5-3 | | 99-2000 വർഷത്തെ ഓഡിറ്റ് പാര 18 പ്രകാരം കെട്ടിട വാടകയും പിഴപ്പലിശയും കൂടി 2,85,310/- ക ലഭിക്കാനുണ്ട്. കൂടാതെ അനധികൃതമായി ഇളവനുവദിച്ച 20,000/- ക. ഉൾപ്പെടെ 3,05,310/- ക. ലഭിക്കാനുള്ളതിൽ 29-03-2003 വരെയുള്ള സംഖ്യ കണക്കാക്കി ടിയാനിൽ നിന്നും 3,07,104/- ക. 24792/ 44 / 29/ 3 /03 നമ്പർ രശീതി പ്രകാരം പരിച്ചെടുത്തിട്ടുണ്ട്. ടി. മുറിയുടെ വാടക കുടിശ്ശിക ഇപ്പോൾ ബാക്കിയില്ല. |

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2004-2005)വടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| ക്രമനമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 85 | 2004-05 | 3-8-1-6-1 | | 2000-2001 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പാര 11 ൽ 11/2000 മാസത്തെ വൗച്ചറുകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത മാസം ചിലവ് ചെയ്ത 2,87,828.5 രൂപ ആഡിറ്റിൽ തടസ്സപ്പെടുത്തിയതായി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുതമാസത്തെ വൗച്ചറുകൾ കണ്ടെത്തി 22-03-2007 ലെ A1 155/07 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റിനെ അറിയിക്കുകയും ആയതനുസരിച്ച് 15-05-2007 ന് ലോക്കൽ വെരിഫിക്കേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 24-07-2007 മുതൽ പഞ്ചായത്താഫീസിൽവെച്ച് നടന്ന ലോക്കൽ ഫണ്ട് ആഡിറ്റ് സമയത്തും മേൽപറഞ്ഞ വൗച്ചറുകൾ പരിശോധനയ്ക്ക് നൽകിയിട്ടുണ്ട് എന്ന വിവരം സമർപ്പിക്കുന്നു. |

## ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2003-04)
## പറപ്പൂക്കര ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന
ബാങ്ക് ലോൺ ലഭ്യമല്ലാത്തിനാലും പദ്ധതി പ്രകാരമുള്ള തുക കൂട് നിർമ്മാണത്തിന് തികയാതെ വന്നതിനാലും ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക നിർദ്ദേശപ്രകാരമാണ് കൂട് നിർമ്മാണത്തിന് 7800/- രൂപ വീതം ഗുണഭോകാതക്കൾക്ക് നൽകേണ്ടിവന്നതെന്നും 1999 - 2000-ലെ പദ്ധതി പ്രകാരം ഒരു യൂണിറ്റിന് വേണ്ടി വരുന്ന തുക താഴെ പറയും പ്രകാരമാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുന്നു.

1) കെട്ടിടം 2.5 സ്ക്വയർ ഫീറ്റ്/ബേർഡ്

രൂപ 75/ സ്ക്വയർ ഫീറ്റ് ( 2.5 x 55 x 75 ) = 10313.00

2) തീറ്റ / വെള്ളപാത്രങ്ങൾ = 462.00

3) തീറ്റ ചെലവ് ( 41.5 കിലോ ഗ്രാം / ബേർഡ് rs.10/ k.g =22825/-

4) മറ്റു ചെലവുകൾ ( ലിറ്റർ, മെഡിസിൻ, വാക്സിൻ) =1000.00

ആകെ =34600.00

കെട്ടിടത്തിനും മറ്റു ചെലവുകൾക്കുമായി 34600/- രൂപയ്ക്കുമേൽ ഗുണഭോക്താവ് ചെലവാക്കേണ്ടി വരുന്നതിനാലാണ് പദ്ധതി വിഹിതമായി 7800/- രൂപ നൽകാൻ തീരുമാനിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ പറയുന്നു.

കോഴിക്കുഞ്ഞുങ്ങളുടെ വില കാർഷിക സർവ്വകലാശാലയിൽ അടച്ചിട്ടുണ്ടെന്നും ഗുണഭോക്താക്കൾക്ക് കാർഷിക സർവ്വകലാശാലയിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെ നേരിട്ട് വിതരണം ചെയ്യുകയാണുണ്ടായതെന്നും രേഖകൾ കാർഷിക സർവ്വകലാശാലയുടെ പക്കലാണെന്നും ട്രെയിനിംഗ് നടത്തിയവരാണ് രേഖകൾ സൂക്ഷിക്കേണ്ടത് എന്നാണ് അപ്പോൾ അറിയിച്ചതെന്നും വെറ്ററിനറി സർജൻ പറയുന്നു.

ചെറിയ വരുമാനക്കാരായ ഗുണഭോക്താക്കൾ സ്വന്തം കൈയ്യിൽ നിന്നും ചെലവ് ചെയ്ത് പരിശീലനത്തിന് പോകാൻ തയ്യാറാകാത്തതിനാലാണ് യാത്രാ ചെലവും ഭക്ഷണ ചെലവും ഇനത്തിൽ 960/- രൂപ പഞ്ചായത്ത് തീരുമാനപ്രകാരം കൊടുത്തിട്ടുള്ളതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ പറയുന്നു.

കുണ്ടോളിപ്പാടം തോട് [illegible] പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു. പണി പാതിവഴിക്ക് ഉപേക്ഷിച്ചതിനാൽ പദ്ധതിയുടെ ഭൗതികലക്ഷ്യം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കൺവീനർമാരും മിച്ചമുള്ള തുക പലിശ ഉൾപ്പെടെ പഞ്ചായത്തിലേക്ക് തിരിച്ചടക്കാനാണ് നിർദ്ദേശം. ഇക്കാര്യം സംബന്ധിച്ച ഫയലുകളൊന്നും കണ്ടെത്താൻ കഴിയാത്തതിനാൽ തടസ്സം നിലനിൽക്കുന്നു.

12) പനയംപാടം കുടിവെള്ള പദ്ധതി — ഗുണഭോക്തൃ സമിതി കൺവീനർക്ക് മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഫണ്ടിൽ നിന്ന് 11,500/- രൂപ കൺവീനർ കൈപ്പറ്റിയതിന്റെ ബില്ലുകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക കൺവീനറിൽ നിന്ന് പലിശ സഹിതം വസൂലാക്കാനാണ് ഓഡിറ്റ് പരാമർശം. ബന്ധപ്പെട്ട കൺവീനർ ആരാണെന്ന് കണ്ടെത്താൻ ഫയലുകൾ കണ്ടെത്താത്തതുകൊണ്ട് കഴിഞ്ഞില്ല.

# അനുബന്ധം III

MI-22412/08

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി: 14.01.2011

പഞ്ചായത്ത് ഡയറക്ടർ

ഗവൺമെന്റ് സെക്രട്ടറി,
തദ്ദേശ സ്വയം ഭരണ (എ ഡി) വകുപ്പ്,
സെക്രട്ടറിയേറ്റ് അനക്സ്

സർ,

വിഷയം:- ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2008–11) തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ - വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് -സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ - അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- നിയമസഭാ സെക്രട്ടറിയേറ്റിന്റെ 05.08.10 -ലെ 2468/LFAC-A2/10/ലെജി നമ്പർ കത്ത്

മേൽ വിഷയത്തിലേയ്ക്ക് ബഹു: സർക്കാരിന്റെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ഖണ്ഡിക VII-1-8-6 (iii) ലെ പരാമർശമായ "അഡ്വാൻസ് കൈപ്പറ്റി പണി പൂർത്തിയാക്കിയിട്ടില്ല" എന്ന വിഷയത്തിന്മേൽ ബന്ധപ്പെട്ട അഞ്ച് പ്രവൃത്തികളെയും സംബന്ധിച്ച് ഡിപ്പാർട്ട്മെന്റൽ എൻക്വയറി നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. ആയതിൻ പ്രകാരം ടി വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഡെപ്യൂട്ടി ഡയറക്ടർ (തൃശ്ശൂർ)നെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു.

ഡിപ്പാർട്ട്മെന്റ് എൻക്വയറിയിൽ നടപടി ക്രമങ്ങളും, ധന വിനിയോഗവും സംബന്ധിച്ച കാര്യങ്ങൾ മാത്രമേ പരിശോധിക്കാൻ കഴിയുകയുള്ളൂ. ആവശ്യമായ രേഖകളുടെ അഭാവത്തിൽ നിഗമനങ്ങളിൽ മാത്രമേ റിപ്പോർട്ട് നൽകുവാൻ സാധിക്കുകയുള്ളൂ. മേൽ സൂചിപ്പിച്ച 5 പ്രവൃത്തികളും നിർമ്മാണവുമായി ബന്ധപ്പെട്ടതിനാൽ സാങ്കേതിക പരിജ്ഞാനമുള്ള എഞ്ചിനീയറിംഗ് വിഭാഗം അന്വേഷണം നടത്തിയാൽ മാത്രമേ പ്രവൃത്തികളുടെ പൂർത്തീകരണത്തെ സംബന്ധിച്ച് വ്യക്തതയുണ്ടാകുകയുള്ളൂ എന്നുള്ള വിവരം അറിവിനും ആവശ്യമായ നടപടികൾക്കുമായി സമർപ്പിക്കുന്നു.

## റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002–03 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് ഖണ്ഡിക നമ്പർ VII-1-8-6-(iii) പ്രകാരം "അഡ്വാൻസ് കൈപ്പറ്റി പണി പൂർത്തീകരിച്ചിട്ടില്ല" എന്ന പരാമർശത്തിന്മേൽ 08.06.10 ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളിൽ ബന്ധപ്പെട്ട അഞ്ച് പ്രവൃത്തികളെയും സംബന്ധിച്ച് ഡിപ്പാർട്ട്മെന്റൽ എൻക്വയറി നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

ആയതിന്റെ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ (ഭരണം) നേതൃത്വത്തിലുള്ള ടീം 2010 സെപ്റ്റംബർ 24, 25 തീയതികളിൽ വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് സന്ദർശിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിരുന്ന പ്രവൃത്തികളായ (1) അമ്മാട്ടിക്കുന്ന് റോഡ് പുനരുദ്ധാരണം (2) അകമലതൃമാനം ശുദ്ധ ജലവിതരണ പദ്ധതി (3) കുമരനെല്ലൂർ ഹരിജൻ കോളനി റോഡ് (4) പുല്ലാനിക്കാട് -ചാലക്കൽ പുതുക്കര റോഡ് നന്നാക്കൽ (5) കുമരനെല്ലൂർ നഴ്സറി സ്കൂൾ കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും താഴെപറയുന്ന വിവരങ്ങൾ അറിവായി.

***I. അമ്മാട്ടിക്കുന്ന് റോഡ് പുനരുദ്ധാരണം.***

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ 1 ാം വാർഡിൽ 1998–99 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയ 100000/- രൂപ അടങ്കൽ തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തിയായിരുന്നു. അമ്മാട്ടിക്കുന്ന് റോഡ് പുനരുദ്ധാരണം. കനാൽ ബണ്ട് മുതൽ അമ്മാട്ടിക്കുന്ന് വരെ റോഡ് വീതികൂട്ടി ലെവൽ ചെയ്ത് സൈഡ് കെട്ടി സഞ്ചാരയോഗ്യമാക്കുകയായിരുന്നു. പ്രോജക്ട് കൊണ്ട് ലക്ഷ്യമിട്ടിരുന്നത്. ടി പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 7 പേർ അടങ്ങിയ ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും ആയതിൽ നിന്നും ശ്രീ. എം. അബ്ദുൾ നാസർ S/O ഹസ്സനാർ, മൂലയിൽ വീട്, പാർളിക്കാട് പി.ഒ. എന്നയാളെ കൺവീനറായും ശ്രീ. എം.എം.അലി S/O മമ്മു, മുല്ലയ്ക്കൽ വീട്, പാർളിക്കാട്. പി.ഒ. എന്നയാളെ ചെയർമാനുമായി തെരഞ്ഞെടുത്തിരിക്കുന്നു. ടിയാളുകൾ ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് വെയ്ക്കുകയും മൊബിലൈസേഷൻ അഡ്വാൻസായി 22000/- രൂപ 23.04.1999 –ൽ കൈപ്പറ്റിയിട്ടുണ്ട്. പാർട്ട് ബിൽ പ്രകാരം 21269/– രൂപയുടെ വാല്യുവേഷൻ

രേഖപ്പെടുത്തിയത് പ്രകാരം 11.03.2000 -ൽ 15000/- രൂപ കൂടി കൺവീനർ കൈപ്പറ്റിയിട്ടുമുണ്ട്. പാർട്ട് ബില്ലിന്റെ വാല്യുവേഷൻ 6/94 -95 നമ്പർ എം ബുക്കിൽ 44 മുതൽ 47 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർന്ന് പണി പൂർത്തീകരിച്ചതായിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ, മസ്റ്റർറോളുകളോ ബില്ലുകളോ ഹാജരാക്കിയിട്ടില്ല. -

പാർട്ട് ബില്ല് പ്രകാരമുള്ള തുക കഴിച്ച് ബാക്കി 15731/- രൂപയും പലിശയുൾപ്പെടെ 26143/- രൂപ അടയ്ക്കാനായി കൺവീനർ, ചെയർമാൻ എന്നിവർക്ക് നോട്ടീസ് അയക്കുകയും ആയതിന്റെ പകർപ്പ് അംഗങ്ങൾക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൺവീനർ മരണപ്പെട്ടതായും ചെയർമാൻ ഇൻഡ്യക്ക് പുറത്താണെന്ന പോസ്റ്റൽ റിമാർക്സോടെ കത്തുകൾ മടങ്ങിവന്നിരിക്കുന്നു. കമ്മിറ്റി അംഗങ്ങൾ നൽകിയ മറുപടിയിൽ ലഭിച്ച തുകയേക്കാൾ അധികം തുകയ്ക്കുള്ള പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്നും പണിക്കിടയിൽ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത പാറപൊട്ടിക്കൽ പണി ധാരാളമായി ചെയ്യേണ്ടി വന്നുവെന്നും, ടി പണി മെഷർ ചെയ്യുന്നതിന് എഞ്ചിനീയർ തയ്യാറായിട്ടില്ലായെന്നും അറിയിച്ചിരിക്കുന്നു. ടി പ്രവൃത്തിക്കിടയിൽ പാറപൊട്ടിക്കൽ ഉൾപ്പെടെയുള്ള അധിക ജോലികൾ ചെയ്യേണ്ടി വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും അതനുസരിച്ച് മെഷർമെന്റ് എടുക്കാൻ ആവശ്യപ്പെടുന്നതിനും 24.03.2004- ൽ 157/04 ാം നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയതനുസരിച്ചുള്ള കത്ത് 12.072004- ന് വടക്കാഞ്ചേരി എൽ. എസ്. ജി. ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. 15.12.04 ന് ചെയ്ത പണിയുടെ ഫൈനൽ ബില്ല് തയ്യാറാക്കി നൽകുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയതിൽ അപ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയോ, ഫൈനൽ ബില്ല് തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല.

29.09.2008 -ൽ ചെയർമാൻ എം.എം. അലിയിൽ നിന്നും 55086/-രൂപ ഈടാക്കി നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് റവന്യൂ റിക്കവറി റിക്വസിഷൻ രജിസ്ട്രേഡ് ആയി ജില്ലാ കളക്ടർക്ക് നൽകിയതായും 27.05.2010 ൽ എ- 6639/09 നമ്പർ കത്ത് മുഖേന ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്.

അമ്മാട്ടിക്കുന്ന് റോഡ് പുനരുദ്ധാരണം പ്രവൃത്തി സംബന്ധിച്ച ഫയലിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. അന്വേഷണത്തിൽ കൺവീനർ കൈപ്പറ്റിയിട്ടുള്ള ആകെ തുകയായ 37000/- രൂപയെക്കാൾ അധികരിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട എഞ്ചിനീയർ സാങ്കേതിക

കാരണങ്ങളാൽ മെഷർമെന്റ് എടുത്തിട്ടില്ല ഈ സാഹചര്യത്തിലും കൺവീനർ മരണപ്പെട്ട അവസ്ഥയും കണക്കിലെടുത്ത് ഈ റോഡ് പ്രവൃത്തിയിന്മേലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കി തീർപ്പു കല്പിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

## II. അകമലതുമാനം ശുദ്ധജല വിതരണ പദ്ധതി.

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ X ാം വാർഡിൽ പട്ടികജാതിക്കാർക്കായുള്ള പദ്ധതിയായിട്ടാണ് അകമലതുമാനം ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പ്രൊജക്ടിൽ വിഭാവന ചെയ്തിരിക്കുന്ന പ്രകാരം കിണർ കുഴിച്ച്, ടാങ്ക് കെട്ടി, മോട്ടോർ പമ്പ് സെറ്റ് എന്നിവ സ്ഥാപിച്ച് ജലം വിതരണം ചെയ്യുകയെന്നതാണ്. 56 പട്ടികജാതി കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും പ്രൊജക്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ടി പ്രൊജക്ടിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ പദ്ധതി വിഹിതമായി 75000/- രൂപയും തനതു ഫണ്ടിൽ നിന്നും 75000/- രൂപയും ഉൾപ്പെടെ 1,50,000/- രൂപ കിണർ കുഴിക്കുന്നതിനും പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കിണർ കുഴിക്കുന്നതിന് 1,12,980/- രൂപയും പമ്പ് ഹൗസ് നിർമ്മിക്കുന്നതിന് 23500/- രൂപയും ടാക്സ് എഞ്ചിനീയറിംഗ് ചാർജ്ജ് തുടങ്ങിയ വകയ്ക്കായി 11,055/- രൂപയും ഉൾപ്പെടെ 1,47,535/- രൂപ വകയിരുത്തിയിരിക്കുന്നു. ആയതിന് BLTC യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

അകമലതുമാനം ശുദ്ധജല വിതരണ പദ്ധതിയുടെ കൺവീനറായി സേവ്യർ മാത്യു S/O മത്തായി എടക്കുളത്തൂര വീട് എന്നയാളിനെയും ഭാരവൻ P.A S/O അയ്യപ്പൻ പുഞ്ചയിൽ വീട് എന്നയാളിനെ ചെയർമാനായും തെരഞ്ഞെടുത്തിരിക്കുന്നു. ടിയാളുകൾ 20.03.99 ലെ 35/98-99 (1) നമ്പർ പ്രകാരം പഞ്ചായത്തിൽ എഗ്രിമെന്റ് വെയ്ക്കുകയും മൊബിലൈസേഷൻ അഡ്വാൻസായി 22.03.99 ലെ 543097 നമ്പർ ചെക്ക് പ്രകാരം 37500/- രൂപ കൈപ്പറ്റുകയും ചെയ്തിരിക്കുന്നു. തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 23.04.99 ലെ 361536 നമ്പർ ചെക്ക് പ്രകാരം 22500/- രൂപയും ഉൾപ്പെടെ ടി പ്രവൃത്തിക്ക് ആകെ 70000/- രൂപ നൽകിയിരിക്കുന്നതായി കാണുന്നു. ടി പ്രവൃത്തിക്ക് 80000/- രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയിരിക്കുന്നതായി ഫയലിൽ കാണുന്നു. ഇത് സംബന്ധിച്ച് മറ്റു രേഖകളൊന്നും തന്നെ ലഭ്യമായിട്ടില്ല. ടി തുക ഉപയോഗിച്ച് കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. കിണറിനു വേണ്ടി ചെലവഴിച്ച 70000/- രൂപയ്ക്കും പഞ്ചായത്ത് ഭരണ സമിതിയുടെ 30.08.05 ലെ സാധാരണ മീറ്റിംഗിലെ 441/05 നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

തുടർന്നു വന്ന വർഷങ്ങളിലെ പദ്ധതി പ്രകാരം പമ്പ് ഹൗസും മറ്റു അനുബന്ധ പ്രവൃത്തികളും ചെയ്ത് ടി കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രയോജനം ഗുണഭോക്താക്കൾ അനുഭവിച്ചു വരുന്നതുമാണ്.

അകമലതുമാനം ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി നൽകിയ അഡ്വാൻസ് തുകയും വാല്യുവേഷൻ പ്രകാരം നൽകിയ തുകയും ഉപയോഗിച്ച് കിണർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് അടുത്ത പദ്ധതിയിൽ തുക വകയിരുത്തി കുടിവെള്ള പദ്ധതി പൂർത്തീകരിക്കുകയും ആ പ്രദേശത്തെ ഗുണഭോക്താക്കൾ ടി പദ്ധതിയുടെ പ്രയോജനം അനുഭവിച്ചു വരുന്നതിനാലും പരാമർശം ഒഴിവാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

***III. കുമരനല്ലൂർ ഹരിജൻ കോളനി റോഡ്.***

1998–99 വർഷത്തെ പ്രൊജക്ട് ആയ കുമരനല്ലൂർ ഹരിജൻ കോളനി റോഡിന്റെ അടങ്കൽ തുക 2 ലക്ഷം രൂപയാണ്. ടി തുക ഉപയോഗിച്ച് 475 മീറ്റർ ടാർ ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും ആയതിൽ നിന്ന് ശ്രീ പി.കെ രാമകൃഷ്ണൻ, പൂളിക്കൽ വീട്, കുമാരനല്ലൂർ പി.ഒ എന്നയാളെ കൺവീനറായി തെരഞ്ഞെടുത്തിരുന്നു. ടി പ്രവൃത്തിയുടെ കൺവീനർ 11.03.99 ലെ 62/98–99 നമ്പരായി പഞ്ചായത്തിൽ എഗ്രിമെന്റ് വെയ്ക്കുകയും, മൊബിലൈസേഷൻ അഡ്വാൻസായി 11.03.99 – ൽ 39500/– രൂപ കൈപ്പറ്റുകയും ചെയ്തിരിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ 1 ലക്ഷം രൂപയുടെ വാല്യുവേഷൻ പ്രകാരം 26.03.99 ൽ 60500/– രൂപയും 28.04.99 ലെ 1.25 ലക്ഷത്തിന്റെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 25000/– രൂപയും കൺവീനർ കൈപ്പറ്റിയിട്ടുണ്ട്. എം ബുക്ക് നമ്പർ 2/98–99 –ൽ 1 മുതൽ 15 വരെ പേജുകളിലായി വാല്യുവേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി ഗുണഭോക്തൃ സമിതി കൺവീനർ ആകെ 1. 25,000/– രൂപ കൈപ്പറ്റിയിട്ടുണ്ട്. 28.12.2000 – ൽ സമർപ്പിച്ചിട്ടുള്ള ഫൈനൽ ബില്ലിൽ 1,33,624/– രൂപയുടെ വാല്യുവേഷനാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് മെഷർമെന്റ് ബുക്കിൽ 16 മുതൽ 21 വരെയുള്ള പേജുകളിലായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫൈനൽ ബില്ല് പാസ്സാക്കി ബാക്കി തുക നൽകിയിട്ടുള്ളതായി കാണുന്നില്ല. മാത്രവുമല്ല ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട മസ്റ്റർറോൾ, മറ്റ് അനുബന്ധ വൗച്ചറുകൾ എന്നിവ കൺവീനർ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 24.10.07 ലും, 07.08.08 ലും

കൺവീനർമാർക്ക് കത്ത് നൽകിയിട്ടുണ്ട് കൺവീനർ സമർപ്പിച്ചിട്ടുള്ള ബില്ല് പ്രകാരവും അന്വേഷണത്തിലും ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

കുമരനല്ലൂർ ഹരിജൻ കോളനി റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ പരാമർശം ഒഴിവാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

*IV. പുല്ലാനിക്കാട് – ചാലക്കൽ പുതുക്കര റോഡ് നന്നാക്കൽ.*

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 1999–2000 വർഷത്തെ 68 ാം നമ്പരായുള്ള പ്രൊജക്ടായിരുന്നു പുല്ലാനിക്കാട് – ചാലക്കൽ പുതുക്കര റോഡ് നന്നാക്കൽ. ടി പദ്ധതിക്ക് അടങ്കൽ തുകയായി 1,22,930/– രൂപ വകയിരുത്തിയിരുന്നു. മേൽ പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനറായി ശ്രീ. എം. ഒ. ജേക്കബ്ബ് S/O ഔസേപ്പ്, മുരിങ്ങാത്തേരി വീട്, പുല്ലാനിക്കാട് എന്നയാളിനെയും തെരഞ്ഞെടുത്തിരുന്നു. കൺവീനർ 03.03.2000 –ലെ 7/2000 നമ്പരായി പഞ്ചായത്തുമായി എഗ്രിമെന്റ് വെയ്ക്കുകയും മൊബിലൈസേഷൻ അഡ്വാൻസായി 13.03.2000 –ൽ 30700/– രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. കൺവീനർ പാർട്ട് ബില്ല് സമർപ്പിച്ച പ്രകാരം 40028/– രൂപ നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഫൈനൽ മെഷർമെന്റ് 3/97–98 എം ബുക്കിൽ പേജ് നമ്പർ 85 മുതൽ 95 വരെ രേഖപ്പെടുത്തിയിട്ടുള്ളതും 12.09.2002 –ൽ 1,11,755/– രൂപയുടെ ഫൈനൽ ബില്ല് സമർപ്പിച്ചിട്ടുള്ളതുമാകുന്നു. അതോടൊപ്പം ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട്, വൗച്ചറുകൾ, മസ്റ്റർറോളുകൾ ഉൾപ്പെടെയുള്ള രേഖകളെല്ലാം ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്ത് വിതരണം ചെയ്ത ബിറ്റുമിന്റെ വിലയായി 11483/–രൂപ കുറവ് ചെയ്ത് ബാക്കി തുകയായി 29544/– രൂപ 02.10.02 ൽ കൺവീനർ കൈപ്പറ്റിയിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു.

പുല്ലാനിക്കാട് –ചാലക്കൽ പുതുക്കര റോഡ് നന്നാക്കൽ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ പരാമർശം ഒഴിവാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

*V. കുമരനല്ലൂർ നഴ്സറി സ്കൂൾ കെട്ടിട നിർമ്മാണം.*

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 1998–99 വർഷത്തെ പദ്ധതിയിൽ എസ്സ്.സി.പി. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രൊജക്ടാണ്. കുമരനല്ലൂർ നഴ്സറി സ്കൂൾ കെട്ടിട നിർമ്മാണം. ടി പ്രൊജക്ടിന് പദ്ധതി വിഹിതമായി 50000/– രൂപയും സംസ്ഥാനാവിഷ്കൃത വിഹിതമായി 150000/– രൂപയും ഉൾപ്പെടെ ആകെ 200000/– രൂപ വകയിരുത്തിയിരിക്കുന്നു. ആയതിന് 24.12.98 ലെ 84/98–99 നമ്പർ പ്രകാരം 1,61,455/– രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിരിക്കുന്നു.

കുമരനല്ലൂർ നഴ്സറി സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് പട്ടികജാതിയിൽപ്പെട്ട കുട്ടികളെ പഠിപ്പിക്കുകയെന്നാണ് പ്രൊജക്ടിൽ വിഭാവന ചെയ്തിരിക്കുന്നത്. ടി കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം 27x300– 2 മുറിയും, 563x270 –ൽ ഹാളും 270x270 അടുക്കളയും, 270x12 അളവിൽ ടോയ്ലറ്റും നിർമ്മിക്കുകയെന്നാണ്. ഗുണഭോക്തൃ കമ്മിറ്റി വിളിച്ച് ശ്രീ. പി. മോഹൻദാസ് – കായൽ പുരയ്ക്കൽ, കുമരനല്ലൂർ എന്നയാളെ കൺവീനറായും, ശോഭ W/O സുന്ദരൻ അയ്യത്ത് എന്നിവരെ ചെയർമാനായും തെരഞ്ഞെടുത്തിരിക്കുന്നു. കൺവീനർ പഞ്ചായത്തിൽ എഗ്രിമെന്റ് വച്ച് മൊബിലൈസേഷൻ അഡ്വാൻസായി 11.03.99 ലെ 543085 നമ്പർ ചെക്ക് പ്രകാരം 50,000/– രൂപ കൈപ്പറ്റിയിരിക്കുന്നു. റൂറൽ ഡെവലപ്പ്മെന്റ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ 75000/– രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 06.04.99 ലെ 361533 നമ്പർ ചെക്ക് പ്രകാരം 50,000/– രൂപ കൂടി കൺവീനർക്ക് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട മെഷർമെന്റ് ബുക്കോ, ഒറിജിനൽ ബില്ലോ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. എന്നാൽ മെഷർമെന്റ് ബുക്കിന്റെ പകർപ്പുകളും, ബില്ലിന്റെ പകർപ്പുകളും ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ആയതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. മെഷർമെന്റ് ബുക്കിലെ പകർപ്പിലെ വാല്യൂവേഷൻ പ്രകാരം 119482/– രൂപയും ബില്ലിലെ പകർപ്പിൽ കാണിച്ചിരിക്കുന്ന വാല്യുവേഷൻ പ്രകാരം 126801/– രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റു രേഖകൾ ഒന്നുംതന്നെ കൺവീനർ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല.

നേരിട്ട് സ്ഥലം പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. കൺവീനർ കൈപ്പറ്റിയ തുക ഉപയോഗിച്ച് കെട്ടിടത്തിന്റെ പണി ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ടാകാം. നഴ്സറി സ്കൂൾ കെട്ടിടത്തിന്റെ

ഉദ്ഘാടനം 05.06.2005- ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. രാധികദാസിന്റെ അദ്ധ്യക്ഷതയിൽ ബഹു. എം.എൽ.എ ശ്രീ. എ.സി. മൊയ്തീൻ നിർവഹിച്ചിട്ടുള്ളതായി കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള ശിലാഫലകത്തിൽ കാണുന്നു. നിലവിൽ ടി സ്കൂളിൽ 30 പട്ടികജാതി കുട്ടികൾ പഠിച്ചുവരുന്നുണ്ട്.

കുമരനല്ലൂർ നഴ്സറി സ്കൂൾ കെട്ടിട നിർമ്മാണം നിലവിൽ പൂർത്തീകരിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ലഭ്യമായ ബില്ലിലെ പകർപ്പിൽ രേഖപ്പെടുത്തിയിരിക്കുന്ന 126801/- രൂപ ഉപയോഗിച്ച് കെട്ടിട നിർമ്മാണം ഭാഗീകമായി പൂർത്തീകരിക്കുകയും പിന്നീട് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ടെണ്ടർ നടപടി പ്രകാരം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽ സൂചിപ്പിച്ച 5 പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ സെക്രട്ടറിയുടെയും തുടർന്നു വന്ന സെക്രട്ടറിമാരുടെയും പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജെ. റൂബി - 01.01.97 മുതൽ 29.04.2000 വരെ.
വി.റ്റി. അനന്തനാരായണൻ - 29.04.2000 - 28.12.2001.
വി.എസ്. രമണി (ജെ.എസ്. ഇൻചാർജ്ജ്) - 29.12.01 - 16.01.2002 വരെ.
പി.വി. സണ്ണി - 16.01.2002 - 09.06.03 വരെ
പി.ജെ ആന്റണി - 09.06.2003 - 18.07.03 വരെ
ജെ. റൂബി - 19.07.2003 - 25.10.06 വരെ

നമ്പർ.ഡി.ബി-3/4744/2010/സിഇ/തസ്വഭവ — തീയതി : 16.09.2010.

6014S 27 SEP 2010

പ്രേഷിതൻ

ചീഫ് എൻജിനിയർ.

സ്വീകർത്താവ്

ഗവൺമെന്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ (എബി) വകുപ്പ്,
തിരുവനന്തപുരം.

സർ,

വിഷയം: തസ്വഭ(എബി)വകുപ്പ്-ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ (2002 -2003) വർഷത്തെ സമാഹൃത റിപ്പോർട്ട് - വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ആഡിറ്റ് പരാമർശം അന്വേഷണം - സംബന്ധിച്ച്

സൂചന: സർക്കാർ കത്ത് നം. 37457/എബി3/08/തസ്വഭവ തീയതി 08.06.2010

സൂചന കത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ (2002 -2003) വർഷത്തെ സമാഹൃത റിപ്പോർട്ടിലെ വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ മരാമത്തുപണികളുമായി ബന്ധപ്പെട്ട ആഡിറ്റ് പരാമർശത്തെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സൂചന കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. തുടർന്ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറെ ടി വിഷയം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്ക് ചുമതലപ്പെടുത്തി.

ആഡിറ്റിൽ പറയുന്നതായ അമ്മാടിക്കുന്ന് റോഡ് പുനരുദ്ധാരണം, അകമല തൂവാനം ശുദ്ധജല വിതരണ പദ്ധതി, കുമാരനല്ലൂർ ഹരിജൻ കോളനി റോഡ്, പുല്ലാനിക്കാട് പാലക്കൽ പുതുക്കര റോഡ് നന്നാക്കൽ, കുമരനെല്ലൂർ നഴ്സറി സ്കൂൾ കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കൺവീനർമാരുടെ വിശദ വിവരങ്ങൾ ഉൾപ്പെടെ തൃശ്ശൂർ തദ്ദേശസ്വയംഭരണ വകുപ്പ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകുകയുണ്ടായി. റിപ്പോർട്ടിൻ പ്രകാരം താഴെ പറയുന്ന വിവരങ്ങൾ സർക്കാരിനെ അറിയിക്കുന്നു.

1. അമ്മാടിക്കുന്ന് റോഡ് പുനരുദ്ധാരണം സംബന്ധിച്ച് എസ്റ്റിമേറ്റിലില്ലാത്ത പണി സൈറ്റിൽ ചെയ്തതായും പ്രസ്തുത വിവരം യഥാസമയം എൻജിനീയറെ അറിയിക്കാതിരുന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയോ, മെഷർമെന്റ് എടുക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തു സെക്രട്ടറി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഫൈനൽ ബില്ല് തയ്യാറാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് നടന്നിട്ടില്ല. കൺവീനർക്ക് നൽകിയ 37,000/- രൂപയേക്കാൾ കൂടുതൽ തുകയ്ക്കുള്ള പ്രവൃത്തികൾ ചെയ്തിട്ടുള്ളതായി സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു.

2. അകമല തുവ്വാനം ശുദ്ധജല വിതരണ പദ്ധതിയെ സംബന്ധിച്ച്, ടി പ്രവൃത്തിയുടെ ഒറിജിനൽ ഫയലും മറ്റു രേഖകളും പഞ്ചായത്തിൽ നിന്നും ലഭ്യമായിരുന്നില്ല. എന്നാൽ ആഫീസിൽ ലഭ്യമായ രേഖകളുടെ ഫോട്ടോസ്റ്റാറ്റ് പരിശോധിച്ചതിൽ നിന്നും 70,000/- രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. ഓപ്പൺ വെല്ലിന്റെ പണി എസ്റ്റിമേറ്റിൽ ഉള്ളതിനേക്കാൾ കൂടുതൽ ചെയ്ത് പൂർത്തീകരിച്ചത് സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പമ്പ് ഹൗസിന്റെ പണി ചെയ്തിട്ടില്ല. കൺവീനർക്ക് നൽകിയതിനേക്കാൾ കൂടുതൽ തുകയുടെ പ്രവൃത്തി ചെയ്തുവെന്ന് മനസ്സിലാക്കിയതായി റിപ്പോർട്ടിൽ പറയുന്നു. പിന്നീടുള്ള വർഷങ്ങളിലെ പദ്ധതി പ്രകാരം പമ്പ് ഹൗസ് മറ്റ് അനുബന്ധ പ്രവൃത്തികൾ ചെയ്ത് കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് പ്രയോജനം കിട്ടുന്ന രീതിയിൽ പ്രവൃത്തിച്ചു വരുന്നതായും റിപ്പോർട്ടിൽ വിശദമാക്കുന്നു.

3. കുമാരനല്ലൂർ ഹരിജൻ കോളനി റോഡ് പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ പാസ്സാക്കുകയോ, പ്രവൃത്തി ക്ലോസ്സ് ചെയ്തതായോ കാണുന്നില്ല. സൈറ്റ് പരിശോധനയിൽ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടതായി എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. പുല്ലാനിക്കാട് പാലയ്ക്കൽ പുതുക്കര റോഡ് നന്നാക്കൽ പ്രവൃത്തിയുടെ സി.സി ഫസ്റ്റ് & ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട് എന്നും എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. കുമാരനല്ലൂർ നഴ്സറി സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ മെഷർമെന്റ് ബുക്ക് പരിശോധനയിൽ ലഭ്യമായിരുന്നില്ല. ബില്ലിന്റെ പകർപ്പിൽ നിന്നും 1,26,801/- രൂപയ്ക്ക് പദ്ധതി ഭാഗികമായി പൂർത്തീകരിച്ചതായും സൈറ്റ് പരിശോധനയിൽ പിന്നീടുള്ള വർഷങ്ങളിൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം ഉപയോഗയോഗ്യമാക്കിയിട്ടുള്ളതായും എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എക്സിക്യൂട്ടീവ് എൻജിനീയറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം സർക്കാരിന്റെ യുക്തമായ നടപടികൾക്കായി സമർപ്പിക്കുന്നു.

നം. എഫ്.ഓഡിറ്റ്/21/06

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
എൽ.എസ്.ജി.ഡി. ഡിവിഷൻ, തൃശ്ശൂർ-3
തീയതി - 31-07-2010

പ്രേഷിതൻ,

എക്സിക്യൂട്ടീവ് എഞ്ചിനീയർ.

സ്വീകർത്താവ്,

ചീഫ് എഞ്ചിനീയർ
തദ്ദേശസ്വയംഭരണ വകുപ്പ്,
തിരുവനന്തപുരം

സർ,

വിഷയം- തസ്വഭ(എബി) വകുപ്പ് ലോക്കൽ ഫണ്ട് ഡയറക്ടറുടെ (2002-03) വർഷത്തെ സമാഹൃത റിപ്പോർട്ട്.- വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം അന്വേഷണം - മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച് -

സൂചന- ഡിബി-3/4744/2010/സി.ഇ./തസ്വഭവ തീയതി-16-06-2010 എന്ന ചീഫ് എഞ്ചിനീയറുടെ കത്ത്

....

മേൽസൂചന പ്രകാരം താങ്കളുടെ ഓഫീസിൽ നിന്നും ലഭിച്ച കത്തിൽ അമ്മാടിക്കുന്ന് റോഡ് പുനരുദ്ധാരണം, അകമല തൂവാനം ശുദ്ധജലവിതരണ പദ്ധതി, കുമരനെല്ലൂർ ഹരിജൻ കോളനി റോഡ്, പുല്ലാനിക്കാട് പാലയ്ക്കൽ പുതുക്കര റോഡ് നന്നാക്കൽ, കുമരനല്ലൂർ നഴ്സറി സ്കൂൾ കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളിൻമേൽ അന്വേഷണം നടത്തി വിശദമായ മറുപടി സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. ടി വിഷയത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ വിശദമായ റിപ്പോർട്ട് താഴെ കൊടുക്കുന്നു.

1. <u>അമ്മാടിക്കുന്ന് റോഡ് പുനരുദ്ധാരണം</u>

ഈ പ്രവൃത്തിയുടെ കൺവീനറുടേയും ചെയർമാന്റേയും വിലാസം താഴെ പറയും പ്രകാരമാണ്.

| കൺവീനർ | ചെയർമാൻ |
| --- | --- |
| എം.എച്ച്. അബ്ദുൾ നാസർ (33 വയസ്സ്) | എം.എം. അലി |
| S/o ഹസ്സനാർ, | S/o മമ്മു, |
| മുലയിൽ വീട് | മുല്ലയ്ക്കൽ വീട്, |
| പാർളിക്കാട് പി.ഒ. | പാർളിക്കാട് പി.ഒ |

(തുടർച്ച------2)

മേൽ പ്രവൃത്തി 42/98-99 തീയതി-23-03-1999 എന്ന എഗ്രിമെന്റ് പ്രകാരം കാഞ്ചേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി കൺവീനർ ശ്രീ. എം.എച്ച് അബ്ദുൾ നാസർ കരാറിൽ ഏർപ്പെട്ടു. പദ്ധതിയുടെ മൊത്തം അടങ്കൽ 1 ലക്ഷം രൂപയായിരുന്നു. മേൽ പ്രവൃത്തിയുടെ ഫയലും മെഷർമെന്റ് ബുക്കും പരിശോധിച്ച തിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഇവയാണ്.

23-03-1999-ൽ കരാറിൽ ഏർപ്പെട്ട പ്രവൃത്തിക്ക് 23-04-1999-ന് 22,000 രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്. 20-12-1999-ന് ഫസ്റ്റ് & പാർട്ട് ബിൽ പ്രകാരം 21,269 രൂപയും 14-03-2000-ൽ പ്രവൃത്തി വാലുവേഷൻ നടത്തി 15,000 രൂപയും നൽകിയിട്ടുണ്ട് (എം.ബി.നമ്പർ 6/94-95 പേജ് 45 മുതൽ 47 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്). എന്നാൽ പിന്നീട് പ്രവൃത്തി തുടർന്ന് നടത്തിയിട്ടില്ല. ആയതിനാൽ പ്രവൃത്തിക്ക് ഫസ്റ്റ് & പാർട്ട് ബിൽ പ്രകാരം നൽകിയ 21,269 രൂപ കഴിച്ച് മൊത്തം നൽകിയ 37,000 രൂപയിലെ ബാക്കി തുക യായ 15,731 രൂപയും അതിന്റെ പലിശയും അടക്കം 26,143 രൂപയും (15731 + പലിശ 10,382 + പോസ്റ്റേജ് 30രൂപ) തിരിച്ചു നൽകാൻ റെവന്യൂ റിക്കവറിക്ക് മുമ്പുള്ള ഒരു രെജിസ്റ്റേഡ് നോട്ടീസ് അയച്ചതിന്റെ കോപ്പി ഫയലിൽ കാണുന്നുണ്ട്. ഈ നോട്ടീസ് അയച്ചത് 15-11-2003-ലെ തീയതിൽ 02-12-2003-നാണ്. ഈ നോട്ടീസ് കൺവീനർക്കും ചെയർമാനും രെജിസ്റ്റേഡ് ആയി അയയ്ക്കുകയും മറ്റു 5 ഗുണ ഭോക്തൃ കമ്മിറ്റി അംഗങ്ങൾക്ക് പകർപ്പ് അയയ്ക്കുകയും ചെയ്തതായി ഫയലിൽ വ്യക്തമാകുന്നു. എന്നാൽ കൺവീനർക്കും ചെയർമാനും അയച്ച രെജിസ്റ്റേഡ് നോട്ടീസ് മടങ്ങി വന്നതായി കാണുന്നു. തപാൽ വകുപ്പ് അറിയിപ്പ് പ്രകാരം കൺവീ നർ മരിച്ചതായും ചെയർമാൻ ഇന്ത്യയ്ക്ക് പുറത്താണെന്നും കാണിച്ചിട്ടുണ്ട് തുടർന്ന് യാതൊരു വിധ തുടർനടപടികളും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും റെവന്യ റിക്കവറിയുടെ ഭാഗമായി നടത്തിയിട്ടില്ല.

കനാൽ ബണ്ട് മുതൽ അമ്മാടിക്കുന്ന് വരെ 1 കി.മീ.. റോഡ് വീതി കൂട്ടി ലെ വൽ ചെയ്ത് സൈഡ് കെട്ടി സഞ്ചാരയോഗ്യമാക്കുകയായിരുന്നു പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചിരുന്നത് എന്നാൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ സൈറ്റിൽ ചില മാറ്റങ്ങൾ അനിവാര്യമായി വരികയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യു ന്നതിനും അതിനനുസരിച്ച് മെഷർമെന്റ് എടുക്കുന്നതിനും പഞ്ചായത്ത് ലോക്കൽ വർക്സ് എഞ്ചിനീയറോട് ആവശ്യപ്പെടാൻ 24-03-2004-ൽ 157/04-ാം നമ്പറായി പഞ്ചായത്ത് തീരുമാനം എടുത്തിരുന്നു. എസ്റ്റിമേറ്റിലില്ലാതിരുന്ന പാറ പൊട്ടിക്കൽ

(തുടർച്ച---3)

പണിയും സൈറ്റിൽ ചെയ്തിട്ടുണ്ട്. എന്നാൽ അത് യഥാസമയം എഞ്ചിനീയറെ അറിയിക്കാതിരുന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയോ മെഷർമെന്റ് എടുക്കുകയോ ചെയ്തിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ പഞ്ചായത്ത് സെക്രട്ടറി 12-07-2004-ന് വടക്കാഞ്ചേരി എൽ.എസ്.ജി.ഡി(പി.ഡബ്ല്യു.) അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ട കത്ത് ഫയലിൽ കാണുന്നു. കൂടാതെ 15-12-04-ൽ പഞ്ചായത്ത് സെക്രട്ടറി വടക്കാഞ്ചേരി എൽ.എസ്.ജി.ഡി. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോട്, ചെയ്ത പണിയുടെ ഫൈനൽ ബില്ല് തയ്യാറാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയോ ഫൈനൽ ബില്ല് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. സൈറ്റ് പരിശോധനയിൽ കൺവീനർക്ക് നൽകിയ ആകെ തുകയായ 37,000 രൂപയേക്കാൾ കൂടുതൽ തുകയ്ക്കുള്ള പ്രവൃത്തികൾ ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നുണ്ട്

2. അകമല തുവാനം ശുദ്ധജലവിതരണ പദ്ധതി.

ഈ പ്രവൃത്തിയുടെ കൺവീനർ. ശ്രീ. സേവ്യർ മാത്യു. ഇ., എടക്കളത്തൂർ വീട്, അകമല എന്നയാളാണ്. 20-03-1999-ൽ 35/98-99 എന്ന നമ്പറായി കൺവീനർ വടക്കാഞ്ചേരി പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടു. പ്രവൃത്തിയുടെ അടങ്കൽ തുക 1,50,000 രൂപയായിരുന്നു. ഈ പ്രവൃത്തിയുടെ ഒറിജിനൽ ഫയലും മറ്റു രേഖകളും പഞ്ചായത്തിൽ നിന്നും ലഭ്യമായിരുന്നില്ല. എന്നാൽ പല രേഖകളുടേയും ഫോട്ടോസ്റ്റാറ്റ് പകർപ്പുകൾ ലഭ്യമായത് പരിശോധിച്ചു. അതിൽ നിന്നും കിട്ടിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തിക്ക് 1,47,535 രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിരുന്നു. അതിൽ 1,12,980 രൂപയ്ക്ക് ഒരു open well-ഉം 23,500 രൂപയ്ക്ക് ഒരു pump house നിർമ്മാണവുമാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരുന്നത്. പ്രവൃത്തിക്ക് മൊബിലൈസേഷൻ അഡ്വാൻസായി 22-03-1999-ന് 37,500 രൂപയും പിന്നീട് വർക്ക് വാലുവേഷൻ നടത്തി 23-04-1999-ന് 10,000/- രൂപയും 21-05-1999-ന് 22,500/- രൂപയും ഉൾപ്പെടെ മൊത്തം 70,000/- രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. ഈ തുക കൊണ്ട് കൺവീനർ open well-ന്റെ പ്രവൃത്തി പൂർത്തീകരിച്ചത് സൈറ്റ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ open well-ന്റെ പ്രവൃത്തി എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ അളവിൽ സൈറ്റിൽ ചെയ്തിട്ടുണ്ട്. എന്നാൽ pump house -ന്റെ പ്രവൃത്തി ഒന്നും തന്നെ ചെയ്തിട്ടില്ല. കൺവീനറെ വിളിച്ചു

(തുടർച്ച-----4)

വരുത്തി ചോദിച്ചതിൻ പ്രകാരം 80,000 രൂപയുടെ ബിൽ തയ്യാറാക്കി സമർ തായി പറയുന്നു. എന്നാൽ ഇത് സംബന്ധമായ ഒരു രേഖകളും പഞ്ചായത്തിൽ നിന്നും ലഭ്യമായിരുന്നില്ല. സൈറ്റ് പരിശോധനയിൽ open well-ന്റെ പ്രവൃത്തി പൂർത്തീകരിച്ചതായി മനസ്സിലാക്കാം. അതിനു മാത്രം എസ്റ്റിമേറ്റ് പ്രകാരം 1,12,980 രൂപ വക കൊള്ളിച്ചിരുന്നു. ആയതിനാൽ കൺവീനർക്ക് നൽകിയ 70,000 രൂപയ്ക്ക് മുകളിൽ പ്രവൃത്തി ചെയ്തതായി മനസ്സിലാക്കാം.

പിന്നീടുള്ള വർഷങ്ങളിലെ പദ്ധതി പ്രകാരം pump house-ലെ-ഉം മറ്റ് അനുബന്ധ പ്രവൃത്തികളും ചെയ്ത് ഈ കുടിവെള്ള പദ്ധതി ഗുണഭോക്താക്കൾക്ക് പ്രയോ ജനം കിട്ടുന്ന രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

3. <u>കുമരനെല്ലൂർ ഹരിജൻ കോളനി റോഡ്</u>

മേൽ പ്രവൃത്തിയുടെ കൺവീനർ ശ്രീ.പി.കെ രാമകൃഷ്ണൻ S/o കോത, പുളിക്കൽ വീട്, കുമരനെല്ലൂർ. പി.ഒ., എന്നയാളാണ്. 11-03-1999-ൽ 62/98-99 ആയി വടക്കാഞ്ചേരി പഞ്ചായത്ത് സെക്രട്ടറിയുമായി കൺവീനർ കരാറിൽ ഏർപ്പെട്ടു. 2 ലക്ഷം രൂപയായിരുന്നു കരാറിന്റെ അടങ്കൽ. ഫയൽ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

11-03-1999-ൽ കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസായി 39,500 രൂപയും പിന്നീട് പ്രവൃത്തി വാലുവേഷൻ നടത്തി 26-03-1999-ൽ 60,500 രൂപയും 28-04-1999-ൽ 25,000 രൂപയും (മൊത്തം 1,25,000 രൂപ) നൽകിയിട്ടുണ്ട്

പ്രവൃത്തിയുടെ ഫസ്റ്റ് & ഫൈനൽ ബിൽ 1,33,624 രൂപയ്ക്കുള്ളത് ത.യ്യാറാക്കി എം.ബി. നമ്പർ. 2/98-99-ൽ പേജ് 16 മുതൽ 21 വരെയുള്ള പേജുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബിൽ പാസ്സാക്കുകയും വർക്ക് ക്ലോസ്സ് ചെയ്യുകയും ചെയ്തതായി കാണുന്നില്ല. ബിൽ സമർപ്പിച്ചിരുന്നത് 28-12-2000-ൽ ആണ്. സൈറ്റ് പരിശോധനയിൽ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

4. <u>പുല്ലാനിക്കാട് പാലയ്ക്കൽ പുതുക്കര റോഡ് നന്നാക്കൽ.</u>

ഈ പ്രവൃത്തിയുടെ കൺവീനർ. ശ്രീ. എം.ഒ. ജേക്കബ്. S/o ഔസേഫ്, മുരിങ്ങാത്തേരി വീട്, പുല്ലാനിക്കാട് എന്നയാളാണ്.

(തുടർച്ച------5)

3-03-2000-ൽ 7/2000 നമ്പറായി പഞ്ചായത്ത് സെക്രട്ടറിയും കൺവീനറുമായി കരാറിലേർപ്പെട്ടു. ഫയൽ പരിശോധനയിൽ നിന്നും ലഭ്യമായ വിവരങ്ങൾ ഇവയാണ്.

പദ്ധതിയുടെ മൊത്തം അടങ്കൽ 1,22,930 രൂപയായിരുന്നു. കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസായി 13-03-2000-ൽ 37,000 രൂപ നൽകിയിട്ടുണ്ട്. എം.ബി. നമ്പർ 3/97-98-ൽ പേജ് 89-96 പ്രകാരം CC and final bill -ായി 1,11,755 രൂപയ്ക്ക് പ്രവൃത്തി പൂർത്തിയാക്കി ബിൽ ക്ലോസ് ചെയ്ത്, ഫൈനൽ പേമെന്റ് നൽകിയിട്ടുണ്ട്.

5. കുമരനെല്ലൂർ നഴ്സറി സ്കൂൾ,കെട്ടിട നിർമ്മാണം.

ഈ പ്രവൃത്തിയുടെ കൺവീനർ, ശ്രീ പി. മോഹൻദാസ്, കായൽപുരയ്ക്കൽ, കുമരനെല്ലൂർ - പി.ഒ. എന്നയാളാണ്. പഞ്ചായത്ത് സെക്രട്ടറിയും കൺവീനറും തമ്മിൽ 11-03-1999-ന് 56/98-99 നമ്പറായി കരാറിൽ എർപ്പെട്ടു.

മൊബിലൈസേഷൻ അഡ്വാൻസായി 11-03-1999-ന് 50,00 രൂപ കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ പ്രവൃത്തി വാലുവേഷൻ നടത്തി 06-04-1999-ന് വീണ്ടും 50,000 രൂപ കൈപ്പറ്റിയിട്ടുണ്ട്, മൊത്തം പ്രവൃത്തിക്ക് 1 ലക്ഷം രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. മാൽ പ്രവൃത്തിയുടെ മെഷർമെന്റ് ബുക്ക് പരിശോധനക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിരുന്നില്ല.

എന്നാൽ ബില്ലിന്റെ ഒരു പകർപ്പ് ലഭ്യമായി. അത് പരിശോധിച്ചതിൽ നിന്നും 1,26,801 രൂപയ്ക്ക് ബിൽ തയ്യാറാക്കി നൽകിയതായി കാണുന്നു. ഈ നഴ്സറി സ്കൂളിന്റെ നിർമ്മാണം പൂർണ്ണമായും ഈ പദ്ധതി പ്രകാരം പൂർത്തിയാക്കാതെ 1,26,801 രൂപയ്ക്ക് പദ്ധതി ഭാഗികമായി പൂർത്തീകരിച്ചതായി മനസ്സിലാക്കുന്നു.

സൈറ്റ് പരിശോധനയിൽ നിന്നും ഈ പദ്ധതി ഭാഗികമായി പൂർത്തീകരിച്ചതിനു ശേഷം പിന്നീടുള്ള വർഷങ്ങളിലെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് ബാക്കി പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയുമായി ബന്ധപ്പെട്ട വിഷയത്തിലെ പരിശോധന റിപ്പോർട്ട്

തൃശ്ശൂർ ജില്ലയിലെ മാള ആസ്ഥാനമായുള്ള മാള ഗ്രാമപഞ്ചായത്തിൽ ആസ്ഥാനവും അതിന്റെ സമീപ പ്രദേശങ്ങളുമാണ് തിരക്കുള്ള പ്രദേശങ്ങൾ. ബസ് സ്റ്റാന്റ് ടാറിംഗ് പൂർത്തീകരിക്കാത്തതുകൊണ്ടും കംഫർട്ട് സ്റ്റേഷൻ പണി പൂർത്തികരിക്കാത്തതിനാലും 1996, 1997 – 1998, 1998 – 1999 കാലയളവിൽ ബസ് സ്റ്റാന്റിലേക്ക് ബസ്സുകൾ വരാത്തതിനാൽ ഉദ്ദേശിച്ച വ്യാപാരം ലഭിയ്ക്കാത്തതിനാലും സമീപ ഗ്രാമപഞ്ചായത്ത് ആയ അന്നമനടയിൽ 14.03.1995–ൽ സ.ഉ. (സാ) നമ്പർ 1290/95 ത സ്വ ഭ വ നമ്പർ ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് വാടക വർദ്ധനവിൽ ഇളവ് നൽകിക്കൊണ്ടുള്ള ഉത്തരവ് ചൂണ്ടിക്കാണിച്ചു കൊണ്ട് 27.01.1996–ൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് സെന്ററിലെ എ.വി. സത്യൻ മുതൽ പേര് വാടക വർദ്ധനവ് ഒഴിവാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ നൽകി. വാടകക്കാരുടെ ആവശ്യം തികച്ചും ന്യായവും മാനുഷിക പരിഗണന അർഹിക്കുന്നതാണെന്നും കനത്ത നഷ്ടം സഹിച്ച് മുഴുവൻ വാടകക്കാരും ഒഴിഞ്ഞു പോകാൻ ഇടവന്നാൽ ആർ.ഡി.ബി. ലോൺ അടയ്ക്കുവാൻ പഞ്ചായത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടും എന്ന അനുമാനത്തിൽ പഞ്ചായത്ത് കമ്മറ്റി 97 – 98, 98 – 99 എന്നീ വർഷങ്ങളിൽ വാടക വർദ്ധനവ് വേണ്ടെന്നു വയ്ക്കുകയുമാണുണ്ടായത്. സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് മാള ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ടി കാലത്തെ പരസ്യലേലത്തിൽ മുറിയെടുത്തവർ വളരെ ഉയർന്ന് നിരക്കിലാണ് മുറികൾ വാടകയ്ക്ക് എടുത്തിരുന്നത്. മുറി വാടകയും മറ്റു നിക്ഷേപങ്ങൾക്കും കൂടി ചെലവാക്കിയ തുക അധിക കച്ചവടം ലഭിയ്ക്കാത്തത് കൊണ്ട് ഉയർന്ന വാടക നൽകി കച്ചവടം മുന്നോട്ട് കൊണ്ടു പോകുന്നതിന് കഴിയാതെ വന്നതു കൊണ്ടുമാണ് കച്ചവടക്കാർ വാടക കുറച്ച് നൽകണമെന്ന് പഞ്ചായത്തിനോട് അഭ്യർത്ഥിച്ചത്. ഈ വിഷയം പരിശോധിച്ച പഞ്ചായത്ത് കമ്മറ്റി കച്ചവടക്കാരുടെ ആവശ്യം ന്യായമാണെന്നും കണ്ടതിനാലും സമീപപ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്ന ഷോപ്പിംഗ് കോംപ്ലക്സ് വാടകയാണ് മാളയിലേതെന്ന് ബോദ്ധ്യപ്പെട്ടതിനാലുമാണ് വാടക വർദ്ധനവ് വേണ്ടെന്ന് വച്ചത്. ടി തീരുമാനം എടുക്കാതെ കച്ചവടക്കാരെ ഒഴിപ്പിച്ചിരുന്നുവെങ്കിൽ വീണ്ടും വാടകയ്ക്ക് നൽകുന്നതുവരെ മുറികളുടെ വാടക ലഭിയ്ക്കാതെ വരികയും തന്മൂലം പഞ്ചായത്തിന് ഇതിലും വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുവാനുമുള്ള സാധ്യതയും ഉണ്ടായിരുന്നു.

ഓഡിറ്റ് പരാമർശത്തിൽ ആകെ (6) കച്ചവടക്കാരിൽ നിന്നുമായി 34596/- രൂപയാണ് പിരിഞ്ഞു കിട്ടുവാനുണ്ടായിരുന്നത്. ഇതിൽ 3 കച്ചവടക്കാരിൽ നിന്നും അക്കാലത്തെ പഞ്ചായത്ത് കമ്മറ്റി അംഗങ്ങളിൽ നിന്നുമായി 22942/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവായിട്ടുണ്ട്.

| | | |
|---|---|---|
| 1. | കല്ലിക്കാട്ടിൽ പ്രഭാകരൻ ജിജോ മാള | -3864/- |
| 2. | ആലങ്ങാട്ടുകാരൻ യൂസഫ് മുഹമ്മദ് | -7428/- |
| 3. | കുളങ്ങര സ്കറിയ ജോഷി | -5892/- |
| 4. | കെ.സി. ഫ്രാൻസീസ് കടിച്ചീനി | -10296/- |
| 5. | എടാട്ടുകാരൻ അന്തോണി ജോസ് | -3492/- |
| 6. | കെ.പി. ജോസ്, കടിച്ചീനി | -3624/- |

എന്നിവരാണ് തുക അടയ്ക്കുവാനുണ്ടായിരുന്നത്. കല്ലിക്കാട്ടിൽ പ്രഭാകരൻ ജിജോ മാള, ആലങ്ങാട്ടുകാരൻ യൂസഫ് മുഹമ്മദ്, കുളങ്ങര സ്കറിയ ജോഷി, എടാട്ടുകാരൻ അന്തോണി ജോസ് എന്നിവർക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിൻ പ്രകാരം മുകുന്ദപുരം തഹസിൽദാർ വഴി കല്ലിക്കാട്ടിൽ പ്രഭാകരൻ ജിജോ, 09.09.10 ലെ 1566/91 നമ്പർ രശീത് പ്രകാരം 3864/- രൂപയും, കുളങ്ങര സ്കറിയ ജോഷി 09.09.10 ലെ 1566/91 നമ്പർ രശീത് പ്രകാരം. 5892/- രൂപയും, കെ.പി. ജോസ് കടിച്ചീനി 3164/- രൂപയും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഇലക്ഷൻ സമയത്ത് ആ കാലഘട്ടത്തിൽ അംഗങ്ങളായിരുന്നവരിൽ നിന്നും 10062/- രൂപ അടവാക്കിയിട്ടുണ്ട്. ആകെ 22982/- രൂപയാണ് അടവായിട്ടുള്ളത്. ആലങ്ങാട്ടുകാരൻ യൂസഫ് മുഹമ്മദ്, എടാട്ടുകാരൻ അന്തോണി ജോസ്, എന്നിവർ അടയ്ക്കേണ്ട തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

M1-22412/08

## റിപ്പോർട്ട്

1. തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ 1999-2000 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ പരാമർശിച്ചിരുന്ന " പഞ്ചായത്ത് ഫണ്ടിൽ നിന്നും 514946/- രൂപ അപഹരിച്ചു" ടി വിഷയത്തെ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 15.06.2010-ൽ ചേർന്ന നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

2. വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ യു.ഡി. ക്ലാർക്കായിരുന്ന ശ്രീമതി. പി. ലക്ഷ്മിദേവി, 03/99 മുതൽ 11/99 വരെയുള്ള കാലഘട്ടത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ പെൻഷൻ കോൺട്രിബ്യൂഷൻ പി.എഫ് വിഹിതം, ഇൻഷ്വറൻസ് പ്രീമിയം, ഓഡിറ്റ് ചാർജ്ജ്, കറന്റ് ചാർജ്ജ് എന്നിവ ഒടുക്കുന്നതിനുവേണ്ടി പിൻവലിച്ച 5,14,946/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കാതെ അപഹരിച്ചതിന്റെ പേരിൽ ടിയാളെ ചാവക്കാട് ജുഡീഷ്യൽ മജിസ്ട്രേറ്റ് 3 വർഷ കഠിന തടവിനും 5000/- രൂപ പിഴയോടും കൂടി ശിക്ഷിക്കുകയുണ്ടായി. അപ്രകാരം ശിക്ഷിക്കപ്പെട്ടയാളിൽ നിന്നും പഞ്ചായത്തിന് നഷ്ടപ്പെട്ട തുക ഈടാക്കാതെ ടിയാൾക്ക് പെൻഷൻ ആനുകൂല്യങ്ങളും ഡി.സി.ആർ.ജിയും നൽകിയിട്ടുണ്ടോ എന്നും നൽകിയിട്ടുണ്ടെങ്കിൽ എത്ര രൂപയാണ് നൽകിയതെന്നും, ആയതിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടക്കമുള്ളവരുടെ പങ്ക് എന്താണെന്നും പരിശോധിച്ച് റിപ്പോർട്ട് നൽകുവാനാണ് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയത്.

3. ആയതിന്റെ അടിസ്ഥാനത്തിൽ സീനിയർ ഫൈനാൻസ് ആഫീസർ ശ്രീ. എസ്. വിജയകുമാർ, യു.ഡി. ക്ലാർക്ക് ശ്രീ. ടി. വിജയൻ എന്നിവരടങ്ങുന്ന ഒരു ടീം 2010 ജൂൺ 25, 26 തീയതികളിൽ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസും സന്ദർശിച്ച് ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുകയുണ്ടായി.

4. ഗ്രാമപഞ്ചായത്ത് ആഫീസിലെ ടി വിഷയവുമായി ബന്ധപ്പെട്ട് ലഭ്യമായ എ1- 1787/99 നമ്പർ ഫയൽ പരിശോധനാ വിധേയമാക്കിയതിൽ താഴെ പറയുന്ന വിവരങ്ങൾ അറിവായി.

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 25.08.97- ലെ ഇ2- 1210/89 നമ്പർ ഉത്തരവ് പ്രകാരം 06.09.1997-ൽ ശ്രീമതി. പി. ലക്ഷമിദേവി വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിൽ യു.ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് 06/99 മുതൽ 10/99 വരെയുള്ള കറന്റ്ചാർജ്ജ് യഥാസമയം അടവാക്കാതെ കുടിശ്ശികയായിരിക്കുകയാണെന്ന് 24.11.99-ൽ കണ്ടശ്ശാംകടവ് ഇലക്ട്രിക്കൽ മേജർ സെക്ഷനിൽ നിന്നും ഫോൺ മുഖാന്തിരം സെക്രട്ടറിയെ അറിയിച്ചപ്പോൾ മാത്രമാണ് കറന്റ് ചാർജ്ജ് അടവാക്കിയിട്ടില്ല എന്നുള്ള വിവരം അറിയുന്നത്. കറന്റ് ചാർജ്ജ് അടവാക്കുന്നതിന് 08.07.1999-ൽ 18660/- രൂപയും, 16.08.99- ൽ 20120/- രൂപയും 16.09.1999- ൽ 20120/- രൂപയും 13.10.99- ൽ 20120/- രൂപയും ഉൾപ്പെടെ ആകെ 99140/-രൂപ വാനാടപ്പള്ളി ജില്ലാ സഹകരണ ബാങ്കിൽ നിന്നും സെൽഫ് ചെക്ക് മുഖാന്തിരം പിൻവലിച്ചിരിക്കുന്നതായി ബാങ്ക് നൽകിയ രസീത് പ്രകാരം കാണുന്നു.

6. ഇതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട്, പെൻഷൻ കോൺട്രിബ്യൂഷൻ, ഗ്രൂപ്പ് ഇൻഷ്വറൻസ്, സ്റ്റേറ്റ് എൽ.ഐ.സി, ജി.പി.എഫ്, ഡി.എ. കുടിശ്ശിക ഇവ തൃപ്രയാർ സബ്ട്രഷറിയിൽ അടവാക്കുന്നതിന് സെൽഫ് ചെക്ക് മുഖാന്തിരം 15.03.99- ൾ പിൻവലിച്ച 89649/- രൂപയും, 09.04.99- ൽ പിൻവലിച്ച 27048/- രൂപയും 03.05.99- ൽ പിൻ വലിച്ച 85667/- രൂപയും 04.06.99- ൽ പിൻവലിച്ച 20257/- രൂപയും 18.06.99- ൽ പിൻവലിച്ച 38106/- രൂപയും, 03.07.99-ൽ പിൻവലിച്ച 65070/- രൂപയും 05.08.99- ൽ പിൻവലിച്ച 38183/- രൂപയും 04.09.99- ൽ പിൻവലിച്ച 25291/- രൂപയും, 04.11.99- ൽ പിൻവലിച്ച 26235/- രൂപയും ഉൾപ്പെടെ 415806/- രൂപ ട്രഷറിയിൽ അടവാക്കിയിട്ടില്ല എന്നുള്ള വിവരം അറിയുന്നത്. മേൽ സൂചിപ്പിച്ചിരിക്കുന്ന ധനാപഹരണം നടത്തിയിരിക്കുന്നത് യു.ഡി. ക്ലാർക്കായ ശ്രീമതി. പി. ലക്ഷമിദേവിയാണെന്ന് സെക്രട്ടറി രേഖാമൂലം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രവീന്ദ്രൻ മാസ്റ്ററെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 27.11.1999- ലെ എ1- 1787/99 നമ്പർ ഉത്തരവ് പ്രകാരം പ്രസിഡന്റ് ശ്രീമതി. പി. ലക്ഷമിദേവിയെ സസ്പെന്റ് ചെയ്തു. (~~അനുബന്ധം I~~) യു.ഡി. ക്ലാർക്ക് ശ്രീമതി. പി. ലക്ഷമിദേവിയെ സസ്പെന്റ് ചെയ്ത നടപടിയെ 27.11.1999 -ലെ 521/99 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന അംഗീകരിച്ചു. (~~അനുബന്ധം H~~) പഞ്ചായത്തു ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയായ

ശ്രീ. കെ.കെ.സച്ചിദാനന്ദൻ ടി ധനാപഹരണത്തിനെതിരെ വാടാനപ്പള്ളി പോലീസ് സബ് ഇൻസ്പെക്ടർ മുമ്പാകെ പരാതി നൽകിയിരിക്കുന്നതായി കാണുന്നു. അനുബന്ധം (III).

7. പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 08.12.99 -ലെ ഇ5-13045/99/ നമ്പർ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 18.12.99 -ലെ ഡി2-41346/99 നമ്പർ കത്തിലൂടെ പ്രസ്തുത ധനാപഹരണത്തിന്മേൽ അന്വേഷണവും തുടർ നടപടികളും സ്വീകരിക്കുന്നതിന് സംസ്ഥാന വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തി ഉത്തരവാകണമെന്ന് ബഹു. സർക്കാരിനോട് അപേക്ഷിച്ചിരുന്നു. [illegible] പഞ്ചായത്ത് ഡയറക്ടറുടെ 31.03.2000 -ലെ ഡി2- 41346/99 നമ്പർ ഉത്തരവിലൂടെ ശ്രീമതി. പി. ലക്ഷ്മിദേവിയെ സർവ്വീസിൽ പുനഃ പ്രവേശിപ്പിക്കുന്നത് കേസ്സിന്റെ സുഗമമായ അന്വേഷണത്തിന് തടസ്സമാകുമെന്നതിനാൽ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ സസ്പെൻഷനിലുള്ള യു.ഡി. ക്ലാർക്ക് ശ്രീമതി. പി. ലക്ഷ്മിദേവിയെ ടിയാളുടെ പേരിലുള്ള കുറ്റാരോപണങ്ങളിന്മേലുള്ള വിശദാന്വേഷണവും തുടർ നടപടികളും പൂർത്തിയാകുന്നതുവരെ സസ്പെൻഷനിൽ തുടരാൻ അനുവദിച്ചു ഉത്തരവായിരുന്നു.

8. ശ്രീമതി. ലക്ഷ്മിദേവിയുടെ പേരിൽ വാടാനപ്പള്ളി പോലീസ് ധനാപഹരണ കേസ്സ് ചാർജ്ജ് ചെയ്തിരുന്നതിനാൽ അതിന് സമാനമായിട്ടുള്ള വകുപ്പുതല നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. ശ്രീമതി. ലക്ഷ്മി ദേവിയുടെ സസ്പെൻഷൻ പിൻവലിച്ച് തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഒ.പി.നം. 10538/01 ആയി ശ്രീമതി. ലക്ഷമിദേവി കേസ് ഫയൽ ചെയ്തിരുന്നു. ആയതിന്മേൽ ബഹു. കോടതി 27.03.01- ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ പരാതിക്കാരിയെ നേരിട്ട് വിളിച്ച് കൂടിക്കാഴ്ച നടത്തി ഉചിതമായ തീരുമനമെടുക്കാൻ നിർദ്ദേശിച്ചു. [illegible] ആയതു പ്രകാരം ശ്രീമതി. ലക്ഷിമി ദേവി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ലക്ഷിമി ദേവിയുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. പ്രസ്തുത കൂടിക്കാഴ്ചയിൽ പരാതിക്കാരി തന്റെ നിരപരാധിത്വം തെളിയിക്കാത്തതിനാലും സസ്പെൻഷൻ പിൻവലിക്കുന്നതിനുള്ള പ്രത്യേക സാഹചര്യം നിലവിലില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാലും ശ്രീമതി. ലക്ഷമിദേവി 03.04.2001 -ൽ സമർപ്പിച്ച ഹർജി നിരസിച്ച് പഞ്ചായത്ത് പ്രസിഡന്റ് ഉത്തരവായിരുന്നു. [illegible])

9. ചാവക്കാട് സർക്കിൾ ഇൻസ്പെക്ടർ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ധനാപഹരണവുമായി ബന്ധപ്പെട്ട് യു.ഡി. ക്ലാർക്കായ ശ്രീമതി. പി. ലക്ഷമി

ദേവിക്കെതിരെ ചാവക്കാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് മുമ്പാകെ ഫയൽ ചെയ്ത C.C. 939/2000 നമ്പർ കേസ്സിന്മേൽ 24.1.08 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ടിയാളെ 3 വർഷ കഠിന തടവിനും 5000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു. ~~അനുബന്ധം - (VII)~~ ഇതിനെതിരെ ടിയാൾ ബഹു. തൃശ്ശൂർ സെഷൻസ് കോടതി മുമ്പാകെ CRLA-126/08 നമ്പരായി കേസ്സ് ഫയൽ ചെയ്തിട്ടുണ്ട്.

10. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ പെൻഷനുമായി ബന്ധപ്പെട്ട P-4312/05 നമ്പർ ഫയൽ പരിശോധയ്ക്കു വിധേയമാക്കിയതിൽ താഴെപറയുന്ന വിവരങ്ങൾ ലഭ്യമായി.

11. ശ്രീമതി. പി. ലക്ഷ്മിദേവി തനിക്ക് കുടിശ്ശികയായുള്ള ഉപജീവനബത്ത അനുവദിക്കണമെന്നും താല്ക്കാലിക പെൻഷൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് WP (C) 3768/06 നമ്പരായി കോടതിയിൽ കേസ്സ് ഫയൽ ചെയ്തിരുന്നു. ടിയാൾക്ക് 07.03.06 -ലെ D (b) 230774 നമ്പർ ചെക്ക് പ്രകാരം കുടിശ്ശിക ഉപജീവന ബത്തയായി 86898/- രൂപ നൽകിയതായി കാണുന്നു. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.11.08 -ലെ പി- 4312/05 നമ്പർ കത്ത് പ്രകാരം ശ്രീമതി. ലക്ഷ്മി ദേവിയെ കോടതി ശിക്ഷിക്കപ്പെട്ട സാഹചര്യത്തിൽ ടിയാൾക്ക് പ്രൊവിഷണൽ പെൻഷൻ അനുവദിക്കാവുന്നതാണോയെന്ന് സ്പഷ്ടീകരണത്തിനായി പഞ്ചായത്ത് ഡയറക്ടറോട് അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 01.01.2009 -ലെ എച്ച്3- 36807/08 നമ്പർ കത്തിലൂടെ ബഹു. സർക്കാരിനോട് മേൽ വിഷയം സംബന്ധിച്ച് സ്പഷ്ടീകരണത്തിനായി അപേക്ഷിച്ചു. ~~അനുബന്ധം (VIII)~~ ബഹു. സർക്കാരിന്റെ 07.04.2009 -ലെ 8607/ഇ.പി.ബി3/09/തസ്വഭവ നമ്പർ കത്ത് പ്രകാരം ശ്രീമതി. ലക്ഷ്മിദേവിയ്ക്ക് താൽക്കാലിക പെൻഷൻ അനുവദിക്കാൻ ഉത്തരവായി ~~(അനുബന്ധം - IX)~~.

12. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19.06.09 -ലെ P-4312/05 നമ്പർ ഉത്തരവിലൂടെ ശ്രീമതി. പി. ലക്ഷ്മി ദേവിക്ക് കുറഞ്ഞ പ്രൊവിഷണൽ പെൻഷൻ നിരക്കായ 2400/- രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായി ~~(അനുബന്ധം - X)~~ ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ലക്ഷ്മി ദേവിയുടെ പെൻഷൻ അപേക്ഷയും സേവന പുസ്തകവും അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു. ടിയാളെ സസ്പെന്റ് ചെയ്യപ്പെടുമ്പോഴുള്ള കാലയളവിലെ അടിസ്ഥാന ശമ്പളം 4590/- രൂപയാണ്. അതിനു ശേഷം ഉപജീവന ബത്തയായി നൽകിയിരുന്നത് 2295/- രൂപ അടിസ്ഥാന ശമ്പളം കണക്കാക്കിയുമാണ് ടി അടിസ്ഥാന ശമ്പളം കണക്കാക്കിയാണ് ടിയാൾക്ക് അക്കൗണ്ടന്റ് ജനറലിന്റെ 29.07.09 -ലെ P4-1009063713/242 നമ്പർ കത്ത് പ്രകാരം പ്രൊവിഷണൽ പെൻഷനും

കമ്മ്യൂട്ടേഷൻ തുകയായി 109632/- രൂപയും അനുവദിച്ചിട്ടുള്ളത്. (അനുബന്ധം-XI) പ്രസ്തുത തുക 09.09.09- ന് തൃശ്ശൂർ സബ് ട്രഷറി ആഫീസിൽ നിന്നും ടിയാൾ കൈപ്പറ്റിയിട്ടുള്ളതുമാണ്. ടിയാളുടെ മൊത്തം സേവന കാലയളവ് 27 വർഷമാണ്. ആയതിൽ സസ്പെൻഷൻ കാലയളവ് കഴിച്ച് 22 വർഷം കണക്കാക്കിയാണ് പ്രൊവിഷണൽ പെൻഷൻ നൽകിയിരിക്കുന്നത്. ഡി.സി.ആർ.ജിയും ടെർമിനൽ സറണ്ടറും നാളിതുവരെയും നൽകിയിട്ടില്ല. നിലവിലുള്ള കേസിന്റെ അന്തിമ വിധിയായതിനു ശേഷം മാത്രമേ ഡി.സി.ആർ.ജിയും പൂർണ്ണ പെൻഷൻ ആനുകൂല്യങ്ങളും കണക്കാക്കുവാൻ കഴിയുകയുള്ളു എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

13. മേൽ ധനാപഹരണവുമായി ബന്ധപ്പെട്ട ക്യാഷ് ബുക്ക്, ചെക്ക് ബുക്ക്, രസീത്, മൂവ്മെന്റ് രജിസ്റ്റർ മറ്റു അനുബന്ധ രജിസ്റ്ററുകൾ, വൗച്ചറുകൾ മുതലായവ കോടതിയുടെ കസ്റ്റഡിയിലായതിനാൽ ആയത് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

14. ധനാപഹരണം യഥാസമയം കണ്ടെത്തുന്നതിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നും സൂപ്പർ വൈസറായ ജൂനിയർ സൂപ്രണ്ടിന്റെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്. സെക്രട്ടറിയായിരുന്ന ശ്രീ. സച്ചിദാനന്ദൻ 31.05.2006 ലും ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. കൊച്ചുണ്ണി 30.05.2000-ലും സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതുമാണ്.

15. ബഹു: സർക്കാരിന്റെ 7.4.09 ലെ 8607/ഇ.പി.ബി3/09/ ത.സ്വ.ഭ.വ നമ്പർ കത്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി. ലക്ഷമിദേവിക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ താൽക്കാലിക പെൻഷൻ അനുവദിച്ചിട്ടുള്ളത് എന്നുള്ള വിവരം അറിയിക്കുന്നു.

കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2009-11)തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ... ഖണ്ഡികകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 15/06/2010- ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരങ്ങളുടെ പട്ടിക

| ക്രമനമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഓഡിറ്റ് റിപ്പോർട്ട് വർഷം, ഓഡിറ്റ് ഖണ്ഡിക നമ്പർ | പരാമർശ വിഷയം | സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾ | റിപ്പോർട്ട് |
|---|---|---|---|---|---|
| 3 | പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | 2004-2005<br>3.8.1.22 | പാർട്ട് ബിൽ തയ്യാറാക്കി നാലു കൾക്കുള്ളിൽ ചെക്ക് ഡാം തകർന്നു. | ടി പദ്ധതി സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ഭരണ വകുപ്പിന് നൽകുക<br>അതോടൊപ്പം ഇറിഗേഷൻ എഞ്ചിനീയറിൽ നിന്നും പദ്ധതി സംബന്ധിച്ച് റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കുക<br>പദ്ധതി സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുക<br>ഇതുമായി ബന്ധപ്പെട്ട സർചാർജ്ജ് ചുമത്തപ്പെട്ട മുൻസെക്രട്ടറി ശ്രീ. ജയദേവനെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കിയതായി സമിതി ശുപാർശ ചെയ്തു. | പദ്ധതി സംബന്ധിച്ചുള്ള ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) അന്വേഷണ റിപ്പോർട്ട് അനുബന്ധമായി കൊടുത്തിരിക്കുന്നു. |

നം : എഫ്4/31022/11

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി : 24.9.2012

പ്രേക്ഷിതൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ഗവൺമെന്റ് സെക്രട്ടറി,
തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്,
സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം : തദ്ദേശ സ്വയംഭരണ (എബി) വകുപ്പ് - ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010 11) തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സംബന്ധിച്ച ആഡിറ്റ് ഖണ്ഡികകളുടെ പരിശോധന 8.6.10, 15.6.10 എന്നീ തീയതികളിലെ തെളിവെടുപ്പ് യോഗം അധിക വിവരങ്ങൾ സംബന്ധിച്ച്.

സൂചന : 1. 28.11.2011 - ലെ തദ്ദേശ സ്വയംഭരണ (എബി) വകുപ്പ് സെക്രട്ടറിയുടെ 37457/എബി3/08/തസ്വഭവ നമ്പർ സർക്കാർ കത്ത്.

2. 7.9.12 - ലെ തൃശ്ശൂർ ചെറുകിട ജലസേചന വിഭാഗം എക്സി: എഞ്ചിനീയറുടെ എ6/1856/06 നമ്പർ കത്ത്.

സൂചന കത്ത് (1) ദയവായി ശ്രദ്ധിച്ചാലും.

സൂചന (1) കത്തിൽ പരാമർശിക്കുന്ന തടയണ സംബന്ധിച്ച് തൃശ്ശൂർ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വസ്തുതകൾ സർക്കാരിൽ സമർപ്പിക്കുന്നു.

തടയണയുടെ പണി മണലിപ്പുഴയിൽ കുട്ടാല ദേശത്ത് ഏകദേശം 30 മീറ്റർ നീളത്തിൽ ചെയ്യുന്നതിന് 4 ലക്ഷം അടങ്കൽ തുകയിലാണ് എസ്റ്റിമേറ്റിന് അനുമതി ലഭിച്ചിരുന്നത്.

പുഴയിലെ വെള്ളത്തിന്റെ ഒഴുക്ക് പൂർണ്ണമായി തടസ്സപ്പെടുത്തിയാൽ ഇരു കരയിലേയും ഭൂമിക്ക് കേടുപാടുകൾ സംഭവിക്കുവാൻ ഇടയുള്ളതുകൊണ്ട് ടി പണിയുടെ പ്രവർത്തനം നടത്തിയിരുന്നത് രണ്ട് ഘട്ടമായിട്ടാണ്. ഏകദേശം 22 മീറ്ററോളം നീളം റിങ്ങ് ബണ്ട് കെട്ടി

(..........2)

ഉറപ്പിച്ച് വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിച്ച് 16 മീറ്ററോളം നീളത്തിൽ തടയണ നിർമ്മിക്കുകയും പണിയുടെ അളവ് എടുത്ത് കരാറുകാരന് ഭാഗികമായി ബില്ല് കൊടുത്തിട്ടുള്ളതാണ്. (പാർട്ട് ബിൽ തുക 1,74,610/-) (ഒരു ലക്ഷത്തി എഴുപത്തിനാലായിരത്തി അറുനൂറ്റിപത്ത് രൂപ) ടി ഭാഗത്തെ വിംഗ് വാൾ, തേപ്പ് മുതലായ പണികൾ തീർക്കേണ്ടതായിരുന്നു. തുടർന്ന് കരാറുകാരൻ ശേഷിക്കുന്ന ഏകദേശം 14 മീറ്ററോളം തടയണയുടെ പണി ആരംഭിക്കുകയും ഉയരം പൂർത്തിയാക്കുകയും ചെയ്തു. ടി കാലയളവിൽ കാലവർഷം ശക്തിപ്പെടുകയും പുഴയിൽ വെള്ളം ക്രമാതീതമായി ഉയരുകയും ചെയ്തപ്പോൾ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി നിർമ്മിച്ച റിങ്ങ് ബണ്ട് പൊട്ടി വെള്ളത്തിന്റെ ശക്തമായ ഒഴുക്കുമൂലം ക്യൂറിംഗ് പിരീഡ് തീരുന്നതിന് മുമ്പ് 16.6.2002- ൽ രണ്ടാമതായി പണി ചെയ്ത 14 മീറ്റർ നീളത്തിൽ 3 മീറ്ററോളം തകർന്ന് തടയണയ്ക്ക് കേട് സംഭവിക്കുകയാണ് ഉണ്ടായത്. തുടർന്ന് പ്രവൃത്തികളൊന്നും നടന്നിട്ടില്ല

കോൺക്രീറ്റ് പണി പുരോഗമിച്ചിരിക്കെ അതിശക്തമായ കാലവർഷം മൂലം റിങ്ങ് ബണ്ട് പൊട്ടി ക്യൂറിംഗ് പിരീഡ് കഴിയാതിരുന്ന കോൺക്രീറ്റിലേക്ക് വെള്ളം ശക്തിയായി കയറി കോൺക്രീറ്റിന്റെ 3 മീറ്ററോളം നീളം തകരുകയാണ് ഉണ്ടായത്. ഇത് തികച്ചും ഒരു കാലവർഷക്കെടുതിയുടെ ഭാഗമായി സംഭവിച്ച ഒരു നാശനഷ്ടമായി കണക്കാക്കേണ്ടതാണ് എന്ന് അപേക്ഷിക്കുന്നു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.